## ധനകാര്യം

## 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. സമീപകാലത്ത് അദ്ദേഹം എല്ലാ പ്രതിസന്ധികളേയും പ്രശ്നങ്ങളേയും ഫലപ്രദമായി നേരിട്ടുകൊണ്ട് അവതരിപ്പിച്ച ഒരു ജനകീയ ബഡ്ജറ്റായിട്ടാണ് ഞാൻ ഈ ബഡ്ജറ്റിനെ വിലയിരുത്തുന്നത്. ലോകസാമ്പത്തിക രംഗത്തുതന്നെ വമ്പിച്ച പ്രതിസന്ധി നേരിടുന്ന ഒരു കാലമാണിത്. അതിവികസിത രാജ്യങ്ങൾപോലും സാമ്പത്തിക മാന്ദ്യത്തിന്റെയും സാമ്പത്തിക പ്രതിസന്ധികളുടെയും നടുവിൽ നിൽക്കുന്ന ഒരു കാഴ്ചയാണ് നമുക്ക് കാണുവാൻ സാധിക്കുന്നത്. ചൈന, ഇൻഡോനേഷ്യ, ഇന്ത്യ എന്നീ മൂന്ന് രാജ്യങ്ങളല്ലാതെ മറ്റ് രാജ്യങ്ങൾക്ക് സാമ്പത്തിക രംഗത്ത് വമ്പിച്ച മുന്നേറ്റം നടത്താൻ കഴിഞ്ഞിട്ടില്ലായെന്നുള്ളതാണ് കാണുവാൻ കഴിയുന്നത്. അതിവികസിത രാജ്യങ്ങളായ അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളുമൊക്കെ വൻതോതിലുള്ള സാമ്പത്തിക പ്രതിസന്ധിയിൽ നട്ടംതിരിയുന്ന ഒരു കാലഘട്ടത്തിൽ എല്ലാ സാമ്പത്തിക ബുദ്ധിമുട്ടുകളേയും പ്രതിസന്ധികളേയും ഭാരതത്തിൽ നേരിടാത്ത നിലയിൽ കേന്ദ്ര ഗവൺമെന്റ് നമ്മുടെ സാമ്പത്തികരംഗത്തെ നല്ല നിലയിൽ മുന്നോട്ട് നയിക്കുന്നുവെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്. ലോകസാമ്പത്തിക മാന്ദ്യത്തിന്റെ സാഹചര്യത്തിൽ നമ്മുടെ വളർച്ചാ നിരക്ക് കുറഞ്ഞിട്ടുണ്ടെന്നുള്ളതും സത്യമാണ്. ജി.

ഡി.പി. ഗ്രോത്ത് റേറ്റ് ഒൻപത് ശതമാനംവരെ വന്ന കാലമുണ്ടായിരുന്നു. ഇന്ന് ഭാരതത്തിന്റെ വളർച്ചാനിരക്ക് അഞ്ചുശതമാനമായി ചുരുങ്ങിയിട്ടുണ്ട്. ലോകം മുഴുവൻ നിലനിൽക്കുന്ന ആഗോള സാമ്പത്തിക പ്രതിസന്ധി നമ്മെ വൻതോതിലുള്ള ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. മാത്രമല്ല, അമിതമായ ഇറക്കുമതിയും കയറ്റുമതിയിലുണ്ടായിരിക്കുന്ന വലിയ കുറവും കറന്റ് അക്കൗണ്ട് ഡെഫിസിറ്റിൽ ഗുരുതരാവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് ക്രൂഡ് ഓയിൽ അമിതമായി ഇറക്കുമതി ചെയ്യേണ്ടിവരുന്നു. നമ്മുടെ നാട്ടിലേയ്ക്ക് ഗോൾഡിന്റെ ഇറക്കുമതി ഓരോ വർഷവും കൂടുതൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കാർഷിക രംഗത്ത് ഹരിതവിപ്ലവത്തിനുവേണ്ടി ശ്രമിക്കുമ്പോൾ ഫെർട്ടിലൈസർ കൂടുതലായി ഇറക്കുമതി ചെയ്യേണ്ടിവരുന്നു. ഇറക്കുമതി കൂടുകയും കയറ്റുമതി കുറയുകയും ചെയ്യുകയാണ്. നമ്മുടെ ഉൽപ്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുമ്പോൾ ആ രാജ്യങ്ങളിലുണ്ടാകുന്ന സാമ്പത്തികമാന്ദ്യം അവിടത്തെ ജനങ്ങളുടെ പർച്ചേസിംഗ് പവറിനെ നഷ്ടപ്പെടുത്തുകയാണ്. ഫലത്തിൽ നമ്മൾ വലിയ പണപ്പെരുപ്പത്തിലേയ്ക്കും അതുവഴി വിലക്കയറ്റത്തിലേയ്ക്കുമൊക്കെ നടന്നുനീങ്ങുന്ന, നമുക്ക് നിയന്ത്രിക്കാൻ കഴിയാത്ത ഒരു അവസ്ഥയിലേയ്ക്ക് രാജ്യം എത്തുന്നുവെന്നുള്ളത് കണ്ടുകൊണ്ടാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. ചിദംബരം ഫലപ്രദമായ ചില നടപടികളെടുക്കാൻ നിർബന്ധിതനായി മുന്നോട്ടുപോകുന്നത്. ദേശീയ-അന്തർദേശീയ സാഹചര്യങ്ങളിൽനിന്നുകൊണ്ടാണ് മാണി സാർ പുതിയ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. 2011-12-ൽ

ഇന്ത്യ 6.5 ജി.ഡി.പി. ഗ്രോത്താണ് കൈവരിച്ചതെങ്കിൽ കേരളം 9.5 വളർച്ചാനിരക്ക് കൈവരിച്ചിരിക്കുന്നു. ദേശീയ ശരാശരിയേക്കാൾ വളർച്ചാനിരക്ക് ഉണ്ടാക്കുവാൻ കേരളത്തിന് കഴിഞ്ഞിരിക്കുന്നുവെന്നുള്ളത് ശുഭോദർക്കമായ ഒരു കാര്യമായി ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ദേശീയ തലത്തിൽ 2011-12-ലെ പെർക്യാപിറ്റ ഇൻകം 43282 ആണ്, കേരളത്തിൽ 60536 ആണ്. ദേശീയ വരുമാനത്തേക്കാൾ വളർച്ചാനിരക്ക് കൈവരിക്കുവാനും പെർക്യാപിറ്റ ഇൻകത്തിൽ വർദ്ധനവുണ്ടാക്കുവാനും കഴിഞ്ഞ ആശാവഹമായ ഒരു ചിത്രമാണ് കേരളത്തിന്റെ സാമ്പത്തിക രംഗത്ത് വളർച്ചയുടെ കാര്യത്തിൽ നമുക്ക് കാണുവാൻ സാധിക്കുന്നത്. Kerala is the most globalized economy in India. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ വിലയിരുത്തൽ പൂർണ്ണമായി ശരിയാണെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ഹ്യൂമൻ ഡെവലപ് ഇൻഡക്സിന്റെ കാര്യത്തിലും ഉയർന്ന നിലവാരം കൈവരിക്കുവാൻ നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ലിറ്ററസി, ഹെൽത്ത് കെയർ, ലേബർ റൈറ്റ്സ്, ജെൻഡർ കോൺഷ്യസ്നസ് എന്നിവയുടെ കാര്യത്തിലും കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുൻപന്തിയിലാണ്. ഗ്ലോബൽ ഡൈനമിക്സ് അനുസരിച്ച് കേരളം കൂടുതൽ ശക്തി പ്രാപിക്കേണ്ട ഒരു കാലഘട്ടത്തിലേയ്ക്കാണ് കടന്നുവരുന്നത്. സെക്കന്റ് ജനറേഷൻ റിഫോംസ് നമുക്ക് കൂടുതൽ പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. ടെക്നിക്കൽ ആന്റ് മാർക്കറ്റബിൾ സ്കിൽസ്, യൂണിവേഴ്സലൈസേഷൻ ഓഫ് ഹെൽത്ത് കെയർ എന്നിവ നേടാനുള്ള

പുതിയ പരിശ്രമങ്ങൾക്കാണ് നമ്മൾ തുടക്കം കുറിക്കേണ്ടത്. നമ്മളെന്നും അഭിമാനത്തോടുകൂടി പറഞ്ഞിരുന്ന കേരളാ മോഡലിന് നിറംമങ്ങിയെന്നുള്ള എന്റെ അഭിപ്രായത്തിൽ ഞാൻ ഉറച്ചുനിൽക്കുകയാണ്. സെക്കന്റ് ജനറേഷൻ റിഫോംസ് ഇന്ത്യയിൽ ഇന്ന് നടപ്പാക്കുമ്പോൾ അതിന്റെ ഫലങ്ങൾ പൂർണ്ണ മായ അർത്ഥത്തിൽ നേടിയെടുക്കാൻ കേരളം കഠിനമായ പരിശ്രമം നട ത്തേണ്ടത് അത്യാവശ്യമായ കാര്യമാണ്. എംപ്ലോയ്മെന്റ് ജനറേഷൻ, എൻവ യോൺമെന്റ് ഫ്രണ്ട്ലി ഗ്രോത്ത് എന്നിവയ്ക്ക് മുൻതൂക്കം നൽകുവാനും നമ്മുടെ സംസ്ഥാനം കൂടുതലായി ശ്രമിക്കേണ്ടിയിരിക്കുന്നു. ബാങ്കുകളിൽ പണമുണ്ട്, പക്ഷേ നിക്ഷേപങ്ങൾ കുറയുകയാണ്. ജോലി ചെയ്യാനുള്ള ആളിന്റെ കുറവ്, ഭൂമിയുടെ ലഭ്യത, ജനസാന്ദ്രതയുടെ വർദ്ധനവ് എന്നി വയെല്ലാം നമ്മെ തുറിച്ചുനോക്കുന്ന യാഥാർത്ഥ്യങ്ങളാണ്. ഫാം വയബിലിറ്റി കുറയുന്നു, ഊർജ്ജ പ്രതിസന്ധി വർദ്ധിക്കുന്നു. അതൊക്കെ മുഖ്യമായ പ്രശ്നങ്ങളായി കേരളം ഇന്ന് നേരിട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ വേഗതയിലുള്ള നഗരവൽക്കരണം ഒരു വലിയ പ്രശ്നമായിത്തന്നെ മാറുക യാണ്. അഫോർഡബിൾ ഹൗസ് കൺസ്ട്രക്ഷൻ, പബ്ലിക് ട്രാൻസ്പോർട്ട് സർവ്വീസസ്, വേസ്റ്റ് മാനേജ്മെന്റ് ആന്റ് അൺഇന്ററപ്റ്റഡ് പവർ ഇവയെല്ലാം വരും കാലഘട്ടങ്ങളിൽ കേരളം കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട വസ്തുതക ളാണ്. സാമൂഹ്യ പ്രശ്നങ്ങൾ ഇതിനോടൊപ്പംതന്നെ വളർന്നുവന്നുകൊണ്ടിരി ക്കുകയാണ്. ജീവിതശൈലീ രോഗങ്ങൾ, അമിതമായ മദ്യപാനാസക്തി, മാന സിക രോഗികൾ വർദ്ധിച്ചുവരുന്ന സാഹചര്യങ്ങൾ ഇവയെല്ലാം കേരളം അഭി

മുഖീകരിക്കുന്ന പുതിയ പ്രശ്നങ്ങളായി ഞാൻ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ ധനകമ്മിയും റവന്യൂ കമ്മിയും പിടിച്ചു നിർത്താൻ മാണി സാറിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് പ്രത്യേകം പ്രസ്താവ്യ മായ ഒരു കാര്യമാണ്. പക്ഷേ ഈ കാര്യത്തിൽ നമുക്കൊരു ശരിയായ ഇൻട്രോസ്പെക്ഷൻ ആവശ്യമാണ്. ജി.ഡി.പി. റേറ്റിൽ സർവ്വീസ് സെക്ടറി നാണ് 70 ശതമാനം വളർച്ച നേടാൻ കഴിഞ്ഞിട്ടുള്ളത്. ഇൻഡസ്ട്രിയിൽ 20 ശതമാനവും കൃഷിയിൽ 10 ശതമാനവുമാണ്. കൃഷി 10 ശതമാനമെന്ന് പറ യുമ്പോൾ നെഗറ്റീവ് ഗ്രോത്താണ് കഴിഞ്ഞ രണ്ട് പഞ്ചവൽസരപദ്ധതികളി ലായി നമുക്ക് കാണാൻ സാധിക്കുന്നത്. സർവ്വീസ് സെക്ടറിൽ ഉയർന്ന നിരക്ക് കാട്ടുന്നു. ഹോട്ടൽ, ടെലികോം, കൺസ്ട്രക്ഷൻ, ട്രാൻസ്പോർട്ട് തുട ങ്ങിയ മേഖലകളിലാണ് 70 ശതമാനം വളർച്ച കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുള്ളത്. കേരളത്തിന്റെ മൊത്തം പ്ലാൻ എന്നുപറയുന്നത് ഏകദേശം 50,000 കോടി രൂപയാണ്. വിദേശമലയാളികളുടെ ഗൾഫിൽനിന്നുള്ള റെമി റ്റൻസ് 55,000 കോടി രൂപയാണ്. ആഭ്യന്തര വളർച്ചയെന്ന് പറയുന്നത് നിരാ ശാജനകമായ ഒരു കാര്യംതന്നെയാണ്. അത് ഇൻക്ലൂസിവ് ഗ്രോത്തിനെ ബാധിക്കുമെന്നുള്ളത് ഗൗരവപൂർവ്വം കാണേണ്ട ഒരു കാര്യമാണ്. വിദേശ റെമിറ്റൻസ് കുറഞ്ഞാൽ ഇന്ന് നാം കാണുന്ന ധാടിയും മോടിയും ഇല്ലാതാകു മെന്ന വസ്തുതകൂടി നമ്മൾ കണക്കിലെടുക്കണം. ദീർഘവീക്ഷണത്തോടുകൂ ടിയുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഒരു സംസ്ഥാന

മെന്നുള്ള നിലയിൽ ഡൊമസ്റ്റിക് വളർച്ച കൂടുതലുണ്ടാക്കുവാനും റവന്യൂ ഉണ്ടാക്കുവാനും നമുക്ക് സാധിക്കേണ്ടിയിരിക്കുന്നു. വാറ്റ് 13.5-ൽനിന്ന് 14.5-ലേയ്ക്ക് വർദ്ധിപ്പിച്ച നടപടിയാണ് ഇവിടെ ഏറ്റവും കൂടുതൽ വിമർശനവിധേയമായിട്ടുള്ളത്. ഇത് വിലക്കയറ്റത്തിന് വഴിതെളിക്കുമെന്ന് മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ പതിനാലര ശതമാനത്തിലേയ്ക്കും ചിലയിടത്ത് പതിനഞ്ച് ശതമാനത്തിലേയ്ക്കും വാറ്റ് എത്തിയിട്ടുണ്ടെന്നുള്ളത് ശരിയാണ്. മറ്റ് സംസ്ഥാനങ്ങളെ ഫോളോ ചെയ്യുകമാത്രമല്ല ഇവിടെ സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ വരുമാന വർദ്ധനവിനുവേണ്ടിയുള്ള ഫലപ്രദമായ നീക്കമാണ് ധന കാര്യ വകുപ്പുമന്ത്രി എടുത്തിട്ടുള്ളത്. അരി ഉൾപ്പെടെയുള്ള അവശ്യവസ്തുക്കൾക്ക് ടാക്സില്ലാതാക്കുകയും അങ്ങനെയുള്ള അവശ്യവസ്തുക്കളെ നികുതിയിൽനിന്ന് ഒഴിവാക്കുകവഴി വിലക്കയറ്റം ഉണ്ടാകാതിരിക്കാനുള്ള പ്രത്യേക മായ ഒരു കെയർ ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ കാട്ടിയെന്നുള്ളത് വിസ്മരിച്ചുകൊണ്ടാണ് ഡോ. ടി. എം. തോമസ് ഐസക് അക്കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചത്. പുതുതായി കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്താൻ പോകുന്ന ഡെസ്റ്റിനേഷൻ ബേസ്ഡ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് കേരളത്തിൽ ഏറ്റവും കൂടുതൽ പ്രയോജനപ്പെടാൻ പോകുന്ന ഒന്നാണ് . അത് നമുക്ക് പ്രയോജനപ്പെടണമെങ്കിൽ, ഡെസ്റ്റിനേഷൻ ബേസ്ഡ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് കൂടുതലായി ലഭിക്കണമെങ്കിൽ, ഇപ്പോൾ ഈ നട പടിയുണ്ടായേ മതിയാകൂ. വാറ്റ് പതിമൂന്നര ശതമാനത്തിൽനിന്ന് പതിനാലര

ശതമാനമായി മാറ്റേണ്ടിയിരിക്കുന്നുവെന്നുള്ള യാഥാർത്ഥ്യബോധമാണ് ധന കാര്യ വകുപ്പുമന്ത്രിയെ അതിലേയ്ക്ക് നയിച്ചതെന്ന് ഞാൻ വിശ്വസിക്കുക യാണ്. കാര്യക്ഷമമായ പദ്ധതി നടത്തിപ്പാണ് സ്വതന്ത്ര കേരളമുണ്ടായ അന്നു മുതൽ നമ്മുടെ മുന്നിലുള്ള പ്രശ്നം. എല്ലാ ഗവൺമെന്റുകളും മാറിമാറി ഭരിക്കുമ്പോഴും പദ്ധതി നടത്തിപ്പിന്റെ കാര്യത്തിൽ നമുക്ക് വീഴ്ചയുണ്ടാകു ന്നുണ്ട്. ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് കൂടുതൽ പണം ചെലവഴിക്കു ന്നത്. ഇതിന്റെ ഫലമായി പത്തുമാസംകൊണ്ട് പദ്ധതി 52 ശതമാനംമാത്ര മാണ് ചെലവഴിച്ചത്. 45 ശതമാനം ഫെബ്രുവരി, മാർച്ച് മാസത്തിലാണ് ചെല വഴിക്കാൻ പോകുന്നത്. ഈ ഗവൺമെന്റിന്റെ കാലത്ത് മാത്രമല്ല, കേരള സംസ്ഥാന രൂപീകരണത്തിനുശേഷം ഇതുവരെ പദ്ധതി നടത്തിപ്പിന്റെ കാര്യ ത്തിൽ ഈയൊരു വൈകല്യം കേരളം നേരിടുന്ന ഒരു യാഥാർത്ഥ്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പണമാണെങ്കിൽ ചെലവഴിക്കാതെ പോകുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഫലപ്രദമായി പഞ്ചായത്തുകൾക്കും ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾക്കും ചെലവഴിക്കാൻ കഴിയാതെ വരു ന്നത് ഒരു വലിയ പ്രശ്നമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റെക്കമെൻഡേഷനുകൾ അപ്പാടെ ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചത് ഏറ്റവും ശുഭോദർക്കമായ കാര്യമാണ്. അതിനുവേണ്ടി അദ്ദേഹം ചില measures സ്വീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തി പ്പിന്റെ കാര്യത്തിലും അവ മോണിട്ടർ ചെയ്യുന്ന കാര്യത്തിലും ഉദ്യോഗ സ്ഥർക്ക് ഇൻസെന്റീവ് കൊടുക്കുന്ന കാര്യത്തിലുമെല്ലാമുള്ള ശുപാർശകൾ

അദ്ദേഹം അംഗീകരിച്ചു എന്നുള്ളത് ഏറ്റവും ഫലപ്രദമായ കാര്യമാണ്. നിയമ സഭയുടെ മേശപ്പുറത്തുവച്ച ആ ശുപാർശകൾ സ്വീകരിച്ചത് വളരെ നല്ല കാര്യമായാണ് ഞാൻ കരുതുന്നത്. ധനപ്രതിസന്ധിയേയും വിഭവസമാഹരണ ത്തേയും, രണ്ടിനെയും ഗൗരവത്തോടുകൂടി കാണേണ്ടിയിരിക്കുന്നു. നമ്മൾ രൂക്ഷമായ ധനപ്രതിസന്ധി നേരിടുകയാണ്. ഈ വർഷം കഴിയുമ്പോൾ നമ്മുടെ പൊതുകടം ഒരു ലക്ഷം കോടി രൂപ കവിയുകയാണ്. ഒരു ലക്ഷം കോടി രൂപയായി കേരളത്തിന്റെ പൊതുകടം വർദ്ധിക്കുന്നു എന്നുള്ളത് വളരെ ഗൗരവത്തോടുകൂടി മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്യേ ണ്ടതാണെന്ന് ഞാൻ വിശ്വസിക്കുന്നു. വാർഷിക പദ്ധതിക്ക് പണമില്ലാത്ത അവസ്ഥ വരുന്നതുകൊണ്ടാണ് ബഡ്ജറ്റിൽ വിഭവ സമാഹരണത്തിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുവന്നത്. കൂടുതൽ ഭാരം അടിച്ചേൽപ്പിച്ചു എന്ന് ബഡ്ജറ്റിനെ വിമർശിച്ചുകൊണ്ട് ചില അംഗങ്ങൾ പറഞ്ഞു. പാവപ്പെട്ടവർക്കല്ല, അഫോർഡബിളായിട്ടുള്ള ആളുകളുടെ മേലാണ് ഭാരം അടിച്ചേൽപ്പിച്ചത്. ടാക്സ് കൊടുക്കാൻ കഴിയുന്നയാളുകളെ ടാക്സ് നെറ്റിലേയ്ക്ക് കൊണ്ടുവരിക എന്നുള്ളത് ഒരു പ്രൂഡന്റ് ഇക്കണോമി ക്സാണ്. നികുതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 1070 കോടി രൂപയാണ് ലക്ഷ്യമിടുന്നത്. വാറ്റ് നികുതിയിൽ നിന്നുള്ള വരുമാനമുണ്ടാ കുന്നു; അഞ്ചു ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ള കച്ചവട ക്കാരെ വാറ്റ് നെറ്റിലേയ്ക്ക് കൊണ്ടുവരുന്നു; സിഗററ്റ്, മദ്യം എന്നിവയ്ക്ക് അഞ്ച് ശതമാനം നികുതി വർദ്ധിപ്പിക്കുന്നു; ഇതിന്റെയെല്ലാം ഫലമായി 1070

കോടി രൂപയുടെ റവന്യൂ വരുമാനമുണ്ടാക്കാനുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രമങ്ങളെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കാൻ ഈയവസരം വിനിയോഗിക്കുകയാണ്. കടം വാങ്ങി ചെലവഴിക്കുകയെന്നുള്ളതായിരുന്നു.എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമീപനം. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ സമീപനം റവന്യൂ വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് കൂടുതൽ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി പണം ചെലവഴിക്കുക എന്നുള്ളതാണ്. അതുകൊണ്ടാണ് വിഭവസമാഹരണത്തിനുവേണ്ടി ഇത്രയും ശക്തമായ നടപടികളുമായി നമ്മൾ മുന്നോട്ടുവന്നിട്ടുള്ളത്. ഈ നടപടികൾ ധനകമ്മി കുറയ്ക്കാനും വികസനത്തിനും ക്ഷേമത്തിനും പണം കണ്ടെത്താനും സാധിക്കുമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പദ്ധതി നടത്തിപ്പിനെപ്പറ്റി നമ്മൾ പറയുമ്പോൾ, കേരളത്തിന്റെ പദ്ധതി നടത്തിപ്പിന്റെ കാര്യത്തിൽ മൂന്നു കാര്യങ്ങൾ വേണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ട്രാൻസ്പരൻസി, അക്കൗണ്ടബിലിറ്റി, സോഷ്യൽ ഔട്ട്ലുക്ക് - ഈ മൂന്നു കാര്യങ്ങൾ ഏറ്റവും അത്യാവശ്യമായ കാര്യങ്ങളാണ്. ട്രാൻസ്പരൻസി ഉറപ്പാക്കുന്നതുവഴി അഴിമതി കുറയ്ക്കാനും അതോടൊപ്പമുണ്ടാകുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സാധിക്കും. നമ്മൾ ഇപ്പോൾ ജീവിക്കുന്നത് വിവരാവകാശ നിയമത്തിന്റെ കാലഘട്ടത്തിലാണ്. ഒന്നും മറച്ചുവയ്ക്കാൻ കഴിയില്ല. അതുകൊണ്ട് പദ്ധതികൾ രൂപീകരിക്കപ്പെടുമ്പോൾ കൂടുതൽ ട്രാൻസ്പരന്റായി അത് നടപ്പാക്കുന്നതാണ് അഭികാമ്യമായിട്ടുള്ള കാര്യമാണ്. അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തേണ്ടത് പദ്ധതി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് ആവശ്യ

മാണ്. കോസ്റ്റ് എസ്കലേഷൻ ഉൾപ്പെടെ അവസാനിപ്പിക്കുവാനും സമയം കുറച്ചുകൊണ്ടുവരുവാനും അക്കൗണ്ടബിലിറ്റി സഹായിക്കുമെന്നാണ് എന്റെ വിശ്വാസം. മറ്റൊരു കാര്യം എനിക്ക് പറയുവാനുള്ളത് സോഷ്യൽ റിപ്പോർട്ടിംഗിനെക്കുറിച്ചാണ്. നമ്മുടെ സംസ്ഥാനത്ത് വരുന്ന ഒരു പദ്ധതിയെ ആളുകൾ എതിർക്കുന്നു, പദ്ധതി പ്രവർത്തനങ്ങൾ നടത്താൻ കഴിയാതെ വരുന്നു. അതിന്റെ കാരണം ജനങ്ങളുടെ ഇൻവോൾവ്മെന്റ് അക്കാര്യത്തിലില്ല എന്നുള്ളതുകൊണ്ടാണ്. വൻകിട പദ്ധതികളാണെങ്കിലും ചെറുകിട പദ്ധതികളാണെങ്കിലും ഗവൺമെന്റ് ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ ഒരു സോഷ്യൽ റിപ്പോർട്ടിംഗ് ആവശ്യമാണ്. ഈ പദ്ധതികളിൽ നിന്നുണ്ടാകുന്ന ഗുണം, അതുകൊണ്ടുണ്ടാകുന്ന മേന്മ, അതുകൊണ്ട് പൊതുസമൂഹത്തിനുണ്ടാകുന്ന നേട്ടങ്ങൾ, സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ, ജനങ്ങൾക്കുണ്ടാകുന്ന പ്രയോജനം, ഇത് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞാൽ പദ്ധതി വളരെ സുഗമമായി നടപ്പിലാക്കാൻ കഴിയും. മാത്രമല്ല, ലോക്കൽ സപ്പോർട്ട് ഇക്കാര്യത്തിൽ ആവശ്യമാണ്. അങ്ങനെ സോഷ്യൽ റിപ്പോർട്ടിംഗ് അനിവാര്യമായ ഘടകമായി ഇന്നത്തെ സാഹചര്യത്തിൽ മാറുകയാണ്. സോഷ്യൽ അക്കൗണ്ടിംഗ്, ഇന്ന് നമ്മുടെ നാട്ടിലെ ജനങ്ങൾ ഈ വസ്തുതകൾ ബോദ്ധ്യപ്പെടുന്നവരാണ്. അവരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കാൻ നമുക്ക് സാധിക്കണം. കൂടുതൽ കാര്യക്ഷമതയോടെ, അഴിമതിരഹിതമായി, ജനങ്ങൾക്ക് ബോദ്ധ്യപ്പെടുന്ന നിലയിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുക എന്നുള്ളതാണ് ഇന്നത്തെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. കേന്ദ്ര ബഡ്ജറ്റ് ഊന്നൽ നൽകുന്നത് മൂലധന

നിക്ഷേപത്തിന്റെ കാര്യത്തിലാണ്. കേരളം പോലെയൊരു സംസ്ഥാനത്ത് 70-75 ശതമാനം പണം ക്ഷേമപ്രവർത്തനങ്ങൾക്കും പെൻഷനും ശമ്പള ത്തിനും സബ്സിഡിക്കും ഗ്രാന്റിനും വേണ്ടി ചെലവഴിക്കുമ്പോൾ പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി പണമില്ലാതെ വരുന്ന അവസ്ഥ ഒരു യാഥാർത്ഥ്യ മാണ്. അതു നമുക്ക് പരിഹരിക്കണമെങ്കിൽ ഇൻവെസ്റ്റ്മെന്റ് മാത്രമാണ് മാർഗ്ഗം. കേന്ദ്ര ധനകാര്യ മന്ത്രി ശ്രീ. പി. ചിദംബരം അവതരിപ്പിച്ച പുതിയ ബഡ്ജറ്റിൽ പണപ്പെരുപ്പത്തെ നിയന്ത്രിക്കാനും ഫിസ്കൽ ഡെഫിസിറ്റ് കുറ ച്ചുകൊണ്ടുവരുവാനും ഉൾപ്പെടെ സ്വീകരിച്ചിരിക്കുന്നത് ഇൻവെസ്റ്റ്മെന്റിന്റെ മാർഗ്ഗമാണ്. കൂടുതൽ ഇൻവെസ്റ്റ്മെന്റ് കേരളത്തിൽ കൊണ്ടുവരാനുള്ള നടപ ടികളുണ്ടാകണമെന്നാണ് എനിക്ക് മാണിസാറിനോട് പറയാനുള്ളത്. കേരള ത്തിൽ ഇൻവെസ്റ്റ് ചെയ്യാൻ ആളുകൾ തയ്യാറാണ്. ഇപ്പോൾ ഒരു ഇൻവെ സ്റ്റ്മെന്റ് ക്ലൈമറ്റ് നമ്മുടെ സംസ്ഥാനത്തുണ്ട്. ആ കാര്യത്തിൽ തൊഴിലാളി കളെ കുറ്റം പറയുന്ന കാലം കഴിഞ്ഞു. തീർച്ചയായും ഇന്ന് തൊഴിലാളികൾ ഇത്തരം നല്ല കാര്യങ്ങളെ സഹായിക്കുന്ന നിലപാടിലാണ്. തൊഴിലാളി സമര ങ്ങൾമൂലം ഒരു ഇൻവെസ്റ്റ്മെന്റും ഇവിടെ വരാതിരിക്കുന്നില്ല. അതുകൊണ്ട് ഇച്ഛാശക്തിയോടുകൂടി പ്രവർത്തിച്ചാൽ കേരളത്തിൽ കൂടുതൽ നിക്ഷേപ ങ്ങൾ കൊണ്ടുവരാനുള്ള സാധ്യതകൾ വളരെയേറെയാണ്. പ്രൈവറ്റ് ഇൻവെ സ്റ്റ്മെന്റിനെ സ്വാഗതം ചെയ്യാം, പി.പി.പി. മോഡലിനെ സ്വാഗതം ചെയ്യാം, അതോടൊപ്പംതന്നെ സഹകരണ മേഖലയിലുംകൂടി ഇൻവെസ്റ്റ്മെന്റ് കൊണ്ടു വരാം. ഒരു കാര്യം മാത്രമേയുള്ളൂ, ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരുമ്പോൾ

അതിന് ചില നിബന്ധനകളുണ്ടാകണം. അതിന് ട്രാൻസ്പാരൻസിയുണ്ടാകണം. ജനങ്ങൾക്ക് ആശയക്കുഴപ്പമോ സംശയമോ ഉണ്ടാകാത്ത നിലയിൽ ഇൻവെസ്റ്റ്മെന്റുകൾ കൊണ്ടുവന്നാൽ കേരളത്തിലെ ജനങ്ങൾ രണ്ടും കൈയും നീട്ടി സ്വീകരിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. പലപ്പോഴും പി.പി.പി. മോഡലിനെപ്പറ്റി പറയുമ്പോൾ ആളുകൾക്കുണ്ടാകുന്നത് സംശയങ്ങളാണ്. അതുകൊണ്ടാണ് സോഷ്യൽ റിപ്പോർട്ടിംഗിനെ സംബന്ധിച്ച് ഞാൻ ഊന്നി പറഞ്ഞത്. രണ്ടു കാര്യങ്ങളാണ് കേരളത്തിന് ഇനി ആവശ്യമുള്ളത്. ഇൻവെസ്റ്റ്മെന്റ് ആന്റ് ടെക്നോളജി know-how, ടെക്നോളജിക്കൽ അപ്ഗ്രഡേഷൻ. ഈ രണ്ടു കാര്യങ്ങളിൽ നമുക്ക് കൂടുതലായി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതായി വരുന്നു. മറ്റൊരു പ്രധാനപ്പെട്ട കാര്യം, കേരളം 9.5 ശതമാനം വളർച്ചാനിരക്ക് കൈവരിച്ച സംസ്ഥാനമാണ്. അതിൽ നമ്മളെല്ലാവരും അഭിമാനിക്കുന്നു. അതോടൊപ്പം ഈ വളർച്ചയുടെ പ്രയോജനം ഒരുപിടി ആളുകൾക്ക് മാത്രമാകാൻ പാടില്ല. വികസനത്തിന്റെയും വളർച്ചയുടെയും പ്രയോജനം സമൂഹത്തിലെ താഴെത്തട്ടിലെ പാവപ്പെട്ട ജനങ്ങൾക്കുമുണ്ടാകണം. ഞാൻ സംസ്ഥാനത്തെ പല പട്ടികജാതി/പട്ടികവർഗ്ഗകോളനിൾ സന്ദർശിച്ചുകൊണ്ടിരിക്കുന്ന ആളാണ്. ഗാന്ധിഗ്രാമം പരിപാടിയുടെ ഭാഗമായാണ് ഞാൻ പോകുന്നത്. നമ്മുടെ സമൂഹത്തിൽ ഇതുപോലെയുള്ള വളരെ പാവപ്പെട്ട കുടുംബങ്ങൾ, ആളുകൾ പട്ടികജാതി കോളനികളിൽ ജീവിക്കുന്നുണ്ടോ എന്ന് നമുക്ക് അത്ഭുതം തോന്നും. ആ പാവപ്പെട്ട ജനങ്ങളുടെ ജീവിതത്തിൽ ഒരു മാറ്റവും ഇതുവരെ ഉണ്ടായിട്ടില്ല. ശ്രീ. എ.കെ. ബാലൻ ഇന്നലെ അവത

രിപ്പിച്ച ശ്രദ്ധക്ഷണിക്കലിനെ ഞാൻ പൂർണ്ണമായി പിന്താങ്ങുന്നു. അദ്ദേഹം പറഞ്ഞതുപോലെ കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ എടുത്തിട്ടുള്ള ലോണുകൾ എഴുതിത്തള്ളാൻ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവരണമെന്നുള്ള ആവശ്യം ഞാനും മുന്നോട്ടുവയ്ക്കുകയാണ്. നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ പരിഗണന അർഹിക്കുന്ന ഒരു വിഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ മാറുകയാണ്. സമൂഹം വളരുമ്പോൾ, രാജ്യം വളരുമ്പോൾ ആ വളർച്ചയുടെ മധുരഫലങ്ങൾ രാജ്യത്തെ ഏറ്റവും പാവപ്പെട്ട ആളുകൾക്ക്, എറ്റവും വൾനെറബിൾ സൊസൈറ്റി എന്നു പറയുന്ന ഈ വിഭാഗത്തിന് എത്തിക്കാനുള്ള ഉത്തരവാദിത്തം നമ്മൾ ഏറ്റെടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. അങ്ങനെ എത്തുന്നില്ല എന്നുള്ളതുകൊണ്ടാണ് നമ്മുടെ സമൂഹത്തിൽ സംഘർഷവും സാമൂഹ്യമായ പ്രതിസന്ധികളും വർദ്ധിച്ചുവരുന്നത്. ഇന്ന് ഇക്വിറ്റബിൾ ഡിസ്ട്രിബ്യൂഷൻ ഓഫ് വെൽത്ത് ഒരു വലിയ ചോദ്യചിഹ്നമായി ഉയർന്നുവരികയാണ്. ഇവിടെ മാത്രമല്ല ലോകം മുഴുവൻ അതാണ്. വാൾസ്ട്രീറ്റിൽ നടന്ന പ്രക്ഷോഭം അതിന്റെ പേരിലാണ്, ജാസ്മിൻ റവല്യൂഷന്റെ പിന്നിലും അതുതന്നെയാണ്. ലോകത്തെമ്പാടും നടക്കുന്ന പലതരത്തിലുള്ള സംഘർഷങ്ങളുടെയും അടിസ്ഥാന കാരണമെന്നു പറയുന്നത് ഇക്വിറ്റബിൾ ഡിസ്ട്രിബ്യൂഷൻ ഓഫ് വെൽത്ത് ഇല്ല എന്നുള്ളതുകൊണ്ടുതന്നെയാണ്. പുതിയ കാലഘട്ടത്തിൽ നമ്മൾ ജീവിക്കുമ്പോൾ വളർച്ച പ്രാപിക്കുന്ന സംസ്ഥാനമായി കേരളവും അതോടൊപ്പം ഇൻഡ്യയും ലോകവും മാറുമ്പോൾ അതിന്റെ പ്രയോജനം സമൂഹത്തിലെ

ഏറ്റവും പാവപ്പെട്ട ജനങ്ങൾക്കുകൂടി എത്തിയെങ്കിൽ മാത്രമേ വികസനം അർത്ഥപൂർണ്ണമാവുകയുള്ളൂ. അതിനുള്ള നടപടികളാണ് ഏറ്റവും ആവശ്യമായിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ വീടില്ലാത്ത ആളുകളുണ്ട്. അതുപോലെ അവരുടെ ആരോഗ്യ സംരക്ഷണ പ്രശ്നങ്ങൾ – ആരോഗ്യം നശിച്ചുപോകുന്ന ആളുകൾ, അട്ടപ്പാടിയിൽ പുരുഷൻമാരുടെ എണ്ണം കുറയുകയാണ്. അതിന്റെ കാര്യത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അമിത മദ്യപാനവും, അമിതമായ ഇല്ലിസിറ്റ് ലിക്വറും കാരണം അവിടത്തെ പുരുഷൻമാരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നുവെന്നത് ഞെട്ടിപ്പിക്കുന്ന വാർത്തയാണ്. നമ്മുടെ സമൂഹത്തിൽ ഇന്ന് വളർന്നുവരുന്ന ഇത്തരം സാമൂഹ്യമായ വിപത്തുകൾക്കെതിരെ ശക്തമായ പോരാട്ടത്തിന് സമയമായിരിക്കുന്നു എന്നാണ് എന്റെ വിശ്വാസം. ഞാൻ അവസാനിപ്പിക്കുകയാണ്. നമ്മളെല്ലാവരും പൊതുപ്രവർത്തകരാണ്. പൊതുജീവിതത്തിൽ മാന്യത കാത്തുസൂക്ഷിക്കുക എന്നുള്ളത് എല്ലാവരുടെയും കടമയാണ്. ഞാൻ രാഷ്ട്രീയമായി പറയുന്നതല്ല, നമ്മളെയെല്ലാം ജനങ്ങൾ കാണുന്നത് റോൾ മോഡലുകളായി തന്നെയാണ്, അല്ലെങ്കിൽ അങ്ങനെ കാണേണ്ടവരാണ്. നമ്മൾ അങ്ങനെ കാണേണ്ടവരാകുമ്പോൾ നമ്മുടെ പ്രവർത്തനങ്ങളിൽ, നമ്മുടെ ചലനങ്ങളിൽ, നോക്കിൽ, വാക്കിൽ നമ്മളെല്ലാവരും മാന്യത പുലർത്തേണ്ടത് ഏറ്റവും ആവശ്യമാണ്. ബഡ്ജറ്റ് ചർച്ചയുടെ അവസാനം എനിക്ക് പറയുവാനുള്ളത്, കേരള സമൂഹം നമ്മളിൽ നിന്ന് വളരെയേറെ പ്രതീക്ഷിക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ എന്ന നിലയിൽ ജനങ്ങൾ വളരെയേറെ

കാര്യങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. നാടിന്റെ നൻമയ്ക്കുവേണ്ടി നമ്മൾ പ്രവർത്തിക്കുമ്പോൾ തെറ്റുകളുണ്ടാകാം, തെറ്റ് ചെയ്തെന്നുവരാം. പക്ഷേ, ആ തെറ്റുകൾ ആവർത്തിക്കാതിരിക്കാനും സമൂഹത്തിന്റെ റോൾ മോഡലുകളായി മാറുവാനും മാന്യമായ, ധാർമ്മികമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാനുമുള്ള പരിശ്രമംകൂടി നടത്തണമെന്നുമാത്രം അഭ്യർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വളരെയേറെ സംഘർഷഭരിതമായ ഇന്നത്തെ ലോക സാഹചര്യത്തിൽ, ദേശീയ സാഹചര്യത്തിൽ കേരളത്തിന് അഭിമാനകരമായ ഒരു ബഡ്ജറ്റ് അവതരിപ്പിച്ച മാണിസാറിനെ അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : സർ, ഇപ്പോൾ ഇവിടെ സംസാരിച്ച് നിറുത്തിയ കെ.പി.സി.സി.-യുടെ പ്രിയങ്കരനായ ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞ കാരണങ്ങൾകൊണ്ടുതന്നെ ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായും എതിർക്കുകയാണ്. ഇതിൽ സുതാര്യതയില്ല, സോഷ്യൽ ഓഡിറ്റിംഗില്ല. ഇതുപോലുള്ള കാര്യങ്ങളെല്ലാം നടത്തണമെന്നാണ് അദ്ദേഹം പറഞ്ഞത്. എന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് ശരിയായ രീതിയിലല്ല പ്രവർത്തിക്കുന്നത് എന്നാണ് അതിന്റെ വ്യംഗ്യം. ഇതാണ് അദ്ദേഹം പറഞ്ഞതിന്റെ സാരാംശം. അതുകൊണ്ടുതന്നെ ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായും ശക്തമായും എതിർക്കുകയാണ്. പദ്ധതികളുടെയും പണത്തിന്റെയും നീതിപൂർവ്വമായി

ട്ടുള്ള വിതരണം ഈ ബഡ്ജറ്റിലില്ല. ചില കേന്ദ്രങ്ങളുടെ താല്പര്യസംരക്ഷണമാണ് ബഡ്ജറ്റിലൂടെ പ്രകടമാകുന്നത്. പത്രങ്ങൾ എഴുതിയതുപോലെ ഇത് മലപ്പുറം, കോട്ടയം ജില്ലകളുടെ ബഡ്ജറ്റാണ്. ബഡ്ജറ്റിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കണമെന്ന നിർബന്ധബുദ്ധി ധനമന്ത്രിക്കോ സർക്കാരിനോ ഇല്ല. മുൻ വർഷത്തെ അനുഭവങ്ങൾ ബഹുമാനപ്പെട്ട ശ്രീ. എളമരം കരീം, മറ്റ് പ്രമുഖരായിട്ടുള്ള മെമ്പർമാർ എല്ലാവരും ആ കാര്യങ്ങൾ എണ്ണിയെണ്ണി ഇവിടെ സൂചിപ്പിച്ചു. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. മുൻവർഷത്തെ അനുഭവങ്ങൾ പരിശോധിച്ചാൽ ഈ ബഡ്ജറ്റ് വാഗ്ദാനങ്ങളുടെ ഒരു ശ്മശാനഭൂമിയായി ഈ കേരളത്തെ മാറ്റുന്നു എന്നാണ് നമുക്ക് കാണാൻവേണ്ടി കഴിയുന്നത്. ഇച്ഛാശക്തിയില്ലാത്ത അനൈക്യമുന്നണിയുടെ ഒരു സർക്കാരാണ് ഇത്. ഒരു ഫ്യൂഡൽ സംസ്കാര കാലഘട്ടത്തിലെ നമ്പൂതിരി ബാന്ധവത്തെ ഓർമ്മിപ്പിക്കുന്ന ചെയ്തികളാണ് ഇവിടെ നടക്കുന്നത്. നമ്പൂതിരി ഇല്ലത്തുചെന്ന് വേളി കഴിച്ച് സുഖഭോഗങ്ങളോടെ താമസിച്ച് സന്താനോല്പാദനവും നടത്തി ഇറങ്ങിപ്പോകും. ഭാര്യയുടെയോ കുഞ്ഞിന്റേയോ ഭാവി ജീവിതത്തെക്കുറിച്ച് ഒരു ചിന്തയുമില്ല. നമ്പൂതിരി അടുത്ത ഇല്ലത്തേയ്ക്ക് പോകും. മാണിസാർ ഓരോ വർഷവും മോഹനസുന്ദര വാഗ്ദാനങ്ങൾ വാരിക്കോരി നൽകും. അതിനാവശ്യമായിട്ടുള്ള പണമുണ്ടാകില്ല. ആ വർക്കുകൾ നടന്നോ ഇല്ലയോ എന്ന പരിശോധനയുമില്ല. അടുത്ത കൊല്ലവും അത് ആവർത്തിക്കുന്നു. ഇങ്ങനെ നമ്പൂതിരി കല്യാണം

പോലെയാണ് മാണിസാറിന്റെ ബഡ്ജറ്റ്. എങ്ങനെയാണ് ഈ ബഡ്ജറ്റിനെ പിന്താങ്ങാൻ കഴിയുന്നത്. ........

മി. സ്പീക്കർ : പോയിന്റ് ഓഫ് ഓർഡർ

ശ്രീ. സി. പി. മുഹമ്മദ് : കേരളത്തിൽ പഴയകാലത്ത് പല അനാചാരങ്ങളും നടന്നുകാണും. പക്ഷേ, അതെല്ലാം ഉദ്ധരിച്ച് ഒരു സമുദായത്തെക്കുറിച്ച് ഇങ്ങനെ അപമാനകരമായ രീതിയിൽ സംസാരിക്കുന്നത് ഓർഡറിലാണോ?

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, ഇത് ചരിത്രമല്ലേ?

മി. സ്പീക്കർ : അതല്ല, അദ്ദേഹം ഒരു സമുദായത്തെയും അനാദരിച്ച് പറഞ്ഞതല്ല. ഇങ്ങനെയുള്ള ജീവിതരീതി പണ്ടുണ്ടായിരുന്നു എന്നു പറഞ്ഞെന്നേയുള്ളൂ.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : വർത്തമാന കാലത്തെ ചരിത്രങ്ങൾ നമ്മൾ ഉദ്ധരിക്കാറുണ്ട്. എന്തിനാണ് ഇങ്ങനെയുള്ള ഒരു അസഹിഷ്ണുത പ്രകടിപ്പിക്കുന്നത്. മാണിസാർ ഓരോ വർഷവും മോഹനസുന്ദര വാഗ്ദാനങ്ങൾ വാരിക്കോരി നൽകും. അതിനാവശ്യമായിട്ടുള്ള പണമോ, പ്രവൃത്തിയോ നടന്നോ ഇല്ലയോ എന്ന പരിശോധനപോലും നടത്താറില്ല. അടുത്ത കൊല്ലവും അതാവർത്തിക്കുന്നു. എങ്ങനെയാണ് ഇത്തരത്തിലുള്ള ഈ ബഡ്ജറ്റ് അംഗീകരിക്കാൻ കഴിയുന്നത്. സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ വെള്ളപ്പൊക്കം നടന്നുവെന്ന രീതിയിൽ ഭരണകക്ഷി അംഗങ്ങൾ വലുപ്പ ചെറുപ്പമില്ലാതെ ഇന്നലെ ഉറഞ്ഞുതുള്ളുന്നത് കണ്ടു. മലബന്ധംമൂലം

വിഷമിക്കുന്നവർക്ക് നല്ല മോഷൻ കിട്ടിയാൽ എന്തൊരാശ്വാസമായിരിക്കും. അതുപോലെയാണ് സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ കാര്യത്തിൽ വരൾച്ച യുള്ള യു.ഡി.എഫ്. അല്ലറചില്ലറ സമാശ്വാസ പെൻഷൻ പദ്ധതികൾ പ്രഖ്യാ പിച്ചപ്പോൾ മലബന്ധക്കാരന് ശോധനം കിട്ടിയപ്പോൾ ആശ്വാസം കിട്ടിയ ഒരു പ്രതീതിയാണ് ഇവിടെ കാണാൻ കഴിഞ്ഞത്.

ക്രമപ്രശ്നം

ശ്രീ. വി. ശിവൻകുട്ടി : സർ, ബഡ്ജറ്റിനെക്കുറിച്ചുള്ള കാര്യങ്ങൾ വളരെ ഗൗരവമായി നിയമസഭാ മെമ്പർമാർ ഇവിടെ ഭരണപക്ഷത്തും പ്രതിപ ക്ഷത്തും അവതരിപ്പിക്കുകയാണ്. ഉദ്യോഗസ്ഥന്മാർക്ക് ഇക്കാര്യത്തിൽ പ്രധാ നപ്പെട്ട ഒരു പങ്കുണ്ട്. ബഹുമാനപ്പെട്ട മാണിസാർ സമയം കണ്ടെത്തി കേൾക്കുന്നതിനുവേണ്ടി ഇവിടെ വന്നിരിക്കുന്നു. ഒരാളെങ്കിലും ഗ്യാലറിയിൽ ഉണ്ടോയെന്ന് നോക്കണം. സർ റൂളിംഗ് കൊടുക്കണം.

**റൂളിംഗ്**

മി. സ്പീക്കർ : മുഖ്യമന്ത്രി ഇവിടെ ഇല്ലാത്തതുകൊണ്ടാണ്, ബഹുമാന പ്പെട്ട ധനകാര്യവകുപ്പുമന്ത്രി മറുപടി പറയണ്ട. ഇവിടെ മന്ത്രിമാരേയും കാണു ന്നില്ല. അങ്ങേയ്ക്കുവേണ്ടി മാത്രമുള്ളതല്ല ഈ ബഡ്ജറ്റ്. ബഡ്ജറ്റ് ചർച്ച നടക്കുമ്പോൾ സീനിയർ ഓഫീസേഴ്സെല്ലാം നിർബന്ധമായും ഓഫീസ് ഗ്യാലറിയിൽ വേണ്ടതാണ്. അതിന്റെ ക്രമീകരണങ്ങൾ മുഖ്യമന്ത്രി ചെയ്യേണ്ട താണ്. ഞാൻ മുഖ്യമന്ത്രിയോട് അക്കാര്യം സംസാരിക്കുന്നതാണ്. ഉദ്യോഗ സ്ഥർ ഈ സമയങ്ങളിൽ ഇവിടെ ഉണ്ടാകണം. കാരണം ഇവിടെ നടക്കുന്ന

ചർച്ചകളുടെ നോട്ടെടുത്ത്, ഒരുപക്ഷേ മിനിസ്റ്റേഴ്സ് ഇല്ലെങ്കിൽ മിനിസ്റ്റേഴ്സിനെ അത് ബോധ്യപ്പെടുത്തി ഭരണപരമായ കാര്യങ്ങളുംമറ്റും ഫയൽ ആക്കേണ്ടത് ഉദ്യോഗസ്ഥരാണ്. ഇവിടെ കുറച്ച് സ്റ്റാഫ് ഇരിപ്പുണ്ട്. ഉദ്യോഗസ്ഥരാണോ എന്നെനിക്കറിയില്ല. അവിടെ മിനിസ്റ്റേഴ്സിന്റെ സ്റ്റാഫും ഇരിക്കാറുണ്ട്. ഓഫീസ് ഗ്യാലറിയിൽ ഓഫീസേഴ്സ് ഇല്ലാത്തത് ഗുരുതരമായ വീഴ്ചയും തെറ്റുമാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അങ്ങ് അത് ശ്രദ്ധിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി)</u> : യെസ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ കാര്യത്തിൽ ഈ ഗവൺമെന്റ് എന്താണ് ചെയ്യുന്നത്? കർഷകത്തൊഴിലാളി ക്ഷേമനിധി 127 കോടി രൂപ ബാക്കിയാണ്. അതിവർഷ ആനുകൂല്യം, പ്രസവാനുകൂല്യം, ചികിത്സാ സഹായം അതുപോലെ വിദ്യാഭ്യാസാനുകൂല്യം ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ ഈ പാവപ്പെട്ട കർഷകത്തൊഴിലാളികൾ ക്ഷേമനിധി ഇനത്തിൽ കൊടുത്തുതീർക്കാനുണ്ട്. ഒരു നയാപൈസയുണ്ടോ; ഇത് ക്രിമിനൽ കുറ്റമല്ലേ? ഈ നിയമസഭ പാസ്സാക്കിയ ഒരു നിയമം, അതിന്റെ അടിസ്ഥാനത്തിൽ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് കൊടുക്കേണ്ട ആനുകൂല്യം കൊടുക്കാത്തത് ക്രിമിനൽ കുറ്റമാണ്. നിങ്ങൾ വലിയ ഒരു lawyer ആണല്ലോ; നിങ്ങൾക്കറിയില്ലേ ഇക്കാര്യം? എന്തുകൊണ്ട് നിങ്ങൾ ഒരു നയാപൈസപോലും കൊടുത്തില്ല, എത്ര കുറ്റകരമായ കാര്യമാണ് നിങ്ങൾ

ചെയ്തുകൊണ്ടിരിക്കുന്നത്. ആ ക്ഷേമനിധിക്കുവേണ്ടി ലക്ഷക്കണക്കിനാളുകൾ പങ്കെടുത്തുകൊണ്ട് കഴിഞ്ഞ 13-ാം തീയതി സമരം കേരളത്തിൽ നടന്നതാണ്. ആ ജനവികാരം നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ പാവപ്പെട്ടവർക്ക് വേണ്ടിയല്ല, പണക്കാരനുവേണ്ടി, ഉള്ളവനുവേണ്ടിയാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നതെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് പാവപ്പെട്ട ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ കണ്ണുതുറന്ന് കാണാൻ തയ്യാറാകണമെന്ന വിനീതമായ അഭ്യർത്ഥനയാണ് എനിക്കുള്ളത്.

ക്ഷേമനിധി പദ്ധതികൾക്കായി 100 കോടി രൂപയെങ്കിലും മാറ്റിവയ്ക്കണമായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 115 കോടി രൂപയാണ് ക്ഷേമനിധി ആനുകൂല്യങ്ങളുടെ കുടിശ്ശിക നൽകുന്നതിനുവേണ്ടി ധനകാര്യമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് ഇവിടെ മാറ്റിവച്ചത്. ഈ തുക തീരുന്നതുവരെ ഞങ്ങൾ കൊടുത്തു. ഒരു നയാപൈസപോലും ഈ ബഡ്ജറ്റിൽ വച്ചിട്ടില്ല. അങ്ങേയറ്റം ക്രൂരമായിട്ടുള്ള നടപടിയായിപ്പോയി. നിങ്ങൾ പാവപ്പെട്ട ജനങ്ങൾക്കുവേണ്ടിയാണ് നിലനിൽക്കുന്നതെങ്കിൽ 100 കോടി രൂപയെങ്കിലും ക്ഷേമനിധി കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുവേണ്ടി അനുവദിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ആസ്തി വികസന ഫണ്ട് ഉറപ്പു വരുത്തണം. ഈ ബഡ്ജറ്റിൽ എവിടെ നോക്കിയിട്ടും ആസ്തി വികസന ഫണ്ടിനെക്കുറിച്ചുള്ള കാര്യങ്ങൾ കാണാൻ കഴിഞ്ഞിട്ടില്ല. ഞങ്ങളുടെയൊന്നും മണ്ഡലത്തിനുവേണ്ടി നിങ്ങൾ പണം തരികയില്ല. എന്നാൽ ഈ അഞ്ചു കോടി രൂപ ഉപയോഗപ്പെടുത്തിയെങ്കിലും

ഞങ്ങളുടെ മണ്ഡലത്തിൽ എന്തെങ്കിലും ചെയ്യാമെന്ന് വച്ചാൽ, അതും ഈ ബഡ്ജറ്റിലില്ല. അതുകൊണ്ട് അതുറപ്പാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഇനി എന്റെ ജില്ലയിലെ കാര്യങ്ങളിലേയ്ക്ക് വരാം. കാസർഗോഡ് ജില്ല യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് എല്ലാ അവസരങ്ങളിലും അവ ഗണിക്കപ്പെടുകയാണ്. ഇത്തവണയും അതുതന്നെയാണ് ഉണ്ടായത്. എന്നാൽ ഈ അവഗണന പരിഹരിച്ച് സമഗ്രമായ വികസനം അവിടെ ഉണ്ടാക്കുന്നതിനുവേണ്ടി നമ്മുടെ മഹാനായ കെ.പി.സി.സി. പ്രസിഡന്റ് ഞങ്ങളുടെ ജില്ലയിൽ വന്നു. അദ്ദേഹം കോൺഗ്രസ്സിന്റെ സഹപ്രവർത്തകരോടും അനുയായികളോടുകൂടി കോളനികളിലും ഗ്രാമങ്ങളിലും മുഴുവൻ പദയാത്ര നടത്തി. നിങ്ങളുടെ ജില്ലയുടെ വികസനത്തിനുവേണ്ടി ഒരു കമ്മീഷനെ നിശ്ചയിക്കാൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നു പറഞ്ഞു. അതാണ് പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട്. ആ കമ്മീഷൻ കാസർഗോഡ് ജില്ലയിൽ വരികയും ജനപ്രതിനിധികൾ, എം.പി. മാർ, എം.എൽ.എ. മാർ, ഉദ്യോഗസ്ഥർ, നാട്ടിലെ മുഴുവൻ ആളുകളെയും വിളിച്ച് വളരെ വിപുലമായ രീതിയിൽ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിച്ചു. ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്ന വേളയിൽ വളരെയേറെ പ്രതീക്ഷയോടുകൂടി പതിനായിരക്കണക്കിനാളുകൾ ടെലിവിഷന്റെ മുന്നിൽ നിന്നു. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ കാസർഗോഡ് ജില്ലയിൽ വരാൻപോകുന്നു എന്നാണ് ജന

ങ്ങൾ വിചാരിച്ചത്. എന്താണ് ഉണ്ടായത്? വലിയ നിരാശയാണ് അവർക്കു ണ്ടായത്.

അതിനെത്തുടർന്ന് എന്തെല്ലാമാണ് അവിടെ സംഭവിച്ചത്. മഞ്ചേശ്വരം എം.എൽ.എ യോട് ചോദിച്ചാൽ അറിയാം. അവിടെ ഒരു ഫിഷിംഗ് ഹാർബർ ഉണ്ടാക്കുമെന്ന് പറഞ്ഞ് എം.എൽ.എ-യുടേയും മുഖ്യമന്ത്രിയുടേയുമൊക്കെ ചിത്രങ്ങൾ പതിച്ച വലിയ ഫ്ളെക്സ് ബോർഡ് വച്ചു. ബഡ്ജറ്റിൽ ഒന്നുമില്ലാ യെന്ന് കണ്ടപ്പോൾ ആ ഫ്ളെക്സ് ബോർഡ് ചവിട്ടിപ്പൊളിച്ച് കടലിലെറിഞ്ഞു. ഇങ്ങനെയുള്ള വികാര പ്രകടനങ്ങളാണ് അവിടെ ഉണ്ടായത്. അതുപോലെ തൃക്കരിപ്പൂരിൽ ഒരു സബ്ട്രഷറി അനുവദിക്കുമെന്ന് ബഹു. മുഖ്യമന്ത്രി അവിടെ വന്ന് ആയിരക്കണക്കിന് ആളുകളെ സാക്ഷി നിർത്തി പ്രഖ്യാപിച്ചതാ ണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ഒരു വൺമൻ ട്രഷറി ഉണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന പ്പോൾ അതും ഇല്ലാതാക്കി. ഓതാൻ പോയി ഉള്ള ബുദ്ധിയും ഇല്ലാതാക്കി എന്നുപറയുന്നതുപോലെയാണ് ഉണ്ടായിരുന്ന വൺമൻ ട്രഷറിപോലും ഇല്ലാ താക്കിയത്. ഇ-ഗവേണൻസിന്റെ ഉദ്ഘാടനത്തിന് വന്നപ്പോൾ ആയിരക്കണ ക്കിന് ആളുകളെ സാക്ഷി നിർത്തി അവിടത്തെ മുസ്ലീംലീഗിന്റെ പ്രവർത്തകർ കൊടുത്ത മെമ്മോറാണ്ടം, അദ്ധ്യക്ഷനായിരുന്ന ഞാനും പറഞ്ഞു സബ്ട്ര ഷറി അനുവദിക്കണമെന്ന്. അപ്പോൾ ഈ ബഡ്ജറ്റിൽ പരിഗണിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞതാണ്. മുഖ്യമന്ത്രി പറയുന്ന വാക്കിന് ഒരു വില കല്പി ക്കണ്ടേ; ഇതാണ് നമ്മുടെ രാജ്യത്തിന്റെ വികസനത്തിന്റെ സ്ഥിതി. കെ.പി.

സി.സി പ്രസിഡന്റ് പറഞ്ഞിട്ടുള്ള പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു നയാപൈസ അനുവദിച്ചിട്ടുണ്ടോ? ഇത് വഞ്ചനയാണ്. ബഡ്ജറ്റിലൂടെ ഞങ്ങൾക്ക് ലഭിക്കുന്ന നക്കാപ്പിച്ച പൈസപോലും ഇല്ലാതാക്കുന്ന ഒരു റിപ്പോർട്ടായിരിക്കും വരാൻ പോകുന്നതെന്ന് ഞങ്ങൾ നേരത്തെ പറഞ്ഞിരുന്നു. കാരണം ഞങ്ങൾക്ക് അനുഭവമുണ്ട്. 1958 -ലെ ചന്ദ്രഭാനു കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരുന്ന പല കാര്യങ്ങളും ഇന്നും നടപ്പിലാക്കിയിട്ടില്ല. ആ ഒരു സന്ദർഭത്തിലാണ് പുതിയൊരു കമ്മീഷൻ കൊണ്ടുവന്നത്. ആ കമ്മീഷന് നിങ്ങൾ വില കൽപ്പിച്ചോ? എത്ര ലക്ഷംരൂപയാണ് കമ്മീഷൻ റിപ്പോർട്ടിനുവേണ്ടി നിങ്ങൾ ചെലവഴിച്ചത്? എന്നിട്ട് ഒരു മുൻകൂർ ജാമ്യം പോലെ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് പറഞ്ഞു, മാർച്ച് 27-ാം തീയതി പ്ലാനിംഗ് ബോർഡ് യോഗം ചേരുന്നുണ്ട് ആ യോഗത്തിൽ കമ്മീഷൻ റിപ്പോർട്ട് വിശദമായി പരിശോധിച്ച് അംഗീകരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. എപ്പോഴാണ്? എവിടെനിന്നാണ് പണം? അടുത്ത ബഡ്ജറ്റിൽ അല്ലേ; അടുത്ത ബഡ്ജറ്റ് അവതരിപ്പിക്കാൻ ഈ ഗവൺമെന്റ് ഇവിടെ ഉണ്ടാകുമെന്നതിന് എന്താണുറപ്പ്? അതിന്റെ വികാര പ്രകടനമാണ് ഇന്നലെ കാസർകോഡ് എം.എൽ.എ ശ്രീ. എൻ.എ. നെല്ലിക്കുന്ന് ഇവിടെ പ്രകടിപ്പിച്ചത്.

ശ്രീ. സാജു പോൾ: സർ, കേന്ദ്രത്തിൽ ഭരണം ഉണ്ടെന്നുള്ള ഒരു........

മി. സ്പീക്കർ: ചോദ്യമാണോ ക്രമപ്രശ്നമാണോ പോയിന്റ് ഓഫ് ഓർഡറാണോ എന്താണ്?

ശ്രീ. സാജു പോൾ: ഒരു കാര്യം ചോദിക്കാനാണ്. അദ്ദേഹം വഴങ്ങിയതാണ്.

മി. സ്പീക്കർ: അങ്ങേയ്ക്ക് സംസാരിക്കാം. അദ്ദേഹം വഴങ്ങി എന്നു വച്ച് വെറുതെ സംസാരിക്കാൻ കഴിയുമോ; അതിൽ ഒരു ചിട്ട വേണ്ടേ?

ശ്രീ. സാജു പോൾ: സർ, അദ്ദേഹത്തിന്റെ പ്രസംഗത്തിന് സഹായകരമായ, ഇപ്പോൾ കിട്ടിയ പ്രധാനപ്പെട്ട കാര്യമാണ്. കേന്ദ്രഗവൺമെന്റിന് ഡി.എം.കെ നൽകിയിരുന്ന പിന്തുണ പിൻവലിക്കാനും 5 മന്ത്രിമാരെ രാജിവയ്പിക്കാനും തീരുമാനിച്ചു. അവർക്ക് 18 എം.പി-മാരുണ്ട്. കേന്ദ്രത്തിൽ ഭരണമുണ്ടെന്ന് കാണിക്കാൻവേണ്ടി കേരളത്തിൽ നിന്നുള്ള 8 മന്ത്രിമാരെ ചൂണ്ടിക്കാണിച്ചാണ് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണനൊക്കെ ഇവിടെ കൊമ്പുകുലുക്കി നടന്നിരുന്നത്. ഇപ്പോൾ കേന്ദ്രത്തിലെ ഭരണം താഴെപ്പോകാൻ പോവുകയാണെന്ന കാര്യം ..................

മി. സ്പീക്കർ: ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ഒട്ടും പ്രസക്തമല്ലാത്ത, ഇതാണ് വെറുതെ എഴുന്നേറ്റുനില്ക്കുന്നത് എന്തിനാണെന്ന് ഞാൻ ചോദിച്ചത്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, കേന്ദ്രത്തിലായാലും സംസ്ഥാനത്തിലായാലും ഇവർ നടത്തുന്ന ജനവിരുദ്ധ നടപടികളുടെ ആളിക്കത്തലാണ് നാം കാണുന്നത്. ഈ രണ്ട് ഗവൺമെന്റുകളും സമീപ ഭാവി

യിൽത്തന്നെ തകരാൻ പോകുന്നു എന്നുള്ളത് ജനങ്ങൾക്ക് ബോധ്യമായിട്ടു ള്ള കാര്യമാണ്. ഒരു സംശയവും വേണ്ട. ഭൂരിപക്ഷം നഷ്ടപ്പെട്ടാൽ ഗവൺമെന്റ് ഉണ്ടാകുമോ? ഇവിടെയും ഭൂരിപക്ഷം നഷ്ടപ്പെടാൻ പോകുക യാണ്. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. എനിക്ക് പറയാനുള്ളത് ശ്രീ. രമേശ് ചെന്നിത്തല ഞങ്ങളുടെ ജില്ലയിൽ വന്ന് ഞങ്ങളോടൊക്കെ ചോദിക്കുകയാണ് ഞാൻ ഒരു സമഗ്ര വികസന പദ്ധതിക്ക് രൂപം കൊടു ക്കാൻ പോകുകയാണ്. എന്താണ് പറയാനുള്ളത് അത് നിങ്ങൾ എഴുതി ത്തരൂ എന്ന്. എന്തൊരു ഔചിത്യബോധമാണ്. ഞങ്ങളുടെ ജില്ലയിൽ എം. പി-യും എം.എൽ.എ-മാരുമുണ്ട്. ഞങ്ങൾ നാടിനുവേണ്ടിയാണ് പ്രവർത്തി ക്കുന്നത്. അവിടത്തെ മുഴുവൻ വികസന പ്രവർത്തനങ്ങളും ഞങ്ങൾ കൈകാര്യം ചെയ്യുന്നു. അങ്ങനെയുള്ള സന്ദർഭത്തിൽ കോൺഗ്രസ്സിന്റെ കെ. പി.സി.സി പ്രസിഡന്റ്, ഞങ്ങളെപ്പോലെ സാധാരണക്കാരനായ ഒരു എം. എൽ.എ വന്നുപറയുകയാണ് നിങ്ങൾ മെമ്മോറാണ്ടം നൽകണം, ഞാൻ കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനത്തിനുവേണ്ടി........ എന്തൊരു നാണംകെട്ട കാര്യമാണ്. അദ്ദേഹം ഇവിടെ ഉണ്ടാകണമായിരുന്നു. ആ മണ്ഡ ലത്തിലെ ജനങ്ങളെ അപമാനിക്കലാണ്. എന്തെങ്കിലും പ്രയോജനം ഉണ്ടായോ? എന്റെ ജില്ലയുടെ......

<u>മി. സ്പീക്കർ</u>: ജില്ലയുടെ കാര്യമാണ് അങ്ങ് ഇത്രയും നേരം പറഞ്ഞത്. അങ്ങേയ്ക്ക് അനുവദിച്ചിരുന്ന 8 മിനിട്ടിനുപുറമെ 4 മിനിട്ട് അധികം തന്നു. അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ജില്ലയ്ക്ക് നിരാശ, ഇങ്ങനെയുള്ള വാർത്ത ഒട്ടെറെ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ അവതരിപ്പിച്ച എന്തെങ്കിലും കാര്യങ്ങൾ ജില്ലയിൽ നടപ്പിലാക്കിയോ? എന്റെ മണ്ഡലത്തിൽ ഒരു ടൂറിസം പദ്ധതി, ആദ്യം വകുപ്പുമന്ത്രി വന്നു പിന്നെ ഉദ്യോഗസ്ഥർ വന്നു, പക്ഷെ പണം അനുവദിച്ചില്ല. അങ്ങനെ ഒട്ടേറെ കാര്യങ്ങൾ ഉണ്ട്. അവഗണനയുടെ കയ്പുനീർ കുടിച്ച് ഞങ്ങൾ പ്രതിഷേധത്തിന്റെ അത്യുന്നതാവസ്ഥയിൽ നില്ക്കുകയാണ്. എന്തെങ്കിലും ഒരു പ്രതിവിധി മറുപടി പ്രസംഗത്തിൽ ഉണ്ടാകണം എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ ഒന്നുകൂടി ശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. മാണി സാർ അവതരിപ്പിച്ച ഈ ബഡ്ജറ്റ് സർവ്വതല സ്പർശിയാണ്. ആന മുതൽ ആട് വരെ ഇതിൽ പരാമർശിച്ചിട്ടുണ്ട്. ഇവിടെ ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) കാസർഗോഡ് ജില്ലയെ അവഗണിച്ചിരിക്കുകയാണെന്ന് പറഞ്ഞു. അദ്ദേഹം പറഞ്ഞു മലപ്പുറത്തിനും കോട്ടയത്തിനും വാരിക്കോരി കൊടുത്തു എന്ന്. ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ പിറ്റേ ദിവസം പത്രം എടുത്തുനോക്കിയപ്പോൾ മലപ്പുറത്തെ അവഗണിച്ചു എന്ന വാർത്തയാണ് കൊടുത്തിരിക്കുന്നത്. എല്ലാം മലപ്പുറം ജില്ലയ്ക്ക് കൊടുത്തു എന്നാണുപറയുന്നത്. അപ്പോൾ ഈ കോടിക്കണക്കിന് രൂപ എവിടെപോയി? ആനയെ കുരുടൻ കണ്ടതുപോലെ അവിടവിടെ തപ്പി നോക്കിയതുകൊണ്ടാണ്

ഇങ്ങനെ തോന്നുന്നത്. എനിക്ക് അല്ലെങ്കിൽ എന്റെ മണ്ഡലത്തിലേയ്ക്ക് എന്ത് കിട്ടി എന്നുനോക്കുന്നതിനപ്പുറം കേരളത്തിലെ പാവപ്പെട്ടവന് എന്തു കിട്ടി എന്ന് നിങ്ങൾ പരിശോധിക്കണം. മാണി സാർ അവതരിപ്പിച്ചിട്ടുള്ള തിൽ ഏറ്റവും നല്ല ബഡ്ജറ്റാണിത്. ഒരു ആർദ്രമായ മനസ്സ് അദ്ദേഹത്തിനു ണ്ട്. അതുകൊണ്ടാണ് ഈ ബഡ്ജറ്റിൽ പറയപ്പെട്ട ഒട്ടേറെ വലിയ കാര്യ ങ്ങൾ, സംസ്ഥാനത്തെ മുന്നോട്ട് കൊണ്ടുപോകുന്ന കൊച്ചി മെട്രോ, ഹൈസ്പീഡ് റെയിൽ കോറിഡോർ, തിരുവനന്തുപരം-കോഴിക്കോട് മോണോ റെയിൽ പ്രോജക്ട, മലയാളം സർവ്വകലാശാല, ഇഫ്ളൂ, കേരള സീപ്ലെയിൻ പദ്ധതി, മൊബിലിറ്റി ഹബ്ബ് തുടങ്ങിയ വൻ പദ്ധതികളെക്കുറി ച്ചൊക്കെ ഇവിടെ പരാമർശിച്ചു. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് പറയുമ്പോൾ, പെൺകുട്ടികളെ കല്യാണം കഴിച്ചയയ്ക്കാൻ പ്രയാസപ്പെട്ട് കാത്തിരിക്കുന്ന ഒരുപാട് പാവപ്പെട്ട ആളുകളുണ്ട്. അങ്ങനെയുള്ള ആളുകൾക്ക് ആശ്വാസം നല്കുന്ന, എത്ര വലിയ സംഖ്യ കൊടുത്തു എന്നുള്ളതല്ല. മാപ്പിള കവി പുലി ക്കോട്ടിൽ ഹൈദർ സ്മാരകത്തിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി 10 ലക്ഷം രൂപ ശ്രീ. എ.പി. അനിൽ കുമാറിന്റെ മണ്ഡലത്തിന് നൽകിയിട്ടുണ്ട്. മാപ്പിള ക്കവിതയിലെ ഒരു വരി ഞാനിവിടെ പറയുകയാണ്.

"കരളിലെ വേദന മാറ്റിയെൻ കൊതി,
നിറവേറ്റിത്തരണം പെരിയോനേ.
കരളിൽ കരളായ പൂമോളെ കെട്ടിക്കാൻ,
വഴി കാണുന്നില്ലാ റഹ്മാനേ.

അരുമപ്പൂമോളേ വളർച്ച കാണുമ്പോളെൻ

ഇടനെഞ്ച് പൊട്ടുന്നൂ സുബ്ഹാനേ"- എന്നുപറയപ്പെട്ട പെൺകുട്ടികളുടെ കല്യാണം നടത്താൻ കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആളുകൾക്ക് മാണി സാർ ഈ ബഡ്ജറ്റിൽ അവരെ സഹായിക്കുന്നതിന് ഒരു കൈത്താങ്ങ് കൊടുത്തിരിക്കുകയാണ്. . . .(തടസ്സം). . . മാണി സാർ കേൾക്കണമെന്നില്ല. നിങ്ങൾ കേട്ടല്ലോ, കേൾക്കേണ്ടവർ കേട്ടാൽ മതി. മാണി സാർ കൊണ്ടുവന്ന കാര്യമായതുകൊണ്ട് അദ്ദേഹം കേൾക്കണമെന്നില്ല. നിങ്ങൾക്കാണ് സംശയം. അപ്പോൾ നിങ്ങൾ കേട്ടാൽ മതി. ഈ ബഡ്ജറ്റിൽ ഒന്നുമില്ല എന്നുപറയുന്നവരാണ് കേൾക്കേണ്ടത്.

P 19-03-2013
12.20- 30 SI – JG- 2

കവികൾ പലതും എഴുതും. ഇത് പുലിക്കോട് ഹൈദർ ഉസ്മാന്റെ കവിതയല്ല. ഒരു മാപ്പിള പാട്ടിന്റെ കവിതയാണ്. വേറെയുമുണ്ട് കവിതകൾ. കാർഷിക പദ്ധതികൾ, ആത്മഹത്യ ചെയ്താൽ കർഷകരെ നിങ്ങൾ സഹായിക്കും. അതേ സമയത്ത് കർഷകരെ രക്ഷിക്കുന്നതിന് വേണ്ടി ശ്രീ. കെ.എം. മാണി സാർ ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് ഒരു ഹെക്ടറിൽ താഴെമാത്രം കൃഷിഭൂമിയുള്ള ചെറുകിട കർഷകരുടെ പലിശ ബാധ്യത എഴുതിത്തള്ളുന്നത്. നിങ്ങളാണെങ്കിൽ ആരാണ് മരിച്ചത് അവരുടെ കുടുംബത്തിന്റെ പലിശ പിന്നീട് എഴുതിത്തള്ളുകയാണ് ചെയ്യുന്നത്. ഒരാൾ ആത്മഹത്യ ചെയ്യാതിരിക്കാൻ എന്തുചെയ്യാമെന്നാണ് ശ്രീ. കെ.എം. മാണിസാർ നോക്കിയത്. കർഷകർക്ക് വേണ്ടി ഒരുപാട് ക്ഷേമപദ്ധതികൾ ഉണ്ടാക്കിയിട്ടു

ണ്ട്. പലിശരഹിത വായ്പ കർഷകർക്ക് കൊടുക്കുകയാണ്. വയനാട്ടിൽ മരണമുണ്ടായല്ലോ? മരണത്തിന്റെ കാരണം എന്താണെന്ന് ചോദിച്ചപ്പോൾ അമിത പലിശ എന്നാണ് പറഞ്ഞത്. ഇവിടെ ശ്രീ. കെ.എം. മാണിസാർ ഒരു ഹെക്ടറിൽ താഴെയുള്ള ആളുകൾക്ക് പലിശ രഹിത വായ്പ കൊടുക്കാനുള്ള പദ്ധതിയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുപോലെതന്നെ കർഷകർക്ക് കാർഷിക വായ്പ തിരിച്ചടവിന് റിസ്ക് ഇൻഷ്വറൻസ്, കാർഷികാദായ നികുതിയിൽ നിന്ന് വ്യക്തികളെ ഒഴിവാക്കുക തുടങ്ങി ചെറുതും വലുതുമായ പദ്ധതികളുണ്ട്. കാർഷികാദായ നികുതിയിൽ നിന്ന് കർഷകരെ ഒഴിവാക്കിയിട്ടുണ്ട്. വിലക്കയറ്റം തടഞ്ഞുനിറുത്തുന്നതിനുവേണ്ടി 'തൃപ്തി' ന്യായവില ഭക്ഷണശാലകൾ ആരംഭിക്കുമെന്ന് പറഞ്ഞിട്ടുള്ളത് വെറുമൊരു ആശയം മാത്രമല്ല. ഭക്ഷണശാലകൾ ആരംഭിക്കുന്നതിനുവേണ്ടി പ്രതിവർഷം 5 ലക്ഷം രൂപ സബ്സിഡി, അവർക്ക് വൈദ്യുതിയിൽ ഇളവ്, സൗജന്യനിരക്കിൽ ഗ്യാസ് കണക്ഷൻ, 50,000 രൂപ മാനേജീരിയൽ സബ്സിഡി ഇവയെല്ലാം ഏർപ്പെടുത്തിക്കൊണ്ട് ഓരോ താലൂക്കിലും പരീക്ഷണാടിസ്ഥാനത്തിൽ 20 രൂപ നിരക്കിൽ ഭക്ഷണം കൊടുക്കുന്ന 'തൃപ്തി' ന്യായവില ഭക്ഷണശാലകൾ ആരംഭിക്കുമെന്നാണ് പറയുന്നത്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അദ്ദേഹം മന:പൂർവ്വമല്ലെങ്കിലും കാര്യം മനസ്സിലാക്കാതെ ഒരു പരാമർശം നടത്തിയിരിക്കുകയാണ്. കർഷകർക്ക് വേണ്ടി റിസ്ക് ഇൻഷ്വറൻസ് കൊണ്ടുവന്നു, ആ ആശയം നിങ്ങൾക്ക്

തോന്നിയിട്ടുണ്ടോയെന്ന് ചോദിക്കുകയുണ്ടായി. അദ്ദേഹം കഴിഞ്ഞ നിയമ സഭയിൽ ഉണ്ടായിരുന്നൂവെന്നാണ് എന്റെ ഓർമ്മ. ആദ്യമായിട്ടാണ് ഒരു ലക്ഷം രൂപ വരെ, വായ്പയെടുത്ത് മരിച്ച ആളിന്റെ വായ്പയും പലിശയും എഴുതിത്തള്ളുന്ന ഒരു ഓർഗനൈസേഷൻ ഉണ്ടാക്കുകയും പത്തു മൂവ്വായിരം പേർക്ക് അത് കൊടുക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. സി. എൻ. ബാലകൃഷ്ണൻ അത് ഒന്നര ലക്ഷമാക്കി മാറ്റി. നിങ്ങൾക്ക് തോന്നിയിട്ടു ണ്ടോയെന്ന് ചോദിക്കുമ്പോൾ, ഇങ്ങനെ സംസാരിക്കുന്നത് ശരിയാണോ? അത് കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്നു. ഇപ്പോൾ അത് ഇംപ്രൂവ് ചെയ്തു. അപ്പോൾ അതെന്തിനാണ് നിഷേധിക്കുന്നത്. മന:പൂർവ്വം പറഞ്ഞൂവെന്ന് ഞാൻ പറയുന്നില്ല. അത് തിരുത്താൻ തയ്യാറാകണം.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ ഈ ഗവൺമെന്റ് നടപ്പിലാക്കിയ കാര്യങ്ങളാണ് പറഞ്ഞത്. നിങ്ങൾക്ക് പല ആശയങ്ങൾ ഉണ്ട്, ഇട്ടിട്ട് പോകുക യാണ്, നടപ്പിലാക്കാൻ നിങ്ങൾ ഉണ്ടാകില്ല. നടപ്പിലാക്കുന്ന കാര്യത്തിൽ...

മി. സ്പീക്കർ: ഇതിൽ തർക്കം വേണ്ട. അത് ഭാഷയിലുള്ള ഒരു ശൈലിയായതുകൊണ്ട് പോകട്ടെ.

ശ്രീ. എം. ഉമ്മർ: ഞാൻ നോക്കിയിരുന്നില്ല. എനിക്ക് അറിയാത്ത കാര്യം ഞാൻ തിരുത്തേണ്ട കാര്യമില്ല. അതുണ്ടെങ്കിൽ അദ്ദേഹം പറഞ്ഞിട്ടു ണ്ടല്ലോ. അങ്ങ് പറഞ്ഞതും ഇവിടെ രേഖയിലുണ്ടല്ലോ. 3 ലക്ഷം രൂപ വരെ വരുമാനമുള്ള എ.പി.എൽ. വിഭാഗത്തിനും വിദ്യാഭ്യാസ വായ്പ ഇനത്തിൽ പലിശയിളവ് കൊടുക്കാൻ വേണ്ടി ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഓർഫനേ

ജുകളിലെ കുട്ടികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് കൊടുക്കാൻ ഈ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. അതും അവർ നടപ്പിലാക്കിയ താണോയെന്ന് എനിക്കറിയില്ല. ഓർഫനേജിൽ പഠിക്കുന്ന 35,000-ത്തോളം വരുന്ന കുട്ടികളുണ്ട്. ഈ 35,000 കുട്ടികൾക്ക് പല ഓർഫനേജുകളിലും പത്താംതരം വരെ പഠിക്കാൻ മാത്രമേ സൗകര്യമുള്ളൂ. പത്താം തരത്തിലെ പഠനം കഴിഞ്ഞാൽ അവർ പഠനം അവസാനിപ്പിക്കുകയാണ് ചെയ്യുന്നത്. അങ്ങനെയുള്ള കുട്ടികൾക്ക് തുടർ പഠനത്തിന് പ്രൊഫഷണൽ കോളേജോ അല്ലാത്ത കോളേജുകളോ ഏതുകോളേജുമാകട്ടെ അവരുടെ പഠനത്തിനുള്ള ട്യൂഷൻ ഫീസും ഹോസ്റ്റൽ ഫീസും കൊടുക്കുമെന്ന് ഗവൺമെന്റ് പറഞ്ഞി ട്ടുണ്ട്. അതിനുവേണ്ടി പണം നീക്കി വച്ചിട്ടുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആജീവനാന്ത സംരക്ഷണ ഗൃഹങ്ങൾ. മാനസികമായി വെല്ലുവിളികൾ നേരിടുന്ന, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ആജീവ നാന്തം സംരക്ഷിക്കാനുള്ള ബാധ്യത ഈ ഗവൺമെന്റ് ഏറ്റെടുത്തിരിക്കുകയാ ണ്. ഇതിനായി 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഇന്ന് ശ്മശാനങ്ങൾ ഒരു വലിയ പ്രശ്നമാണ്. മുസ്ലീം വിഭാഗത്തിന് പള്ളികളും അതുമായി ബന്ധപ്പെട്ട ശ്മശാനങ്ങളുണ്ട്. ക്രിസ്ത്യാനികൾക്കും അവരുടെ പള്ളിയുമായി ബന്ധപ്പെട്ട ശ്മശാനങ്ങളുണ്ട്. ഹൈന്ദവ വിഭാഗ ത്തിനും മറ്റ് വിഭാഗങ്ങൾക്കും പൊതു ശ്മശാനമില്ലാതെ പല പ്രദേശങ്ങളിലും ആളുകൾ വളരെ പ്രയാസമനുഭവിക്കുകയാണ്. അങ്ങനെയുള്ള ആളുകൾക്ക് ആധുനിക ശ്മശാനമുണ്ടാക്കുന്നതിനുവേണ്ടി ഒരു വലിയ പദ്ധതി ഉണ്ടാക്കി

യിരിക്കുകയാണ്. ശ്മശാനമുണ്ടാക്കുന്നതിനുവേണ്ടി ഓരോ പഞ്ചായത്തിനും 20 ലക്ഷം രൂപ വരെ ഗ്രാന്റ് കൊടുക്കുകയാണ്. ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിന് 50 ശതമാനം വരെ പണം കൊടുക്കുകയാണ്. ഇങ്ങനെ ശ്മശാനങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി, മരിച്ചാൽ ആളുകളെ മാന്യമായി സംസ്കരിക്കുന്നതിനുള്ള ഒരു സംവിധാനം ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്.

അതുപോലെ ഗവൺമെന്റ് സ്കൂളുകളുടെ ആധുനികവൽക്കരണം, മുമ്പ് ഗവൺമെന്റ് സ്കൂളുകളെ സംബന്ധിച്ചുണ്ടായ സങ്കൽപ്പങ്ങൾ എന്താണ്? അധികാരവികേന്ദ്രീകരണത്തിലൂടെ പഞ്ചായത്തുകൾ എൽ.പി. സ്കൂകളും നോക്കട്ടെ, ജില്ലാ പഞ്ചായത്തുകൾ ഹൈസ്കൂളുകളും നോക്കട്ടെ എന്ന് പറഞ്ഞ് വിഭജിച്ചിരിക്കുകയായിരുന്നു. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന പണം ഒരു നയാപൈസയും കുറവുവരുത്താതെതന്നെ ഹൈസ്കൂളിലെ അക്കാദമിക് രംഗത്തേയും ഭൗതികരംഗത്തേയും മെച്ചപ്പെടുത്തുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപ ഈ ഗവൺമെന്റ് ബഡ്ജറ്റിൽ നീക്കി വച്ചിരിക്കുകയാണ്. ജില്ലാ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ ബ്ലോക്ക് പഞ്ചായത്തിന്റേയോ ചുമലിൽ വച്ചുകെട്ടുന്നതിനപ്പുറം അക്കാദമിക് കാര്യത്തിലും അതുപോലെതന്നെ കെട്ടിടങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിലും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിലും കമ്പ്യൂട്ടറിന്റെ കാര്യത്തിലുമെല്ലാംതന്നെ നല്ല രീതിയിൽ ഇടപെടുന്നുതിനുവേണ്ടി ഈ ഗവൺമെന്റ് സാമ്പത്തിക സഹായം നൽകിക്കൊണ്ടിരിക്കുകയാണ്. ഇതിൽ നമ്മൾ മനസ്സിലാക്കേണ്ടത്, ഗ്രാമപഞ്ചായത്തിനോ തദ്ദേശസ്വ

യംഭരണ സ്ഥാപനങ്ങൾക്കോ കൊടുക്കുന്ന പണം വെട്ടിക്കുറച്ചല്ല ഇത് ചെയ്യുന്നത്. അങ്ങനെ എല്ലാ തലങ്ങളിലും ഇവിടത്തെ സാധാരണക്കാരനേയും സാധാരണക്കാരൻ പഠിക്കുന്ന വിദ്യാലയങ്ങളേയും സഹായിക്കുന്ന തരത്തിലുള്ള ഒരു നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

അതേസമയം ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം വിഷയ ദാരിദ്ര്യമാണ്. ഇന്നലത്തെയും ഇന്നത്തേയും അടിയന്തരപ്രമേയം കണ്ടില്ലേ? കോടതി ഒരാൾക്ക് ജാമ്യം കൊടുത്തതിന്റെ പേരിൽ അടിയന്തരപ്രമേയം കൊണ്ടുവരുന്നത് ലോകത്ത് ആദ്യമായിട്ടാണെന്നാണ് എനിക്ക് തോന്നുന്നത്. സുപ്രീം കോടതി ഒരാൾക്ക് ജാമ്യം കൊടുത്തതിനെതിരെ അടിയന്തരപ്രമേയം. സുപ്രീം കോടതിയുടെ ഇന്നത്തെ വിധി നിങ്ങൾ വായിച്ചു നോക്കൂ, അതിന്റെ അടിസ്ഥാനത്തിൽ വേറെ അടിയന്തരപ്രമേയം കൊണ്ടുവരുമോ? സുപ്രീം കോടതി ഇന്ന് ഇറ്റലിക്കെതിരായി പറഞ്ഞിട്ടുണ്ടല്ലോ; ഇന്ന് സുപ്രീം കോടതിയിൽ നിന്നും വന്ന ഡയറക്ഷനെന്താണ്; സ്ഥാനപതി ഇന്ത്യ വിട്ടുപോകരുത് എന്നാണ് പറഞ്ഞിരിക്കുന്നത്. എന്താണ് അതിനെ സംബന്ധിച്ച് പറയാനുള്ളത്? സംസ്ഥാനം വിട്ട് പോകരുത്, രാജ്യം വിട്ടുപോകരുതെന്ന് ശക്തമായ നിർദ്ദേശം നൽകിയിരിക്കുകയാണ്. ഒരു ജാമ്യം കൊടുക്കുന്നതിനു വേണ്ടി......, കേസ്സിലെ പ്രതികൾ ഇറ്റലിക്കാരായതുകൊണ്ട് ശ്രീമതി സോണിയാഗാന്ധിയെ പോലെയുള്ള ആളുകളുടെ പേര് കൂട്ടിച്ചേർത്തുകൊണ്ട് വ്യക്തിഹത്യയാണ് നടത്തുന്നത്? ശ്രീമതി സോണിയാഗാന്ധിയെ സ്വഭാവഹത്യ ചെയ്യുന്നതിനുവേണ്ടി ഒരു ശ്രമം നടത്തിയില്ലേ? ജ്യോതി ബാസു ഒരിക്കൽ

പറയുകയുണ്ടായി, അദ്ദേഹത്തിന് ഇന്ത്യൻ പ്രധാനമന്ത്രിയാകാൻ ഒരു അവസരമുണ്ടായി. ഇന്ത്യൻ പ്രധാനമന്ത്രിയാകാൻ അവസരമുണ്ടായപ്പോൾ അദ്ദേഹം ഇന്ത്യൻ പ്രധാനമന്ത്രി പദം ഏറ്റെടുക്കേണ്ടതില്ലായെന്ന് സി.പി.എം. തീരുമാനമെടുത്തു. പക്ഷേ അതിനെക്കുറിച്ച് ജ്യോതി ബാസു പറഞ്ഞത് ഹിസ്റ്റോറിക്കൽ ബ്ലണ്ടറാണ് ചെയ്തത് എന്നാണ്. അദ്ദേഹത്തിന്റെ മരണം വരെ അദ്ദേഹം അത് പറഞ്ഞു. അതേസമയം ശ്രീമതി സോണിയാഗാന്ധിക്ക് ഇന്ത്യൻ പ്രധാനമന്ത്രിയാകാൻ അവസരമുണ്ടായി. ഇടതുപക്ഷം ഒന്നടങ്കം ശ്രീമതി സോണിയാഗാന്ധി അധികാരമേറ്റെടുക്കണമെന്ന് പറഞ്ഞു. എല്ലാ യു.പി.എ. കക്ഷികളും ഒറ്റക്കെട്ടായി നിന്നുകൊണ്ട് പ്രധാനമന്ത്രിപദം ഏറ്റെടുക്കണമെന്ന് പറഞ്ഞു. ഇന്ത്യാ രാജ്യത്ത്, 110 കോടി ജനങ്ങളുള്ള ലോകത്തിലെ ഏറ്റവും വലിയ ഒരു ജനാധിപത്യ രാജ്യത്ത്, ........(ബഹളം)........... ഞാനൊന്ന് പറയട്ടെ,

മി. സ്പീക്കർ: ബഡ്ജറ്റിന്റെ പൊതു ചർച്ച വരുന്ന സമയത്ത് എല്ലാവരും പൊളിറ്റിക്സ് പറയാറുണ്ട്. ഇതൊരു പുതിയ കാര്യമൊന്നുമല്ല.

ശ്രീ. എം. ഉമ്മർ: എന്നിട്ടും ശ്രീമതി സോണിയാ ഗാന്ധി പറഞ്ഞതെന്താണ്; എല്ലാവർക്കും അറിയാവുന്ന സത്യങ്ങളല്ലേ; പുതിയ കാര്യങ്ങളാണോ? നിങ്ങളുടെ പാർട്ടിക്ക് അപമാനമുണ്ട്, നിങ്ങളും പറഞ്ഞിട്ടില്ലേ? ഒറ്റക്കെട്ടായി ആവശ്യപ്പെട്ടിട്ടുപോലും, ഇന്ത്യൻ പ്രധാനമന്ത്രിപദം ഏത് രാഷ്ട്രീയ നേതാവും ആഗ്രഹിക്കുന്ന വലിയൊരു പോസ്റ്റു തന്നെയാണ്. അങ്ങനെയുള്ള ഒരു പോസ്റ്റിലേയ്ക്ക്......., അതുകൊണ്ടാണല്ലോ ജ്യോതി ബാസു ഹിസ്റ്റോറിക്കൽ ബ്ലണ്ടർ എന്നുപറഞ്ഞത്. പക്ഷേ ശ്രീമതി സോണിയാഗാന്ധി പറഞ്ഞത്

രാജ്യത്തിന്റെ ഭദ്രതയാണ്, രാജ്യത്തിന്റെ ഐക്യമാണ് പ്രധാനം, ഞാൻ ആ പദം ഏറ്റെടുക്കുന്നില്ല എന്നുപറഞ്ഞുകൊണ്ട് സ്നേഹപൂർവ്വം ആ പദവി തിരസ്കരിച്ച ശ്രീമതി സോണിയാഗാന്ധിയെ ഇതുപോലെയുള്ള രണ്ട് പ്രതികളുടെ പേര് കൂട്ടിചേർത്ത് ഇങ്ങനെ പറയുന്നത് വളരെ മോശമാണെന്നുമാത്രമേ ഞാൻ പറയുന്നുള്ളു. ജനനംകൊണ്ട് ഇറ്റലിക്കാരിയായിപ്പോയി എന്നുള്ളതുകൊണ്ട് ഇങ്ങനെയുള്ള ഒരു കാര്യം പറഞ്ഞ് അവരെ മോശമായി ചിത്രീകരിക്കുന്നത് ഒരു പാർട്ടിയുടെ അന്തസ്സിന് യോജിച്ചതാണോ? ജ്യോതി ബാസു ഹിസ്റ്റോറിക്കൽ ബ്ലണ്ടറാണ് ചെയ്തതെങ്കിൽ ശ്രീമതി സോണിയാഗാന്ധിയുടെ കാര്യത്തിൽ അത് ഹിസ്റ്റോറിക്കൽ തണ്ടറായിരുന്നു. ഇന്ത്യൻ രാഷ്ട്രീയത്തിൽ അതിന് ഒരു ഇടിമുഴക്കത്തിന്റെ ശബ്ദമുണ്ട്. എക്കാലത്തും ഇന്ത്യൻ രാഷ്ട്രീയത്തിൽ അതൊരു രജതരേഖയായി നിലനിൽക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

സി.പി.ഐ.(എം.)-ന് അത് സാധിക്കുമോ? ഒരു പഞ്ചായത്ത് മെമ്പറാകാൻവേണ്ടി കടിപിടി കൂടുന്ന..........., ഇപ്പോൾ ഇതാ നോക്കെത്താത്ത ദൂരത്തേയ്ക്ക് കണ്ണുംനട്ടുകൊണ്ട് പോളിറ്റ് ബ്യൂറോ മെമ്പറായിരുന്ന അദ്ദേഹം ഇവിടെ കാത്തിരിക്കുകയാണ്. മുമ്പത്തെ പോളിറ്റ് ബ്യൂറോ കൂടി തീരുമാനിച്ചത് എന്താണ്; ആണവക്കരാറിനെ സംബന്ധിച്ച് എന്തൊക്കെയാണ് ആരോപിച്ചിരുന്നത്; വലിയ വലിയ കാര്യങ്ങളാണ്. ഞങ്ങളുടേത് ഒരു ചെറിയ പാർട്ടിയാണ്. നിങ്ങളുടേതുപോലെയൊരു മഹാപാർട്ടിയൊന്നുമല്ലല്ലോ. സി.പി.ഐ.-യെ ഞാൻ ഒന്നും പറഞ്ഞിട്ടില്ല, നിങ്ങൾക്ക് നല്ല കാലമാണ്. എം.

എൻ.-ഉം തൊമ്മനും കമ്മ്യൂണിസ്റ്റ് അല്ലായെന്ന് പറഞ്ഞ ആളുകൾ ഇപ്പോൾ എം.എൻ.-നെക്കുറിച്ചും തൊമ്മനെക്കുറിച്ചും നല്ല കാര്യങ്ങൾ പറയുന്ന ഒരു കാലഘട്ടം വന്നിരിക്കുകയാണ്. നിങ്ങൾക്ക് നല്ല കാലമാണ്. എം.എൻ.-ഉം തൊമ്മനും കമ്മ്യൂണിസ്റ്റല്ല എന്ന് പറഞ്ഞിരുന്ന ആളുകൾ ഇപ്പോൾ ടി.വി. തോമസിനെ നല്ല കമ്മ്യൂണിസ്റ്റുകാരനെന്ന് പറയുന്നത് നല്ല കാര്യമാണ്. പോളിറ്റ് ബ്യറോ പഴയ കാലത്ത് എടുത്ത തീരുമാനം വൺ-ടു-ത്രീ എഗ്രിമെന്റ് എന്താണ്, ഗാട്ട് കരാർ എന്താണ്? വി.എസ്.-ന്റെ ശിപായിമാരെ സസ്പെന്റ് ചെയ്യണമോ വേണ്ടയോ എന്ന കാര്യമാണ് പോളിറ്റ് ബ്യൂറോ ഇന്നോ നാളെയോ കൂടി തീരുമാനിക്കാൻ പോകുന്നത്. ആലോചിച്ച് ആലോചിച്ച് നിൽക്കുകയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്നാണ് സസ്പെൻഷനെന്ന് എന്നുള്ളത് കാത്തിരിക്കുകയാണ്. ഇങ്ങനെയുമുണ്ടോ ഒരു പാർട്ടി? എന്നിട്ടാണോ നിങ്ങൾ ശ്രീമതി സോണിയാഗാന്ധിയെ പോലെയുള്ള......., മുസ്ലീം ലീഗിനെ സംബന്ധിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്? ഇതൊരു ചെറിയ പാർട്ടിയാണ്. നിങ്ങളെപ്പോലെയൊരു മഹാപ്രസ്ഥാനമാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ലല്ലോ. ..........(ബഹളം)........

മി. സ്പീക്കർ: ശ്രീ. രാജു എബ്രഹാം, ശ്രീ. കെ. വി. വിജയദാസ്, നിങ്ങൾ രണ്ടുപേരും ആവശ്യമില്ലാതെ ബഹളമുണ്ടാക്കേണ്ട. പ്ലീസ്.

ശ്രീ. എം. ഉമ്മർ: അതുകൊണ്ട് സി.പി.എം.-ന്റെ ഇന്നത്തെ അവസ്ഥയിൽ അങ്ങേയറ്റം സഹതാപമാണുള്ളത്. ഒരു അടിയന്തരപ്രമേയം

അവതരിപ്പിക്കുന്ന കാര്യത്തെ സംബന്ധിച്ച്, ഒരു വിഷയം അവതരിപ്പിക്കുന്ന കാര്യത്തിൽ ആ പാർട്ടി പരാജയപ്പെട്ടിരിക്കുകയാണ്. ..........(ബഹളം)........

മി. സ്പീക്കർ: അദ്ദേഹം ജ്യോതി ബാസുവിനെക്കുറിച്ച് മോശമായി ഒന്നും പറഞ്ഞിട്ടില്ല.

ശ്രീ. എം. ഉമ്മർ: ശ്രീ. കെ.എം. മാണി അവതരിപ്പിച്ച സർവ്വതല സ്പർശി യായ, പാവപ്പെട്ടവനെ അങ്ങേയറ്റം സപ്പോർട്ട് ചെയ്യുന്ന ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിറുത്തുകയാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഈ ബഡ്ജറ്റിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. എന്റെ നാട്ടിൽ വലിയ പാരമ്പര്യമുള്ള ഒരു പാചകക്കാര നുണ്ടായിരുന്നു. അദ്ദേഹം നല്ല പാചകക്കാരനാണ്. 10-20 വയസ്സിൽ തൊഴി ലാളിയായി പാചകം തുടങ്ങിയതാണ്. അദ്ദേഹത്തിന് ഇപ്പോൾ ഏകദേശം 75 വയസായി. അദ്ദേഹത്തെക്കുറിച്ച് ഇപ്പോൾ ആളുകൾ പറയുന്നത് 'പാചകം കെങ്കേമമാണ് പക്ഷേ കഴിക്കാൻകൊള്ളില്ല' എന്നാണ്. അതുപോലെയാണ് കെ. എം. മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റ്. ബഡ്ജറ്റിലെ പ്രസംഗം കേൾക്കാൻ മനോഹരമായിരുന്നു. ശ്രീ. കെ.എം മാണിസാർ നിന്നും ഇരുന്നും പ്രസംഗം നന്നായി അവതരിപ്പിച്ചു. പക്ഷേ ആ ബഡ്ജറ്റ് പരിശോധിച്ചാൽ കഴിഞ്ഞ കാലങ്ങളിൽ അവതരിപ്പിച്ച ബഡ്ജറ്റുകളുടെ ആവർത്തനമാണെന്ന് മനസ്സിലാക്കാൻ സാധിക്കും. കഴിഞ്ഞ കാലങ്ങളിൽ ആവതരിപ്പിച്ച ബഡ്ജ

റ്റിൽ കെട്ടുകാഴ്ചകളെപ്പോലെ നിരവധി കാര്യങ്ങൾ കൊണ്ടുവന്നിരുന്നു. അതെല്ലാം കടവിൽ അടുക്കാതെ ഇപ്പോഴും നിൽക്കുകയാണ്. ഇത് കാർഷിക മേഖലയ്ക്ക് മുൻതൂക്കം കൊടുക്കുന്ന ബഡ്ജറ്റാണെന്നാണ് അദ്ദേഹം പറഞ്ഞത്. അതിൽ അദ്ദേഹം ഊന്നൽ നൽകിയിരിക്കുന്നത് മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾക്കാണ്. മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങളെ സംബന്ധിച്ച് പറയുന്ന ഭാഗത്ത് ഭക്ഷ്യ സുരക്ഷ, ജല സുരക്ഷ, ഊർജ്ജ സുരക്ഷ, പരിസ്ഥിതി സുരക്ഷ എന്നിവ ഉറപ്പുവരുത്തുമെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. പക്ഷേ  പറയുന്നത് ഒന്നും പ്രവർത്തിക്കുന്നത് മറ്റൊന്നുമാണ്. ഭക്ഷ്യ സുരക്ഷ - ഭക്ഷ്യ സുരക്ഷ എന്നാൽ എല്ലാവർക്കും ഭക്ഷണം ലഭ്യമാകണമെന്നാണ്. എല്ലാവർക്കും ഭക്ഷണം ലഭ്യമാകണമെങ്കിൽ കൃഷിഭൂമി ആവശ്യമാണ്. കൃഷി ഭൂമി സംരക്ഷിക്കപ്പെടണം. നമ്മുടെ നാട്ടിലുള്ള വയലുകളും ഭൂമിയും സംരക്ഷിക്കാൻ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നെൽവയൽ നീർത്തട സംരക്ഷണ നിയമം കൊണ്ടുവന്നു. എന്നാൽ ആ നിയമത്തെ അട്ടിമറിച്ച് ഭൂമി നികത്താൻ ഭൂ മാഫിയകൾക്ക് എല്ലാ ഒത്താശയും ചെയ്തുകൊണ്ട് കൃഷിഭൂമിയാകെ തകർക്കുന്ന നിലയിലേക്കാണ് ഈ ഗവൺമെന്റ് പോയതെന്ന് മനസ്സിലാക്കാം. കൃഷിഭൂമിയേയും കർഷകരെയും കർഷകത്തൊഴിലാളികളെയും സംരക്ഷിക്കാതെയും അവശേഷിക്കുന്ന നെൽവയലുകൾ സംരക്ഷിക്കാതെയും എങ്ങനെയാണ് ഭക്ഷ്യസുരക്ഷയുണ്ടാകുന്നത്? അദ്ദേഹം ജല സുരക്ഷയെക്കുറിച്ച് പറയുന്നുണ്ട്. സാന്ദർഭികമായി ഇത് പറയുമ്പോൾ, മാർച്ച് 22-ാം തീയതിയാണ് ലോക

ജലദിനം. വയൽ, നീർത്തടം, കൃഷിത്തടങ്ങൾ, കുളങ്ങൾ, തോടുകൾ, സ്വാഭാവിക ജലസ്രോതസ്സുകൾ എന്നിവ ഇപ്പോൾ സംരക്ഷിക്കപ്പെടാൻ കഴിയുന്നില്ല. അതുമാത്രമല്ല 34 ശതമാനം വരുന്ന കേരളീയർ മലിനജലം കുടിക്കാൻ വിധിക്കപ്പെട്ടവരായി മാറിയിരിക്കുന്നു. ഈ ബഡ്ജറ്റിൽ പുതിയ കുടിവെള്ള പദ്ധതികൾ ഒന്നുംതന്നെ പറയുന്നില്ല. പുതിയ കുടിവെള്ള പദ്ധതികളെക്കുറിച്ച് ബഡ്ജറ്റിൽ പറയാത്തതിനാൽ ശ്രീ. പി.ജെ. ജോസഫ് എഴുന്നേറ്റ് പോയി. പുതിയ കുടിവെള്ള പദ്ധതികൾ നടപ്പാക്കാതെ എങ്ങനെയാണ് ജലസുരക്ഷയുണ്ടാകുന്നത്? എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ ജലസേചന വകുപ്പുമന്ത്രിയായിരുന്നപ്പോൾ നബാർഡിന്റെ സഹായത്തോടുകൂടി 13 കോടി രൂപ ചെലവഴിച്ച് പന്തളത്ത് വലിയ ഒരു കുടിവെള്ള പദ്ധതി കൊണ്ടുവന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ട് വർഷം കഴിഞ്ഞിട്ടും ആ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ആ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനായി 6 കോടി രൂപ ആവശ്യപ്പെട്ടുകൊണ്ട് ഞാൻ കഴിഞ്ഞ നിയമസഭയുടെ ആദ്യ സമ്മേളനത്തിൽ ഒരു സബ്മിഷൻ കൊണ്ടുവന്നിരുന്നു. ഈ ബഡ്ജറ്റിലെങ്കിലും പണം അനുവദിക്കണമെന്നാവശ്യപ്പെട്ട് ജലവിഭവ വകുപ്പുമന്ത്രിക്ക് നിവേദനം നൽകിയിരുന്നു. ഒരു തുകയും പന്തളം കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. അതുപോലെതന്നെ ഊർജ്ജ സുരക്ഷയെക്കുറിച്ച് ബഡ്ജറ്റിൽ പറയുന്നുണ്ട്.

ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾത്തന്നെ രണ്ട് കാരണങ്ങളാൽ ശ്രീ. ആര്യാടൻ മുഹമ്മദ് ഇറങ്ങിപ്പോയി - ഒന്ന് വൈദ്യുതിയുമായി ബന്ധപ്പെട്ടും മറ്റൊന്ന് കെ. എസ്.ആർ.ടി.സി യുമായി ബന്ധപ്പെട്ടുമാണ്. പുതിയ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്താതെ വൈദ്യുതി ബോർഡുകൾ കമ്പനിയാക്കി സ്വകാര്യ കുത്തക മുതലാളിമാർക്ക് തീറെഴുതിക്കൊടുത്താൽ എങ്ങനെയാണ് ഊർജ്ജ സുരക്ഷ യുണ്ടാകുന്നത്? ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന മറ്റൊരു കാര്യമാണ് പരി സ്ഥിതി സുരക്ഷ. എന്റെ ജില്ലയായ പത്തനംതിട്ടയിലെ ആറന്മുള വിമാനത്താ വളവുമായി ബന്ധപ്പെട്ട വിഷയം സഭ നിരവധി തവണ ചർച്ച ചെയ്തതാണ്. ആറന്മുള വിമാനത്താവളത്തിനുവേണ്ടി നൂറ് കണക്കിന് ഏക്കർ നെൽവയലു കൾ നികത്തിക്കൊണ്ടിരിക്കുകയാണ്. വർഷം മുഴുവൻ നീരൊഴുക്കുള്ള കോഴിത്തോടും നികത്തിക്കഴിഞ്ഞു. പരിസ്ഥിതിയെ ആകെ തകർക്കുന്നതിന് കൂട്ടുനിൽക്കുന്ന ശ്രീ കെ.എം മാണി സാറിന് എങ്ങനെയാണ് പരിസ്ഥിതി സുരക്ഷയെക്കുറിച്ച് പറയാൻ കഴിയുന്നത്? അതുപോലെ കഴിഞ്ഞ ബഡ്ജ റ്റിൽ കെ.എസ്.ആർ.ടി.സി-ക്ക് 125 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ 100 കോടി രൂപയാണ് വകയിരുത്തി യിരിക്കുന്നത്. പുതിയ ബസ്സുകൾ വാങ്ങുന്നതിന് പണമില്ല. 100 കോടി രൂപ കൊണ്ട് എന്താണ് ചെയ്യാൻ കഴിയുന്നത്? കെ.എസ്.ആർ.ടി.സി-യെ തകർക്കുന്ന നിലയിലാണ് ഇത്തവണയും ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. അതിൽ ശക്തമായി പ്രതിഷേധിച്ചാണ് ശ്രീ. ആര്യാടൻ മുഹമ്മദ് ഇറങ്ങിപ്പോ

യത്. മാത്രമല്ല മലപ്പുറത്ത് ഒരു യോഗത്തിൽ ഈ ബഡ്ജറ്റിനെതിരായി അദ്ദേഹം ശക്തമായി പ്രതികരിച്ചു. അതിൽ മുസ്ലീം ലീഗിന്റെ നേതാവിനെതി രായി ശക്തമായി പറയുകയും ഇത് മലപ്പുറം ബഡ്ജറ്റാണെന്ന് പറയുകയും ചെയ്തു. ആരെ നന്നാക്കാനാണ് ഇങ്ങനെയൊരു ബഡ്ജറ്റ് അവതരിപ്പിച്ചത്; ഏത് മേഖലയെയാണ് അദ്ദേഹം രക്ഷിച്ചത്? വ്യാവസായിക മേഖലയെ രക്ഷി ക്കാൻ അദ്ദേഹത്തിന് കഴിഞ്ഞോ? ഇപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റിൽ വ്യവ സായ മേഖലയ്ക്കായി 579 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. പുതിയ വ്യവസായശാലകൾ ആരംഭിക്കാൻ ഒരു തുകയും മാറ്റിവച്ചിട്ടില്ല. വ്യ വസായ മേഖലയ്ക്ക് കാര്യമായി ഒന്നുംതന്നെ ചെയ്യാൻ അദ്ദേഹത്തിന് കഴി ഞ്ഞിട്ടില്ല. എല്ലാ മേഖലയും തകർക്കുന്ന നിലയിലേക്കാണ് പുതിയ ബഡ്ജറ്റ് വന്നിരിക്കുന്നത്. ഇത് പാവപ്പെട്ടവർക്കുവേണ്ടിയുള്ള ബഡ്ജറ്റല്ല, പണ ക്കാർക്കുവേണ്ടിയുള്ള ബഡ്ജറ്റാണ്. സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധി പ്പിച്ചു എന്ന് അദ്ദേഹം പറയുന്നു. സാമൂഹ്യക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിച്ചത് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ 127 കോടി രൂപ കുടിശ്ശികയുണ്ട്. അത് കൊടുക്കുന്നതിനായി ഞാൻ തന്നെ നിരവധി തവണ നിയമസഭയിൽ സബ്മി ഷൻ കൊണ്ടുവന്നിരുന്നു. മാണി സാറിന് കർഷകത്തൊഴിലാളികളോട്, സാധാരണ ജനങ്ങളോട് താല്പര്യമുണ്ടെങ്കിൽ സാമൂഹ്യക്ഷേമനിധിക്കു വേണ്ടി 127 കോടി രൂപ അനുവദിക്കാൻ തയ്യാറാകണം.

ശ്രീ. കെ. രാജു: സർ, പത്തനംതിട്ട ജില്ലയെയാണ് അങ്ങ് പ്രതിനിധീകരിക്കുന്നതെങ്കിലും കൊല്ലം ജില്ലയിലെ താമസക്കാരനായ അങ്ങയോട് എനിക്ക് ചോദിക്കാനുള്ളത്, ബഡ്ജറ്റ് കൊല്ലം ജില്ലയോട് ഏറ്റവും വലിയ അവഗണനയാണ് കാണിച്ചിരിക്കുന്നത് എന്നുള്ളത് കൊല്ലം ജില്ലയിൽ ജനിച്ചുവളർന്ന അങ്ങേയ്ക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, കൊല്ലം ജില്ലയോട് മാത്രമല്ല പത്തനംതിട്ട ജില്ലയോടും അവഗണനയാണ്. ശ്രീ. കെ. ശിവദാസൻ നായരും മന്ത്രിയായ ശ്രീ. അടൂർ പ്രകാശും അവിടെയുണ്ടായിരുന്നിട്ടുപോലും ആ ജില്ലയ്ക്ക് യാതൊരു പരിഗണനയും നൽകിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രതിപക്ഷ എം.എൽ.എ ആണെന്ന കാര്യം പരിഗണിക്കാതെ ധാരാളം സഹായങ്ങൾ അടൂർ നിയോജകമണ്ഡലത്തിനുവേണ്ടി ചെയ്തിരുന്നു. ഇപ്പോൾ ഞാൻ അടൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ ആണ്. കഴിഞ്ഞ ബഡ്ജറ്റിലും ഈ ബഡ്ജറ്റിലും ഒരു തുകയും അടൂർ മണ്ഡലത്തിനായി നൽകിയിട്ടില്ല. ഇടതുപക്ഷ എം.എൽ.എമാരുള്ള മണ്ഡലങ്ങളിൽ തുകയൊന്നും നീക്കിവച്ചിട്ടില്ല എന്നുള്ളതാണ് ഈ ബഡ്ജറ്റിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. അതുപോലെ കോഴി കർഷകരുൾപ്പെടെ എല്ലാവരും സമരത്തിലാണ്. അതുകൊണ്ട് എനിക്ക് ശ്രീ. കെ.എം മാണി സാറിനോട് പറയാനുള്ളത് 500 രൂപയായി വർദ്ധിപ്പിച്ച സാമൂഹ്യക്ഷേമ പെൻഷനുകൾ 1000 രൂപയായി വർദ്ധിപ്പിക്കുന്നതിനും 500

രൂപയ്ക്ക് മുകളിലുള്ള പെൻഷനുകൾ 1500 രൂപയായി വർദ്ധിപ്പിക്കുന്ന തിനും നടപടി സ്വീകരിക്കണമെന്നാണ്. അതുപോലെ ആശാവർക്കർമാർക്ക് 100 രൂപ വർദ്ധിപ്പിച്ചു എന്ന് പറഞ്ഞു. ഒരു വാർഡിൽ രണ്ട് സ്ത്രീകളാണ് ആശാ വർക്കർമാരായി വീടുകൾതോറും പോകുന്നത്. ഭർത്താവിന്റെയും കുട്ടികളുടെയും കാര്യങ്ങളും വീട്ടുകാര്യങ്ങളുമെല്ലാം ചെയ്തിട്ടാണ് അവർ ആശാവർക്കറായി ജോലി ചെയ്യുന്നത്. അവർക്ക് 600 രൂപയാണ് നൽകുന്ന ത്, അതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്? ഇവിടെ സ്ത്രീ ശാക്തീകര ണത്തെക്കുറിച്ച് പറഞ്ഞു, ബഡ്ജറ്റിന്റെ കവർ ചിത്രത്തിൽ പെൺകുട്ടികളുടെ ഫോട്ടോ കൊടുത്തതല്ലാതെ അവർക്കായി ഒന്നും നീക്കിവച്ചിട്ടില്ല. അതു കൊണ്ട് ആശാ വർക്കർമാരുടെ പ്രതിഫലം 2000 രൂപയായി വർദ്ധിപ്പി ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ, സാക്ഷരതാ പ്രേരക്മാരിൽ 90 ശതമാനവും സ്ത്രീകളാണ്. അവർക്ക് ദിവസവും ലഭി ക്കുന്നത് 60 രൂപയാണ്. അവരുടെ വേതനം വർദ്ധിപ്പിക്കുന്നതിനുകൂടി അങ്ങ് മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ജി. സുധാകരൻ:</u> സർ, അങ്ങ് പറഞ്ഞുവന്ന ആർഗ്യൂമെന്റിനോട് ഞാൻ യോജിച്ചുകൊണ്ട് പറയുകയാണ്, ശ്രീ. കെ. എം. മാണി സ്ത്രീകൾക്കു

വേണ്ടി പല പ്രോഗ്രാമുകളും കൊണ്ടുവന്നു, നല്ല കാര്യമാണ് പക്ഷെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മംഗല്യസൂത്ര കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന ഒരു സൊസൈറ്റി സ്റ്റേറ്റ് അടിസ്ഥാനത്തിൽ രൂപീകരിച്ചു. സ്ത്രീധനം വാങ്ങാതെ ആഡംബരമില്ലാതെ വിവാഹം കഴിക്കുന്നവർക്ക് 4% പലിശയ്ക്ക് ലോൺ കൊടുത്തിരുന്നു. ഒരു നയാപൈസ ഈ ബഡ്ജറ്റിൽ അതിനുവേണ്ടി നീക്കിവച്ചിട്ടുണ്ടോ? രണ്ടാമത്, കഴിഞ്ഞ ഗവൺമെന്റ് കോ-ഓപ്പറേറ്റീവ് ഡെവലപ്പമെന്റ് ആന്റ് റിസ്ക്ക് ഫണ്ട് ബോർഡ് എന്ന് ആദ്യമായി ട്ടൊരു ബോർഡുണ്ടാക്കി. ലോണെടുത്താൽ ഒരു ലക്ഷംരൂപ വരെ പലിശ എഴുതിത്തള്ളും. നാലായിരം പേർക്ക് ലോൺ കൊടുത്ത ആളാണ് ഞാൻ. എന്നിട്ടിവിടെ ചോദിക്കുകയാണ് - നിങ്ങൾക്ക് അങ്ങനെ ചിന്തിക്കാൻ കഴി യുമോ? നല്ലകാര്യം ഏതു ഗവൺമെന്റ് ചെയ്താലും സമ്മതിക്കണം. ഇതു പോലെയുള്ളവർ നമ്മൾ ചെയ്തത് സമ്മതിക്കുകയുമില്ല, പുതുതായി ഒന്നും ചെയ്യുകയുമില്ല, ശ്രീ. കെ. എം. മാണി എന്തെങ്കിലും നന്മ ഉദ്ദേശിച്ചാൽത്തന്നെ ഇവിടെ പ്രസംഗിച്ച് നശിപ്പിക്കും. അതേപ്പറ്റി അങ്ങ് എന്താണ് പറയുന്നത്?

<u>ശ്രീ. ചിറ്റയം ഗോപകുമാർ:</u> സർ, അത് ശരിയാണ്. അങ്ങ് പറഞ്ഞത് 100 ശതമാനവും ശരിയാണ്. ഇവിടെ ശ്രീ. കെ. എം. മാണിയെ അഭിനന്ദിച്ചു കൊണ്ട് യു.ഡി.എഫിന്റെ എം.എൽ.എ. മാർ ചെയ്തത് തീർച്ചയായും കൂടുതൽ എന്തെങ്കിലും കിട്ടുമെന്ന പ്രതീക്ഷയിലാണ്, അല്ലാതെ യാതൊ ന്നുമല്ല. അതൊരു മണിയടിയാണ്, ശ്രീ. കെ. എം. മാണി സൂക്ഷിക്കണം. അങ്ങനെയുള്ള സമീപനമാണ് ഇവിടെ യു.ഡി.എഫ്. എം.എൽ.എ.മാർ സ്വീക

രിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെതന്നെ എനിക്ക് എന്റെ മണ്ഡലത്തിലെ ഒരു പ്രധാനപ്പെട്ട കാര്യം സൂചിപ്പിക്കാനുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശബരിമലയുമായി ബന്ധപ്പെട്ട യോഗത്തിൽ ഞാൻ പങ്കെടുത്തപ്പോൾ പന്തളം ഒരു ടൗൺഷിപ്പായി പ്രഖ്യാപിക്കണമെന്ന് അവിടത്തെ എം.എൽ.എ. എന്ന നിലയിൽ ഞാൻ ആവശ്യപ്പെട്ടു. അടുത്ത ബഡ്ജറ്റിൽ പന്തളം ടൗൺഷിപ്പായി പ്രഖ്യാപിച്ചുകൊണ്ട് ആവശ്യമായ പണം നീക്കിവയ്ക്കുമെന്നാണ് ആ യോഗത്തിൽ പങ്കെടുത്ത ദേവസ്വം വകുപ്പ് മന്ത്രി അന്ന് പറഞ്ഞത്. ഈ ബഡ്ജറ്റിൽ പന്തളം ടൗൺഷിപ്പുമായി ബന്ധപ്പെട്ട് ഒരു നയ്യാ പൈസപോലും മാറ്റിവച്ചില്ല. അതേസമയം അദ്ദേഹത്തിന്റെ ഏറ്റവും അടുത്തയാളായ ശ്രീ. പി. സി. ജോർജിന്റെ മണ്ഡലമായ എരുമേലി കഴിഞ്ഞ തവണ ടൗൺഷിപ്പായി പ്രഖ്യാപിച്ചുകൊണ്ട് പണം നീക്കിവച്ചു. ശബരിമലയുടെ മൂലസ്ഥാനമെന്നുപറയുന്നത് പന്തളമാണ്. പന്തളത്താണ് അയ്യപ്പൻ ജനിച്ചു വളർന്നത്. അതിനുശേഷമാണ് എരുമേലി വഴി ശബരിമലയിലേയ്ക്ക് പോയത്. അതുകൊണ്ട് ശ്രീ. കെ. എം. മാണി പന്തളം ടൗൺഷിപ്പായി പ്രഖ്യാപിക്കണമെന്നും അതിനാവശ്യമായ പണം അനുവദിക്കണമെന്നുമാണ് എനിക്ക് അങ്ങയോട് ആവശ്യപ്പെടാനുള്ളത്. ഭക്ഷ്യ സുരക്ഷയെ സംബന്ധിച്ച് എന്താണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ പറഞ്ഞത്? ഭക്ഷ്യ സുരക്ഷ, ജല സുരക്ഷ, പരിസ്ഥിതി സുരക്ഷ, വൈദ്യുതി സുരക്ഷ മുതലായ എല്ലാ സുരക്ഷയേയും അങ്ങ് കൊന്നു. കെ.എസ്.ആർ.ടി.സി., വാട്ടർ അതോറിറ്റി തുടങ്ങിയ കേരളത്തിലെ സർവ്വ മേഖലകളെയും കൊലപ്പെടുത്താൻ കച്ചകെ

ട്ടിയിറങ്ങിയ ആരാച്ചാരായി അങ്ങും മുഖ്യമന്ത്രിയും മാറരുതെന്നാണ് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി എനിക്ക് പറയാനുള്ളത്. 'ജ്ഞാനി നക്ഷത്രങ്ങളെ ചൂണ്ടിക്കാണിക്കുമ്പോൾ വിഡ്ഢികൾ കാണുന്നത് ആ വിരലുകൾ മാത്രമാണ്'. ഞങ്ങളത് ചൂണ്ടിക്കാണിക്കുമ്പോൾ യു.ഡി. എഫ് ഞങ്ങളുടെ വിരലുകൾ മാത്രമാണ് കാണുന്നത്. യു.ഡി.എഫി.നെക്കുറിച്ച് എനിക്ക് പറയാനുള്ളത്,

"നീറായി വനത്തിൻ നടുവിൽ നിൽപ്പൂ കാട്ടാളൻ,

നെഞ്ചത്തൊരു പന്തം കുത്തി നിൽപ്പൂ കാട്ടാളൻ..."

ആ നിലയിലാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ മാണിസാറിനെക്കുറിച്ച് എനിക്ക് തോന്നിയത്. ഒരു കാര്യം കുടി പറഞ്ഞുകൊള്ളട്ടെ,

'ഒരു സൂര്യനുദിക്കും,

നിഴലായിട്ടമ്പിളി വളരും

വളരും വനമോടികൾ ആടിത്തെളിയും

വനമുർച്ഛയിൽ ദുഃഖം തകരും,

ഞാനന്ന് ചിരിക്കും'.

ഞാൻ ഈ ബഡ്ജറ്റിനെ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്:</u> സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നത് വെറുതെയല്ല. കേരളത്തിന്റെ എല്ലാ മേഖലയിലുമുള്ള ജനങ്ങൾ സന്തോഷത്തോടുകൂടി അംഗീകരിച്ച ഒരു ബഡ്ജറ്റ് എന്ന നിലയിൽ ഇതിനെ എതിർക്കാൻ ആർക്കെങ്കിലും കഴിയുമെന്നുള്ള വിശ്വാസം എനിക്കില്ല. പ്രത്യേകിച്ച് സാധാരണ ഒരു ബഡ്ജറ്റിനെപ്പറ്റി ആരോപണമുന്നയിക്കുന്നത് വോട്ട് നോക്കി ബഡ്ജറ്റെന്നാണ്. നാടോടികൾക്ക് വോട്ടില്ലല്ലോ, ആ നാടോടികളെപ്പോലും തലോടി അവരെക്കൂടി സംരക്ഷിക്കാനുള്ള നടപടി സ്വീകരിച്ച ഒരു ബഡ്ജറ്റാകുമ്പോൾ ആ ആരോപണം നിലനിൽക്കില്ല. മാർച്ച് 15-ാം തീയതി ബഹുമാനപ്പെട്ട കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ 17-ാം തീയതി ദേശാഭിമാനി പത്രത്തിൽ ശ്രീ. കെ.എം. മാണിയെക്കുറിച്ച് വന്ന ഒരു വാർത്ത ഞാൻ വായിക്കാം. "മരങ്ങാട്ടുപ്പള്ളിയിൽ നിന്നും ഉദിച്ചുയർന്ന ആഗോളതാരമാകും എന്നു വിളിക്കുന്നതിൽ തെറ്റില്ല" ശ്രീ. കെ. എം. മാണിയെപ്പറ്റി ദേശാഭിമാനിയിൽ വന്നതാണ്. ഇത് മലയാള മാനോരമ പത്രമോ, ദീപിക പത്രമോ, മാതൃഭൂമി പത്രമോ അല്ല. "റിക്കോർഡുകളുടെ കളിത്തോഴനായി കോട്ടയത്തും പാലായിലും പൂഞ്ഞാറിലും കാഞ്ഞിരപ്പള്ളിയിലും ഭൂമിമലയാളത്തിലാകെയും ഇങ്ങനെയൊരാളില്ല. 80 വയസ്സിന്റെ പ്രായവും 800 വയസ്സിന്റെ കീർത്തിയുമായി അങ്ങ് ലണ്ടനിലെ പാർലമെന്റ് ഹാൾവരെ എത്തിയ സൈദ്ധാന്തികന് കേരളത്തിലെ ഒരു കൊല്ലത്തെ ബഡ്ജറ്റ് അവതരിപ്പിക്കുന്നത് ചായകുടിപ്പോലെ

യൊരു സാധാരണ കൃത്യം മാത്രം. ബഡ്ജറ്റിനെക്കുറിച്ച് ചോദിച്ചാൽ 10 പ്രസവിച്ച അമ്മച്ചിക്ക് പതിനൊന്നാമത്തെ പ്രസവത്തിന് എന്ത് പേടിയെന്ന് കരിങ്ങോഴയ്ക്കൽ മാണി മകൻ മാണിയെന്ന മാണി സാർ തിരിച്ചറിയും" ഇതിൽകൂടുതൽ ദേശാഭിമാനി പത്രം ശ്രീ. കെ. എം. മാണിയെപ്പറ്റി വല്ലതും പറയണോ? ദേശാഭിമാനി പത്രമാണ് ഞാൻ വായിച്ചത്. നമ്മളൊരു ബഡ്ജറ്റിനെ വിലയിരുത്തുമ്പോൾ സാമ്പത്തിക മേഖലയിൽ ഈ ബഡ്ജറ്റ് വരുത്താൻപോകുന്ന മാറ്റങ്ങളെന്താണെന്നാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിലൂടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രഖ്യാപിച്ച കാര്യങ്ങൾ എത്ര നടപ്പാക്കി; അതുകൊണ്ട് സാമ്പത്തിക മേഖലയിൽ കേരളത്തിലെന്തു സംഭവിച്ചു; എന്നതിനെപ്പറ്റിയാണ് ചർച്ചചെയ്യേണ്ടത്. ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹം അക്കാര്യമൊക്കെ പ്രത്യേകം ശ്രദ്ധിക്കുന്ന ആളായതുകൊണ്ടാണ് ഈ കാര്യം പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പേരുകൂടി ഞാൻ പരാമർശിക്കാൻ കാരണം. കഴിഞ്ഞ സാമ്പത്തിക വർഷം ദേശീയ തലത്തിൽ വളർച്ചാ നിരക്ക് 6.2% ആയിരുന്നു. എന്നാൽ ഇതേ കാലയളവിൽ കേരളത്തിന്റെ സമ്പദ്ഘടനയുടെ വളർച്ച നിരക്ക് ഇതിനേക്കാൾ 3.31% കൂടുതലായിരുന്നു. അതായത് 9.51%. ബഡ്ജറ്റ് ലക്ഷ്യമിട്ട വളർച്ചയെക്കാൾ ഉയർന്ന വളർച്ചാ നിരക്കും കഴിഞ്ഞ 10 വർഷത്തെ ഏറ്റവും ഉയർന്ന വളർച്ചാ നിരക്കുമാണിതെന്ന് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക്പോലും നിഷേധിക്കുന്നില്ല. സമ്പദ്ഘടനയിൽ ഉയർന്ന വളർച്ചാനിരക്ക് നിലനിർത്താൻ സർക്കാരിന് കഴിഞ്ഞു

വെന്നത് ആർക്ക് തർക്കിക്കാൻ കഴിയും. മൂലധനചെലവിന്റെ രംഗത്ത് വൻ കുതിച്ചുചാട്ടമുണ്ടാക്കുവാനും സർക്കാരിന് കഴിഞ്ഞുവെന്ന വസ്തുത നിഷേധിക്കാൻ ആർക്കും കഴിയില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അഞ്ചു വർഷത്തെ മൂലധനച്ചെലവ് 9497 കോടി രൂപയായിരുന്നുവെങ്കിൽ ഈ സർക്കാരിന്റെ ആകെ രണ്ട് വർഷത്തിനുള്ളിൽത്തന്നെ 8000 കോടി രൂപ മൂലധനരംഗത്ത് ചെലവഴിക്കപ്പെടുകയാണ്. ഇത് അത്ഭുതമല്ലേ? സംസ്ഥാനത്തെ ജനങ്ങളുടെ സാമൂഹിക ക്ഷേമം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ അധികാരമേറ്റശേഷം സാമൂഹികക്ഷേമ പെൻഷൻ 70% വർദ്ധിപ്പിച്ചു. കർഷകത്തൊഴിലാളി പെൻഷൻ ഉൾപ്പടെ എല്ലാ മേഖലകളിലും വർദ്ധനവ് കൊടുത്തിരിക്കുന്നത് നിഷേധിക്കാൻ കഴിയുമോ? നമുക്കറിയാം പെൻഷൻ കാര്യത്തിൽ ബഹുമാനപ്പെട്ട എസ്. ശർമ്മ ഇന്നലെ ഇല്ലാത്തതിന് കണക്കുപറഞ്ഞതുകൊണ്ട് പെൻഷനും ആനുകൂല്യങ്ങളെയുംപ്പറ്റി ഞാൻ സൂചിപ്പിക്കുകയാണ്. കർഷകത്തൊഴിലാളി പെൻഷൻ, കർഷക പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, വൈകല്യമുള്ളവർക്കുള്ള പെൻഷൻ, 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, 80 വയസ്സ് കഴിഞ്ഞവർക്കുള്ള പെൻഷൻ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, യാചക മന്ദിരങ്ങൾ, വികലാംഗർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കുള്ള പെൻഷൻ, സർക്കാർ എയ്ഡഡ് അന്ധ-ബധിര വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഭക്ഷണത്തിന് പ്രതിമാസ ഗ്രാന്റ്, വൃക്ക തക

രാറുമൂലം സ്ഥിരമായി ഡയാലിസസ് വേണ്ടിവരുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വൃക്ക രോഗികൾക്ക് നൽകുന്ന പ്രതിമാസ പെൻഷൻ, ക്ഷയരോഗികൾക്കുള്ള ധനസഹായം, കുഷ്ഠരോഗികൾക്കുള്ള ധനസഹായം, ക്യാൻസർ രോഗികൾക്ക് ധനസഹായം, കയർതൊഴിലാളികൾക്ക് പെൻഷൻ, അവശകലാകാരന്മാർക്ക് പെൻഷൻ, സർക്കസ് കലാകാരന്മാർക്ക് പെൻഷൻ, 80 വയസ്സിനുമേൽ പ്രായമുള്ള അവശതയനുഭവിക്കുന്ന കായികതാരങ്ങൾക്ക് പെൻഷൻ, 80 വയസ്സിൽതാഴെ പ്രായമുള്ള അവശതയനുഭവിക്കുന്ന കായികതാരങ്ങൾക്ക് പെൻഷൻ, ഇതിനൊക്കെ ഉപരിയായി മറ്റ് പെൻഷനൊന്നും ലഭിക്കാത്ത 60 വയസ്സ് കഴിഞ്ഞ ബി.പി.എൽ ആയ പരമ്പരാഗത വിശ്വകർമ്മജർക്ക്, ആദ്യമായി വിശ്വകർമ്മരെപ്പറ്റി ഒരു ബഡ്ജറ്റിൽ പ്രസംഗിക്കുന്നത് ഈ ബഡ്ജറ്റിലൂടെയാണ്. വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട മരം, ഇരുമ്പ്, കല്ല്, കളിമണ്ണ്, സ്വർണ്ണപ്പണിക്കാർ എന്നിവർക്ക് 400 രൂപ പുതിയ പെൻഷൻ, ഇങ്ങനെ പെൻഷന്റെ ആനുകൂല്യങ്ങൾ വാരിക്കോരികൊടുക്കാൻ ഈ ബഡ്ജറ്റിലൂടെ കഴിഞ്ഞിരിക്കുന്നു. നിസ്സാരവത്കരിച്ചു കാണരുത്. സംസ്ഥാനത്തിന്റെ ധനകാര്യകമ്മി സ്ഥിതി മെച്ചപ്പെടുന്നതിന്റെ വ്യക്തമായ സൂചനകൾ ബഡ്ജറ്റ് പ്രസംഗത്തിൽനിന്ന് വ്യക്തമല്ലേ? കഴിഞ്ഞ കുറെ വർഷങ്ങളായി റവന്യൂ വരുമാനത്തേക്കാൾ റവന്യൂ ചെലവിന്റെ വളർച്ചാനിരക്ക് തുടർച്ചയായി ഉയർന്നിരിക്കുകയാണ്. അതാണ് പ്രധാനപ്പെട്ട ഒരു കാര്യം. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി 2012-2013-ൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ വളർച്ചാ നിരക്ക് റവന്യൂ ചെലവിന്റെ

വളർച്ചാനിരക്കിനെക്കാൾ കെ.പി.സി.സി. പ്രസിഡന്റ് ഇവിടെ സൂചിപ്പിച്ചു, അതിലൊരു ചെറിയ അമെന്റ്മെന്റ് ഞാൻ ഇവിടെ പറയുകയാണ്. റവന്യൂ ചെലവിന്റെ വളർച്ചാനിരക്കിനേക്കാൾ ഉയർന്നതായിരുന്നു. 2012-2013-ൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം മുൻവർഷത്തെക്കാൾ 20.53% വളർച്ച കൈവരിച്ചപ്പോൾ റവന്യൂചെലവ് 17.8% മാത്രമാണ് ഉയർന്നത്. ഈ മാറ്റം വളരെ ശുഭകരമാണ്. ആർക്ക് നിഷേധിക്കാൻ കഴിയും? സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കഴിഞ്ഞ കുറെവർഷങ്ങളായി ഉയർന്നുവരികയായിരുന്നു. ഉദാഹരണത്തിന് 2009-2010 എടുക്കാം 5023 കോടി രൂപയായിരുന്ന റവന്യൂകമ്മി ഇന്ന് 2011-2012-ഓടെ 8034 കോടി രൂപയായിട്ടാണ് ഉയർന്നിരിക്കുന്നത്. എന്നാലിത് 2012-2013-ഓടെ 3406 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞത് ചെറിയ നേട്ടമാണോ? ഇതിൽ കൂടുതൽ വലിയ നേട്ടം ധനകാര്യമന്ത്രിക്ക് ഉണ്ടാക്കാൻ കഴിയുമോ? സംസ്ഥാനത്തിന്റെ നികുതിയേതര തനത് വരുമാനത്തിൽ കുത്തനെയുണ്ടായ വർദ്ധനവും എടുത്തുപറയത്തക്ക നേട്ടമാണ്. 2010-2011-ൽ ഇത് 1930.79 കോടി രൂപ മാത്രമായിരുന്നു. എന്നാൽ 2012-2013-ഓടെ ഇത് ഇരട്ടിയിലധികമുയർന്ന് 4458.37 കോടി രൂപയായിരിക്കുകയാണ്. ഇതിലേറ്റവും പ്രധാന പങ്കുവഹിച്ചത് ലോട്ടറിയിൽ നിന്നുള്ള കുത്തനെയുള്ള വർദ്ധനവാണ്. 2010-2011-ൽ ലോട്ടറിയിൽ നിന്നുള്ള വരുമാനം 571.46 കോടി രൂപമാത്രമായിരുന്നു. എന്നാൽ 2012-2013-ഓടെ ഇത് അഞ്ചിരട്ടിയലധികം വർദ്ധിച്ച് 2750 കോടി രൂപയായി ഉയരുകയായിരുന്നു.

അതുപോലെ സാന്റിയാഗോ മാർട്ടിനെപ്പോലെയുള്ള അനധികൃത ലോട്ടറി കച്ചവടക്കാരെ എന്നെന്നേയ്ക്കുമായി കേരളത്തിൽ നിന്ന് കെട്ടുകെട്ടിക്കുകയും പ്രൈവറ്റ് ലോട്ടറികളെ തടഞ്ഞുകൊണ്ട് കേരള സർക്കാരിന്റെ വരുമാന മാർഗ്ഗമാക്കുകയും പാവപ്പെട്ട രോഗികൾക്ക് ചികിത്സയ്ക്കായി പണം കൊടുക്കുന്ന നിലയിലേയ്ക്ക് ലോട്ടറിയെ മാറ്റിയെടുത്തത് നിസ്സാരവത്ക്കരിച്ച് കാണാൻ കഴിയുമോ? അനധികൃത ലോട്ടറി കച്ചവടക്കാരുടെ പ്രവർത്തനം സംസ്ഥാനത്ത് നടത്താതിരിക്കാൻ കർശന നടപടി സ്വീകരിച്ചതും കാരുണ്യ എന്ന പുതിയ ലോട്ടറി ആരംഭിച്ചതുമാണ് പ്രധാനപ്പെട്ട കാര്യം. കാരുണ്യ ലോട്ടറിയിൽ നിന്ന് 450 കോടി രൂപയിൽ അധികമാണ് വരുമാനമായി ലഭിച്ചത്. ഇതിന്റെ ഒരു പങ്കുപയോഗിച്ച് അയ്യായിരത്തിലധികം ദരിദ്ര രോഗികൾക്ക് ചികിത്സ നൽകാൻ നാളിതുവരെ കഴിഞ്ഞിരിക്കുന്നു. സംസ്ഥാന ഗവൺമെന്റിന്റെ കടം വർദ്ധിക്കുന്നുണ്ട് എന്ന വസ്തുത നിഷേധിക്കുന്നില്ല. ഉദാഹരണത്തിന് 2010-11-ൽ 78673 കോടി രൂപയായിരുന്നു സംസ്ഥാനത്തിന്റെ കടം. 2012-13- ഓടെ 1,01247.61 കോടി രൂപയായി ഉയർന്നു. സംസ്ഥാന വരുമാനത്തിന്റെ അനുപാതം വച്ചുനോക്കുകയാണെങ്കിൽ കടത്തിന്റെ അളവ് കുറഞ്ഞുവരികയാണെന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്, അത് നിഷേധിക്കാൻ കഴിയില്ല. ഉദാഹരണത്തിന് 2007-2008-ൽ മൊത്തം കടത്തിന്റെ അളവ് സംസ്ഥാന വരുമാനത്തിന്റെ 31.64 ശതമാനമായിരുന്നു. ബഹുമാനപ്പെട്ട മുൻ ധനകാര്യമന്ത്രി ഡോ. ടി.എം. തോമസ് ഐസക് എപ്പോഴും ശതമാന കണക്ക് പറയുന്നതുകൊണ്ടാണ് ഞാൻ ഈ ശതമാനക്ക

ണക്ക് പറയുന്നത്. അന്ന് 31.64 ശതമാനമായിരുന്നുവെങ്കിൽ 2011-2012-ഓടെ അത് 28.37 ശതമാനമായി കുറഞ്ഞിരിക്കുന്നു. കടത്തിന്റെ വർദ്ധന നിയന്ത്രണത്തിന് പുറത്തല്ലായെന്ന് ഇത് വ്യക്തമാക്കുന്നു. സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ അനുപാതം നോക്കുകയാണെങ്കിൽ പലിശ ചെലവിന്റെ അളവും കുറയുകയാണെന്നതും എടുത്തുപറയേണ്ടതാണ്. 2007-2008-ൽ ഇത് 2.47 ശതമാനമായിരുന്നുവെങ്കിൽ 2010-2011-ൽ ഇത് 2.11 ശതമാനമായും 2011-2012-ൽ 2 ശതമാനമായും കുറഞ്ഞിരിക്കുന്നുവെന്നത് നിഷേധിക്കാൻ കഴിയില്ല. കുറേ വർഷങ്ങൾക്കുശേഷം സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ പ്രകടമായും ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനായി എന്നുള്ളതാണ് ഈ ബഡ്ജറ്റിലെ ഏറ്റവും വലിയ നേട്ടം. എനിക്ക് വളരെ വ്യക്തമായി ഒരു ചെറിയ കാര്യം സൂചിപ്പിക്കാനുണ്ട്. നമ്മുടെ കാർഷിക മേഖലയ്ക്ക് ഇതുപോലെ ആനുകൂല്യങ്ങൾ വാരിക്കോരി കൊടുത്ത കാലഘട്ടം ഉണ്ടായിട്ടില്ല. കർഷകവർഗ്ഗം മുഴുവൻ ഈ ധനകാര്യ മന്ത്രിയേയും ഈ ഗവൺമെന്റിനേയും ആത്മാർത്ഥമായി അഭിനന്ദിക്കും. അതുപോലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ചെറുകിട കച്ചവടക്കാരുടെ കാര്യം. വ്യാപാരി വ്യവസായി ഏകോപനസമിതികളുടെ നേതൃത്വത്തിൽ നടന്ന മൂന്ന് പ്രകടനത്തിൽ പങ്കെടുത്ത ആളാണ് ഞാൻ. ചെറുകിട കച്ചവടക്കാർ ചെയ്യുന്ന ജോലി എന്നുപറയുന്നത്, അവർ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക കൂടി ചെയ്യുന്നുണ്ട്. അവരെ ബുദ്ധിമുട്ടിക്കുന്നത് ശരിയല്ല. അവരുടെ കാര്യം മാണിസാർ ദീനാനുകമ്പയോടുകൂടി കാണുമെന്ന് എനിക്ക

റിയാം. കൃഷിക്കാർക്ക് തുല്യമായി വ്യാപാരി വ്യവസായികളായ ചെറുകിട കച്ചവടക്കാരെ കാണാൻ അങ്ങ് തയ്യാറാകണമെന്നാണ് എന്റെ അപേക്ഷ. അവരുടെ ക്ഷേമനിധി പെൻഷൻ ഇപ്പോൾ വെറും 500 രൂപയാണ്. എല്ലാ പേർക്കും പെൻഷൻ വർദ്ധിപ്പിച്ചു. ചെറുകിട കച്ചവടക്കാരായ പാവങ്ങളുടെ ക്ഷേമനിധി പെൻഷനായ 500 രൂപ എന്തുകൊണ്ട് വർദ്ധിപ്പിക്കുന്നില്ല. അവരുടെ ക്ഷേമനിധി പെൻഷൻ 1500 രൂപയായി വർദ്ധിപ്പിക്കണം എന്നാണ് എന്റെ അഭിപ്രായം. കർഷകർക്ക് ലോൺ കൊടുക്കുന്നതുപോലെ ചെറുകിട കച്ചവടക്കാരായ വ്യാപാരികൾക്കും കെ.എഫ്.സി.യിൽ നിന്ന് പലിശ കുറച്ച് ലോൺ കൊടുക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയാൽ നന്നായിരിക്കും എന്നാണ് എനിക്ക് പറയാനുള്ളത്. 5 ലക്ഷം രൂപവരെയുള്ള രജിസ്ട്രേഷൻ നിയമം, കേരള വാറ്റ് സെക്ഷൻ **6(1)** അമെന്റ് ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തീരുമാനിക്കട്ടെ. ഒരു വർഷം 5 ലക്ഷം രൂപ പരിധി വച്ചാൽ ഒരു ദിവസം 1200 രൂപയാണ് കളക്ഷൻ. 120 രൂപയാണ് ലാഭം. അതുകൊണ്ട് ഒരു കുടുംബം പോറ്റാൻ കഴിയുമോ? 10 ലക്ഷം രൂപ വച്ചാൽ എത്ര വരും? ഒരു ദിവസം 2700 രൂപയാണ് കളക്ഷൻ. അതിന്റെ 10 ശതമാനം ലാഭം കണക്കാക്കിയാൽ ഒരു ദിവസം 270 രൂപ കിട്ടും. ആ 270 രൂപ കൊണ്ട് ഒരു കുടുംബം പോറ്റാൻ കഴിയുമോ? ഇപ്പോൾ ചെറുകിട കച്ചവടക്കാർ നേരിടുന്ന വെല്ലുവിളി എന്നുപറയുന്നത് ആഗോള കുത്തകകളുടെ കടന്നുകയറ്റമാണ്. ഇന്ത്യയിലെ പാവപ്പെട്ട ചെറുകിട കച്ചവടക്കാരിൽ ഏറ്റവും കൂടുതൽ മലയാളികളാണ്. ഏത് ഗ്രാമീണ മേഖലയിൽ

ചെന്നാലും അവിടെ അഞ്ചോ പത്തോ ചെറുകിട കച്ചവടക്കാരുണ്ടാകും. അവരുടെ പോരാട്ടമായിരിക്കും ആഗോളകുത്തകകൾക്കെതിരെ വരാൻ പോകുന്ന ഏറ്റവും വലിയ സമരമുഖം. അവരെ നമ്മൾ ശക്തിപ്പെടുത്തിയേ മാതിയാകൂ. ഞാൻ വളരെ വിനയപുരസ്സരം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയായ മാണി സാറിനോട് അപേക്ഷിക്കുന്നത് 5 ലക്ഷം എന്ന പരിധി 20 ലക്ഷം രൂപ വരെയെങ്കിലുമാക്കി ഉയർത്തണമെന്നാണ്. എങ്കിൽ മാത്രമേ അവർക്ക് ജീവിക്കാൻ കഴിയുകയുള്ളൂ. 50 ലക്ഷം രൂപ അവർ കോമ്പൗണ്ട് ചെയ്യുകയാണ്. മാണിസാറിന് 5 കോടി രൂപ ലാഭിക്കാൻ കഴി യുന്ന ഒരുകാര്യമുണ്ട്. എന്തെന്നാൽ, കച്ചവടക്കാരുടെ നികുതിയുടെ കാര്യ ങ്ങൾ നോക്കാൻ വേണ്ടി ഉദ്യോഗസ്ഥ വൃന്ദത്തിന് 5 കോടി രൂപ കൊടുക്കാൻ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്, അത് കൊടുക്കേണ്ട കാര്യമില്ല. കാരണം കച്ച വടക്കാർ കോമ്പൗണ്ട് ചെയ്തുകൊടുക്കുകയാണ്. അര ശതമാനംപോലും ചെലവില്ലാതെ കച്ചവടക്കാർ പണം കൊടുക്കുകയാണ്. കോമ്പൗണ്ട് ചെയ്യു മ്പോൾ 50 ലക്ഷവും കണക്കു നോക്കുമ്പോൾ 51 ലക്ഷവുമായാൽ 51 ലക്ഷ ത്തിന് 12.5 ശതമാനം വാറ്റ് മാത്രമല്ല, പലിശയും അതോടൊപ്പം ശിക്ഷയും കൂടെ വരും. അത് മാറ്റിയേ മതിയാകൂ. മാന്യമായി കണക്കുകൊണ്ട് കൊടു ക്കുമ്പോൾ അതിനകത്ത് ഒരു ലക്ഷം കൂടുതൽ വന്നാൽ ആ നിമിഷം തന്നെ അവരെ കൊന്നൊടുക്കുന്നത് ശരിയാണോ? അത് പിൻവലിക്കണം. അതോ ടൊപ്പം മുൻകാല പ്രാബല്യവും അതിന് കൊടുക്കണം എന്നതാണ് എന്റെ കാഴ്ചപ്പാട്. അതുകൊണ്ട് സെക്ഷൻ 6(1) അമെന്റ് ചെയ്താൽ നന്നായിരിക്കു

മെന്ന അഭിപ്രായം കൂടി ഞാൻ രേഖപ്പെടുത്തുകയാണ്. അതുപോലെ എയ്ഡഡ് കോളേജുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫുകളുടെ പാറ്റേൺ പുതുക്കുന്നതിനെക്കുറിച്ച് ബഡ്ജറ്റിൽ ഒന്നും പറഞ്ഞിട്ടില്ല. നിലവിലുണ്ടായിരുന്ന സ്കാവഞ്ചർ, സ്വീപ്പർ, വാച്ച്മാൻ തസ്തിക പുനഃസ്ഥാപിക്കാനും അങ്ങയുടെ മറുപടി പ്രസംഗത്തിൽ എന്തെങ്കിലും തീരുമാനമുണ്ടാകണം എന്നാണ് എന്റെ അഭിപ്രായം. ഈ ബഡ്ജറ്റിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, വൈകുണ്ഠ സ്വാമികളുടെ ഓർമ്മയെ നിലനിറുത്താൻ 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചു. അങ്ങ് ചെയ്തത് ഏറ്റവും മഹത്തരമായ ഒരു കാര്യമാണെന്നാണ് എന്റെ അഭിപ്രായം. ഈ വൈകുണ്ഠ സ്വാമി ആരാണ്? ഞാൻ വൈകുണ്ഠ സ്വാമിയെക്കുറിച്ച് പഠിച്ചത് പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നടത്തിയ പ്രസംഗം കേട്ടപ്പോഴാണ്. അന്ന് അദ്ദേഹം പ്രസംഗിച്ചപ്പോൾ വളരെ വ്യക്തമായി പറഞ്ഞു - 'സോഷ്യലിസം സ്ഥാപിക്കണമെങ്കിൽ മുതലാളിത്ത ലോകത്തെ തകർത്ത് തൊഴിലാളി വർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള ഭരണകൂടം അധികാരത്തിൽ വരേണ്ടതുണ്ട്. തൊഴിലാളി വർഗ്ഗ സർവ്വാധിപത്യത്തിന്റെ അടിസ്ഥാനത്തിലുള്ള ഈ ഭരണസംവിധാനമാണ് വർഗ്ഗപരമായി എല്ലാ മേധാവിത്വങ്ങളേയും തകർത്തുകൊണ്ട് സമത്വം സ്ഥാപിക്കുക' - ഇത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ വൈകുണ്ഠ സ്വാമികളെക്കുറിച്ച് നടത്തിയ പ്രസംഗമാണ്. കാറൽമാക്സിന്റെ മാർക്സിസ്റ്റ് മാനിഫെസ്റ്റോ വരുന്നതിന് 5 വർഷം മുമ്പ് വൈകുണ്ഠ സ്വാമികൾ നടത്തിയതായി

പറയുന്ന പ്രസംഗമാണിത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവരുടെ യോഗത്തിൽ പറഞ്ഞതാണിത്.

മി. ചെയർമാൻ: അങ്ങേക്ക് അനുവദിച്ച സമയവും കഴിഞ്ഞ് 3 മിനിറ്റു കൂടി അധികമായി.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഉടനെ നിറുത്താം. വൈകുണ്ഠ സ്വാമികളാണ് കാറൽ മാർക്സിന് പ്രചോദനം നൽകിയതെന്ന് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പ്രസംഗിക്കുന്നത് കേൾക്കാൻ ഇടയായി. എന്ന കാര്യം കൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്. സ്ത്രീ സമത്വത്തിന്റെ കാര്യത്തിലും അക്കാലത്ത് ഇടപെടുന്നതിൽ അദ്ദേഹം തയ്യാറായി. അവർണ്ണ സ്ത്രീകൾ മാറ് മറയ്ക്കാൻ പാടില്ലെന്നുള്ള നിലപാടിനെ അദ്ദേഹം ചോദ്യം ചെയ്തു. ഇതൊക്കെ വൈകുണ്ഠ സ്വാമികളുടെ മഹത്വമാണ്. അങ്ങനെയുള്ള വൈകുണ്ഠ സ്വാമികൾക്കുവേണ്ടി 10 ലക്ഷം രൂപ നീക്കിവച്ച അങ്ങയുടെ നടപടിയെ ആദരവോടുകൂടി ഞാൻ കാണുകയാണ്.

ശ്രീ. ജി. സുധാകരൻ: സർ, പോയിന്റ് ഓഫ് ഓർഡർ. 1848-ലാണ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകരിച്ചത്. മലയാളത്തിൽ വൈകുണ്ഠ സ്വാമി സോഷ്യലിസത്തിന്റെ പ്രയോക്താവും മഹാനായ സാമൂഹ്യ പരിഷ്ക്കർത്താവുമാണ്. പക്ഷെ, കാറൽ മാർക്സിന് മലയാള ഭാഷ അറിയില്ല. കാറൽ മാർക്സിന് പ്രചോദനം നൽകിയത് ഇദ്ദേഹമാണെന്ന് പറയു

ന്നത് ചരിത്രപരമായി തെറ്റായതുകൊണ്ട് ശ്രീ. പി. സി. ജോർജ് തന്നെ അത് തിരുത്തണം.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല, ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് അങ്ങനെ പറഞ്ഞത്. വൈകുണ്ഠ സ്വാമികളുടെ യോഗത്തിൽ ഞാനുമുണ്ടായിരുന്നു. നാളെ അദ്ദേഹം പോളിറ്റ് ബ്യൂറോ മീറ്റിംഗ് കഴിഞ്ഞ് വരുമ്പോൾ ചോദിച്ചുനോക്കിയാൽ മതി. അതിനുശേഷം തെറ്റുണ്ടെങ്കിൽ ഞാൻ തിരുത്താം. അദ്ദേഹം പ്രസംഗിച്ചതാണ് ഞാൻ പറഞ്ഞത്. ഞാൻ ചുരുക്കുകയാണ്.

മി. ചെയർമാൻ: ശ്രീ. പി. സി. ജോർജ്, അങ്ങ് നാല് മിനിട്ട് അധികമെടുത്തു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ലോകത്തുള്ള പല മഹാന്മാരും പറഞ്ഞ കാര്യങ്ങൾ നമ്മൾ അറിയുന്നത് ഭാഷ അറിയാവുന്നതുകൊണ്ടല്ല. വിവിധ ഭാഷകളിലുള്ളവരെ നമ്മൾ അറിയുന്നുണ്ടല്ലോ. എല്ലാ കാലത്തും ട്രാൻസ്ലേഷനുണ്ടായിരുന്നല്ലോ. അതുകൊണ്ട് മലയാളം അറിയില്ലെങ്കിലും മലയാളത്തിലുള്ളത് വിവർത്തനം ചെയ്യപ്പെട്ടത് അവരുടെ ശ്രദ്ധയിൽപ്പെട്ടുവെന്ന് വരാം.

ശ്രീ. പി. സി. ജോർജ്: സർ, മാണി സാറിന്റെ അധ്വാനവർഗ്ഗ സിദ്ധാന്തത്തെ ഇന്ത്യൻ പ്രധാനമന്ത്രി അഭിനന്ദിച്ചത് മലയാളം വായിച്ചാണോ? അതുകൊണ്ട് അതിൽ കാര്യമില്ല. ഇംഗ്ലണ്ടിൽ പോയി അധ്വാനവർഗ്ഗ

സിദ്ധാന്തം അവതരിപ്പിച്ച മാണി സാറിന് സ്വീകരണം കൊടുത്തതെങ്ങനെയാണ്? ഞാൻ അതിലേക്ക് കടക്കുന്നില്ല.

മി. ചെയർമാൻ: അങ്ങയുടെ സമയം അവസാനിച്ചു. അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. പി. സി. ജോർജ്: സർ, മീനച്ചൽ റിവർവാലി പദ്ധതി 25 കൊല്ലമായി നടക്കുന്നുണ്ട്. വഴിക്കടവിൽ ഡാം കെട്ടി മീനച്ചൽ നദിയിലേക്ക് വരാനുള്ള വെള്ളം തടഞ്ഞ് ഇടുക്കിയിലേയ്ക്ക് വിട്ടിട്ടുണ്ട്. ആ വെള്ളം മാത്രം കിട്ടിയാൽ മീനച്ചൽ റിവർവാലി പദ്ധതി പൂർത്തീകരിക്കാം. ആർക്കും തർക്കമുണ്ടാകുകയില്ല. ആ കാര്യത്തിൽ നടപടിയുണ്ടാകണം. ബഡ്ജറ്റിൽ 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷവും അനുവദിച്ചിട്ടുണ്ടായിരുന്നു. ഇനി എത്രയും പെട്ടെന്ന് ആ പദ്ധതി ഉദ്ഘാടനം ചെയ്യണമെന്നതാണ് എന്റെ അഭിപ്രായം. അതുപോലെ എന്റെ നിയോജക മണ്ഡലവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു ചെറിയ കാര്യം കൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. ചെയർമാൻ: അങ്ങയുടെ സമയവും കഴിഞ്ഞ് അഞ്ചര മിനിട്ടായി.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ വഴക്കിനില്ലെന്ന് പറഞ്ഞല്ലോ, ഞാൻ അവസാനിപ്പിക്കാം. ശബരി റെയിൽവേ കേരളത്തിന്റെ അഭിമാനമാണ്. അത് ആരംഭിക്കാനുള്ള സത്വര നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. ഈ വർഷംതന്നെ ശബരി റെയിൽവേ ഒരു യാഥാർത്ഥ്യമാക്കാനും കോട്ടയം ജില്ലയിൽ അതിന്റെ പണി ആരംഭിക്കാനുമുള്ള നടപടി സ്വീകരി

ക്കണം. കൺസ്യൂമർഫെഡിന് പണം കൊടുത്തുകൊണ്ട് നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിറുത്തണമെന്നും കൺസ്യൂമർഫെഡിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുംകൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി. നിലനിൽക്കാൻ സാധിക്കാതെ കഷ്ടപ്പെടുകയാണ്. അതിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഈ നിയമസഭയിൽത്തന്നെ അത് വളരെ വ്യക്തമായി പ്രകടിപ്പിച്ചതാണ്. അതിന്റെ കാരണം അടിക്കടിയുണ്ടാകുന്ന ഡീസലിന്റെ വിലവർദ്ധനവാണ്. ഡീസലിന്റെ വില വർദ്ധനവുണ്ടായപ്പോൾ നമ്മുടെ മുഖ്യമന്ത്രിയും കോൺഗ്രസ്സ് (ഐ)-യുടെ പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തലയും ഞങ്ങൾ ഒരു കാരണവശാലും ഇതിനോട് യോജിക്കുന്നില്ല എന്നാണ് പറഞ്ഞത്. ഡീസലിന്റെ വില പലപ്പോഴായി വർദ്ധിപ്പിച്ച അവസരത്തിലെല്ലാം മുഖ്യമന്ത്രിയും ശ്രീ. രമേശ് ചെന്നിത്തലയും ഇതേ അഭിപ്രായം തന്നെ പ്രകടിപ്പിച്ചു. കെ.എസ്.ആർ.ടി.സി.-യെ എങ്ങനെ സംരക്ഷിക്കാം? കേന്ദ്ര ഗവൺമെന്റ് ചെയ്യുന്ന ജനദ്രോഹപരമായ നടപടികളുമായി സഹകരിച്ചുകൊണ്ട് കേരളം പോലെയുള്ള ഒരു സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ കഴിയുമോ? ഇന്ത്യയിലെ വൻകിട കോർപ്പറേറ്റുകളുടെ കൊള്ളലാഭത്തിന് അനുകൂലമായ നിലപാട് കേന്ദ്ര ഗവൺമെന്റും കോൺഗ്രസ്സ് (ഐ) നേതൃത്വവും സ്വീകരിക്കുന്നതിന്റെ ഫലമായാണ് ക്രൂഡ്

ഓയിലിന്റെയും ഡീസലിന്റെയും പെട്രോളിന്റെയും വില വർദ്ധിക്കുന്നത്. അതിന് അനേകം ഉദാഹരണങ്ങളുണ്ട്, സമയക്കുറവുകാരണം അതിനെക്കുറിച്ച് പറയുന്നില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ, ഈ വിഷയം പരിഹരിക്കുന്നതിനായി 100 കോടി രൂപ അനുവദിച്ചിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞപ്പോൾ ഈ തുകകൊണ്ട് ഒന്നും സാധിക്കുകയില്ലെന്ന നിലയിലുള്ള അംഗചലനം കാണിച്ച ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ അവസ്ഥ നമ്മൾ മനസ്സിലാക്കണം. ഇവിടെ ഒരു സ്റ്റേറ്റിന്റെ താൽപ്പര്യം കേന്ദ്ര ഗവൺമെന്റ് തകർക്കുമ്പോൾ അതിനെ എങ്ങനെ നേരിടും? കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. രാജവാഴ്ചയുടെ കാലത്ത് ഇവിടെ ആരംഭിച്ച് ഇന്ത്യയിൽ വിദ്യാഭ്യാസത്തിൽ ഏറ്റവും മുമ്പിൽ നിൽക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റിയതിൽ പ്രധാനപ്പെട്ട പങ്ക് കെ.എസ്.ആർ.ടി.സി. വഹിച്ചിട്ടുണ്ട്. ഒരുപക്ഷെ കർണ്ണാടകയുടെയും തമിഴ്നാട്ടിന്റെയും ആന്ധ്രയുടെയും തോതിൽ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ വികസിപ്പിക്കാൻ നമുക്ക് സാധിച്ചില്ലെങ്കിലും നമ്മൾ കെ.എസ്.ആർ.ടി.സി.-യെ മുന്നോട്ട് കൊണ്ടുപോയി. കേന്ദ്ര ഗവൺമെന്റ് അതിനെ തകർക്കുകയാണ്. പിടിച്ചുവാങ്ങാൻ നമുക്ക് സാധിക്കുമോ? മന്ത്രിമാർ അവിടെ പോയപ്പോൾ പഴയ രാജാക്കന്മാർ പറഞ്ഞതുപോലെ, നിങ്ങൾ എന്തിന് റൊട്ടി കഴിക്കുന്നു റൊട്ടിക്ക് പകരം കേക്ക് കഴിച്ചുകൂടേ എന്ന് പറയുന്ന രാജവാഴ്ചയല്ലേ ഇവരോട് പറഞ്ഞത്. കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ, നിലനിറുത്താൻ 1000

കോടി രൂപയുടെ പാക്കേജിന് സംസ്ഥാന ഗവൺമെന്റ് രൂപം നൽകണമായിരുന്നു. എന്തുകൊണ്ട് ധനകാര്യ മന്ത്രി അതിന് സന്നദ്ധമാകുന്നില്ല? സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായി, ഇന്ത്യയുടെ താൽപ്പര്യത്തിന് വിരുദ്ധമായി കുത്തകകൾക്കുമാത്രമായ നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുമ്പോൾ അതിന്റെ കൂടെ നിൽക്കാമോ? ഇപ്പോൾ ഇറാനെതിരായി അമേരിക്ക ഉപരോധമേർപ്പെടുത്താൻ പോകുകയാണ്. ഇന്ത്യാ ഗവൺമെന്റ് അത് അംഗീകരിക്കേണ്ടി വരും. ചില ആളുകളുടെ പേര് കേട്ടപ്പോൾ അതിനെതിരായി ശക്തമായി പ്രതിപക്ഷാംഗങ്ങളുടെ നേർക്ക് ആഞ്ഞടിച്ചവരേ, ഇറാനെതിരായി ഉപരോധം ഏർപ്പെടുത്താൻ അമേരിക്ക ആവശ്യപ്പെടുമ്പോൾ ഇന്ത്യ ഉപരോധത്തിന്റെ കൂടെ നിൽക്കും. അത് നമ്മുടെ നാട്ടിന്റെ താൽപ്പര്യത്തിന് ഗുണകരമല്ല. സമയമില്ലാത്തതുകൊണ്ട് ഞാൻ കൂടുതലായി അത്തരം കാര്യങ്ങളെ സംബന്ധിച്ച് പറയുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കണം. താങ്കളെ സംബന്ധിച്ച് ആര് എന്ത് പുകഴ്ത്തിയാലും താങ്കളുടെ മുമ്പിലുള്ള മുഖ്യകടമ കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കണമെന്നതാണ്. കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻകാരുടെ കുടുംബങ്ങൾക്ക് കഴിഞ്ഞ മാസം പെൻഷൻ കൊടുത്തിട്ടില്ല. അവരുടെ ജീവിതം തകരുന്ന ഒരു അവസ്ഥയാണ് നിലവിലുള്ളത്. എന്ത് തത്വം പറഞ്ഞിട്ടെന്താണ് കാര്യം? ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനം, അതിനെ തകർക്കുന്നു, അതിലെ ജീവനക്കാരെ സംരക്ഷിക്കുന്നില്ല. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ആരംഭിച്ച ഇന്ത്യയിലെ

പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ചയെ തകർക്കുന്ന രൂപത്തിലുള്ള, ഇന്ത്യയിലെ കുത്തകകളുടെ സമീപനത്തോട് യോജിക്കുന്ന ചില അഭിപ്രായ ങ്ങൾ ഒരുകാരണവശാലും വരരുത് എന്ന് വിചാരിച്ച കേന്ദ്രങ്ങളിൽ നിന്ന് കേട്ടപ്പോൾ സങ്കടം തോന്നി. ഏത് സ്ഥിതിവിശേഷം വന്നാലും ആ സ്ഥിതിവി ശേഷവുമായി പൊരുത്തപ്പെടുക. ക്വത്റോച്ചിയെ ഇന്ത്യയിലേക്ക് തിരിച്ചു കൊണ്ടുവരുവാൻ സാധിച്ചില്ല, എന്തുകൊണ്ട്; ആവേശമുള്ളവർ മറുപടി പറയണം. എന്തുകൊണ്ട് ബോഫോഴ്സ് ഇടപാടിലെ ഇടനിലക്കാരനായ ഇറ്റ ലിക്കാരൻ ക്വത്റോച്ചിയെ ഇന്ത്യയിലേക്ക് കൊണ്ടുവരാൻ സാധിച്ചില്ല? നമു ക്കാർക്കും വികാരമില്ലേ? ഇവിടെ പ്രധാനം ഒരു രാജ്യത്തിന്റെ താൽപ്പര്യ മാണ്. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് പതിനൊന്ന് ബഡ്ജറ്റ് തയ്യാറാക്കിയ താങ്കൾ എഴുതിയ ആ കാലഘട്ടമല്ല ഇപ്പോഴുള്ളത്. ഇവിടെ നമ്മുടെ നാട്ടിൽ സ്വർണ്ണത്തിനുമേൽ കേന്ദ്രത്തിന് എത്ര പണമാണ് ലഭിക്കുന്നത്? മൊബൈലും അതുപോലെയുള്ള ഐ.ടി. ഉപ കരണങ്ങളും ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന കേരളത്തിൽ അതിന്റെ എത്ര തോത് താങ്കൾക്ക് ലഭിച്ചു? സിമെന്റിന് വമ്പിച്ച വില വർദ്ധനവ് അതിന് എത്ര കോടി ലഭിച്ചു? ഇത് അനുവദിക്കാൻ കേന്ദ്ര ഗവൺമെന്റ് സന്നദ്ധമായോ?

താങ്കൾ വ്യക്തമാക്കണം. കോടിക്കണക്കിന് രൂപ വിദേശത്ത് ജോലി യെടുക്കുന്ന നമ്മുടെ നാട്ടിലെ ആളുകൾ ഇന്ത്യൻ ബാങ്കിൽ നിക്ഷേപിക്കു ന്നു. നമ്മുടെ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നു. ഇതിന്റെ എത്ര ശത

മാനം കേരളത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ സാധിക്കുന്നു. നേരെ മറിച്ച് ഇന്ത്യാ ഗവൺമെന്റും അതിനെ നിയന്ത്രിക്കുന്നവരും ഇന്ത്യയിലെ വൻകിട കുത്തകകൾക്ക് ഇന്ത്യയ്ക്ക് പുറത്ത് നിക്ഷേപിക്കാൻ വഴിയൊരുക്കുന്നു. നമ്മൾ അവിടെ നിസ്സഹായരാണ്. അതുകൊണ്ട് കേരളത്തെ രക്ഷിക്കണം. ഓരോ സംസ്ഥാനവും അതിന്റെ താത്പര്യങ്ങൾ നേടിയെടുക്കുമോ. കേന്ദ്ര ഗവൺമെന്റിന്റെ കുത്തക വിരുദ്ധ നയങ്ങൾക്കെതിരായി അവരെ സംരക്ഷിക്കുന്ന നയത്തിനെതിരായി അവരുടെ പ്രൊട്ടക്ടറായ അമേരിക്കയുടെ കുത്തക നയങ്ങൾക്കെതിരായി നിലനിൽക്കാൻ സാധിക്കുന്ന സംസ്ഥാനങ്ങൾക്ക് മാത്രമേ അഭിമാനത്തോടുകൂടി ജീവിക്കാൻ സാധിക്കൂ. താങ്കൾ ഒരു സംസ്ഥാനത്തിന്റെ കൃഷിക്കാരന്റെ താത്പര്യങ്ങളെ സംബന്ധിച്ച് പറഞ്ഞ ആളാണ്. ആ കൃഷിക്കാരന്റെ താത്പര്യങ്ങൾ സംരക്ഷിക്കണമെങ്കിൽ നമ്മുടെ നാട്ടിലെ നദികൾ സംരക്ഷിക്കണം. ആ നദികൾ സംരക്ഷിക്കാൻ ആവശ്യമായ രൂപത്തിലുള്ള ഫണ്ട് ഉണ്ടാക്കിയോ? കേരളത്തെ സമ്പന്നമാക്കിയത് ഇവിടുത്തെ കാർഷിക മേഖലയാണ്. കുരുമുളക് വള്ളികൾ ഉണങ്ങി നിൽക്കുന്നത് നമ്മൾ ഇന്ന് ചാനലുകളിൽ കാണുന്നു. ഏതെല്ലാം തരത്തിൽ കാർഷിക മേഖല വിദേശമൂലധനം ഉണ്ടാക്കിയോ ആ കാർഷികമേഖല മുഴുവൻ തകരുന്നു. ഒരു കർഷക സ്നേഹി എന്ന നിലയിൽ കേരളത്തിലെ വരണ്ടുകൊണ്ടിരിക്കുന്ന നദികളെ സംരക്ഷിക്കാൻ എന്ത് നടപടി സ്വീകരിച്ചു? പ്ലാനിംഗ് കമ്മീഷൻ പത്ത് വർഷം മുമ്പ് പറഞ്ഞു ഇന്ത്യാ രാജ്യത്ത് ഏറ്റവും മോശമായ കുടിവെള്ളമുള്ള സ്റ്റേറ്റ് കേരളമാണ്, എന്ത് ചെയ്യാൻ

സാധിക്കുമെന്ന്. നമ്മുടെ മുൻപിലുള്ള പ്രധാന ചോദ്യങ്ങൾ ഇതാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ വരുമാനം ഉണ്ടാക്കുന്ന മേഖലയാക്കാൻ മെഡിക്കൽ ടൂറിസത്തിനെ സഹായിക്കണം അതെങ്ങനെ സാധിക്കും. കേരളത്തിന് ആവശ്യമായ ആയുർവേദ ഔഷധങ്ങൾ വച്ചു പിടിപ്പിക്കാൻ, കേരളത്തിലെ മെഡിക്കൽ ടൂറിസം അന്വേഷിച്ചു വരുന്നവരെ ഇവിടേക്ക് വരുത്താൻ തക്കവിധത്തിൽ ആയുർവേദ ടൂറിസത്തെ പ്രോത്സാഹിപ്പിക്കാൻ താങ്കൾക്ക് എന്തു ചെയ്യാൻ സാധിക്കും. താങ്കൾ പെൻഷൻ വർദ്ധിപ്പിച്ച കൂട്ടത്തിൽ പാവപ്പെട്ട സിഗാർ, ചുരുട്ടു തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിച്ചതായി കണ്ടില്ല. അവരുടെ പെൻഷൻ വർദ്ധിപ്പിക്കണം. പെൻഷനായ അംഗനവാടി ജീവനക്കാരുടെ പെൻഷൻ വർദ്ധിപ്പിക്കണം. ചെറുകിട കച്ചവടക്കാരെ സംബന്ധിച്ച് പറയുമ്പോൾ അവരുടെ ഒരു വക്താവായി ശ്രീ. പി. സി. ജോർജ്, താങ്കൾ വരുന്നുവെന്ന് പറയുമ്പോൾ സന്തോഷിക്കുന്നു. ആ നിലപാട് സ്വീകരിക്കുമെങ്കിൽ കേരളവും ഒന്ന് രണ്ട് സംസ്ഥാനങ്ങളുമൊഴിച്ച് ഇന്ത്യാ ഗവൺമെന്റ് വൻകിട ലോക മുതലാളിത്തത്തിന് ഇന്ത്യയിലെ ചെറുകിട വ്യവസായം കൈയടക്കാൻ അനുവാദം കൊടുത്തതിന് എതിരായി കേരളത്തിലെ ചെറുകിട കച്ചവടക്കാരെ സംരക്ഷിക്കാൻ എങ്ങനെ സാധിക്കുമെന്ന് താങ്കൾ പരിശോധിക്കണം. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായും എതിർക്കുകയാണ്. അടിസ്ഥാനവർഗ്ഗത്തെ മറന്ന് സമ്പന്നവർഗ്ഗത്തിന് ആലവട്ടവും വെഞ്ചാമരവും വീശുന്ന മാണി സാറിന്റെ ഈ ബഡ്ജറ്റിനെ

ഞാൻ പൂർണ്ണമായും എതിർക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ സാമ്പത്തിക നയങ്ങൾ വരുത്തി വയ്ക്കുന്ന കെടുതികളിൽ നിന്നും കേരളത്തെ മോചിപ്പിക്കാൻ ഈ ബഡ്ജറ്റിൽ യാതൊന്നും ഇല്ല. കേരളത്തിന്റെ കാർഷിക വളർച്ച നടക്കണമെന്നുണ്ടെങ്കിൽ മൊത്തം 200 കോടി രൂപ വേണം. കാർഷിക വളർച്ചയ്ക്ക് ഈ ബഡ്ജറ്റിൽ ആകെ 30 കോടി രൂപ മാത്രമാണ് മാറ്റി വച്ചിട്ടുള്ളത്. 170 കോടി രൂപ കൂടി ഉണ്ടെങ്കിൽ മാത്രമേ പൊതുവായി കാർഷിക മേഖലയ്ക്ക് വളർച്ച കൈവരിക്കാൻ കഴിയൂ. ഈ ഗവൺമെന്റ് യുവജനങ്ങളെയാകെ വഞ്ചിച്ചിരിക്കുകയാണ്. യുവജന ക്ഷേമ കാര്യങ്ങൾ നടപ്പാക്കാൻ 2012-13 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. അന്ന് ഞങ്ങളെല്ലാം തൊട്ടപ്പുറത്തെ ശ്രീ. പി. സി. വിഷ്ണുനാഥടക്കമുള്ളവർ പ്രസംഗത്തിൽ പറഞ്ഞപ്പോൾ തൊട്ടടുത്ത സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ കേരളത്തിലെ യുവ സമൂഹത്തെ രക്ഷിക്കാൻ എന്തെങ്കിലും ചെയ്യുമെന്ന് പറഞ്ഞു. മാണി സാർ ആടിയും ഉലഞ്ഞും, ഇരുന്നും കിടന്നും കമിഴ്ന്നു കിടന്നും അവതരിപ്പിച്ച ഈ ബഡ്ജറ്റ് യുവജനങ്ങളുടെ കാര്യം ആകെ മറന്നുപോയി. കേരളത്തിലെ യുവാക്കളെ വഞ്ചിക്കുകയാണ്. 48 ലക്ഷം തൊഴിലില്ലാത്ത ചെറുപ്പക്കാർ നിൽക്കുമ്പോൾ ബിരുദാനന്തര ബിരുദം എടുത്ത് പി.എസ്.സി ലിസ്റ്റിൽ കടന്നു കൂടിയിട്ടുള്ളവർ കേരളത്തിന്റെ ഇതര മേഖലകളിൽ നിൽക്കുമ്പോൾ ആ ചെറുപ്പക്കാരെ മറന്നുകൊണ്ട് പെൻഷൻ പ്രായം 60 വയസ്സാക്കിയത് ശരിയായ രീതിയിലാണോ? അത് വന്നപ്പോൾ യൂത്ത് കോൺഗ്രസ്സുകാർ ആരും മിണ്ടിയില്ല.

കേരളത്തെ കേന്ദ്രം മറന്നതുപോലെ കൊല്ലം ജില്ലയെ മാണി സാർ മറന്നു. കൊല്ലം ജില്ലയിൽ ഒരു നയാപൈസയുടെ വികസനം നടത്താൻ ഈ ബഡ്ജറ്റിൽ ഒന്നുമില്ല...... ശാസ്താംകോട്ടയുടെ കാര്യം മാത്രമല്ല, കേരളത്തിലൊന്നുമില്ല. സാറിന്റെ പതിനൊന്നാമത്തെ ബഡ്ജറ്റാണ് സാർ വായിച്ചതെങ്കിൽ ഇപ്പോൾ പന്ത്രണ്ടാമത്തെ ബഡ്ജറ്റ് ശ്രീ. പി. സി. ജോർജിനെക്കൊണ്ട് വായിപ്പിച്ചല്ലോ. ശ്രീ. പി.സി. ജോർജിന്റെ പ്രസംഗം കാണുമ്പോൾ ആ രീതിയിലാണ് മനസിലാകുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം കേരളത്തിന്റെ ആകെ കടം 93,132 കോടി രൂപയാണ്. പാവങ്ങൾക്കു വേണ്ടി പണക്കാരിൽ നിന്ന് പണം കണ്ടെത്തുമെന്നാണ് അങ്ങ് ബഡ്ജറ്റിൽ പറഞ്ഞത്. എങ്ങനെയാണ് കണ്ടെത്തുന്നത്? പാവങ്ങളിൽ നിന്ന് പരോക്ഷമായി പണം സമാഹരിച്ച് കോർപ്പറേറ്റുകളെ പണക്കാരാക്കാൻ സഹായിക്കുന്ന പുതിയ ബഡ്ജറ്റായി സാർ ഈ ബഡ്ജറ്റിനെ മാറ്റി. അതിൽ കേന്ദ്രത്തിലെ ശ്രീ. ചിദംബരം എന്ന വല്യേട്ടനെക്കാൾ ഒരു കുഞ്ഞനുജനാണ് മാണി സാർ. ആ രീതിയിലുള്ള നയങ്ങളാണ് അങ്ങ് തുടരുന്നത്. കേരളത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് 579 കോടി രൂപ നീക്കി വച്ചു. കൊല്ലം ജില്ലയിലെ വ്യവസായ സ്ഥാപനങ്ങൾ ഒന്നൊന്നായി അടച്ചുപൂട്ടാൻ പോവുകയാണ്. കൊല്ലത്തെ പാർവ്വതി മിൽ, ചാത്തന്നൂരിലെ സ്പിന്നിംഗ് മിൽ, കുണ്ടറയിലെ സിറാമിക്സ്, കുണ്ടറയിലെ അലിന്റ്, ചവറയിലെ പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ. അടക്കം ഇന്ന് ശ്വാസം വലിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടു വന്ന..........

കൊല്ലത്തെ പ്രധാന മീറ്റർ കമ്പനി, കേരളത്തിനാവശ്യമായ ഏറ്റവും നല്ല മീറ്റർ ഉത്പാദിപ്പിക്കുന്ന മീറ്റർ കമ്പനി അടച്ചു പൂട്ടാൻ പോവുകയാണ്. പിന്നെ എവിടെയാണ് അങ്ങ് 579 കോടി രൂപ ഇവിടെ പ്രഖ്യാപിച്ചത്. കൊല്ലത്തിന് വേണ്ടി എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ഐ.റ്റി മേഖലയിൽ 6 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് കഴിഞ്ഞ പ്രാവശ്യവും പറഞ്ഞതാണ്. ഇതിന് വേണ്ടി 1000 ഏക്കർ ഭൂമിയുടെ പശ്ചാത്തല സൗകര്യമൊരുക്കി കൊടുക്കുമെന്ന് പറഞ്ഞു. ഇത്തവണയും അങ്ങ് അത് വീണ്ടും വായിച്ചു. ഇന്നുവരെ ഒരു പ്രവർത്തനവും നടത്താൻ കഴിഞ്ഞിട്ടില്ല. അങ്ങ് കഴിഞ്ഞ ബഡ്ജറ്റിൽ മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുന്നതിന് വേണ്ടി 50 കോടി രൂപ മാറ്റി വച്ചു. അത് എവിടെ പോയി? അവിടെ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായി ചേർന്ന് ഒരന്വേഷണം നടത്തി. അതിന്റെ പ്രാഥമിക പ്രവർത്തനം നടത്താൻ അങ്ങ് തയ്യാറാകുമോ? അത് വീണ്ടും ആവർത്തിക്കപ്പെടുകയാണ്. അപ്പോൾ ആവർത്തിക്കപ്പെടുന്ന ഒരു ബഡ്ജറ്റായി ഇത് മാറിയിരിക്കുന്നു.

വിഴിഞ്ഞം പദ്ധതിക്ക് കഴിഞ്ഞ ബഡ്ജറ്റിൽ 224 കോടി രൂപ മാറ്റിയിരുത്തിയതാണ്. പക്ഷേ ഒന്നും കണ്ടില്ല. ഒരു നയാപൈസയുടെ പ്രവർത്തനം കണ്ടില്ല. കുറേ സാധനങ്ങൾക്ക് വില കുറയുമെന്ന് അങ്ങ് പ്രഖ്യാപനം നടത്തി. ഏത് സാധനങ്ങൾക്കാണ് വില കുറയുന്നത്? ആ സാധനമെന്നു പറയുന്നത് പൊടിയരി, അവിൽ, മലർ, പൊരി, ഹൗസ് ബോട്ടിലെ ഭക്ഷണം. ഞാൻ ചോദിക്കട്ടെ, കേരളത്തിലെ ജനങ്ങളെല്ലാം പൊടിയരിക്കഞ്ഞിയാണോ

ദിവസവും കുടിക്കുന്നത്? പൊടിയരിക്കഞ്ഞി കുടിച്ചാൽ കേരളത്തിലെ ജനങ്ങൾക്ക് ജീവിക്കാൻ കഴിയുമോ? എത്ര പേരാണ് കേരളത്തിൽ ഹൗസ് ബോട്ടിലെ ഭക്ഷണം കഴിക്കുന്നത്? അപ്പോൾ ഇത്തരത്തിലുള്ള സാധന ങ്ങൾക്കെല്ലാം വില കുറയുകയും സാധാരണക്കാരന്റെ നിത്യോപയോഗ സാധനങ്ങളായിട്ടുള്ള അരി, മണ്ണെണ്ണ, ഗോതമ്പ്, ചെരുപ്പ്, പേസ്റ്റ്, പഞ്ചസാര ഇതിനെല്ലാം വില കുത്തനെ കൂട്ടി. അപ്പോൾ അങ്ങ് മാജിക് വിദ്യയാണ് കേര ളത്തിലെ 140 എം.എൽ.എ. മാരുടെ മേൽ കാണിച്ചിരിക്കുന്നത്. അതു കൊണ്ട്....

ശ്രീ. സാജുപോൾ: സർ, ഐ.ടി. മേഖലയിൽ മുന്നേറ്റമുണ്ടായില്ല എന്നു പറയുന്നത് ശരിയല്ല. ഇൻഫർമേഷൻ ടെക്നോളജിയല്ല ഉദ്ദേശിച്ചിട്ടുള്ളത്, മന്ത്രിമാർ ഉൾപ്പെടെയുള്ളവർ ******** ******** + വൻമുന്നേറ്റം നടത്തി ക്കൊണ്ടിരിക്കുകയാണ്. അത് ശ്രീ. കോവൂർ കുഞ്ഞുമോൻ കാണാത്ത തെന്താ?

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ശരിയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ശ്രീ. സാജുപോൾ നിരന്തരമായി സഭയിൽ നിരുത്തരവാദപരമായി ഇത്തരം പ്രസ്താവനകൾ നടത്തുകയാണ്. ഇവിടെ ഏത് മന്ത്രിയാണ് ഇത്തരത്തിലുള്ള പരാമർശത്തിന് വിധേയമാകുന്ന കാര്യങ്ങൾ ചെയ്തത്? ഉത്തരവാദിത്തപ്പെട്ട മന്ത്രിമാരെക്കുറിച്ച് പറയുന്ന രാഷ്ട്രീയപാർട്ടി നേതാക്കന്മാർ സഭയുടെ അന്തസ്സ് കളയരുതെന്ന് സ്പീക്ക

---

+ എക്സ്പഞ്ച്

റുടെ റൂളിംഗ് വേണം. ഇവിടെ പ്രസംഗിച്ചവരെല്ലാം അന്തസ്സിനെക്കുറിച്ച് പറഞ്ഞല്ലോ? എന്നിട്ട് ഇങ്ങനെ അന്തസ്സില്ലാതെ സംസാരിക്കുന്നത് ശരി യാണോ? അത് ഇപ്പോൾ തന്നെ നീക്കം ചെയ്യണം. ഒരു മിനിട്ട് കടക്കരുത്.

<u>മി. ചെയർമാൻ</u>: അത് പരിശോധിച്ച് നടപടി സ്വീകരിക്കാം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, എന്റെ സമയമാണ് പോകുന്നത്. കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കടുത്ത അവഗണനയാണ് ഇപ്പോഴും കാണിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ മാണി സാർ കൊല്ലത്തെ മറന്നതു പോലെ തന്നെ ശ്രീ. പി. ചിദംബരം വിഴിഞ്ഞത്തെ കണ്ടില്ല, തൂത്തു ക്കുടി കണ്ടു. കക്ഷിക്ക് വിഴിഞ്ഞം കാണാൻ കഴിയുന്നില്ല. അതുപോലെ മാണി സാർ മീനച്ചലാർ, അഷ്ടിമുടിക്കായൽ, മറ്റു കായലുകളെല്ലാം കണ്ടു. പക്ഷേ ശാസ്താംകോട്ട കായലിനെ അങ്ങ് കണ്ടില്ലേ. ഈ ശാസ്താംകോട്ട ശുദ്ധജലതടാകത്തിൽനിന്നും വെള്ളം കൊല്ലം ജില്ലയുടെ ഇതരമേഖലകളിൽ പോകുകയാണ്. ശാസ്താംകോട്ട തടാകം വറ്റിവരണ്ട് നമുക്ക് നഷ്ടപ്പെട്ടു പോകുകയാണ്. അങ്ങ് ഈ ബഡ്ജറ്റിൽ, സർ അത് കുറിച്ചെടുക്കണമെ ന്നാണ് ഞാൻ പറയുന്നത്. ശാസ്താംകോട്ട തടാകം പ്രൊട്ടക്ട് ചെയ്യുന്ന തിനുവേണ്ടി എന്റെയും ശ്രീ. പി. സി. വിഷ്ണുനാഥിന്റെയും സ്ഥലഭാഗ ത്തുള്ള തടാകമാണ്. അദ്ദേഹത്തിന് കൂടി താല്പര്യമുണ്ട്. ഇന്ന് അദ്ദേഹ ത്തിന്റെ പ്രസംഗത്തിൽ അത് സൂചിപ്പിച്ചുകാണുമെന്ന് ഞാൻ വിശ്വസിക്കുക യാണ്. ശാസ്താംകോട്ട തടാകം പ്രൊട്ടക്ട് ചെയ്യുന്നതിനു വേണ്ടി ബഡ്ജ റ്റിൽ പ്രത്യേകം തുക വകയിരുത്തണം. ഉദ്യോഗസ്ഥന്മാർ കണ്ടെത്തുന്നത്

ശാസ്താംകോട്ട തടാകം വറ്റുന്നതുകൊണ്ട് തെന്മല ഡാമിൽ നിന്നും വെള്ളം കനാൽ വഴി ശാസ്താംകോട്ട തടാകത്തിലെത്തിക്കുമെന്നാണ് പറയുന്നത്. അശാസ്ത്രീയമായ കാഴ്ചപ്പാടാണ് ഉദ്യോഗസ്ഥന്മാർക്കുള്ളത്. തെന്മല ഡാമിൽ നിന്ന് കനാൽ വഴി ശാസ്താംകോട്ട കായലിലേയ്ക്ക് വെള്ളമെത്തിച്ചാൽ കനാലിൽ നിന്നു വരുന്ന ആദ്യവെള്ളം എക്കലും പൊടിയും അവശിഷ്ടങ്ങളുമെല്ലാം കുന്നുകൂടിക്കിടക്കും. പ്യൂരിഫൈ ചെയ്യുമെന്നാണ് ഇപ്പോൾ ഉദ്യോഗസ്ഥന്മാർ പറയുന്നത്. എത്ര ദിവസം പ്യൂരിഫൈ ചെയ്യാൻ കഴിയും? ഒരു കാരണവശാലും പ്യൂരിഫൈ ചെയ്യാൻ കഴിയില്ല. അതുകൊണ്ട് എനിക്ക് നിയമസഭയോട് പറയാനുള്ളത് കനാൽ വഴി ശാസ്താംകോട്ടയിൽ വെള്ളം എത്തിക്കുന്ന ആ പഠനരീതിയും പ്രവർത്തനവും ഉപേക്ഷിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്. മറ്റ് പ്രവർത്തനങ്ങളൊന്നും അവിടെ ഇപ്പോൾ നടക്കുന്നില്ല. ആസ്തി വികസന ഫണ്ട് അഞ്ചു കോടി രൂപയാണ്, അത് പത്ത് കോടി രൂപയാക്കണം. കാരണം കൊല്ലം ജില്ലയിലെ പത്തും പതിനൊന്നും പഞ്ചായത്തുകളുള്ള വലിയ മണ്ഡലത്തിൽ അഞ്ചു കോടി രൂപ എങ്ങനെ ഉപയോഗിക്കുവാൻ കഴിയും. അത് വർദ്ധിപ്പിക്കണം. കേരളത്തിന്റെ പ്രിയപ്പെട്ട കവി ഡി. വിനയചന്ദ്രൻ, അദ്ദേഹം എന്റെ നാട്ടുകാരനായിരുന്നു. കേരളത്തിലെ അറിയപ്പെടുന്ന ഡി. വിനയചന്ദ്രന്റെ കുടുംബക്കാരെല്ലാം പറഞ്ഞത് അദ്ദേഹത്തിന് കുറച്ചു ഭൂമിയുണ്ട്, ആ ഭൂമി സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടി ഗവൺമെന്റിന് സമർപ്പിക്കാമെന്നാണ്. അതുകൊണ്ട് മാണി സാർ ഡി. വിനയചന്ദ്രന്റെ സ്മാരകം നിർമ്മിക്കുന്നതിനു

വേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്. സൂര്യനെ മറയാക്കി അങ്ങ് സൗരോർജ്ജം ഉല്പാദിപ്പിക്കുമെന്ന് പറഞ്ഞു. രണ്ടു ദിവസം സൂര്യനെ കണ്ടില്ലെങ്കിൽ മാണി സാർ എന്ത് ചെയ്യും? എങ്ങനെ സൗരോർജ്ജം ഉല്പാദിപ്പിക്കാൻ കഴിയും? അന്ധകാരത്തിലേയ്ക്കാണ്ടു പോകുന്ന കേരളീയ സമൂഹത്തെ നോക്കി മാണി സാർ പറയും ഞാനിതാ സൗരോർജ്ജം നിർമ്മിക്കുന്നു, സൂര്യനെ നോക്കി. എന്നു പറഞ്ഞാൽ ആരെയാണ് കബളിപ്പിക്കുന്നത്. കേരളത്തിലെ മുഴുവൻ ജനങ്ങളെയും അങ്ങ് കബളിപ്പിക്കുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് ആക്കം വർദ്ധിപ്പിക്കുന്ന ഭാരതത്തിലെ പ്രവാസികൾ ആ പ്രവാസികളാണ് രാജ്യത്തിന്റെ സമ്പദ്ഘടനയ്ക്ക് ആക്കം വർദ്ധിപ്പിക്കുന്നത്. എന്തെങ്കിലുമുണ്ടോ ഈ ബഡ്ജറ്റിൽ? നയാ പൈസയില്ല. അതുകൊണ്ട് എന്തെങ്കിലും ചെയ്യണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. കെ.എസ്. ആർ.ടി.സി. ആകെ തകർന്നു തരിപ്പണമാകുകയാണ്. കഴിഞ്ഞ വർഷം 125 കോടി രൂപയാണ് മാറ്റി വച്ചത്. ഇപ്പോൾ 100 കോടി രൂപ എങ്ങനെ മുന്നോട്ടു പോകാൻ കഴിയും. ഇത് കെ.എം. മാണി എന്നുള്ളത്, കോട്ടയം-മലപ്പുറം മാണിയായി മാറി. കോട്ടയത്തിനും മലപ്പുറത്തിനുമല്ലാതെ ഞങ്ങൾക്ക് വല്ലതുമുണ്ടോ? അതുകൊണ്ട് കെ.എം. മാണി സാറിന്റെ പേര് കോട്ടയം-മലപ്പുറം മാണി സാർ എന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇവിടെ പലരും വാചക കസർത്ത് നടത്തുന്നു, ഞാൻ ഇങ്ങനെയൊക്കെ പറഞ്ഞാൽ എന്നെ ഒന്നും ചെയ്യില്ല എന്നൊക്കെ പറഞ്ഞ് രണ്ടുദിവസമായി

ഒന്നും മിണ്ടാതെ അക്ഷമനായി കാത്തു നിന്ന് ഇവിടെ വന്ന് ബഞ്ചിലിരിക്കുന്ന പ്രിയപ്പെട്ട പി.സി. ജോർജ് ഇന്ന് വർത്തമാനം പറയാൻ തുടങ്ങി. വെടിവഴി പാട് നടത്തിയതുകൊണ്ടും മണ്ണാറശ്ശാലയിൽ പോയി മഞ്ഞൾപൊടിയിൽ തുലാഭാരം നടത്തിയതുകൊണ്ടും ഈ ഗവൺമെന്റ് നന്നാകുമോ? ഈ ഗവൺമെന്റ് നന്നാകില്ല. അദ്ദേഹം കേരളത്തിലെ പ്രഗല്ഭന്മാരായിട്ടുള്ള രാഷ്ട്രീയ നേതാക്കന്മാരെയെല്ലാം അടച്ചാക്ഷേപിക്കുകയാണ്. ഇദ്ദേഹത്തിന് ആരുകൊടുത്തു ഈ അധികാരം? ടി. വി. തോമസ്, എം.എൻ. ഗോവിന്ദൻ നായർ, ഇ.എം.എസ്., എ.കെ.ജി., അച്ചുതമേനോൻ, ടി. കെ. ദിവാകരൻ, ശ്രീകണ്ഠൻനായർ, ബേബി ജോൺ, ആർ.ശങ്കർ, സി.എച്ച്. മുഹമ്മദ് കോയ, സി.എൻ. സ്റ്റീഫൻ ഇവരൊക്കെയടങ്ങുന്ന ആ നല്ല നാളുകൾ അവർ ഈ നാടിനുവേണ്ടി ഈ പ്രദേശത്തിനുവേണ്ടിയാണ് ജീവിച്ചിരുന്നതെങ്കിൽ ഈ നാടിനെ കൂട്ടിയോജിപ്പിച്ചുകൊണ്ടുപോകാൻ അവർ കരുത്തു പകർന്നിരുന്നു. ആ നേതാക്കന്മാരെയാണ് പി.സി. ജോർജ് ******** *******[1] അടച്ചാക്ഷേപിക്കുന്നത്. ****** ********* ********** ************** **********[2] പി.സി. ജോർജിനെ തൽസ്ഥാനത്തു നിന്നു പുറത്താക്കണമെന്ന് ഞാൻ ഈ പ്രസംഗത്തിലൂടെ ആവശ്യപ്പെടുന്നു. ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുന്നു.

---

[1] പാർലമെന്ററി അല്ലാത്ത പദങ്ങൾ

[2]

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. മാണി സാറിന്റെ 11-ാമത്തെ ബഡ്ജറ്റാണിത്. 1976-ലാണ് അദ്ദേഹം ആദ്യത്തെ ബഡ്ജറ്റ് അവതരിപ്പിച്ചത്. ഈ രണ്ടു ബഡ്ജറ്റുകളെയും ഞാൻ ഒരു വിശകലനത്തിന് വിധേയമാക്കുകയുണ്ടായി. 1980-ൽ അദ്ദേഹം അവതരിപ്പിച്ച ബഡ്ജറ്റും 2013-ൽ അവതരിപ്പിച്ച ബഡ്ജറ്റും കണ്ണോടിച്ചാൽ രണ്ടു സമീപനങ്ങൾ അവയിൽ കാണാൻ കഴിയും. 1980-ൽ മാണി സാർ അവതരിപ്പിച്ച ബഡ്ജറ്റിലെ ഓരോ വാക്കിലും വാചകത്തിലും ആത്മവിശ്വാസവും സാമൂഹ്യ പ്രതിബദ്ധതയും നിറഞ്ഞുനിന്നിരുന്നു. ദൗർഭാഗ്യവശാൽ 2013-ൽ അദ്ദേഹം അവതരിപ്പിച്ച ബഡ്ജറ്റിലെ വാക്കുകൾക്കും വാചകങ്ങൾക്കും ജീവനില്ലെന്നു മാത്രമല്ല പാവപ്പെട്ടവരോടും സാധാരണക്കാരോടും എന്നതിനേക്കാൾ ധനാഢ്യന്മാരോടും കുബേരന്മാരോടുമാണ് ആഭിമുഖ്യം. ഇതിനെ മാണി സാറിന്റെ കുഴപ്പമായിട്ടല്ല ഞാൻ കാണുന്നത്. 1980-ലും 2013-ലും മാണി സാർ നിന്ന പ്ലാറ്റ്ഫോമുകളുടെ നയങ്ങളിലും സമീപനങ്ങളിലുമുള്ള വ്യത്യാസങ്ങളുടെ കുഴപ്പമായേ ഞാൻ കാണുന്നുള്ളൂ. സാഹചര്യങ്ങൾ മാണി സാറിനെ തിരിച്ചറിയാകാനാകാത്ത വിധം മാറ്റി എന്നു പറയേണ്ടി വന്നതിൽ എനിക്ക് ദു:ഖമുണ്ട്. മാണി സാറിന്റെ ഈ അവസ്ഥ കാണുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് ലോകപ്രശസ്തനായ Bonney Shampel-ന്റെ പ്രസിദ്ധമായ The fall of Judas Iscariot എന്ന കഥയാണ്. റോമിലെ ഒരു ചർച്ചിന്റെ ചുവരിൽ യേശുക്രിസ്തുവിന്റെ ജീവിതം വരച്ചു പ്രതിഫലിപ്പിക്കാൻ ഒരു ചുമർചിത്രകാരനെ

പറഞ്ഞേല്പിക്കുകയുണ്ടായി. ഉണ്ണിയേശുവിന്റെ ചിത്രം വരയ്ക്കാൻ കരുണാർദ്രവും നിഷ്ക്കളങ്കവുമായ മുഖമുള്ള ഒരു കുട്ടിയെത്തേടി ചിത്രകാരൻ നടന്നു. അന്വേഷണത്തിനൊടുവിൽ ഒരു കുട്ടിയെ കണ്ടെത്തി. ആ കുട്ടിയുടെ മുഖം വരച്ചുകൊണ്ട് ചുമർചിത്രം ആരംഭിച്ചു. വർഷങ്ങൾ കടന്നുപോയി. യേശുവിന്റെ ജീവിതം മുഴുവൻ ചുമരിൽ ചിത്രകാരൻ വരച്ചുതീർത്തു. എന്നാൽ അത് പൂർത്തിയാക്കി ജനങ്ങൾക്ക് സമർപ്പിക്കണമെങ്കിൽ യൂദാസിന്റെ മുഖവും കൂടി വരയ്ക്കണം. അതിനനുയോജ്യനായ മുഖഭാവത്തോടെയുള്ള ഒരാളെത്തേടി ചിത്രകാരൻ ഒരുപാട് അലഞ്ഞു. അവസാനം ഒരു ചെറുപ്പക്കാരനിൽ യൂദാസിന്റെ മുഖം അയാൾ കണ്ടെത്തി. അദ്ദേഹത്തെ വിളിച്ചുകൊണ്ടുവന്ന് മുന്നിലിരുത്തി യൂദാസിന്റെ മുഖവും വരച്ച് ചിത്രം പൂർത്തിയാക്കി. ചിത്രകാരൻ വരച്ചതിന്റെ മുഖത്തേയ്ക്ക് ഒരു നിമിഷമേ ആ ചെറുപ്പക്കാരന് നോക്കാൻ കഴിഞ്ഞുള്ളൂ. ചെറുപ്പക്കാരൻ പൊട്ടിപ്പൊട്ടിക്കരയാൻ തുടങ്ങി. എന്താണ് കരയുന്നതെന്ന് അയാളോട് ചോദിച്ചപ്പോൾ ഉണ്ണിയേശുവിന്റെ മുഖം വരയ്ക്കാൻ വന്നിരുന്ന അതേ കുട്ടിയാണ് താൻ എന്ന് ആ ചെറുപ്പക്കാരൻ വെളിപ്പെടുത്തി. 1980-ൽ ബഡ്ജറ്റ് അവതരിപ്പിച്ച മാണി സാർ 2013-ലെ ബഡ്ജറ്റ് അവതരിപ്പിച്ച് ഉള്ളിൽ തേങ്ങുന്നത് അപ്പുറത്തിരിക്കുന്നവർക്ക് കേൾക്കാൻ കഴിയുന്നില്ലെങ്കിലും ഇപ്പുറത്തുള്ള ഞങ്ങൾക്ക് കാണാൻ കഴിയുന്നുണ്ട്. ഒരു ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ പ്രഖ്യാപിച്ച പദ്ധതികൾ അടുത്ത ബഡ്ജറ്റ് അവതരിപ്പിക്കുന്ന കാലയളവിൽ എത്ര കണ്ടു മുന്നോട്ടുപോയി എന്ന് വിമർശനബുദ്ധ്യാ ഒരു ഖണ്ഡികയിലെ

ങ്കിലും പുതിയ ബഡ്ജറ്റിൽ വിലയിരുത്തേണ്ടത് ആവശ്യമാണ്. 1980-ൽ മാണി സാർ അവതരിപ്പിച്ച ബഡ്ജറ്റിലെ 109-ാം നമ്പർ ഖണ്ഡികയിൽ അങ്ങ് പറഞ്ഞത് വളരെ പ്രസക്തമായിരുന്നു. അങ്ങയുടെ വാക്കുകൾ തന്നെ ഞാൻ ഉദ്ധരിക്കട്ടെ, വികസനത്തിനും ജനജീവിതസുരക്ഷിതത്വത്തിനും പര്യാപ്ത മായ പരിപാടികൾ ആവിഷ്ക്കരിച്ച് പ്രഖ്യാപിച്ചതുകൊണ്ടു മാത്രം പ്രയോജന മില്ല. സമയബന്ധിതാടിസ്ഥാനത്തിൽ അവ പ്രവർത്തിപഥത്തിലെത്തിക്കാൻ നമുക്ക് കഴിയണം. അങ്ങയുടെ വാക്കുകൾ അർത്ഥവത്താണ്. പക്ഷേ അത് പ്രയോഗവൽക്കരിക്കുവാൻ അങ്ങേയ്ക്ക് 2012-13 സാമ്പത്തികവർഷത്തിൽ അങ്ങ് അവതരിപ്പിച്ച ബഡ്ജറ്റിനെയും 2013-ൽ അവതരിപ്പിച്ച ബഡ്ജറ്റിനെയും താരതമ്യം ചെയ്ത് പറയാൻ സാധിക്കും.

ശ്രീ. കെ. എം. മാണി സാർ 2012-2013-ൽ അവതരിപ്പിച്ച ബഡ്ജറ്റിലെ പദ്ധതികളിൽ മഹാഭൂരിഭാഗവും നിർവ്വഹണത്തിന്റെ സ്റ്റാർട്ടിംഗ് പോയിന്റിൽ പോലും എത്തിയിട്ടില്ല. ഈ സർക്കാരിന്റെ ആദ്യത്തെ ബഡ്ജറ്റാണ് അങ്ങ് അവതരിപ്പിച്ചത്. ഇന്നലത്തെ ചർച്ചയിൽ ബഹുമാന്യനായ അംഗം എളമരം കരീം അത് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. 2012-13-ൽ അവതരിപ്പിച്ച ബഡ്ജറ്റിൽ സംസ്ഥാനത്തെ പ്രഥമ ആയുർവേദ സർവ്വകലാശാല കോട്ടയ്ക്ക ലിൽ തുടങ്ങുമെന്ന് പറഞ്ഞു. അതിനായി ഒരു കോടിരൂപ നീക്കിവച്ചു. എത്ര രൂപയാണ് അതിൽ നിന്ന് ചെലവാക്കിയത്? ഒച്ചിന്റെ വേഗതയെങ്കിലും വേണ്ടേ; ഓരോ പഞ്ചായത്തിലും മൂന്ന് ഗ്രീൻഹൗസുകൾ വീതം സ്ഥാപിക്കു

ന്നതിന് 45 കോടി രൂപയാണ് കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ചത്. എത്ര രൂപ ചെലവാക്കി; എത്ര പഞ്ചായത്തുകളിലാണ് ഗ്രീൻ ഹൗസുകൾ തുടങ്ങാൻ സാധിച്ചത്; കേരളത്തിൽ മൂന്ന് നാളികേര ബയോപാർക്കുകൾ സ്ഥാപിക്കാൻ 15 കോടി രൂപ വകയിരുത്തി. അതിന് എത്ര പണം ചെലവാക്കി; ഒരു സമയത്ത് കേരളത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട അത്യന്തം പ്രാധാന്യമർഹിക്കുന്ന കാര്യമായിരുന്നു മുല്ലപ്പെരിയാർ അണക്കെട്ട്. മുല്ല പ്പെരിയാർ അണക്കെട്ടിനുതാഴെ പുതിയ ഒരു സംരക്ഷണ അണക്കെട്ട് നിർമ്മിക്കേണ്ടതിന്റെ പ്രാരംഭ ചെലവുകൾക്കായി അമ്പത് കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. പ്രസ്തുത തുകയിൽനിന്ന് അണക്കെട്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു ശതമാനം പണമെങ്കിലും ചെലവാക്കാൻ സാധിച്ചോ? ഈ വർഷം ശ്രീ. കെ. എം. മാണി സാർ അവതരിപ്പിച്ച ബഡ്ജ റ്റിൽ അവ്യക്തതകൾ ധാരാളമുണ്ട്. ജീവൽപ്രധാനമായ വെള്ളം, വെളിച്ചം, ഗതാഗതം ഇവയൊക്കെ least priority ഇനങ്ങളിലേക്കാണ് തള്ളപ്പെട്ടിരിക്കു ന്നത്. 1980-ൽ അങ്ങ് അവതരിപ്പിച്ച ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ച തുക എത്രയാണെന്ന് അങ്ങേയ്ക്ക് തീർച്ചയായും ഓർമ്മയുണ്ടാ കും. അന്ന് അനുവദിച്ച ആ പണം കൊണ്ട് കെ.എസ്.ആർ.ടി.സി.ക്ക് 300 പുതിയ ബസ്സുകൾ വാങ്ങാൻ കഴിഞ്ഞു. ഇന്ന് അങ്ങ് അനുവദിച്ചിരിക്കുന്ന പണംകൊണ്ട് എത്ര പുതിയ ബസ്സുകളാണ് കെ.എസ്.ആർ.ടി.സി.ക്ക് വാങ്ങാൻ കഴിയുകയെന്നും അതിലൂടെ ഗതാഗത രംഗത്ത് വലിയ കുതിച്ചുചാട്ടം നടത്താൻ സാധിക്കുമോയെന്നും അങ്ങ് ആലോചിക്കണം.

അതുപോലെത്തെന്നെ ബഡ്ജറ്റ് പ്രസംഗത്തിലെ 79-ാം പേജിൽ 272-ാമത്തെ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത് "സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് മേഖലകളിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്ത താനൂർ നിയോജകമണ്ഡലത്തിൽ യു.ജി.സി.യുടെയും എം.എൽ.എ.യ്ക്ക് പ്രാദേശിക വികസനത്തിനായി അനുവദിച്ചിട്ടുള്ള ഫണ്ടും സർക്കാർ സഹായവും സമന്വയിപ്പിച്ച് ഒരു കോളേജ് സ്ഥാപിക്കും. സമാനമായി പിന്നോക്കം നിൽക്കുന്ന മറ്റ് നിയോജകമണ്ഡലങ്ങളിലും ഇത് പരിഗണിക്കുന്നതാണ്." ഏത് തരത്തിലുള്ള കോളേജാണ് സ്ഥാപിക്കുന്നതെന്ന കാര്യം എന്തുകൊണ്ടാണ് വ്യക്തമായി അങ്ങ് പറയാതിരുന്നത്. ഗവൺമെന്റ് കോളേജാണെങ്കിൽ ഗവൺമെന്റ് കോളേജെന്ന് പറയണ്ടേ; എയ്ഡഡ് കോളേജാണെങ്കിൽ എയ്ഡഡ് കേളേജാണെന്ന് വ്യക്തമാക്കണ്ടേ; സർക്കാരിന്റെ സെൽഫ് ഫിനാൻസിംഗ് കോളേജാണ് തുടങ്ങുന്നതെങ്കിൽ അതെങ്കിലും ബഡ്ജറ്റിൽ പരാമർശിക്കേണ്ടതായിരുന്നില്ലേ? ഒരു കുട്ടി ആണാണോ പെണ്ണാണോയെന്ന് അറിയാൻ സ്വാഭാവികമായും ആളുകൾക്ക് താൽപ്പര്യം ഉണ്ടാകും. പക്ഷേ ആണും പെണ്ണുമാണോയെന്ന് വ്യക്തമാക്കാതെ ബഡ്ജറ്റ് പ്രസംഗത്തിൽ കടന്നുപോവുകയാണ് ശ്രീ. കെ. എം. മാണി സാർ ചെയ്തത്. പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾക്ക് least priority-യാണ് ബഡ്ജറ്റിൽ നൽകിയിട്ടുള്ളത്. നോർക്ക ബിസിനസ് സഹായക കേന്ദ്രങ്ങളുടെ പ്രോത്സാഹനത്തിനായി ഒരുകോടി രൂപയേ നീക്കിവച്ചിട്ടുള്ളൂ. നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസി മലയാളികൾക്കായി ഒരു സംരംഭക പദ്ധതി തുടങ്ങുമെന്ന് പറയുന്നുണ്ട്. രണ്ടു

കോടി രൂപ ഇതിലേക്കായി കെ.എസ്.എഫ്.ഇ.-ക്ക് നൽകുമെന്ന് പറഞ്ഞു. കഴിഞ്ഞ സർക്കാർ പ്രവാസികളുടെ നിക്ഷേപത്തിനായി ആരംഭിച്ച ബൃഹത്തായ പദ്ധതി ഉണ്ടായിരുന്നു. നിങ്ങൾക്ക് ഓർമ്മയുണ്ടാകും, അൽ-ബറാക്ക് കമ്പനി. ഡോ. ടി. എം. തോമസ് ഐസക് അൽബറാക്ക് കമ്പനി രൂപീകരിച്ചുകൊണ്ടുനടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ വ്യക്തമാക്കുകയുണ്ടായി. പ്രവാസി മലയാളികളായ നിരവധി ആളുകളുടെ നിക്ഷേപം സ്വീകരിച്ചുകൊണ്ട്, ഈ കമ്പനി നമ്മുടെ നാട്ടിൽ ഇന്ന് കോർപ്പറേറ്റുകളും വലിയ മൾട്ടിനാഷണൽ കമ്പനികളും ബി.ഒ.റ്റി അടിസ്ഥാനത്തിൽ എടുക്കുന്ന ജോലികൾ പൂർത്തിയാക്കി, ആ പ്രവൃത്തികളിൽനിന്ന് ലഭിക്കുന്ന ടോൾ ഡിവിഡന്റായി അൽ-ബറാക്ക് കമ്പനിയിൽ നിക്ഷേപം നടത്തുന്ന പ്രവാസികൾക്ക് നൽകുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ളതായിരുന്നു അൽബറാക്ക് കമ്പനിയുടെ രൂപീകരണം. അൽബറാക്ക് കമ്പനി രൂപീകരിച്ച് അതിന്റെ ക്രിയാത്മകമായിട്ടുള്ള പ്രവർത്തനം സാധ്യമാക്കുന്നതിനുപകരം ബഹുമാന്യനായ ശ്രീ. കെ. എം. മാണി സാർ, അത്തരത്തിലുള്ള ഒരു പരിപാടിയും തന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. സാധാരണക്കാരനെയും പാവപ്പെട്ടവരെയും ബഡ്ജറ്റ് തഴഞ്ഞിരിക്കുന്നു. വെള്ളം, വെളിച്ചം, ഗതാഗതം തുടങ്ങിയ മേഖലകളോട് കടുത്ത അവഗണനയാണ് ബഡ്ജറ്റിൽ കാണിച്ചിരിക്കുന്നത്. ചില പൊടിക്കൈകൾ മാത്രമാണ് ശ്രീ. കെ. എം. മാണി സാർ പ്രയോഗിച്ചിരിക്കുന്നത്. സാധാരണക്കാരെയും പാവപ്പെട്ടവരെയും അടിസ്ഥാനപരമായി ബാധിക്കുന്ന ജീവൽഗന്ധിയായ

പ്രശ്നങ്ങളോട് മുഖംതിരിഞ്ഞുനിൽക്കുകയാണ് ചെയ്തത്. കുരുക്ഷേത്ര അങ്കണത്തിൽ ഭഗവാൻ ശ്രീകൃഷ്ണൻ അർജ്ജുനന് നൽകിയ ഒരു സാരോപദേശം ഉരുവിട്ടുകൊണ്ടാണ് അദ്ദേഹം തന്റെ പ്രസംഗം അവസാനിപ്പിച്ചത്. ഭഗവാൻ ശ്രീകൃഷ്ണൻ കുരുക്ഷേത്ര അങ്കണത്തിൽ അർജ്ജുനന് നൽകുന്ന മറ്റൊരു സാരോപദേശം അദ്ദേഹത്തെ ഉണർത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുവാനാണ് ആഗ്രഹിക്കുന്നത്.

‘ യദാ യദാ ഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത

അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം

പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം

ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ’

ശ്രീ. കെ. എം. മാണി സാർ, അങ്ങയിൽ നാടും സമൂഹവും അർപ്പിച്ച ബാധ്യതയും ഉത്തരവാദിത്തവും നിർവ്വഹിക്കുവാൻ ഒരുക്കമല്ലായെങ്കിൽ അങ്ങയുടെ സ്ഥാനത്ത് ആ ബാധ്യത നിർവ്വഹണത്തിന് ദൈവം മറ്റൊരാളെ അവതരിപ്പിക്കും. ബഡ്ജറ്റിനെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ഇവിടെ ബഹുമാന്യനായ കെ. എം. മാണി സാർ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. നൂതനമായ നിർദ്ദേശങ്ങൾകൊണ്ടും ദീർഘവീക്ഷണംകൊണ്ടും ഇക്കൊല്ലത്തെ ബഡ്ജറ്റ് കേരളത്തിന്റെ വളർച്ചയ്ക്ക് തീർച്ചയായും ഉപകരിക്കുമെന്ന

കാര്യത്തിൽ യാതൊരു സംശയവുമില്ല. തൊഴിൽ അന്വേഷകരെ സഹായിക്കാനും കാർഷികമേഖലയെ പച്ചപിടിപ്പിക്കാനും അവശരും ആലംബഹീനരുമായ സാധാരണക്കാരെ സഹായിക്കാനും പ്രത്യേകം മനസ്സിരുത്തി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുബന്ധ സൗകര്യ വികസനത്തിന് നൽകിയ ഊന്നൽ ഭാവികേരളത്തിന് തീർച്ചയായും വമ്പിച്ച മുന്നേറ്റം ഉണ്ടാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു ഗവൺമെന്റിനെയും അതിന്റെ പ്രവർത്തനത്തെയും വിലയിരുത്തേണ്ടത് അതിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളിൽ വിഭവസമാഹരണവും അത് ജനങ്ങൾക്ക് ഉപകാരപ്രദമായ വിധത്തിൽ എങ്ങനെ വിനിയോഗിച്ചുവെന്നതിനെ അടിസ്ഥാനമാക്കിയാണ്. ഇവിടെ ശ്രീ. കെ. എം. മാണി സാറിന്റെ ധനകാര്യ മാനേജ്മെന്റ് ഏറെ പ്രശംസനീയമാണ്. ദേശീയ വളർച്ച 6.2 ശതമാനമാണുള്ളതെങ്കിൽ സംസ്ഥാനത്തിന്റെ വളർച്ച 9.51 ശതമാനം ആണെന്ന് പറയുന്നതിൽ ആർക്കാണ് നിഷേധിക്കാൻ കഴിയുന്നത്. ഗുജറാത്ത്, പഞ്ചാബ് പോലുള്ള സംസ്ഥാനങ്ങളുള്ള ഇന്ത്യാരാജ്യത്ത് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ദേശീയവളർച്ചയേക്കാൾ ഉന്നതമായ നിലയിലേക്കെത്താൻ, 9.51 ശതമാനത്തിലേക്കെത്താൻ കേരളത്തിന് സാധിച്ചുവെന്ന് പറഞ്ഞാൽ തികച്ചും ധനകാര്യ മാനേജ്മെന്റിന്റെ കഴിവാണ് തെളിയിക്കുന്നതെന്ന് ആർക്കും നിഷേധിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഇടതുപക്ഷം ഭരിക്കുമ്പോൾ അഞ്ചുവർഷം കൊണ്ട് 9497 കോടി രൂപയാണ് മൂലധന നിക്ഷേപമെങ്കിൽ ഇക്കഴിഞ്ഞ രണ്ട് വർഷക്കാലം കൊണ്ട് 8000 കോടിയില

ധികം ഇവിടെ മൂലധന നിക്ഷേപം ഉണ്ടാകാൻ കഴിഞ്ഞുവെന്നത് നിഷ്പക്ഷവും സത്യസന്ധവുമായി വിലയിരുത്തുന്ന ആർക്കും നിഷേധിക്കാൻ കഴിയില്ല. പ്രതികൂലമായ സാഹചര്യത്തിലാണ് ഈ അവസ്ഥ യിലേക്ക് എത്തുന്നത്. വിലക്കയറ്റം ആഗോളപ്രതിഭാസമാണെന്ന് പരേതനായ ഇ. കെ. നായനാർ സൂചിപ്പിച്ചതുപോലെ, ആഗോളപ്രതിഭാസമായി വിലക്കയറ്റം തുടരുമ്പോഴും അത് പിടിച്ചുനിർത്തുന്നതോടൊപ്പംതന്നെ പൊതു മേഖല ശക്തിപ്പെടുത്തി ഉത്പാദന മേഖലയെ കാര്യക്ഷമമായി നിയന്ത്രിച്ചു കൊണ്ട് അതിനാവശ്യമായ നിയന്ത്രണങ്ങൾ ഉണ്ടാക്കിക്കൊണ്ടാണ് ഈ സാമ്പത്തിക മാന്ദ്യത്തിലും വളർച്ച നേടിയെടുക്കാൻ കഴിഞ്ഞതെന്നത് ആർക്കും നിസ്സാരമായി കാണാൻ കഴിയില്ല. ഇവിടെ ശ്രീ. കെ. എം. മാണി സാർ നിയമസഭയിൽ അംഗമായിട്ട് അര നൂറ്റാണ്ടുകാലം പിന്നിടാൻ പോവുക യാണ്. അനുഭവ സമ്പത്തുകൊണ്ട് പതിനൊന്നാമത്തെ ബഡ്ജറ്റാണ്. ഏറ്റവും വലിയ പാഠമെന്ന് പറയുന്നത് അനുഭവ സമ്പത്തുതന്നെയാണ്. അദ്ദേഹ ത്തിന്റെ ധനകാര്യ മാനേജ്മെന്റിൽ, ഒരുപാട് അനുഭവമുള്ള കേരളത്തിൽ അദ്ദേഹം കണ്ടും കേട്ടും കൊടുത്തും പരിചയമുള്ള വിഷയങ്ങളിൽ അധിക രിച്ചുകൊണ്ടാണ് ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് അദ്ദേഹത്തിന്റെ ബഡ്ജറ്റ് പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും, ബഡ്ജറ്റ് അവതരിപ്പിച്ച് കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് 9497 കോടി രൂപ നേടിയത് കമ്മ്യൂണി സവും ഇവിടെ രണ്ടുവർഷം കൊണ്ട് 8000 കോടി രൂപ നേടിയത് കെ. എം. മാണിസവുമാണ്. കെ.എം. മാണിസം എന്നുപറയുന്ന പുതിയ സിദ്ധാന്തം

അദ്ദേഹം കൊണ്ടുവന്നത് പഠനവിധേയമാക്കിരിക്കുകയാണ്. കെ.എം. മാണിസ്റ്റ് ബഡ്ജറ്റ്, കമ്മ്യൂണിസ്റ്റ് ബഡ്ജറ്റിനേക്കാൾ മുന്നിൽ നിൽക്കുന്നുവെന്ന് പഠനങ്ങൾ വിലയിരുത്തിയാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇതൊക്കെ പറഞ്ഞാലും ശ്രീ. കെ. എം. മാണി സാറിനെ, ഇന്ദുലേഖയെ കിട്ടിയാൽ തരക്കേടില്ലായെന്ന് കരുതുന്ന സൂര്യനമ്പൂതിരിമാർ അപ്പുറത്തുണ്ട്. തീർച്ചയായും ശ്രീ. കെ. എം. മാണി സാറിനെ കിട്ടണമെന്ന് സ്വാഗതം ചെയ്തവരുണ്ട്. എന്തുകൊണ്ടാണ്; യു.ഡി.എഫ്.-ന്റെ പോക്ക് ഇതേപോലെ ആയാൽ കേരളം ഒരിക്കലും തിരിച്ചുപിടിക്കാൻ കഴിയില്ലായെന്ന തിരിച്ചറിവാണ് ശ്രീ. കെ. എം. മാണി സാറിനെയെങ്കിലും അപ്പുറത്തുകൊണ്ടുപോയി ആ അവസ്ഥയിലേക്ക് കൊണ്ടുവരണമെന്നുള്ള ഉള്ളിലിരുപ്പ് പുറത്തുചാടിയത്. പക്ഷേ പറഞ്ഞത് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ആയതുകൊണ്ട് ശ്രീ. പിണറായി വിജയൻ ഉടനെ അത് തിരുത്തി. ഏതായാലും ശ്രീ. കെ. എം. മാണി സാർ അതിന് തയ്യാറല്ലായെന്ന് പ്രഖ്യാപിച്ചതോടുകൂടി അവർ ഇപ്പോൾ തൽക്കാലം മുട്ടുമടക്കിയിരിക്കുകയാണ്.

കേരളത്തിലെ അവശ്യ വിഭാഗങ്ങൾ, പാവപ്പെട്ടവർ, സാധാരണക്കാർ, വിദ്യാർത്ഥികൾ, വ്യവസായം തുടങ്ങുന്നവർ, ഈ നാടിന്റെ വികസനം മുന്നിൽ കാണുന്നവർ, ഒരുപാട് കഷ്ടപ്പെടുന്ന സാമൂഹിക ക്ഷേമ പദ്ധതികളുൾപ്പെടെ ഏത് മേഖലയെയാണ് ഈ ബഡ്ജറ്റിൽ അവഗണിച്ചത്. എന്റെ മണ്ഡലത്തിൽ അതില്ല ഇതില്ലാ എന്ന് ഇവിടെ പലരും പറഞ്ഞു.

നമ്മൾ കേരളത്തെ ഒന്നായി കാണാൻ കഴിഞ്ഞാൽ.............. കെ.എം. മാണി എന്നുപറഞ്ഞാൽ കോട്ടയം, മലപ്പുറം എന്നല്ല. കേരളം മുഴുവനുമായുള്ള മാണി എന്നാണ്. കേരളത്തിനെ മുഴുവൻ ഒന്നായി കണ്ടുകൊണ്ടാണ് അദ്ദേഹം ഈ ബഡ്ജറ്റ് നൽകിയത്. ശ്രീ. സാജുപോളിന് അറിയാം. അദ്ദേഹത്തിന് കുടിവെള്ളം കൊടുക്കണമെങ്കിൽ ഇപ്പോൾ 854 കോടിയും 505 കോടിയും അങ്ങനെ 1300 കോടിയോളം കൊടുക്കണം. ഗവൺമെന്റ് ഇവിടെ അവതരിപ്പിക്കുമ്പോൾ ഓരോ വകുപ്പിനും കുടിവെള്ളത്തിന് കൊടുത്തിട്ടുണ്ട്, എല്ലാ മേഖലയ്ക്കും കൊടുത്തിട്ടുണ്ട്. ഏത് മേഖലയ്ക്കാണ് കൊടുക്കാത്തത്; പി.ഡബ്ല്യൂ.ഡി.ക്ക് കൊടുത്ത ഫണ്ടിൽ നിന്ന് റോഡിനുവേണമെങ്കിലും കൊടുക്കാം. എ.എസ്. കൊടുത്താൽ ലഭിക്കും. ഏത് നിയോജക മണ്ഡലത്തിലേക്കാണെങ്കിലും ബഡ്ജറ്റിൽ പറഞ്ഞില്ല എന്നുകരുതി ഒന്നും കിട്ടുകയില്ല എന്നുപറയുന്നത് തെറ്റാണെന്ന്.................. കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് കേരളത്തിലെ മുഴുവൻ റോഡുകളും ഇടതുപക്ഷമെന്നോ വലതുപക്ഷമെന്നോ വ്യത്യാസമില്ലാതെ വികസനത്തിന്റെ നേട്ടം 140 നിയോജക മണ്ഡലത്തിലുമുണ്ടായി എന്നുപറയുന്നത് ആർക്കും നിഷേധിക്കാനാവാത്ത കാര്യമാണ്. അതിനുപുറമെയാണ് അഞ്ച് കോടി രൂപയുടെ അസെറ്റ് ഡെവലപ്മെന്റ് ഫണ്ട്. ഇതും അതിൽ വരുന്നതാണല്ലോ. ഈ നാട്ടിൽ നടക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണന്ന് ഓരോന്നായി അദ്ദേഹം വിലയിരുത്തി. അദ്ദേഹം ഇക്കാര്യങ്ങളൊക്കെ പറഞ്ഞപ്പോൾ

പ്രതിപക്ഷത്തിന് വിമർശിക്കാൻ ഒന്നുമില്ല. ബഡ്ജറ്റ് നിർദ്ദേശത്തെ ആരെങ്കിലും വിമർശിച്ചോ; ഏതെങ്കിലും ബഡ്ജറ്റ് നിർദ്ദേശത്തെ വിമർശിക്കാൻ അപ്പുറത്ത് പ്രസംഗിച്ചവർക്ക് സാധിച്ചോ; എനിക്കുമുമ്പ് പ്രസംഗിച്ച ബഹുമാന്യനായ എന്റെ സുഹൃത്ത് ജലീൽ 1980, 2013 കാലഘട്ടത്തിലെ ഭരണത്തെക്കുറിച്ചൊക്കെ പറഞ്ഞു. ഞാനും വിലയിരുത്തി അപ്പോൾ 1980-ൽ അദ്ദേഹത്തിന് ചെയ്യാൻ കഴിയാതെ വീർപ്പുമുട്ടിയപ്പോൾ അദ്ദേഹം പുറത്തുചാടി, മനോഹരമായി അവതരിപ്പിക്കുന്ന ആശ്വാസത്തിലാണ് മാണി സാർ ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ടാണ് അദ്ദേഹത്തിന് ഇത്രയും വളർച്ചയുണ്ടാക്കാൻ കഴിഞ്ഞത്. അന്ന് അദ്ദേഹത്തിന് സാധിക്കാത്തതുകൊണ്ടാണ്, ബഹുമാന്യനായ ജലീൽ പറഞ്ഞത് ഇത് ശരിയല്ല, ഇത് പരിശോധിക്കണം, വിലയിരുത്തലിൽ ചെറിയ മാറ്റം വന്നുപോയതാണ്. ഏതായാലും ഒരു ചരിത്രവിദ്യാർത്ഥി എന്നനിലയ്ക്ക് അദ്ദേഹം പറഞ്ഞത് 2009-ൽ അദ്ദേഹം വീർപ്പുമുട്ടിയിട്ടാണ് ഇപ്പുറത്ത് വന്നത് എന്നാണ്. അതോടെ അദ്ദേഹത്തിന് വളർച്ചയും ഉയർച്ചയുമൊക്കെയുണ്ടായി. യു.ഡി.എഫിന് ശക്തി പകരാനും സാധിച്ചു. അതുകൊണ്ടാണ് ഇപ്പോൾ എങ്ങനെയെങ്കിലും തിരിച്ചുകൊണ്ടു പോകണമെന്ന് അപ്പുറത്ത് ജലീൽ അടക്കം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത് ഏതായാലും നടപ്പില്ല എന്ന കാര്യം ഞാൻ പറയുകയാണ്. ഇപ്പോൾ മാണി സാർ ഭാവി കാണുന്നത് വമ്പിച്ച വളർച്ചയോടെയാണ്. ഇപ്പോഴത്തെ വളർച്ച 9.51 ആണെങ്കിൽ അടുത്തത് 9.58 ആണ്. ബ്രിക്സ് രാജ്യങ്ങളോടൊപ്പം,

വികസിത രാജ്യങ്ങളോടൊപ്പം കേരളത്തിനെ എത്തിക്കണമെന്ന കാഴ്ചപ്പാടോടുകൂടിയാണ് മാണി സാർ ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. കോളേജുകളും സ്കൂളുകളും പോളി ടെക്നിക്കുകളും ..................

ശ്രീ. കെ. രാജു: സർ, ഇതൊക്കെ കേൾക്കാൻ ധനകാര്യവകുപ്പുമന്ത്രി മാണി സാർ ഇവിടെ ഇല്ലല്ലോ?

ശ്രീ. സി. മമ്മൂട്ടി: വേണ്ട. ഒരു മന്ത്രിക്കുപകരം മൂന്ന് മന്ത്രിമാർ ഇവിടെ ഇരിക്കുന്നുണ്ട്. അതുമതി. അതൊക്കെ റിക്കോർഡ് ചെയ്യുന്നുണ്ട്. മാണി സാർ അത് കേട്ടുകൊള്ളും. അവിടെയിരുന്ന് മാണി സാർ ഇത് കേൾക്കുന്നുണ്ട്. അദ്ദേഹത്തിന് റൂമിലിരുന്ന് ഭക്ഷണം കഴിക്കണ്ടേ? 80 വയസ്സായ മാണി സാറിനോട് കരുണ കാണിക്കണ്ടേ; ഭക്ഷണം കഴിക്കണ്ടേ? ആ പാവം രാവിലെ മുതൽ ഇവിടെ ഇരിക്കുകയാണ്, ഒരേ ഇരുപ്പ്. കരുണ വേണ്ടേ; മാണി സാറിന്റെ വിജയം തന്നെ കാരുണ്യത്തിന്റെ അംശം അദ്ദേഹത്തിനുള്ളതുകൊണ്ടാണ് ഈ പാവങ്ങൾക്കുവേണ്ടി വാരിവലിച്ച് അദ്ദേഹം ചെലവഴിക്കുന്നത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് ദീർഘായുസ്സുണ്ടാകാൻ ഞങ്ങൾ പ്രാർത്ഥിക്കാം. അദ്ദേഹത്തിന്റെ ആരോഗ്യം നോക്കേണ്ടുന്നത് നമ്മുടേയും കൂടി കടമയാണ്.

ശ്രീ. കെ. രാജു: ശ്രീ. വി. ശിവൻകുട്ടി ഉന്നയിച്ചതിന് എല്ലാവരും ഇവിടെ ഉണ്ടായിരിക്കണമെന്നും ആവശ്യമായ നിർദ്ദേശം നൽകണമെന്നും റൂളിംഗ് നൽകിയിരുന്നു. അപ്പോഴുള്ള ആളുകളല്ലാതെ പുതിയതായി ആരും ഇവിടെ വന്നിട്ടില്ല. ചെയർ അതിൻമേൽ ആവശ്യമായ നടപടി സ്വീകരിക്കണം.

മി. ചെയർമാൻ: യെസ്.

ശ്രീ. സി. മമ്മൂട്ടി: ഏതായാലും മാണി സാർ അടുത്ത ഒരു വർഷത്തെ വളർച്ചയ്ക്കുവേണ്ടി പ്രായോഗികമായ ചില നിർദ്ദേശങ്ങൾക്ക് തീരുമാനമെടുത്തിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കാൻ പുതിയ ക്ഷേമ പദ്ധതികളും പെൻഷനുമൊക്കെ നൽകുന്നതിനുവേണ്ടി അടുത്തമാസം (ഏപ്രിൽ) തന്നെ നടപടി സ്വീകരിക്കും. അത് മോണിറ്റർ ചെയ്യാൻ ഓരോ പദ്ധതിക്കും ഓരോ ഉദ്യോഗസ്ഥനെ പ്രത്യേകമായി ചുമതലപ്പെടുത്തും. എല്ലാം കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയെ പ്രത്യേകമായി നിയോഗിക്കും. എന്നിട്ട് പദ്ധതി നിർവ്വഹണത്തിനുവേണ്ടി ചുമതലപ്പെടുത്തുന്ന ഓഫീസർമാർ അത് നിർവ്വഹിച്ചില്ലെങ്കിൽ................. സാജുപോൾ കേൾക്കണം. അങ്ങേയ്ക്കും എനിക്കും ഗുണമുള്ള ഒരു കാര്യമാണ്. പദ്ധതി എഴുതിവച്ചിട്ട് നടക്കാത്ത കാര്യം നടക്കാനും നടപ്പാക്കാനും വേണ്ടി ഒരു ഉദ്യോഗസ്ഥനെ നിയമിച്ച് അദ്ദേഹം നന്നായി പ്രവർത്തിച്ചാൽ അദ്ദേഹത്തിന് പ്രോത്സാഹനം നൽകും. അദ്ദേഹം എന്തെങ്കിലും നിരുത്തരവാദപരമായി പെരുമാറിയാൽ കർശനമായ നടപടി സ്വീകരിക്കും. ഇതൊക്കെ നല്ല കാര്യമല്ലേ; സാജുപോൾ ഇതിനെ പ്രശംസിക്കുകയാണ് വേണ്ടത്. ഇതൊന്നും വായിക്കാതെ എന്തെങ്കിലും പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ?

കാർഷികമേഖലയിൽ ഹൈടെക് വളർച്ച ഉണ്ടാകുന്നതിനുവേണ്ടി ഹരിതക മേഖലയായി ഓരോ ജില്ലയിലും പത്ത് പഞ്ചായത്തുകളെ

തെരെഞ്ഞെടുക്കുന്നതാണ്. ഒരു ജില്ലയിൽ 10 എന്നുപറഞ്ഞാൽ 14 ജില്ലയിൽ 10 വീതം പഞ്ചായത്തുകളിൽ നിന്ന് 140 പഞ്ചായത്തുകൾ. എനിക്ക് നിർദ്ദേശിക്കാനുള്ളത് അത് നിയോജക മണ്ഡലത്തിൽ ഒന്നാക്കി മാറ്റണം. എല്ലാ മണ്ഡലത്തിനും കിട്ടണമെന്നില്ല. ഒരു നിയോജക മണ്ഡലത്തിൽ ഒരു പഞ്ചായത്തെങ്കിലും മാതൃകയായി എടുക്കണമെന്നത് തീർച്ചയായും പരിശോധിക്കണം; അത് പരിഗണിക്കണം എന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്, അപേക്ഷിക്കുകയാണ്.

അതുപോലെതന്നെയാണ് കാർഷിക മേഖലയിലെ വായ്പ എഴുതിത്തള്ളാനുള്ള നടപടി, കർഷക മാർക്കറ്റിലെ ഉൽപ്പാദനവും വിപണനവും ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ, ജൈവകൃഷിക്ക് പ്രത്യേക കേരളാ ബ്രാന്റ്, കാർഷിക് കർമ്മസേന - ഇപ്പോൾ എല്ലാത്തിനും വലിയ വിലയാണ്. ഞാനൊരു കർഷകനാണ്. പണിക്കാരെ കിട്ടാനില്ല. ജോലി ചെയ്യാൻ ആളെ കിട്ടാനില്ല. ഞങ്ങൾ ചെറുകിട കർഷകരാണ്. വയനാട്ടിൽ തേങ്ങയുടെ വളർച്ച കുറവാണ്. കുറ്റ്യാടിയുടെയത്രയില്ല. തേങ്ങയ്ക്കുവേണ്ടി പദ്ധതി നടപ്പാക്കി. പച്ചത്തേങ്ങ വിലയ്ക്കുവാങ്ങി. തേങ്ങയ്ക്ക് മാന്യമായ വില നൽകാൻ ആദ്യമായി നടപടി സ്വീകരിച്ചത് യു.ഡി.എഫ്. ഗവൺമെന്റാണ്. പിന്നെ 'നീര' എന്നൊരു പുതിയ പദ്ധതി വരാൻ പോകുന്നു. അത് ഏതായാലും ഇവിടെ ഗുണകരമായി ഭവിക്കുന്നതാണ്, നിങ്ങൾക്ക് ഗുണകരമാണ്.

കർമ്മസേന രൂപീകരിച്ചാൽ ജോലിക്കാരെ കിട്ടും. അതിനുവേണ്ടി പ്രത്യേക പദ്ധതി. അതുപോലെതന്നെ സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതി. നേരത്തെ നെല്ല്, കുരുമുളക് അങ്ങനെ രണ്ടു-മൂന്ന് വിളകൾക്കുമാത്രമേ പദ്ധതിയുണ്ടായിരുന്നുള്ളൂ. ഇപ്പോൾ എല്ലാ വിളകൾക്കും പദ്ധതി. ഹോട്ടലുകൾ - തൃപ്തി ഹോട്ടലുകൾ അങ്ങനെ എത്രയെത്ര പദ്ധതികളാണ്. അതിനുപുറമേ പ്ലേസ്മെന്റ് എന്ന പുതിയ ഒരു പദ്ധതി. കോളേജിലും സ്കൂളിലും പഠിച്ചു, ജോലിക്ക് വേണ്ടി തെണ്ടുകയാണ്. ഇനി പുതിയ പദ്ധതി വരാൻപോവുകയാണ്. ഓരോ സ്കൂളും പോളിടെക്നിക് കോളേജും കേന്ദ്രീകരിച്ചുകൊണ്ട് പ്ലേസ്മെന്റ് വരാൻപോവുകയാണ്. അതിന് പ്ലേസ്മെന്റ് കൊടുക്കണമെങ്കിൽ വെറുതെ എഴുതുകയും വായിക്കുകയും ചെയ്താൽ പോര, അവിടെ ടെക്നിക്കലായി അഡീഷണൽ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം ഓരോ കോളേജിലും കൊണ്ടുവന്ന്.......... പോളിടെക്നിക്കിലും ഹയർ സെക്കണ്ടറി സ്കൂളിലും കൊണ്ടുവന്ന്.............. അപ്പുറത്ത് ഇരിക്കുന്ന മുഴുവൻ എം.എൽ.എ.മാർക്കും നമുക്കുമൊക്കെ എല്ലാ സ്കൂളുകളിലും അങ്ങനെ സാങ്കേതികമായി കിട്ടിയ ഒരു പ്ലേസ്മെന്റ് നോക്കുക. നിസ്സാരകാര്യമാണോ; അത് അംഗീകരിക്കുന്ന കാര്യമല്ലേ; നമ്മൾ മനസ്സിലാക്കേണ്ടത്, ഓരോ വിഷയങ്ങളിലും, ഗവൺമെന്റ് അപ്പുറത്തായാലും ഇപ്പുറത്തായാലും നല്ല കാര്യങ്ങൾ ഉൾക്കൊള്ളണം. വിമർശിക്കേണ്ടത് വിമർശിക്കണം. കാരണം ഇപ്പോൾ പുതിയൊരു തത്വത്തിൽ എല്ലാവരും യോജിച്ചുവരികയാണ്. ഒരു വികസന കാര്യം എന്നത് ട്വന്റി തേർട്ടി (20-30)

എന്നുപറയുന്ന സംവിധാനം. 5 വർഷം മാറിമാറി വന്നാലും 2030-ൽ സംഭവിക്കാൻ പോകുന്ന വികസനം മുന്നിൽ കണ്ടുകൊണ്ട് അപ്പുറവും ഇപ്പുറവും ഒരുപോലെ ഇരുന്ന് ചർച്ച ചെയ്ത് അത്തരം ഒരു പദ്ധതി കൊണ്ടുവരുന്നതാണ് കേരളത്തിന് ഏറ്റവും ഭൂഷണമായിട്ടുള്ളത്. അത് എല്ലാവരേയും ബാധിക്കുന്ന വിഷയമാണ്. ആ നിലയ്ക്ക് നമ്മൾ മുന്നോട്ടുപോകണം. തെറ്റായ കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ധാർമ്മികമായ വക പ്രതിപക്ഷത്തിനുണ്ട്. നല്ല കാര്യങ്ങൾ അംഗീകരിക്കണ്ടേ; തീർച്ചയായും നല്ല കാര്യങ്ങൾ അംഗീകരിക്കണം. അങ്ങനെ അംഗീകരിച്ച് മുന്നോട്ടുപോകുമ്പോൾ ഈ അടിസ്ഥാന സൗകര്യ വികസനങ്ങളൊക്കെ ഈ നാടിന്റെ വികസനമെന്നുപറയുന്നത്, അടുത്ത ഗവൺമെന്റ് വരുമ്പോൾ - പുതിയ ഗവൺമെന്റ് വരുമ്പോഴും പുതിയ തലമുറ വരുമ്പോഴും അവരോട് നമ്മുടെ കടമ നിർവ്വഹിക്കുവാൻ വേണ്ടിയാണ്. മംഗല്യനിധി, നമുക്ക് ആലോചിക്കാൻ പറ്റുമോ?

മി. ചെയർമാൻ: യെസ്, പ്ലീസ് കൺക്ലൂഡ്. പ്ലീസ്...........

ശ്രീ. സി. മമ്മൂട്ടി: സർ, ചുരുക്കാം. കുറച്ചുകൂടി സമയം, എല്ലാവരും എടുത്തപോലെ എനിക്കുംകൂടി കിട്ടിയാൽ തരക്കേടില്ല. വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്യിക്കാൻ 20,000 രൂപ എന്നത് 30,000 രൂപയാക്കി. നിസ്സാരകാര്യമല്ല. പാവപ്പെട്ടവർക്കറിയാം. അതിന്റെ വരുമാനപരിധി 3 ലക്ഷം വരെയാക്കി ഉയർത്തിയിട്ടുണ്ട്. എന്നുപറഞ്ഞാൽ കേരളത്തിലെ ഒട്ടുമിക്ക ആളുകളും വരും. വിധവകളാണെങ്കിലോ പെൺമക്കളെ കെട്ടിക്കാൻ 30,000

രൂപ എന്നുള്ളത്, അപ്പുറത്തുള്ള സഹോദരിമാർ തീർച്ചയായും അതിനെ പിൻതുണയ്ക്കുമെന്ന് എനിക്ക് നന്നായിട്ടറിയാം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പാവപ്പെട്ട പെൺകുട്ടികളെ കെട്ടിക്കുന്നതിനായി 20,000 രൂപ കൊടുക്കുമെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം 30,000 രൂപയാക്കി ഉയർത്തി. ഇതിനാവശ്യമായ ഫണ്ട് ചെലവേറിയ വിവാഹാഘോഷങ്ങളിൽ നിന്ന് സ്വരൂപിക്കുകയാണ്. കൂടാതെ ആരോഗ്യ മേഖലയിൽ ഹോളിസ്റ്റിക് സംവിധാനം ഏർപ്പെടുത്തി. അതുപോലെ പാവപ്പെട്ട സമർത്ഥരായ വിദ്യാർത്ഥികൾക്ക് പഠനത്തിന് സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ട്. അവർക്ക് പഠിക്കാനുള്ള പ്രോത്സാഹനം, ഫീസിളവ്, ഹോസ്റ്റലിൽനിന്ന് പഠിക്കാനുള്ള സൗകര്യങ്ങൾ, തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് പെൻഷൻ............

<u>മി. ചെയർമാൻ</u>: യെസ്, പ്ലീസ് കൺക്ലൂഡ്, അഞ്ച് മിനിട്ട് അധികമായിട്ടുണ്ട്. പ്ലീസ്............

<u>ശ്രീ. സി. മമ്മൂട്ടി</u>: ആശാവർക്കർമാർ എന്നുപറഞ്ഞാൽ വളരെ താഴെക്കിടയിലുള്ള ഒരു വിഭാഗമാണ്. അവർ അദ്ധ്വാനിക്കുന്ന ഒരു ജനവിഭാഗമാണ്. ആശാവർക്കേഴ്സിന് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ഹോണറേറിയം 600 രൂപയിൽ നിന്ന് 700 രൂപയാക്കി വർദ്ധിപ്പിച്ചു. പ്രസ്തുത തുക 1000 രൂപയായിട്ടെങ്കിലും ഉയർത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ.......

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്, പ്ലീസ്............ആറ് മിനിട്ട് അധിക മായി.

<u>ശ്രീ. സി. മമ്മൂട്ടി</u>: അതുപോലെതന്നെ ഭവനരഹിതരായ പാവപ്പെട്ട വർക്ക് വിവിധ ഭവനപദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് അടുത്ത മൂന്ന് വർഷംകൊണ്ട് മൂന്ന് ലക്ഷം ഭവനങ്ങൾ നിർമ്മിക്കുമെന്നുപറയുന്നത് നിസ്സാര മായ കാര്യമാണോ? മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിക്ക് ചുരുങ്ങിയത് 75 ലക്ഷം രൂപയെങ്കിലും അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. തിരൂർപുഴ മാലിന്യ നിബിഢമായിരിക്കുകയാണ്. അത് ഡ്രഡ്ജ് ചെയ്തുകൊണ്ട് മാലിന്യം നീക്കുന്നതിനുള്ള പദ്ധതി അനുവദിക്കണം. അതുപോലെ മദ്യത്തിന് 125 ശതമാനം നികുതി വർദ്ധിപ്പി ക്കുയും ചെയ്യണം. ഇതിലൂടെ സമാഹരിക്കുന്ന 1500 കോടി രൂപ പാവങ്ങൾക്കുവേണ്ടി വിനിയോഗിക്കാൻ തയ്യാറാകണമെന്നുകൂടി പറഞ്ഞു കൊണ്ട് ഇത്രയും മനോഹരമായ, മാതൃകായോഗ്യമായ, കേരള ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുന്നിച്ചേർക്കുന്ന, പുതിയ തലമുറയ്ക്ക് വലിയ ആശ നൽകുന്ന ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

<u>ശ്രീ. വി. ശിവൻ കുട്ടി</u>: സർ, 1138 കോടി രൂപയുടെ അധിക നികുതി അടിച്ചേൽപ്പിച്ചിരിക്കുന്ന 2013-14 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ ശക്തിയായിത്തന്നെ ഞാൻ എതിർക്കുകയാണ്. കേന്ദ്രത്തിൽ ഡി.എം.കെ. യുടെ പിന്തുണ പിൻവലിച്ചിരിക്കുന്നു എന്നാണ് ഇന്നിപ്പോൾ കേട്ട വാർത്ത.

കേന്ദ്രത്തിലും സംസ്ഥാനത്തും ഒരേ മുന്നണിയോ ഒരേ രാഷ്ട്രീയ പാർട്ടിയോ ഭരിച്ചാൽ മാത്രമേ കേരള സംസ്ഥാനത്തിന് എന്തെങ്കിലും ഗുണം ലഭിക്കുകയുള്ളൂവെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ യു.ഡി.എഫ്. ശക്തിയായിത്തന്നെ കേരളീയ സമൂഹത്തിന് മുന്നിൽ ഉന്നയിച്ചതാണ്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കേന്ദ്രത്തിൽനിന്ന് ഒരു കിലോ അരിയെങ്കിലും അധികമായി വാങ്ങുന്നതിന് കേരളത്തിലെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന് സാധിച്ചോ എന്ന കാര്യം ഈ ബഡ്ജറ്റിൽ വ്യക്തമാക്കേണ്ടതായിട്ടുണ്ട്. കേരളത്തിലെ റേഷൻ വിഹിതം തന്നെ വെട്ടിക്കുറച്ചു. 114000 ടൺ അരി ഒരു വർഷത്തേക്ക് ഏതാനും വർഷങ്ങൾക്കുമുമ്പ് നൽകിയിരുന്ന സ്ഥാനത്ത് ഇപ്പോൾ വെറും 30000 ടൺ അരി മാത്രമാണ് നൽകുന്നത്. എട്ട് മന്ത്രിമാർ ഡൽഹിയിൽ തെക്കോട്ടും വടക്കോട്ടും ചുറ്റിക്കറങ്ങുന്നതല്ലാതെ ഒരു കിലോ അരിയെങ്കിലും കേരളത്തിലെ ജനങ്ങൾക്കുവേണ്ടി നേടിയെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്നുള്ളത് പരിശോധിക്കേണ്ടതാണ്. ഇന്ത്യാ രാജ്യത്ത് അരിക്ക് ഏറ്റവുമധികം വില കൂടിയ സംസ്ഥാനം കേരളമാണ്. യു.ഡി.എഫ്. കേരളം ഭരിക്കുന്ന അവസരത്തിൽ മാത്രമാണ് അരിയുടെ വില 40 രൂപയും 35 രൂപയുമാകുന്നത്. കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാർക്ക് കേരളത്തോട് ഒരു കടപ്പാടും ഇല്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. കേരളത്തിലെ റേഷൻ സമ്പ്രദായം ദാരിദ്ര്യ നിർമ്മാർജ്ജനം മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ളതല്ല. ഇത് ഭക്ഷ്യസുരക്ഷയുടെ പ്രശ്നമാണ്. നമ്മുടെ കാർഷികോൽപ്പാദനത്തിന്റെ 15 ശതമാനം മാത്രമാണ് നെല്ലുൽപ്പാദനം എന്നു

പറയുന്നത്. ഇങ്ങനെയുള്ള ഒരു സംസ്ഥാനത്ത് അലുവാലിയ സിദ്ധാന്ത മനുസരിച്ച് കമ്പോളത്തെ മാത്രം ആശ്രയിക്കുമെങ്കിൽ എന്ത് ഉണ്ടാകുമെന്ന തിന്റെ തെളിവാണ് അരിയടക്കമുള്ള നിത്യോപയോഗ സാധനങ്ങളുടെ ചരിത്ര ത്തിലില്ലാത്തവിധത്തിലുള്ള വിലക്കയറ്റം. കെടുകാര്യസ്ഥതയുടെയും കഴിവില്ലായ്മയുടെയും കാര്യത്തിൽ ഒന്നാമതാകാൻ മന്ത്രിമാർ തമ്മിൽ മത്സരിക്കുകയാണ്. കെ.എസ്.ഇ.ബി. രണ്ട് വർഷംകൊണ്ട് എത്ര വേഗത്തി ലാണ് കുളംതോണ്ടിയതെന്നുള്ള വിവരം നമുക്ക് കാണാൻ സാധി ക്കുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട ചില പ്രതിപക്ഷ മെമ്പർമാർ പറഞ്ഞതു പോലെ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പരിശോധിച്ചുനോക്കേണ്ടതാണ്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 253 പദ്ധതികളിൽ നാമമാത്രമായ പദ്ധതി കൾ മാത്രമാണ് നടപ്പിലാക്കാൻ സാധിച്ചത്. 150-ലേറെ പ്രഖ്യാപനങ്ങൾക്ക് അടുത്ത ബഡ്ജറ്റായിട്ടും ധനകാര്യ വകുപ്പ് ഭരണാനുമതി നൽകിയില്ല. ചില വൻകിട പദ്ധതികളുടെ രൂപരേഖപോലും ഇതുവരെ തയ്യാറാക്കിയിട്ടില്ല. പൈനാപ്പിൾ മിഷൻ മുതൽ വയനാട്ടിൽ വിമാനത്താവളം വരെ സ്ഥാപിക്കു മെന്നായിരുന്നു മാണിസാറിന്റെ പ്രഖ്യാപനം. കൃഷി, വ്യവസായം, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് ഊന്നൽ നൽകുമെന്നായി രുന്നു കഴിഞ്ഞ മാർച്ച് 19-ന് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാന പ്പെട്ട കെ. എം. മാണി പറഞ്ഞത്. കാർഷിക മേഖലയിൽ പ്രഖ്യാപിച്ച റൈസ് ബയോപാർക്ക്, നാളികേര ബയോപാർക്ക്, അതുപോലെതന്നെ ഗ്രീൻ ഹൗസ് എന്നിവ ഇപ്പോഴും കടലാസിൽതന്നെ ഒതുങ്ങിയിരിക്കുകയാണ്.

വ്യവസായം, വൈദ്യുതി, വിദ്യാഭ്യാസം എന്നീ രംഗങ്ങളിലും ബഡ്ജറ്റ് പ്രഖ്യാപനം പാഴ്വാക്കായി മാറിയിരിക്കുകയാണ്. 53 മെഗാവാട്ട് ശേഷിയുള്ള 5 ചെറുകിട ജലവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുമെന്ന് ശ്രീ മാണിസാർ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നു. എന്നാൽ ഒരു മെഗാവാട്ട് ശേഷിയുള്ള നിലയംപോലും സ്ഥാപിക്കുന്നതിന് കഴിഞ്ഞില്ല. പതിനായിരം വീടുകളുടെ മേൽക്കൂരയിൽ സൗര വൈദ്യുത പ്ലാന്റ് സ്ഥാപിക്കുമെന്നുള്ള പ്രഖ്യാപനം നടപ്പിലാക്കിയിട്ടില്ല. വൈപ്പിനിലെ 1200 മെഗാവാട്ട് നിലയവും വെറും പ്രഖ്യാപനമായി മാറിയിരിക്കുകയാണ്. അപകടത്തിൽപ്പെടുന്നവർക്ക് എല്ലാ മെഡിക്കൽ കോളേജുകളിലും ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുമെന്ന് പറഞ്ഞതും വെറുതെയായിരിക്കുകയാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയില്ലാത്ത എട്ട് ജില്ലകളിൽ ആശുപത്രി സ്ഥാപിക്കുമെന്നുമുള്ള പ്രഖ്യാപനവും വെറും തട്ടിപ്പായി മാറിയിരിക്കുകയാണ്. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്ക് 50 കോടി രൂപ നീക്കിവെച്ചെങ്കിലും ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ല. പൈപ്പ്പൊട്ടലിന് ശാശ്വത പരിഹാരം കാണുമെന്നുള്ള പ്രഖ്യാപനം ഇപ്പോഴും നോക്കുകുത്തിയാണ്. പഴക്കംചെന്ന പൈപ്പ് ലൈൻ മാറ്റിയിടാൻ 85 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ തലസ്ഥാനത്തടക്കം പൈപ്പ്പൊട്ടൽ നിരന്തരം തുടരുകയാണ്. അതിവേഗ റെയിൽവേ കോറിഡോർ, ഇടുക്കി - വയനാട് ജില്ലകളിൽ വിമാനത്താവളം, വിമാനത്താവളമില്ലാത്ത ജില്ലകളിൽ എയർസ്ട്രിപ് പദ്ധതി എന്നിവയും

ബഡ്ജറ്റ് പ്രസംഗത്തിൽ ഒതുങ്ങി നിൽക്കുകയാണ്. അതിവേഗ റെയിൽ കോറിഡോർ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനത്തിന് നീക്കിവച്ച 50 കോടി രൂപ സർക്കാരിന് മിച്ചമായിരിക്കുകയാണ്. തിരുവനന്തപുരം മോണോ റെയിൽ പദ്ധതിയും അനിശ്ചിതത്വത്തിലാണെന്നുള്ള കാര്യം പ്രത്യേകം പറയേണ്ട കാര്യമില്ല. തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ പേഴ്സണൽ റാപ്പിഡ് ട്രാൻസ്പോർട്ട് സിസ്റ്റം ഏർപ്പെടുത്തുമെന്നുള്ള പ്രഖ്യാപനം എന്തായി എന്ന് ആർക്കുമറിയില്ല. നെൽകൃഷിക്കാരുടെ വരുമാനം വർദ്ധിപ്പി ക്കാൻ കുട്ടനാടും പാലക്കാടും റൈസ് ബയോപാർക്ക് സ്ഥാപിക്കുമെന്നാ യിരുന്നു വാഗ്ദാനം. പത്ത് കോടി രൂപ ഇതിനായി വകയിരുത്തിയെങ്കിലും ഒരു പൈസ പോലും ചെലവഴിച്ചിട്ടില്ല. നാളികേര ബയോപാർക്കിന്റെ സ്ഥിതിയും മറിച്ചല്ല. മൂന്ന് പാർക്കുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ 15 കോടി രൂപയുടെ കാര്യം കൃഷി വകുപ്പുതന്നെ മറന്നിരിക്കുകയാണ്. മൂല്യ വർദ്ധിത പച്ചക്കറി വർഷത്തിലുടനീളം ഉപഭോക്താക്കളിൽ എത്തിക്കുന്നതി നായി പ്രഖ്യാപിച്ച ഗ്രീൻ ഹൗസ് പദ്ധതിയും എങ്ങും എത്തിയില്ല. ഇതിന് 45 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഒരു പൈസ പോലും ചെലവഴി ക്കാൻ കഴിഞ്ഞില്ല. ഈ പദ്ധതിയിലേക്കുള്ള ഏതാണ്ട് 1500 അപേക്ഷകൾ കൃഷി ആഫീസുകളിൽ കെട്ടിക്കിടക്കുകയാണ്. എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ്, തീരമൈത്രി, ഗാർഹിക കോഴിവളർത്തൽ, 2000 സഹക രണ വിപണന കേന്ദ്രങ്ങൾ, എഡ്യുസിറ്റി, ബഹുനില വ്യവസായ എസ്റ്റേറ്റ്, കശുവണ്ടി ബാങ്ക്, 50 പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, പ്രൊമോഷൻ ബോർഡ്

തുടങ്ങിയവയെല്ലാം കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങളാണ്. ഇവ യെല്ലാം ഇന്നും പാഴ്വാക്കായി കിടക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീ മാണിയുടെ ബഡ്ജറ്റ് പ്രസംഗത്തിലുടനീളം വികസന മുരടിപ്പിന്റേയും രൂക്ഷമായ വിലകയറ്റത്തിന്റേയും പ്രകടമായ പ്രഖ്യാപന മാണ് കാണാൻ സാധിക്കുന്നത്. കേരളത്തെ മുന്നോട്ടുനയിക്കുവാൻ ഉത കുന്ന ഒന്നുംതന്നെ ഈ ബഡ്ജറ്റിൽ കാണുന്നില്ല. സംസ്ഥാനം ഇന്ന് കാണുന്ന പ്രധാന പ്രശ്നം വിലക്കയറ്റത്തിന്റേയും വികസനത്തിന്റേയും പ്രശ്നമാണ്. കേന്ദ്ര യു.പി.എ. ഗവൺമെന്റ് നടപ്പിലാക്കുന്ന നവലിബറൽ നയങ്ങളുടെ ആഘാതത്തിൽ തകർന്നുകൊണ്ടിരിക്കുന്ന കൃഷിയെ എങ്ങനെ രക്ഷിച്ചുനിർത്തണമെന്നുള്ളതാണ് കേരളീയ സമൂഹത്തിന് അറിയേണ്ടത്. കെ.എസ്.ആർ.ടി.സി.യേയും കെ.എസ്.ഇ.ബി.യേയും തകർച്ചയിൽനിന്ന് രക്ഷപ്പെടുത്തി എങ്ങനെ നിലനിർത്തണമെന്നതിനെസംബന്ധിച്ച് ബഡ്ജറ്റ് ഗൗരവമായി പരിഗണിച്ചിട്ടില്ല.

ഈ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി യെ രക്ഷിക്കുവാൻവേണ്ടി 100 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. മുൻ വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തെ നികുതി വരുമാനമായി 32,122 കോടി രൂപ പിരിച്ചെടുക്കു മെന്ന് പ്രഖ്യാപിച്ച മാണി സാറിന് 31,702 കോടി രൂപ മാത്രമേ പിരിച്ചെടു ക്കാൻ സാധിച്ചിട്ടുള്ളൂ. ഈ നിലയിൽ പരിശോധിച്ചാൽ ഇതൊരു ജനവിരുദ്ധ ബഡ്ജറ്റാണെന്ന് മനസ്സിലാകും. വാറ്റ് നികുതി ഒരു ശതമാനം ഉയർത്തിയ തിന്റെ ഫലമായി 1,100 കോടി രൂപയാണ് സാധാരണക്കാരായ ജനങ്ങ

ളിൽനിന്ന് പിരിച്ചെടുക്കേണ്ടിവന്നിട്ടുള്ളത്. തലസ്ഥാന നഗരിയിൽ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു പ്രശ്നമായി നിലനിൽക്കുന്നത് പൈപ്പ്ലൈൻ പൊട്ടലാണ്. കഴിഞ്ഞ ആറുമാസത്തിനിടയിൽ ഏതാണ്ട് 170 പ്രാവശ്യമാണ് തലസ്ഥാനനഗരിയിലെ പൈപ്പ് ലൈൻ പൊട്ടിയിരിക്കുന്നത്. ഇതൊരു അട്ടിമറിയാണോ എന്ന കാര്യത്തിൽ സംശയമുണ്ട്. ഒരു സംഘം ഉദ്യോഗസ്ഥരുടെയും കോൺട്രാക്ടർമാരുടെയും നാൽവർ സംഘത്തിന്റെയും അട്ടിമറിയാണോ ഈ പൈപ്പ്ലൈൻ പൊട്ടലെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇത് അന്വേഷിക്കുന്നതിനുവേണ്ടി ചില ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിയമസഭയിലെ ജനപ്രതിനിധികൾ അടങ്ങുന്ന ഒരു സമിതിയെക്കൊണ്ട് ഈ തലസ്ഥാനനഗരിയിൽ ഉണ്ടാകുന്ന പൈപ്പ്ലൈൻ പൊട്ടൽ അന്വേഷിക്കുന്നതിന് തയ്യാറാകണമെന്ന് ബഹുമാനപ്പെട്ട മാണിസാറിനോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ തലസ്ഥാന നഗരവികസനം ലക്ഷ്യമിട്ടുകൊണ്ട് JNNURM, KSUDPഎന്നിവയിലൂടെ 150 കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിക്കപ്പെട്ടത്. അവയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ഈ വർഷം പേരിനുപോലും ഈയിനത്തിൽ ഒരു പൈസപോലും ഉൾപ്പെടുത്തുന്നതിന് തയ്യാറായിട്ടില്ല. മോണോ റെയിലിനുവേണ്ടി 20 കോടി രൂപയാണ് പ്രഖ്യാപിച്ചത്. പക്ഷേ, ഈ പദ്ധതിതന്നെ കോഴിക്കോട് ജില്ലയിലേയ്ക്ക് കൊണ്ടുപോകുന്നതിന് തയ്യാറായിരിക്കുന്നു. തലസ്ഥാനത്ത് കോൺക്രീറ്റ് തൂണുകളിൽ ബന്ധിപ്പിച്ചിട്ടുള്ള പാളം വഴി സഞ്ചരിക്കുന്ന പോട്ട്കാർ സംവി

ധാനമൊരുക്കുന്നതിനായി 25 ലക്ഷം രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. തിരുവനന്തപുരം സിറ്റി മുഴുവൻ കറങ്ങിനോക്കിയെങ്കിലും ഒരു സ്ഥലത്തുപോലും പോട്ട്കാർ സംവിധാനം കാണാൻ സാധിച്ചിട്ടില്ല. വിഴിഞ്ഞം തുറമുഖത്തിനായി 224 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്ന് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിലും അങ്ങ് പറഞ്ഞിരുന്നു. എന്തെങ്കിലും കാര്യങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ? തിരുവനന്തപുരം ജില്ലയ്ക്കുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ ഐ.ടി. പാർക്ക് വികസനത്തിനുവേണ്ടി 43 കോടി രൂപ, ചാക്കയിൽ എയ്റോസ്പേസ് സെന്ററിനുവേണ്ടി 10 കോടി രൂപ, കൊച്ചുവേളിയിൽ എസ്റ്റേറ്റ് നിർമ്മാണത്തിനായി 10 കോടി രൂപ വിഴിഞ്ഞത്തും ശംഖുമുഖത്തും വ്യവസായ വികസന കേന്ദ്രങ്ങൾ, ഈഞ്ചയ്ക്കലിൽ പുതിയ അന്തർജില്ലാ ബസ് ടെർമിനൽ, മുട്ടത്തറയിൽ കേപ് എഞ്ചിനീയറിംഗ് കോളേജിനുവേണ്ടി 3 കോടി രൂപ, തിരുവനന്തപുരത്ത് സ്വകാര്യ പങ്കാളിത്തത്തോടുകൂടി മാലിന്യ നിർമാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിനായി 25 കോടി രൂപയാണ് അനുവദിച്ചത്. വിളപ്പിൽശാലയിൽ നിലവിലുള്ള മാലിന്യസംസ്ക്കരണ പ്ലാന്റ പൂട്ടിയതിന്റെ ഫലമായി അഞ്ച് ലക്ഷം ടൺ മാലിന്യമാണ് തലസ്ഥാനനഗരിയിൽ കുന്നുകൂടി കിടക്കുന്നത്. ഗുജറാത്തിലെ സൂറത്തിൽ പതിനായിരക്കണക്കിന് വരുന്ന ആളുകൾക്ക് മാരകരോഗങ്ങളും മാറാരോഗങ്ങളും പിടിപെട്ട് മരണമടഞ്ഞതുപോലെ ഈ നിലയിൽ മുന്നോട്ടുപോവുകയാണെങ്കിൽ തലസ്ഥാനനഗരിയിലും അതേ അനുഭവമുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയമില്ല. അതുകൊണ്ട് മാലിന്യനിർമ്മാർജനത്തിന് ഒരു ബദൽ സംവിധാനമുണ്ടാ

ക്കണം. നിലവിലുള്ള പ്ലാന്റിന് എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി ശ്രമിക്കണം. ആ പ്ലാന്റ് അവിടെ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് നാട്ടുകാരുടെ എതിർപ്പുണ്ടെങ്കിൽ അത് പൂട്ടിയിടട്ടേ; കുഴപ്പമില്ല. തൊണ്ണൂറ് ടൺ മാലിന്യം അവിടെ സംസ്ക്കരിക്കണമെന്നാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞിരിക്കുന്നത്. അത് എന്തുമാകട്ടെ? ഒരു സ്ഥാപനം പൂട്ടുമ്പോൾ അതിനൊരു ബദൽ സംവിധാനമുണ്ടാക്കണ്ടേ? അഞ്ച് ലക്ഷം ടൺ മാലിന്യം തലസ്ഥാനനഗരിയിൽ കുന്നുകൂടി കിടക്കുന്നതിന്റെയും ഇവിടത്തെ ജനങ്ങൾക്ക് മാരക രോഗങ്ങൾ വന്നു ഭവിക്കുന്നതിന്റെയും പൂർണ്ണ ഉത്തരവാദിത്വം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്കുമാണെന്നുള്ള കാര്യം ഒരാക്ഷേപമായിതന്നെ ഉന്നയിക്കാൻ ആഗ്രഹിക്കുകയാണ്. ഇതിനൊരു ബദൽ ഉണ്ടാക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞവർഷത്തെ ബഡ്ജറ്റിൽ ഇതിനായി 25 കോടി രൂപ വകയിരുത്തിയെങ്കിലും ഒരു പൈസപോലും ചെലവഴിച്ചിട്ടില്ല. സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കാൻ വേണ്ടി 15 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. ആക്കുളത്തും ശാന്തിഗിരിയിലും കൺവെൻഷൻ സെന്ററുകൾ, തിരുവനന്തപുരത്ത് CDS മാതൃകയിലുള്ള ഗവേഷണ കേന്ദ്രം സ്ഥാപിക്കാൻ അഞ്ച് കോടി രൂപ, തോന്നയ്ക്കലിൽ പത്ത് കോടി രൂപയുടെ ജൈവശാസ്ത്ര ഉദ്യാനം-ഇതൊക്കെ എഴുതി വയ്ക്കുമ്പോൾ എന്നെങ്കിലും ഇങ്ങനെയുള്ള ആളുകൾ ഇതൊക്കെ കണ്ടുപിടിച്ച് പറയുമെന്ന വിവരം ഗവൺമെന്റ് മനസ്സിലാക്കണം. ആറ്റിപ്ര വില്ലേജ് ആഫീസ് സമുച്ചയത്തിനായി രണ്ട് കോടി രൂപയാണ്

കഴിഞ്ഞവർഷത്തെ ബഡ്ജറ്റിൽ മാറ്റിവച്ചത്. എന്തെങ്കിലും നടന്നോ; ആറ്റിപ്ര വില്ലേജ് ആഫീസ് വരച്ചുകൊണ്ടിരിക്കുകയാണെന്നാണ് എന്റെ സുഹൃത്ത് ശ്രീ. എം. എ. വാഹീദ് പറയുന്നത്. തിരുവനന്തപുരം മെഡിക്കൽ കേളേജിൽ മൾട്ടിപ്ലിസിറ്റി റിസർച്ച് സെന്റർ സ്ഥാപിക്കാൻ 12 കോടി രൂപയാണ് കഴിഞ്ഞ പ്രാവശ്യം അനുവദിച്ചത്. ആഴ്ചയിൽ ഒരുപ്രാവശ്യം പൈപ്പ്ലൈൻ പൊട്ടുന്നതുകൊണ്ട് മെഡിക്കൽ കോളേജിലേയും ജനറൽ ഹോസ്പിറ്റലിലേയും എസ്. എ.ടി. ആശുപത്രിയിലേയും തൈക്കാട് ആശുപത്രിയിലേയും തിരുവനന്തപുരം സിറ്റിയിലുള്ള എല്ലാ ആശുപത്രിയിലേയും ആളുകൾ കുടിവെള്ളം കിട്ടാതെ അലഞ്ഞുതിരിയുകയാണ്. രാജീവ് ഗാന്ധി ഏവിയേഷൻ സെന്ററിന് 6 കോടി രൂപയുടെ വികസനം, കോവളം വിനോദ സഞ്ചാരകേന്ദ്രത്തിന് ഒരു കോടി രൂപയുടെ വികസനം, ശ്രീ ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിന് റോഡ് സേഫ്ടിയിൽ ബിരുദാനന്തരകോഴ്സ് ആരംഭിക്കുന്നതിനു വേണ്ടിയുള്ള ഫണ്ട്, ഡിസാസ്റ്റർ മാനേജ്മെന്റിന് ആധുനികവത്കരണം എന്നീ നിലയിലുള്ള നടക്കാത്ത കുറേ പദ്ധതികളാണ് ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ശ്രീ. എ. കെ. ബാലൻ മന്ത്രിയായിരുന്ന കാലത്ത് പട്ടികജാതി/പട്ടിക വർഗ്ഗ, ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടിയുള്ള സമഗ്ര ആരോഗ്യ പദ്ധതിക്കായി 10 കോടി രൂപ മാറ്റിവച്ചിരുന്നു. അവർക്കുള്ള മരുന്ന്, യാത്രാക്കൂലി, താമസം, ഭക്ഷണം, അവരെ സഹായിക്കുന്നതിനു വേണ്ടി കൂട്ടിരിക്കുന്ന ഒരാൾക്കുള്ള ചെലവുകൾ എന്നിവയ്ക്കായി മാറ്റിവച്ചിരുന്ന തുകപോലും എടുത്തുകളയാൻ തയ്യാറായ ശ്രീ. കെ. എം. മാണിക്ക്

അവരോടുള്ള സമീപനമെന്താണെന്നാണ് അറിയേണ്ടത്. പട്ടികവർഗ്ഗ വിഭാഗ ത്തിൽപ്പെട്ടവർക്ക് 35 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ തയ്യാറായിട്ടു ള്ളൂ. മാത്രമല്ല, തലസ്ഥാന നഗരിയിലെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊന്നാണ് ആറ്റുകാൽ വികസനപദ്ധതി. ആറ്റുകാൽ വികസന പദ്ധതിക്കുവേണ്ടി 25 കോടി രൂപ ഉൾപ്പെടുത്തണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. അതോ ടൊപ്പംതന്നെ സംസ്ഥാനത്തെ ചവർ സംസ്ക്കരണ ഫാക്ടറി സ്ഥാപിക്കുന്നതി നുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. വിഴിഞ്ഞം തുറമുഖം ആരംഭിക്കാൻ കഴിയണം. കരമന-കളിയിക്കാവിള റോഡ് വികസനം ആരംഭിക്കാൻ കഴിയ ണം. എല്ലാ മണ്ഡലത്തിലുമുള്ള ആളുകളെ ഒരേ രൂപത്തിൽ കാണാൻ കഴി യണം. ഇത് കേരള ഗവൺമെന്റിന്റെ ഫണ്ടാണ്. ഇവിടത്തെ 140 എം.എൽ.എ. മാരും ആ ഫണ്ട് ലഭിക്കാൻ അർഹതയുള്ളവരാണ്. ഈ ബഡ്ജറ്റ് പുസ്തകം പരിശോധിച്ചുനോക്കിയാൽ കുറേ എം.എൽ.എ. മാർക്ക് വാരിക്കോരി ഫണ്ട് കൊടുക്കുകയും ചില മണ്ഡലങ്ങളിൽ ഒട്ടുമേ കൊടുത്തിട്ടില്ലെന്നും കാണാൻ സാധിക്കും. ആ നിലയിൽ ഒരു കാരണവശാലും.......... ഈ ഫണ്ട് എന്ന് പറയുന്നത് ആരുടെയും കുടുംബത്തിൽ നിന്ന് കൊണ്ടുവന്നതല്ല. ഇത് സംസ്ഥാനത്തെ ജനങ്ങളുടെ കാശാണ്. അതുകൊണ്ടുതന്നെ ഫണ്ട് അലോ ക്കേഷനിലും വർക്ക് അലോക്കേഷനിലും 140 മണ്ഡലങ്ങളെയും ഒരേ രൂപ ത്തിൽ കണ്ടുകൊണ്ടുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ അവസര ത്തിൽ ഗവൺമെന്റിനോട് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാ നിപ്പിക്കുന്നു, ഈ ബഡ്ജറ്റിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമനസ്സോടെ പിന്തുണയ്ക്കുന്നു. കഴിഞ്ഞ രണ്ടുവർഷക്കാലത്തെ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണനേട്ടങ്ങൾ കേരളത്തിലെ ജനങ്ങൾ അംഗീകരിച്ചിട്ടുള്ള നേട്ടങ്ങൾതന്നെയാണ്. ഒരു രൂപയ്ക്ക് പട്ടിണിപ്പാവങ്ങൾക്ക് അരി നൽകി ക്കൊണ്ട് ആരംഭിച്ച പ്രവർത്തന പരിപാടിയും ഇന്നലെ ശ്രീ. പി. സി. വിഷ്ണു നാഥ് എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ കോക്ലിയർ ഇംപ്ലാന്റേഷനും, അതുപോലെ കേരളത്തിലെ ജനങ്ങൾ ഏറെ അംഗീകരിച്ച കാരുണ്യ ലോട്ടറി യിലൂടെ കാരുണ്യ ബെനവലന്റ് ഫണ്ടുപയോഗിച്ച് പാവങ്ങളുടെ ചികിത്സാ സഹായ പദ്ധതിയുമുൾപ്പെടെ ആവിഷ്ക്കരിച്ചുകൊണ്ട് ഗവൺമെന്റ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. റോഡുകൾ നവീകരിച്ചത് കേരളത്തിലെ ജന ങ്ങൾ ഈ സർക്കാരിനെ ഏറെ അംഗീകരിക്കുന്ന ഒരു കാര്യമാണ്. മരാമത്ത് വകുപ്പ് 250 ശതമാനം സംഖ്യ ചെലവഴിച്ചുകൊണ്ടാണ്, ബഡ്ജറ്റ് സംഖ്യയേ ക്കാൾ അധിക സംഖ്യ നൽകിക്കൊണ്ടാണ് കേരളംപോലെ ഗതാഗതത്തിന് ഏറെ പ്രാധാന്യമുള്ള ഒരു സംസ്ഥാനത്തെ റോഡുകൾ ഏറ്റവും അടിയന്തര മായി നവീകരിക്കാനുള്ള കർമ്മപദ്ധതിയെ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പു മന്ത്രിയും സഹായിച്ചതെങ്കിൽ ആ വകുപ്പുമന്ത്രിയും ഏറ്റവും അധികം മാർക്ക് വാങ്ങിയ ഒരു പെർഫോർമെൻസ് കാഴ്ചവച്ചിരിക്കുന്നു. ഈ പെർഫോർമെൻസിന്റേയും വിജയത്തിന്റേയും അടിസ്ഥാനത്തിലാണ് പുതിയ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബഡ്ജറ്റിന്റെ അവതരണവേള യിൽ ഏതെങ്കിലുമൊരു ഇഷ്യൂവിൽ ഏതെങ്കിലുമൊരു പ്രഖ്യാപനത്തെ

ചൊല്ലി പ്രതിപക്ഷത്തുനിന്ന് ഒരു നേരിയ അപസ്വരംപോലും ഉയർത്താൻ അവർക്ക് സാധിച്ചിട്ടില്ല. വായിക്കാൻ വിട്ടുപോയ കാര്യങ്ങളെടുത്ത് സംസാരിച്ചാലും........ ഭരണപക്ഷത്തുനിന്ന് ആവർത്തിച്ച് ആവർത്തിച്ച് കയ്യടിച്ച് മാണി സാറിനെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. പ്രതിപക്ഷത്തുനിന്ന് ഡിസെന്റിന്റേതായ നേരിയ ഒരു ശബ്ദംപോലും കേൾക്കുവാൻ സാധിച്ചില്ല. ഇവിടെ വിട്ടുപോയതായി പറയപ്പെടുന്ന പെൻഷൻ പ്രായം 2013 ഏപ്രിൽ 1 മുതൽ ജോലിയിൽ പ്രവേശിക്കുന്ന ആളുകൾക്ക് 60 വയസ്സായി വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഈ ബഡ്ജറ്റിൽ അവതരിപ്പിച്ച് വായിച്ചെങ്കിൽപ്പോലും ഒന്നും പറയാനുണ്ടാകുമായിരുന്നില്ല. ഇവിടെ പ്രതിപക്ഷത്തുനിന്ന് ഡോ. ടി. എം. തോമസ് ഐസക് തുടങ്ങിവച്ച ചർച്ചയിൽ എന്താണ് പറഞ്ഞത്? ആ നയത്തെയല്ല, ആ തീരുമാനത്തെയല്ല...... യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ. ആ തീരുമാനത്തെ കേരളത്തിലെ യുവജനങ്ങൾ സ്വാഗതം ചെയ്യുന്നുവെന്ന് പറഞ്ഞു. എല്ലാ വർഷവും എല്ലാകാലത്തും വരുന്ന പതിറ്റാണ്ടുകളിലും കേരളത്തിൽ ഗവൺമെന്റ് ഏജൻസികളെമാത്രം ആശ്രയിച്ച്, സർക്കാർ ജോലിമാത്രം ലക്ഷ്യംവച്ചുകൊണ്ട് തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിയില്ല. ഇനി ജോലിയിൽ പ്രവേശിക്കുന്ന ആളുകൾ 30, 35 വർഷത്തിനപ്പുറത്താണ് റിട്ടയേർഡ് ചെയ്യാൻ സാധ്യതയുള്ളതെന്ന് മനസ്സിലാക്കിക്കൊണ്ടാണ് റിട്ടയർമെന്റ് പ്രായം 60 വയസ്സാക്കി ഉയർത്തിയത്. നിങ്ങൾ അധികാരത്തിൽ വന്നാൽ ഈ പ്രായം കുറയ്ക്കുമോയെന്ന് ഡോ. ടി. എം. തോമസ്

ഐസക്കിനോട് പത്രക്കാർ ചോദിച്ചപ്പോൾ അദ്ദേഹം ഉത്തരം പറയാതെ ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. അതുകൊണ്ട് കേരളത്തിലെ ജനങ്ങൾ സർവ്വാത്മനാ സ്വാഗതം ചെയ്യുന്ന പ്രഖ്യാപനവും തീരുമാനവുമാണ് ആ രംഗത്തും വന്നിട്ടുള്ളത്. നമുക്കറിയാം, മാണി സാർ എപ്പോഴും പാവങ്ങളോട് കരുണയുള്ള ഒരു ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. അതുകൊണ്ടാണ് കാരുണ്യ ലോട്ടറി വിജയകരമായി നടത്തി അതുവഴി ചികിത്സാസഹായം നൽകുവാൻ സാധിച്ചത്. സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്കും അത് അടിത്തറ പാകിയിട്ടുണ്ട്. ഇത്തവണത്തെ പദ്ധതികൾ എന്തൊക്കെയാണ്? ദുർബല വിഭാഗങ്ങൾക്കുള്ള ക്ഷേമപദ്ധതികളിൽ ഒട്ടുമിക്കതിലും വർദ്ധനവുണ്ട്. ഏതെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ, ഏതിന്റെയെങ്കിലും സംഖ്യ എഴുതിയതിൽ ക്ലറിക്കൽ മിസ്റ്റേക്ക് വന്നിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുമെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്. ഓരോ പദ്ധതിയും എണ്ണിയെണ്ണി പറയേണ്ടതില്ല. എല്ലാ ക്ഷേമപദ്ധതികൾക്കും സംഖ്യ വർദ്ധിപ്പിച്ചുകൊണ്ടുള്ള ഒരു തീരുമാനമാണ് എടുത്തിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ, ദുർബലവിഭാഗങ്ങൾക്ക് സംഖ്യ വർദ്ധിപ്പിച്ചിട്ടില്ലായെന്ന് നേരത്തെ ശ്രീ. വി. ശിവൻകുട്ടി സംസാരിച്ചപ്പോൾ പറഞ്ഞു. വീട്, സ്ഥലം, തൊഴിൽ, സാമ്പത്തിക ഉന്നമനം എന്നിവയ്ക്കായി 839.5 കോടി രൂപ ഈ ബഡ്ജറ്റിൽ മാണി സാർ വകകൊള്ളിച്ചിരിക്കുന്നു. എസ്.റ്റി. കോളനികൾ വികസിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും 272.3 കോടി രൂപ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേകമായി ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിശ്വകർമ്മ വിഭാഗ

ത്തിൽപ്പെട്ട തൊഴിലാളികളിൽ 60 വയസ് കഴിഞ്ഞ ബി.പി.എൽ. വിഭാഗ ത്തിൽപ്പെട്ടവർക്ക് 400 രൂപ പ്രതിമാസ പെൻഷൻ സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ചിരിക്കുന്നു. അത് ബി.പി.എൽ. കുടുംബങ്ങൾക്ക് മാത്രംപോരാ 60 വയസ് കഴിഞ്ഞ എ.പി.എൽ. കുടുംബത്തിൽപ്പെട്ട ആളുകൾക്കും വരുമാന ത്തിന്റെ അടിസ്ഥാനത്തിൽ........ നേരത്തെ പല ആനുകൂല്യങ്ങളും വാർഷിക വരുമാനസംഖ്യ 3,00,000 രൂപയായി നിശ്ചയിച്ചതുകൊണ്ട് വിശ്വകർമ്മ വിഭാ ഗത്തിൽപ്പെട്ട ആളുകൾക്കും ഈ പെൻഷൻ ആനുകൂല്യം വാർഷിക വരുമാ നത്തിന്റെ അടിസ്ഥാനത്തിൽ നൽകണമെന്ന അഭ്യർത്ഥന ഞാൻ മുന്നോട്ടുവ യ്ക്കുകയാണ്.

കാർഷിക മേഖല കേരളത്തെ സംബന്ധിച്ച് നമ്മുടെ ജീവനാഡിയാണ്. കാർഷിക സമ്പദ്ഘടനയെ ശക്തിപ്പെടുത്തുവാൻ, കൃഷിക്ക് അംഗീകാരം നൽകാനാണ് കാർഷിക ഉൽപ്പാദകസംഘങ്ങൾ കർഷക മാർക്കറ്റുകൾ രൂപീ കരിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. കൃഷിക്കാരുടെ വായ്പയ്ക്ക് സഹക രണ ബാങ്കുകളിൽനിന്ന് നബാർഡ് റീ-ഫൈനാൻസുള്ള കാർഷിക വായ്പക ളുടെ പലിശ പൂർണ്ണമായും ഗവൺമെന്റ് സബ്സിഡൈസ് ചെയ്തിരിക്കുകയാ ണ്. കൂടുതൽ വായ്പകൾ കാർഷിക മേഖലയ്ക്ക് നൽകുന്നതിനുവേണ്ടി 30 കോടി രൂപ ബഡ്ജറ്റിൽ പ്രത്യേകമായി വകകൊള്ളിച്ചിട്ടുണ്ട്. കേരളത്തിന്റെ നെല്ലറയായ കുട്ടനാട്ടിൽ മണ്ണ്-ജലസംരക്ഷണ പദ്ധതിക്കുവേണ്ടിയുള്ള പ്രത്യേക പ്രോജക്ട് കേരളത്തിലെ ഗവൺമെന്റ് തയ്യാറാക്കിയിരിക്കുന്നു.

കഴിഞ്ഞ ബഡ്ജറ്റ് ചർച്ചയിൽ പ്രതിപക്ഷത്തുനിന്ന് ശ്രീ. എളമരം കരീമും മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കുമെല്ലാം സംസാരിച്ചപ്പോൾ ഈ ബഡ്ജറ്റിനെക്കുറിച്ച് ഒന്നും പറയാനുണ്ടായിരുന്നില്ല. ഇപ്പോൾ ശ്രീ. വി. ശിവൻകുട്ടി സംസാരിച്ചപ്പോഴും കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കിയില്ലായെന്നാണ് ആക്ഷേപമുന്നയിച്ചതെ ങ്കിൽ ചില കാര്യങ്ങളിൽ കേരളത്തിലെ ഭരണതലത്തിലുണ്ടാകുന്ന സാങ്കേ തിക തടസ്സങ്ങൾ......... ശ്രീ. വി. ശിവൻകുട്ടി ചോദിച്ച ചോദ്യത്തിന് ഇവിടെ നിന്ന് ശ്രീ. എം. എ. വാഹീദ് പറഞ്ഞു, അതിന്റെ ഫയൽ പ്രോസസ് ചെയ്തു കൊണ്ടിരിക്കുകയാണ്, ഒരു ഏജൻസിയെ ഏൽപ്പിച്ചു. ആ എജൻസി നടപ്പി ലാക്കിയില്ല. മറ്റൊരു ഏജൻസിയെ ഏൽപ്പിക്കാൻ പോകുന്നു. ഇന്നലെ മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. എളമരം  ചോദിച്ച ചോദ്യങ്ങൾക്ക്, ഇന്ന സ്കീമുകൾ ഇന്ന സ്റ്റേജിൽ ഇംപ്ലിമെന്റേഷൻ ഘട്ടത്തിലാണ്, ഇംപ്ലിമെന്റ് ചെയ്തുകൊണ്ടിരിക്കുന്നു, ഇന്നതാണ് അതിന്റെ പ്രോഗ്രസ് റിപ്പോർട്ടെന്ന് ഇപ്പോഴത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഓരോ ന്നിനും എണ്ണിയെണ്ണി മറുപടി പറഞ്ഞു. എങ്കിൽപ്പോലും 100 ശതമാനം ഈ പദ്ധതികളൊന്നും പൂർത്തീകരിച്ചുവെന്ന് ആരും അവകാശപ്പെടുന്നില്ല. അവി ടെയാണ് ഈ ബഡ്ജറ്റിന്റെ ഒരു പ്രത്യേകത. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കണമെന്ന് മാണി സാർ ബഡ്ജറ്റ് പ്രസംഗത്തിലെ 13-ാം ഖണ്ഡികയിൽ വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ വരുന്ന കാലവിളംബരം ഒരു വിഷയമാണെന്ന് മന

സ്സിലാക്കി അത് ഒഴിവാക്കുന്നതിനുവേണ്ടി ഗവൺമെന്റ് സെക്രട്ടറിമാരുടെയും വകുപ്പ് മേധാവികളുടെയും പൊതുനിയന്ത്രണത്തിന് വിധേയമായി ഓരോ പദ്ധതിയുടെയും നിർവ്വഹണ ഉത്തരവാദിത്വം ഒരു പ്രത്യേക ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കുന്നതാണ്. ബഡ്ജറ്റ് പ്രസംഗത്തിലെ പുതിയ പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നത് ഉറപ്പുവരുത്താൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ ഒരു മോണി റ്ററിംഗ് കമ്മിറ്റി രൂപീകരിക്കുമെന്നും പദ്ധതികൾ സമയബന്ധിതമായി നടക്കു ന്നുവെന്ന് ഉറപ്പുവരുത്തുന്നതുമാണ്. പോരായ്മകൾ പരിഹരിക്കുന്നതിനും ഗവൺമെന്റ് ഏറ്റവും ശക്തമായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതിപ ക്ഷത്തെ എം.എൽ.എ.-മാർക്ക് പരിഗണന നൽകുന്നില്ലായെന്ന ആക്ഷേപം ഇവിടെ പറയുകയുണ്ടായി. ആര് വിചാരിച്ചാലും ഇത്ര സമഭാവനയോടെ കേരളത്തിന്റെ വരുമാനം മുഴുവൻ തുല്യമായി 140 നിയോജകമണ്ഡല ങ്ങൾക്കും വീതിക്കാൻ കഴിയുകയില്ല. ആറളത്ത് ഒരു മോഡൽ റസി ഡൻഷ്യൽ സ്കൂൾ ട്രൈബൽ വിഭാഗത്തിന് ആരംഭിക്കുന്നു എന്നൊരു പ്രഖ്യാപനം മാത്രമേ എന്റെ നിയോജകമണ്ഡലത്തെക്കുറിച്ച് ബഡ്ജറ്റ് പ്രസം ഗത്തിലുള്ളൂ. പക്ഷേ ബഡ്ജറ്റിന്റെ വിശദാംശം പരിശോധിക്കുമ്പോൾ എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടെയുള്ള വികസന കാര്യങ്ങൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അല്ലെങ്കിൽ ഉൾക്കൊള്ളിക്കുവാൻ ഇനിയും അവസര ങ്ങളുണ്ട്. പ്രാഥമികമായി ടോക്കൺ എമൗണ്ട് വച്ചാൽപോലും അതിനാവശ്യ മായ എ.എസ്.-ഉം കാര്യങ്ങളും അതിന്റെ അവസരത്തിൽ നേടിയെടുക്കു വാൻ സാധിക്കും. ഭരണകക്ഷി എം.എൽ.എ.-മാർക്ക് മാത്രമല്ല, പ്രതിപ

ക്ഷത്തെ എത്രയോ എം.എൽ.എ.-മാർക്ക് പദ്ധതികൾ.......... ഒരു നിയോജകമണ്ഡലത്തിൽ ഒരു മാവേലി സ്റ്റോർ 140 പേർക്കും കിട്ടുന്നതാണ്. ഒരു നിയോജകമണ്ഡലത്തിൽ ഒരു മോഡൽ അംഗൻവാടി, അതും 140 ആണ്. അത് 73 നിയോജകമണ്ഡലത്തിൽ മാത്രമാണെന്ന് മാണി സാർ പറഞ്ഞിട്ടില്ല. മാതൃകാ കോളനികൾ എല്ലാ നിയോജകമണ്ഡലങ്ങളിലും തുല്യമായി വീതിക്കുന്ന കാര്യങ്ങളാണ്, ഭരണകക്ഷി എം.എൽ.എ.-മാർക്ക് മാത്രമല്ല. കുട്ടനാട് മണ്ണ്-ജലസംരക്ഷണ പദ്ധതിയുടെ കാര്യം ഞാൻ ഇവിടെ പറഞ്ഞു. അർത്തുങ്കൽ ഫിഷിംഗ് ഹാർബർ, ചേർത്തല മുനിസിപ്പൽ ടൗൺ വികസനത്തിന് 50 ലക്ഷം രൂപ, കായംകുളത്ത് ഹൈടെക് ലാബ്, വടകര മാഹി കനാൽ പാലം, കക്കയം-പെരുവണ്ണാമൂഴി, ആതിരപ്പിള്ളി ടൂറിസം പദ്ധതികൾ, കായംകുളത്ത് ലളിതകലാ അക്കാഡമി, ചാലക്കുടി മലമ്പുഴ വനിതാ ഐ.ടി.ഐ. എന്നിവയെല്ലാം പ്രതിപക്ഷ എം.എൽ.എ.-മാരുടെയാണ്. അങ്ങനെ ഓരോ കോൺസ്റ്റിറ്റ്യുവൻസി ബേസിൽ പരാതി പറയാനാണെങ്കിൽ ഞങ്ങൾക്കാണ് എന്തെങ്കിലും പരാതി പറയാൻ സാധിക്കുന്നത്. പക്ഷേ അത്തരത്തിൽ പരാതി പറയേണ്ട ഒരു രംഗമല്ല ഇതെന്ന് മനസ്സിലാക്കുന്നു.

അതുപോലെ 140 എം.എൽ.എ.മാർക്കും തുല്യമായിട്ടല്ലേ 5 കോടി രൂപയുടെ ആസ്തി വികസന ഫണ്ട് വച്ചിട്ടുള്ളത്. കഴിഞ്ഞ തവണ തോന്നിയതുപോലെ കൊടുത്തുകൊണ്ടിരുന്നതാണ്. കേരളത്തിന്റെ ആസ്തി വികസനത്തിൽ പ്രത്യേകിച്ച് റോഡുകളുടെയും പാലങ്ങളുടെയും സ്കൂൾ കെട്ടിടങ്ങ

ളുടെയും കാര്യത്തിൽ തുല്യത വേണമെന്ന് മനസ്സിലാക്കികൊണ്ടാണ് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ആ തുക നീക്കിവച്ചിട്ടുള്ളത്. ഒരു കാര്യം മന സ്സിലാക്കണം, ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റെയും അംഗബലം 73 – 67 ആയി നിൽക്കുന്ന ഒരു അസംബ്ലിയിലാണ് ധനകാര്യ വകുപ്പുമന്ത്രി ഇത്ര യേറെ വിശാല മനസ്കതയോടുകൂടി അത് ഇക്വലൈസ് ചെയ്യുന്നതിന്, തുല്യ നീതി നടപ്പിലാക്കിക്കൊണ്ട് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. ആ പ്രവർത്തനങ്ങൾക്ക് കേരളത്തിലെ ജനങ്ങളുടെ പിന്തുണയുണ്ട്. ഈ ബഡ്ജ റ്റിൽ മാണിസാറിൽനിന്നും ഉമ്മൻചാണ്ടി നയിക്കുന്ന ഗവൺമെന്റിൽനിന്നും ജനങ്ങൾ വളരെ പ്രതീക്ഷയോടെ ആഗ്രഹിച്ചിരുന്ന ഒരു കാര്യംകൂടി അവതരി പ്പിക്കാൻ ആഗ്രഹിക്കുകയാണ്. അത് ഇന്നലെ ചർച്ചയ്ക്ക് തുടക്കം കുറിച്ച ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞ താലൂക്കുകളുടെ പുന:സംഘടന സംബന്ധിച്ചാണ്. ഞാൻ അതിന്റെ ഒരു ആവശ്യക്കാരൻ കൂടിയാണ്. ആവശ്യ ക്കാരന് ഔചിത്യമില്ല എന്ന് പറയാറുണ്ട്. ഇക്കാര്യം കഴിഞ്ഞ തവണയും സംസാരിച്ചതാണ്. പക്ഷേ, കരയുന്ന കുഞ്ഞിനേ പാലുള്ളൂ എന്നത് ഭരണതല ത്തിൽ പരക്കെ അറിയപ്പെടുന്ന ഒരു കാര്യമാണ്, അതൊരു കീഴ്വഴക്കമാണ്. എന്റെ മണ്ഡലമുൾപ്പെടുന്ന തലശ്ശേരി താലൂക്കിൽ 48 വില്ലേജുകളുണ്ട്. കൊല്ലം ജില്ലയിലെ കുന്നത്തൂരിൽ 7 വില്ലേജുകളാണുള്ളത്, കുന്നത്തൂരിലെ ജനസംഖ്യ ഒന്നര ലക്ഷവും തലശ്ശേരി താലൂക്കിലെ ജനസംഖ്യ പതിനൊന്നര ലക്ഷവുമാണ്.. അതുപോലെ കൊടുങ്ങല്ലൂർ താലൂക്കിലെ ജനസംഖ്യ ഒന്നര

ലക്ഷമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മല്ലപ്പള്ളി താലൂക്കിൽ 9 വില്ലേജുകളേയുള്ളൂ. തളിപ്പറമ്പിൽ 47 വില്ലേജുകളാണുള്ളത്, ശ്രീ. ജെയിംസ് മാത്യുവും മന്ത്രി ശ്രീ. കെ. സി. ജോസഫും ഇവിടെയുണ്ട്. ഒറ്റപ്പാലത്ത് 42 വില്ലേജുകളുണ്ട്. വയനാട് ജില്ലയുടെ പ്രതിനിധികളായ മന്ത്രി കുമാരി പി.കെ. ജയലക്ഷ്മിയും ശ്രീ. ഐ.സി. ബാലകൃഷ്ണനും ഇവിടെയുണ്ട്, വയനാട് ജില്ലയിലെ ജനസംഖ്യ എട്ട് ലക്ഷമാണ്, അവിടെ മൂന്ന് താലൂക്കുകളുണ്ട്. തലശ്ശേരി താലൂക്കിലെ ജനസംഖ്യ പതിനൊന്നര ലക്ഷമാണെന്ന് ഓർക്കണം. അതുകൊണ്ട് ഈ കാര്യത്തിൽ പ്രകടമായി നിലനിൽക്കുന്ന അശാസ്ത്രീയത അവസാനിപ്പിച്ചുകൊണ്ട് പുതിയ താലൂക്കുകൾ വേണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്. കണ്ണൂർ ജില്ലയിലെ ജനസംഖ്യ 28 ലക്ഷവും കോഴിക്കോട് ജില്ലയിലെ ജനസംഖ്യ 30 ലക്ഷവുമാണ്. കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ മൂന്നു വീതം താലൂക്കുകളുള്ളപ്പോൾ 8 ലക്ഷം ജനസംഖ്യയും മൂന്ന് അസംബ്ലി മണ്ഡലങ്ങളുമുള്ള വയനാട് ജില്ലയിൽ മൂന്ന് താലൂക്കുകളുണ്ട്. ആലപ്പുഴ ജില്ലയുടെ വിസ്തൃതി തളിപ്പറമ്പ് താലൂക്കിന്റെ വിസ്തൃതിക്ക് സമാനമാണ്. കണ്ണൂർ ജില്ലയേക്കാൾ ആലപ്പുഴ ജില്ലയിൽ 6 ലക്ഷം ജനങ്ങൾ കുറവാണ്. കോഴിക്കോട് ജില്ലയേക്കാൾ ആലപ്പുഴ ജില്ലയിൽ 9 ലക്ഷം ജനങ്ങൾ കുറവാണ്. ആലപ്പുഴ ജില്ലയിൽ 6 താലൂക്കുകളുണ്ട്. കണ്ണൂരും കോഴിക്കോടും ഇപ്പോഴും മൂന്ന് താലൂക്കുകൾ എന്ന അവസ്ഥയിൽ നിൽക്കുന്നു. എന്തിനാണ്

താലൂക്ക് എന്ന് ചോദിച്ചാൽ സാധാരണ ജനങ്ങൾ ഭരണകാര്യങ്ങൾക്ക്, അത്യാവശ്യമായൊരു സർട്ടിഫിക്കറ്റിനും റേഷൻ കാർഡിനും പോകുന്നത് ഇവിടേയ്ക്കാണ്. എന്റെ കോൺസ്റ്റിറ്റ്യൂവൻസിയിലെ ആറളം ഫാമിൽ ആദി വാസി മേഖലയിലുള്ള ഒരു ആദിവാസി കുടുംബത്തിലെ ഒരു ഗൃഹനാഥന് റേഷൻ കാർഡിന് അപേക്ഷിക്കണമെങ്കിൽ തലശ്ശേരി താലൂക്ക് ഓഫീസിൽ പോകണം. കെ.പി.സി.പി. പ്രസിഡണ്ട് കഴിഞ്ഞ പ്രാവശ്യം കോളനി സന്ദർശ നത്തിനായി അവിടെ വന്നിരുന്നു. അവിടെനിന്നും തലശ്ശേരിയിലെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സിൽ എത്തണമെങ്കിൽ ജില്ലാ ആസ്ഥാനമായ കണ്ണൂരിൽ പോകേണ്ട അതേ ദൂരം 90 കിലോമീറ്റർ സഞ്ചരിക്കേണ്ടിവരുന്നു. എസ്. സി/എസ്.ടി. വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് വാങ്ങണമെങ്കിൽ താലൂക്ക് ഓഫീസിൽ പോകണം. കുടികിട സർട്ടിഫിക്കറ്റിനും ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റിനും അതുപോലെ സുപ്രധാനമായ ദൈനംദിന ആവശ്യ ങ്ങൾക്കുപോലും താലൂക്ക് ഓഫീസിനെ സമീപിക്കേണ്ടതുണ്ട്. അതുപോലെ പ്രകൃതിക്ഷോഭമുണ്ടായാൽ ..... എന്റെ കോൺസ്റ്റിറ്റ്യൂവൻസിയിൽ വലിയ ഉരുൾപൊട്ടലുണ്ടായി, വെള്ളപ്പൊക്കമുണ്ടായി, വലിയ കെടുതിയുണ്ടായി. മുഖ്യമന്ത്രി ഉൾപ്പെടെ ഏഴ് മന്ത്രിമാർ വന്നു. അവിടെയുള്ള 48 വില്ലേജുകളി ലുള്ള ഇത്തരം കാര്യങ്ങൾ ക്രമീകരിക്കുന്നതിന് ഒരു തഹസീൽദാറാണുള്ളത്. കൊല്ലംകാരോട് എനിക്ക് യാതൊരു ശത്രുതയുമില്ല, കൊല്ലത്തേയ്ക്ക് വരു

മ്പോൾ അവിടെത്തെ 7 വില്ലേജുകളിലെ ആളുകൾക്ക് ലഭിക്കുന്ന ഫെസിലിറ്റിയാണ് തലശ്ശേരിയിലെ 48 വില്ലേജിലുള്ളവർക്ക് ലഭിക്കുന്നത്.

ശ്രീ. സി. പി. മുഹമ്മദ്: സർ, താലൂക്കിനുള്ള മുറവിളി കൂട്ടുമ്പോഴൊക്കെ താലൂക്ക് ആവശ്യമുള്ളവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. അർഹതയുള്ളവർക്ക് കൊടുക്കുന്നതിൽ ആർക്കും വിരോധമില്ല. പക്ഷേ, ഭൂമിശാസ്ത്രപരമായും ജനസാന്ദ്രതയും നോക്കി ഇതിനൊരു മാനദണ്ഡം നിശ്ചയിച്ചുകൊണ്ട് ആർക്കായാലും കൊടുക്കുന്നതല്ലേ നല്ലത്. അതിനുപകരം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച 90 കിലോമീറ്റർ സഞ്ചരിക്കേണ്ടവരും താലൂക്ക് ആവശ്യപ്പെടുന്നു, 10 കിലോമീറ്റർ സഞ്ചരിക്കുന്നവരും താലൂക്ക് ആവശ്യപ്പെടുന്നു, അങ്ങനെയുള്ളതുകൊണ്ടാണ് മാറിമാറിവരുന്ന ഗവൺമെന്റുകൾ ഇതിൽ തൊടാൻ ഭയപ്പെടുന്നത്. അതുകൊണ്ട് അടിയന്തിരമായി ഇതിനൊരു നോംസ് നിശ്ചയിച്ച് ഗവൺമെന്റ് നയപരമായ ഒരു തീരുമാനമെടുക്കുന്നത് ഉചിതമാകില്ലേ?

ശ്രീ. സണ്ണി ജോസഫ്: സർ, വളരെ ഫലപ്രദമായതും സ്വീകാര്യമായതുമായ നിർദ്ദേശമാണ് ബഹുമാനപ്പെട്ട സി.പി. മുഹമ്മദ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യവകുപ്പും റവന്യൂ വകുപ്പും ഇക്കാര്യത്തിൽ അറച്ചു നിൽക്കാതെ തീരുമാനമെടുക്കണം. ഒരു ചെറിയ വിശകലനത്തിൽതന്നെ കാര്യങ്ങൾ വ്യക്തമാണ്. അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഒരു മാനദണ്ഡം നിശ്ചയിക്കണം. വില്ലേജുകളുടെ എണ്ണം, ജന

സംഖ്യ, പ്രദേശത്തിന്റെ വിസ്തൃതി ഈ മൂന്ന് കാര്യങ്ങൾ ഒരു ശാസ്ത്രീയ മാനദണ്ഡമായി ആർക്കും അംഗീകരിക്കാൻ സാധിക്കുന്ന കാര്യങ്ങളാണ്. ഈ മാനദണ്ഡങ്ങൾ സ്വീകരിച്ചുകൊണ്ട് പുതിയ താലൂക്കുകൾ രൂപീകരിക്കണം. ഇവിടെ ധനകാര്യ മന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന ചില പദ്ധതികൾ തന്നെ താലൂക്ക് അടിസ്ഥാനത്തിലാണ്. ബഡ്ജറ്റ് സ്പീച്ചിലെ 22-ാം പാരഗ്രാഫിൽ പറയുന്ന കർഷക ഉത്പാദക സംഘങ്ങളും കർഷക മാർക്കറ്റിംഗ് സൊസൈറ്റിയും താലൂക്കിൽ ഒന്നു വീതമാണ്. 26-ാം പാരഗ്രാഫിൽ പറയുന്ന തൃപ്തി ന്യായവില ഭക്ഷണശാലകൾ താലൂക്കടിസ്ഥാനത്തിലാണ് രൂപീകരിക്കുന്നത്. 65-ാം പാരഗ്രാഫിൽ പറയുന്ന ഡീ-അഡിക്ഷൻ സെന്ററുകൾ താലൂക്കടിസ്ഥാനത്തിലാണ് രൂപീകരിക്കുന്നത്. ഗവൺമെന്റിന്റെ പല സഹായങ്ങളും ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും താലൂക്കടിസ്ഥാനത്തിൽ നടത്തുന്നു എന്നുള്ളതുകൊണ്ട് ഇതിന് ന്യായയുക്തമായ ഒരു തീരുമാനമുണ്ടാകണം. ഒരുപാട് നാളുകളായി കേരളത്തിലെ രാഷ്ട്രീയ നേതൃത്വങ്ങൾ ഈ വിഷയം കൈകാര്യം ചെയ്യുന്നു. പക്ഷേ ഇതിൽ തൊടുന്നതിന് എന്തുകൊണ്ടോ ഭയന്നുനിൽക്കുന്നു. ഭയപ്പെടേണ്ട യാതൊരു കാര്യവുമില്ല. ഇത് കൈകാര്യം ചെയ്യാൻ സാധിക്കുന്ന രാഷ്ട്രീയ-ഭരണ പരിചയമുള്ള, കേരളത്തിന്റെ ഭൂമിശാസ്ത്രം മന:പാഠമായി അറിയാവുന്ന മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ചേർന്ന് ഇക്കാര്യത്തിന് ന്യായയുക്തമായ പരിഹാരമുണ്ടാക്കി ഈ ആവശ്യം അംഗീകരിക്കണം, ഞങ്ങളോട് കരുണ കാണിക്കണം. കരുണയുള്ളവർ ഭാഗ്യവാൻമാർ, എന്തെന്നാൽ അവർക്ക് കരുണ

ലഭിക്കും എന്ന ബൈബിൾ വാക്യം മാണിസാറിനെ ഓർമ്മപ്പെടുത്തേണ്ട ആവശ്യമില്ല. ആ കരുണയ്ക്കുവേണ്ടി, നീതിക്കുവേണ്ടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു, എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. കെ. ലതിക: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഞങ്ങളാരും ഈ ബഡ്ജറ്റിനെ എതിർത്തില്ല എന്ന് നേരത്തെ സംസാരിച്ച ശ്രീ. സണ്ണി ജോസഫ് സൂചിപ്പിച്ചു. ശ്രീ. പി. സി.ജോർജ് പറയുന്ന ഭാഷയിൽ പറയാത്തതുകൊണ്ടാണോ അങ്ങനെ പറഞ്ഞത് എന്ന് മനസ്സിലായില്ല. ഇവിടെ വളരെ വ്യക്തമായി എല്ലാ ആളുകളും സംസാരിച്ചു. ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചപ്പോൾ ഈ ബഡ്ജറ്റിനെ എതിർക്കുന്നില്ല എന്നു പറഞ്ഞുകൊണ്ട് വളരെ കൃത്യമായി അദ്ദേഹത്തിന് കിട്ടാത്ത കാര്യങ്ങളൊക്കെ പറഞ്ഞുകൊണ്ട് ബഡ്ജറ്റിനെ എതിർക്കുകയായിരുന്നു. ഈ ബഡ്ജറ്റിനെ എതിർക്കാതെ ഞങ്ങൾക്ക് നയപരമായും യാതൊരു രീതിയിലും മുമ്പോട്ടു പോകാൻ കഴിയില്ല. മറ്റൊന്ന്, നേരത്തെ സൂചിപ്പിച്ചതാണ്, ഞങ്ങളുടെ ആരുടെയും മണ്ഡലത്തിൽ ഒരു വസ്തുവും കിട്ടിയില്ല എന്നുള്ളത് സത്യമാണ്. കിട്ടാത്തതു മാത്രമല്ല, മറ്റൊരു കാര്യം പറയാനുള്ളത്, മണ്ഡലങ്ങളോട് കാണിക്കുന്ന അവഗണന സംബന്ധിച്ചാണ്. 140 എം.എൽ.എ.മാരും തെരഞ്ഞെടുക്കപ്പെട്ട ആളുകളാണ്. അതേ സമയത്ത് തെരഞ്ഞെടുക്കപ്പെടാത്ത ആളുകൾ പറയുന്ന കാര്യങ്ങൾ ചെയ്തുകൊടുക്കുകയും അവിടെ മുഖ്യമന്ത്രിയുടെ ആളു

കളുടെ വലിയ ഫ്ളക്സ് ബോർഡുകൾ വയ്ക്കുകയും ചെയ്യുന്ന സമീപനം ശരിയാണോ? അത് തെരഞ്ഞെടുക്കപ്പെട്ട ആളുകളോട് കാണിക്കുന്ന ഏറ്റവും വലിയ നെറികേടല്ലേ? അതുകൊണ്ട് ആ സമീപനത്തിൽനിന്നും സർക്കാർ പിന്തിരിയണമെന്നാണ് പറയാനുള്ളത്. ഇവിടെ ബഡ്ജറ്റ് അവതരിപ്പിക്കുന്ന സമയം നമുക്കറിയാം. നേരത്തെ കേന്ദ്ര ബഡ്ജറ്റിൽ 1,000 കോടി രൂപയുടെ കുറെ സ്ത്രീശാക്തീകരണ പദ്ധതികളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്, അതൊക്കെ നടപ്പിലാകുമോ എന്നറിയില്ല.. ഇവിടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സ്ത്രീശാക്തീകരണം എന്ന വാക്ക് എഴുതിവയ്ക്കുകയല്ലാതെ അതിനുള്ള പദ്ധതികളെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിൽ കുറെ കാര്യങ്ങൾ പറഞ്ഞിരുന്നുവെങ്കിലും ആ കാര്യങ്ങൾ ഒന്നും നടപ്പിലാക്കാൻ തയ്യാറായിട്ടില്ല. സ്ത്രീകൾക്കും പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കുമെതിരെയുള്ള പീഡനങ്ങൾ തടയാനും പരിഹാരം കാണുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പറഞ്ഞുകൊണ്ട് കുറേ പദ്ധതികളെക്കുറിച്ചു പറഞ്ഞു. പക്ഷേ, പദ്ധതികളൊന്നും നടപ്പിലാക്കുന്നതിനുവേണ്ടി ശ്രമിച്ചില്ല എന്നു മാത്രമല്ല അതിന്റെ പ്രയാസങ്ങൾ കേരളം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മൂന്ന് വയസ്സായ പിഞ്ചുകുഞ്ഞിനെപോലും സ്ത്രീ എന്ന് അഭിസംബോധന ചെയ്യേണ്ട രീതിയിലേയ്ക്ക് കേരളം മാറുകയാണ്. നാടോടികളെപോലും ഈ ബഡ്ജറ്റ് തഴുകി എന്നാണ് ബഹുമാന്യനായ ഒരു അംഗം പറഞ്ഞത്. നാടോടികളെ തഴുകുകയല്ല, മൂന്ന് വയസ്സുള്ള പെൺകുട്ടിയെ അതിക്രൂരമായി പീഡിപ്പിക്കുകയാണ് ചെയ്തത്. ഡോക്ടർമാർക്കു

പോലും കൈകാര്യം ചെയ്യാൻ കഴിയാത്ത അവസ്ഥയായിരുന്നുവെന്ന് ഡോക്ടർമാർതന്നെ പറയുകയാണ്. നമ്മുടെ സമൂഹത്തിലെ പെൺകുട്ടി കൾക്ക് ഒരു നീതിയും ലഭിക്കുന്നില്ല. ട്രെയിനിൽ യാത്ര ചെയ്ത സൗമ്യ രക്ത സാക്ഷിയായി, കൊല ചെയ്യപ്പെട്ടു. സൗമ്യ കൊല ചെയ്യപ്പെട്ടപ്പോൾ വലിയ പ്രതിഷേധം കേരളത്തിലാകമാനമുയർന്നുവന്നു. ആ പ്രതിഷേധം ഉയർന്നുവ ന്നപ്പോൾ പോലീസ് വകുപ്പിനുവേണ്ടി ഈ ബഡ്ജറ്റിൽ മാറ്റിവച്ചത് എന്താണ്? യാത്രയ്ക്കിടയിൽ സ്ത്രീകൾക്ക് ഇത്തരം അനുഭവങ്ങൾ ഉണ്ടാകാതിരിക്കണ മെങ്കിൽ സ്ത്രീകളെ സംരക്ഷിക്കാനാവശ്യമായിട്ടുള്ള നല്ല പോലീസ് സംവി ധാനമുണ്ടാകണം. പക്ഷേ എന്തു സംവിധാനത്തിനുള്ള പണമാണ് ഈ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുള്ളത്. യാത്രയ്ക്കിടയിലും തൊഴിലിടങ്ങളിലുമൊക്കെ സ്ത്രീകൾ ആക്രമിക്കപ്പെടുന്നു. വനിതാ പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസുകാരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. പക്ഷേ അതിനനുസരിച്ച് അവർക്ക് വസ്ത്രം മാറുന്നതിനുള്ള മുറിപോലും അനുവദിച്ചിട്ടില്ല. സ്ത്രീസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റും എന്നാണ് പറഞ്ഞിട്ടുള്ളത്. സ്ത്രീസൗ ഹൃദം, വനിതാ പോലീസുകാർക്കെങ്കിലും സൗഹൃദമാക്കി മാറ്റുന്നതിനാവശ്യ മായ തുക ഈ ബഡ്ജറ്റിൽ മാറ്റിവയ്ക്കാൻ തയ്യാറായിട്ടുണ്ടോ? ഞാൻ ചോദി ക്കട്ടെ, യഥാർത്ഥത്തിൽ ലിക്വിഡേറ്റർമാരുടെ പണിയല്ലേ നമ്മുടെ മന്ത്രിമാർ ചെയ്തുകൊണ്ടിരിക്കുന്നത്. ശ്രീ. കെ. എം. മാണി കഴിഞ്ഞ ബഡ്ജറ്റ് അവത രിപ്പിച്ചപ്പോൾ ഏഴ് പദ്ധതികൾ പറഞ്ഞിട്ടുണ്ടായിരുന്നു. സമസ്തമേഖലയിലും നിലവാര വർദ്ധന, അടിസ്ഥാന സൗകര്യവികസനം, തൊഴിൽ വൈദഗ്ദ്ധ്യവി

കസനം, സ്വയംസംരംഭകത്വ വികസനം, നൂതന സാങ്കേതികവിദ്യകളുടെ സ്വാംശീകരണം, മൂലധന നിക്ഷേപ വർദ്ധന, പബ്ലിക്-പ്രൈവറ്റ് പങ്കാളിത്തം, ഈ പറഞ്ഞ ഏഴിൽ ഏതാണ് നടന്നത്? ഒന്നും നടന്നില്ലെന്നു പറയുന്നില്ല. പബ്ലിക്-പ്രൈവറ്റ് പങ്കാളിത്തമെന്നു പറയുന്നതിൽ പ്രൈവറ്റ് പങ്കാളിത്തത്തിന് ഏറ്റവും ശക്തമായ മുൻതൂക്കം കൊടുത്തുകൊണ്ട് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ പ്രത്യാഘാതം കേരളം അനുഭവിച്ചുകൊണ്ടിരിക്കുകയല്ലേ. 1000 വണ്ടികൾ ഓരോ വർഷവും കേരളത്തിലെ നിരത്തിലിറക്കി സാധാരണക്കാരുടെ യാത്രയ്ക്കുവേണ്ടിയുള്ള സൗകര്യമുണ്ടാക്കണം. കെ.എസ്.ആർ.ടി.സി. എന്നുപറയുന്നത് ഗവൺമെന്റിന് ലാഭം ഉണ്ടാക്കുവാനുള്ള സംവിധാനമല്ല. കേരളത്തിലെ, നമ്മുടെ നാട്ടിലെ ജനങ്ങളുടെ സുഗമമായ യാത്രയ്ക്കുവേണ്ടി മുമ്പ് സ്വീകരിച്ച ഒരു സമീപനമുണ്ട്, no profit no loss. നഷ്ടവും ലാഭവും ഇല്ലാതെ നമ്മുടെ നാട്ടിലെ ആളുകളുടെ യാത്രയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്താനുള്ള സംവിധാനത്തിൽ ഇപ്പോൾ എന്താണ് ചെയ്തിട്ടുള്ളത്? ആ സംവിധാനത്തെ ഇല്ലാതാക്കുകയല്ലേ ചെയ്തത്? ആ വകുപ്പിന്റെ മന്ത്രി മാത്രമല്ല കൈ മലർത്തിയത്. ഈ നാട്ടിലെ ജനങ്ങളാകെ വല്ലാത്ത അവസ്ഥയിലാണ്. ഇടതുപക്ഷ മനസ്സാണ് കേരളത്തിനെന്ന് പറയാറുണ്ട്. നമ്മുടെ നാട്ടിലെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിർത്തലാക്കിക്കഴിഞ്ഞാൽ നല്ല എയർ കണ്ടീഷൻ പ്രൈവറ്റ് ബസുകൾ വന്നാലും ആളുകൾ ആ ബസ്സിൽ കയറാതെ കെ.എസ.ആർ.ടി.സി. ബസ്സിൽ കയറാറുണ്ടായിരുന്നു. ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്

എന്താണ്? ലാഭമുള്ള സ്ഥലത്തുമാത്രം പോയാൽപ്പോരാ. മലമൂട്ടിലൊന്നും സ്വകാര്യബസ് പോകില്ല എന്നുവരാം. അവിടെയൊക്കെ പോകുമായിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സിനെ സർക്കാർ നശിപ്പിച്ചില്ലേ?. അതിന്റെ ഒരു ലിക്വിഡേറ്റർ ആയിട്ടാണ് ശ്രീ. ആര്യാടൻ മുഹമ്മദ് എന്നു പറയുന്ന ബഹുമാന്യനായ മന്ത്രി ഇരിക്കുന്നത്. അദ്ദേഹത്തിന് കിട്ടിയ വേറൊരു വകുപ്പുകൂടിയുണ്ട്. കെ.എസ്.ഇ.ബി.യുടെ അവസ്ഥ എന്താണ്? അതിനെയും സ്വകാര്യവത്ക്കരിക്കാൻ പോകുകയാണ്. മഹാരാഷ്ട്രയിൽ (ബോംബെയിൽ) ചുഴലിക്കാറ്റുമൂലം തകർന്നിട്ടുള്ള ആ പ്രദേശത്തുള്ള വൈദ്യുതി സംവിധാനങ്ങൾ നേരെയാക്കാൻവേണ്ടി സാധിച്ചിട്ടില്ല. അവിടെ പ്രൈവറ്റായി ഈ സംവിധാനം നിലനിൽക്കുന്നതുകൊണ്ട് മാസങ്ങളും വർഷങ്ങളും കഴിഞ്ഞിട്ടും ആ മേഖലയിലെ വൈദ്യുതി സംവിധാനം ശരിയാക്കാൻവേണ്ടി പ്രവർത്തിച്ചിട്ടില്ല. ഇവിടെ കെ.എസ്.ഇ.ബി.-യെ സ്വകാര്യവത്ക്കരിക്കാനുള്ള ഇടപെടൽ നടത്തുമ്പോൾ യഥാർത്ഥത്തിൽ ഉണ്ടാകാൻ പോകുന്ന അബദ്ധം എന്താണ്? കുടിവെള്ളപ്രശ്നത്തിന്റെ കാര്യത്തിൽ പുതിയ കമ്പനി രൂപീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പരിഹാരമുണ്ടാക്കുമെന്നുമാണ് പറഞ്ഞത്. എന്നാൽ വെള്ളം എടുക്കേണ്ട സ്രോതസ്സ് ഏതാണ്? അത് പ്രൈവറ്റ്കാർക്ക് ഏൽപ്പിച്ചു കൊടുക്കുമ്പോൾ എവിടെനിന്ന് വെള്ളമെടുക്കും? വാട്ടർ അതോറിറ്റിയുടെ കുളങ്ങളും സോഴ്സുകളും തന്നെയാണ് അതിന് ഉപയോഗപ്പെടുത്താമെന്ന് പറഞ്ഞിട്ടുള്ളത്. യഥാർത്ഥത്തിൽ എന്താണ് ജല വിഭവവകുപ്പുമന്ത്രി ഇവിടെ ചെയ്യാൻ പോകുന്നത്. അവിടെയും നമ്മുടെ വാട്ടർ അതോറിറ്റി എന്നു പറ

യുന്ന സംവിധാനത്തെ ലിക്വിഡേറ്റ് ചെയ്ത് അതും സ്വകാര്യമേഖലയ്ക്ക് അടിയറവ് വയ്ക്കാൻ പോകുന്ന ഒരു സ്ഥിതിയാണുള്ളത്. ഇൻഡ്യയുടെയും കേരളത്തിന്റെയും വളർച്ചയ്ക്ക് വലിയ പങ്ക് വഹിച്ചിട്ടുള്ള ഈ പൊതു മേഖലാ സംവിധാനത്തെ മുഴുവൻ ലിക്വിഡേറ്റ് ചെയ്യാൻ ആരാണ് ഇവർക്ക് അധികാരം കൊടുത്തത്? രണ്ടു സീറ്റിന്റെ അധികം വച്ചുകൊണ്ട് ഇതുമുഴു വൻ നശിപ്പിച്ചേ ഞങ്ങൾ അടങ്ങു എന്നു പറയുന്നതിനെ അംഗീകരിക്കാൻ കഴിയുമോ? നമ്മുടെ കേരളത്തിന്റെ അവസ്ഥ നോക്കുകയാണെങ്കിൽ ബണ്ടി യുണ്ട്, ബിട്ടിയുണ്ട്, പത്ത് കള്ളന്മാരുമുണ്ട്. നമ്മുടെ 41 കള്ളന്മാരുടെ കഥ പറ ഞ്ഞതുപോലെ രണ്ട് കള്ളൻ വിമാനത്തിൽ വന്നു, നമ്മുടെ ആഭ്യന്തരമന്ത്രി പറഞ്ഞതുപോലെ കൈകെട്ടി നില്പിക്കാനൊന്നും പറ്റില്ല. ഒളിഞ്ഞുനിന്ന്, ചാടി വീണ്, ഹെൽമറ്റുകാരെ വേട്ടയാടാൻവേണ്ടി ഒളിഞ്ഞുചാടി വീണിട്ട് പറ യുകയാണ് അതൊക്കെ ഞങ്ങൾ ചെയ്യുന്നത് ഇവിടെയുള്ള കള്ളന്മാർ ആയുധം കൊണ്ടുപോകുന്നതുകൊണ്ട് പിടിക്കാനാണ് എന്നാണ്. കള്ളന്മാർ ആയുധവുംകൊണ്ട് ടൂവീലറിലാണോ പോകുന്നത്? അവർ പോകുന്നത് വേറെ വഴിയല്ലേ? ആ വഴിയിൽ ആരെങ്കിലും ഇവരെ പിടിക്കാൻ തീരുമാ നിച്ചിട്ടുണ്ടോ? ഇല്ല എന്ന് നന്നായി നമുക്കറിയാം. എന്റെ വീടിന്റെ തൊട്ടപ്പു റത്താണ് നരിക്കാട്ട് എന്നു പറയുന്ന സ്ഥലം. ആ സ്ഥലത്ത് കഴിഞ്ഞ ദിവസം ഒരു സ്ത്രീ അടിച്ചുവാരി തീ ഇടാൻ നോക്കുമ്പോ*ൾ* അവിടെ സ്റ്റീൽ ബോംബ് ഉണ്ടാക്കാൻവേണ്ടിയുള്ള കൂട്, 23 എണ്ണമുണ്ടായിരുന്നു. അവിടെയാണ് നേരത്തെ അഞ്ച് ആളുകൾ ബോംബ് സ്ഫോടനത്തിൽ മരിച്ചിട്ടുള്ളത്.

അതിൽ കൂടുതൽ ആളുകൾ മരിക്കുന്ന ഒരു സ്ഥിതിയാണ് അവിടെ ഉണ്ടാകുന്നത്. ആ സ്ഥിതി ഉണ്ടായിട്ടുള്ളത് എങ്ങനെയാണെന്ന് നമുക്കറിയാം. അന്വേഷണത്തിന് നിയോഗിച്ച ഉദ്യോഗസ്ഥനെ അവിടെ നിന്നുമാറ്റി എന്നുമാത്രമല്ല അതിനപ്പുറത്ത് മാറാടുള്ള ഉദ്യോഗസ്ഥന്മാരെയെല്ലാം മാറ്റിയിട്ട് അവിടെ ആയുധം പിടിക്കാൻ പോകുകയോ അത്തരമൊരു സംവിധാനമോ അല്ല അവർ അവിടെ ചെയ്യുന്നത്. ഇത്ര പണം പിരിച്ചുതരണം എന്നുപറഞ്ഞ് ഓരോ മാസവും ക്വാട്ട കൊടുക്കും. ആ ക്വാട്ട കൊടുത്തില്ലെങ്കിൽ വലിയ ഭ്രഷ്ട് ആയിരിക്കും. അതുകൊണ്ട് ക്വാട്ട പിരിക്കാൻ ഒളിഞ്ഞുനിന്നും പതുങ്ങിനിന്നും ഒക്കെ സംവിധാനമുണ്ടാക്കുകയാണ് പോലീസ്. അവിടെ ചെറുപ്പക്കാർ മരിക്കുന്നു. യാത്ര ചെയ്യുന്ന ദമ്പതികൾക്ക് പ്രയാസമുണ്ടാകുന്നു. ഇങ്ങനെയൊക്കെയുള്ള സ്ഥിതിവിശേഷമാണ് ഉണ്ടാകുന്നത്. ബണ്ടിയെയും ബിട്ടിയെയും വിമാനത്തിൽ വരുന്ന ആളുകളെയുമൊക്കെ ആരാണ് പിടിച്ചത്? നമ്മുടെ കേരളത്തിലെ പോലീസുകാരല്ലല്ലോ പിടിച്ചത്? പോലീസുകാർക്ക് ബുദ്ധിയില്ലാത്തതുകൊണ്ടല്ല. പോലീസുകാർ പിടിച്ചാൽ പോലീസിന്റെ തൊപ്പി തെറിക്കുമെന്ന് അറിയാമെന്നുള്ളതുകൊണ്ട് ഇവരാരും പിടിക്കാൻ പോയില്ല. കാമുകി കത്തെഴുതിയതുകൊണ്ട് ബിട്ടിയെ പിടിക്കാൻ കഴിഞ്ഞു. അതുപോലെ മിടുക്കനായ ഒരു മലയാളി അറിയിച്ചതുകൊണ്ട് ബണ്ടി ചോറിനെ പിടിക്കാൻ കഴിഞ്ഞു. ഇവിടെ പത്ത് കള്ളന്മാരിൽ രണ്ട് കള്ളന്മാരെ ഭാഗ്യത്തിന് കോഴിക്കോട്ടുനിന്ന് കിട്ടി. ബാക്കി എട്ട് ആളുകൾ കേരളത്തിലുണ്ട് എന്നല്ലേ പറയുന്നത്. അപ്പോൾ കേരളത്തെ കള്ളന്മാരുടെ

നാടാക്കി മാറ്റിയെടുക്കാൻ വേണ്ടിയുള്ള വളരെ വലിയ പ്രവർത്തനമാണ് ഇവിടെ നടന്നു കൊണ്ടിരിക്കുന്നത്. കേരളത്തിലെ സ്ത്രീകളെ സംബന്ധിച്ചിട ത്തോളം ഏതെങ്കിലും ഒരു പദ്ധതി ഉണ്ടോ? നേരത്തെ ഉണ്ടായിരുന്നത് നമു ക്കറിയാം, ഇടതുപക്ഷ മുന്നണിയുടെ ഭരണകാലത്ത് ജെൻഡർ ബഡ്ജറ്റിംഗ് ആയിരുന്നു. ഏത് പദ്ധതി വച്ചാലും അത് കേരളത്തിലെ സ്ത്രീകളെ എങ്ങനെ ബാധിക്കുന്നു എന്നാണെങ്കിൽ ഇവിടെ ജെൻഡർ ബഡ്ജറ്റിംഗിനെക്കുറിച്ച് ഒന്നും പറഞ്ഞില്ല എന്നുമാത്രമല്ല സ്ത്രീകൾക്കുവേണ്ടി ഒരു പദ്ധതിയും പ്രഖ്യാപിക്കാതിരിക്കുകയാണ് ചെയ്തത്. സ്ത്രീകൾക്കുവേണ്ടി പദ്ധതി പ്രഖ്യാപിക്കാതിരിക്കുക എന്നു പറയുമ്പോൾ സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്താൻ ഉതകുന്ന രൂപത്തിലുള്ള പദ്ധതികൾ ഇല്ല എന്നാണ്. അങ്ങനെ യുള്ള പദ്ധതികൾ തയ്യാറാക്കേണ്ടിയിരിക്കുന്നു. പക്ഷേ, കേരളത്തിൽ അതി നാവശ്യമായ രൂപത്തിലുള്ള ഒരു പദ്ധതിയും കേരളത്തിൽ ഉണ്ടാകാത്തതിന്റെ ഭാഗമായി തന്നെയാണ് സ്ത്രീകൾ വലിയ രൂപത്തിൽ ആക്രമിക്കപ്പെടുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടുള്ളത്. ഇവിടെ കടത്തിണ്ണകളിലും വഴിയോരങ്ങ ളിലുമൊക്കെ 100 കണക്കിന് സ്ത്രീകളും കുട്ടികളും അന്തിയുറങ്ങേണ്ട അവസ്ഥ കേരളത്തിൽ ഉണ്ടാകുകയാണ്. അത് മാറ്റിയെടുക്കാൻവേണ്ടി കഴി യേണ്ടതായിട്ടുണ്ട്. കേരളത്തിലെ ഗവൺമെന്റ് വളരെ കൃത്യമായിട്ടുതന്നെ അതിനാവശ്യമായ ഒരു സംവിധാനമുണ്ടാക്കണം. അതുപോലെ നമ്മുടെ കേരളത്തിൽ മറ്റൊരിക്കലും കാണാത്ത രൂപത്തിൽ രണ്ടു വയസ്സും മൂന്ന് വയ സ്സുമുള്ള കുട്ടികൾ പീഡിപ്പിക്കപ്പെടുന്ന ഒരവസ്ഥ ഉണ്ടാകുകയാണ്. ഓർഫ

നേജുകൾ, സ്കൂളുകൾ, അംഗനവാടികൾ ഇവിടെയൊക്കെ നമ്മൾ ഒരിക്കലും കാണാത്ത രൂപത്തിൽ, മനുഷ്യരാണോ എന്നുപറയാൻ കഴിയാത്ത രൂപത്തിലാണ് കുട്ടികൾ പീഡിപ്പിക്കപ്പെടുന്നത്. എന്തുകൊണ്ട് ഇതുണ്ടാകുന്നുവെന്നും അതെങ്ങനെ പരിഹരിക്കാൻ കഴിയുന്നു എന്നുമുള്ള കാര്യത്തിൽ വളരെ ഗൗരവമായി ഇടപെടേണ്ട ആവശ്യമുണ്ട്. നമ്മുടെ ഗവൺമെന്റ് സ്കൂളുകളിൽ, കൗമാരപ്രായക്കാർക്കിടയിൽ ചില കാര്യങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചു. ഇത്രയും പ്രശ്നങ്ങൾ എന്തുകൊണ്ട് ഉണ്ടാകുന്നു, അതെങ്ങനെ പരിഹരിക്കാൻവേണ്ടി കഴിയും എന്നതിനെക്കുറിച്ച് കുറെക്കൂടി ആഴത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു. സ്കൂൾ തലത്തിൽത്തന്നെ ഇതിനാവശ്യമായ സംവിധാനങ്ങൾ നമുക്ക് ഉണ്ടാക്കാൻവേണ്ടി കഴിയണം. ഇത്തരം പ്രശ്നങ്ങൾ ഇല്ലാതിരിക്കാൻ ഏതെല്ലാം ഇടപെടലുകളാണ് നടത്തേണ്ടത് എന്നുളളത് പരിശോധിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജാഗ്രതാ സമിതികൾ നിലവിലുണ്ട്. ജാഗ്രതാ സമിതികൾ എന്നത് പേരിനുമാത്രമാണ്. ഈ ജാഗ്രതാ സമിതികളെ പ്രാവർത്തികമാക്കണമെങ്കിൽ സാമൂഹ്യക്ഷേമ വകുപ്പിന് ആവശ്യമായ പണം കൊടുക്കണം. അങ്ങനെ ആവശ്യമായ പണം കൊടുത്തുകൊണ്ട് ജാഗ്രതാ സമിതികൾ, കുടുംബശ്രീകൾ ഇന്ന് കേരളത്തിലെ 140 മണ്ഡലങ്ങളിലും എം.എൽ.എ.-മാർ ചെയർമാൻമാരായിക്കൊണ്ട് കുടുംബശ്രീ സംവിധാനത്തിന് മോണിറ്ററിംഗ് സമിതി ഉണ്ടാക്കിയിട്ടുണ്ട്. എല്ലാ സമിതികൾക്കും പ്രവർത്തിക്കാനാവശ്യമായ രൂപത്തിൽ ഫണ്ട് നൽകിക്കൊണ്ട് ഏറ്റവും ശക്തമായിട്ടുള്ള ഇടപെടൽ നടത്തേണ്ടതായിട്ടുണ്ട്.

കേരളം കൈവരിച്ച നേട്ടങ്ങളിൽ വളരെ പ്രധാനപ്പെട്ടതായിരുന്നു ഭവന പദ്ധതി രംഗത്ത് നേടിയിട്ടുള്ളത്. ഒരു പക്ഷേ, ഇടതുപക്ഷ ജനാധിപത്യമുന്നണി തുടർന്നും അധികാരത്തിൽ വന്നിരുന്നെങ്കിൽ കേരളം സമ്പൂർണ്ണമായും പാർപ്പിടരഹിതരായ ആരുമില്ലാത്ത ഒരു സംസ്ഥാനമായി മാറേണ്ടതായിരുന്നു. ഇ.എം.എസ്. പാർപ്പിട പദ്ധതിയും എം.എൻ. പാർപ്പിട പദ്ധതിയും ലക്ഷംവീട് പദ്ധതിയും വലിയ നേട്ടമുണ്ടാക്കിയ പദ്ധതികളാണ്. മാണിസാർ കേരളത്തിന്റെ കയ്യടി വാങ്ങാൻവേണ്ടി ഞങ്ങൾ രണ്ട് ലക്ഷം ഉറുപ്പികയാക്കി വർദ്ധിപ്പിക്കുന്നു എന്നു പറഞ്ഞു. കയ്യില്ലാത്ത ആളിനോട് നീ മൂക്ക് തൊട് എന്ന് പറഞ്ഞതുപോലെ എങ്ങനെയാണ് ഒരു ലക്ഷത്തി ഇരുപത്തയ്യായിരം ഉറുപ്പിക എവിടെനിന്ന് കിട്ടുമെന്ന് പറയാതെ രണ്ടു ലക്ഷം ഉറുപ്പിക ആക്കാൻവേണ്ടി തീരുമാനിച്ചു. ഇ.എം.എസ്. പാർപ്പിട പദ്ധതി ഇല്ലാതാക്കി. യഥാർത്ഥത്തിൽ നിങ്ങളുടെ ലക്ഷ്യമെന്താണ്? ഈ നാട്ടിൽ മുഴുവൻ ആളുകൾക്കും വീടുണ്ടാകുക എന്നു പറയുന്നത് പറ്റില്ല എന്നല്ലേ? ഭവനശ്രീ പദ്ധതിക്ക് 50000 രൂപ വായ്പയായി കൊടുത്തു. 75000 രൂപ സബ്സിഡിയായി കൊടുത്തു. പദ്ധതിയിനത്തിൽ ഓരോ വർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സഹകരണ ബാങ്കുകളിലേയ്ക്ക് അടയ്ക്കുന്ന സംവിധാനമായിരുന്നെങ്കിൽ, ആ സംവിധാനത്തെ ആകെ ഇല്ലാതാക്കി. ഇ.എം.എസ്. പാർപ്പിട പദ്ധതി ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. വിട് നിർമ്മിക്കാൽ രണ്ട് ലക്ഷം കൊടുക്കാൻ പറഞ്ഞപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചോദിക്കുന്നത്, ഞങ്ങൾ എവിടെനിന്നാണ് നേരത്തേയുണ്ടായിരുന്ന ഒന്നേകാൽ

ലക്ഷം രൂപ കിട്ടുക എന്നാണ്. കേരളത്തിലെ മുഴുവൻ ആളുകൾക്കും പാർപ്പിടം കിട്ടുക എന്നുള്ളത് നമ്മുടെ ഒരു സ്വപ്നമായിരുന്നില്ലേ? അതു കൊണ്ട് ആ പാർപ്പിട പദ്ധതിക്ക് രണ്ടു ലക്ഷമാണെങ്കിൽ ബാക്കി ഒന്നേകാൽ ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തണം. ആ തുക എവിടെ നിന്നാണ് കിട്ടുക എന്ന് പറയാൻ തയ്യാറാകണം. ആളുകൾക്ക് വീട് കിട്ടുക എന്ന സംവിധാനത്തെ ഇല്ലാതാക്കുക എന്നു പറയുന്നത് ശരിയല്ല. നേരത്തെ പട്ടിക ജാതിക്കും പട്ടികവർഗ്ഗത്തിനും അനുവദിച്ചിട്ടുള്ള തുകയെക്കുറിച്ച് പറഞ്ഞു. പക്ഷേ, ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞത് പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായി വകയിരുത്തിയ സംഖ്യ പോര എന്നാണ്. നേരത്തെ ശ്രീ. സണ്ണി ജോസഫ് പറഞ്ഞതുപോലെ അല്ല പറഞ്ഞത്. കേരള ത്തിലെ ആദ്യത്തെ പട്ടിക വർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ, അവി ടത്തെ പാവപ്പെട്ട പട്ടികവർഗ്ഗവിഭാഗങ്ങൾക്കിടയിൽ നടത്തിക്കൊണ്ടിരിക്കുന്ന ഔഷധ പരീക്ഷണം നമ്മുടെയിടയിൽ നിന്നും പട്ടിക വർഗ്ഗത്തെത്തന്നെ ഇല്ലാ താക്കുന്ന രൂപത്തിൽ മലടി എന്ന ഔഷധം ഒരു തത്വദീക്ഷയുമില്ലാതെ കൊടു ക്കുന്നരീതിയായി മാറുന്നു എന്ന് ഒരു പത്രവാർത്ത കണ്ടു. പത്രവാർത്ത ശരിയാണോ എന്ന് പരിശോധിക്കണം. നമ്മുടെ ആദിവാസി ജനവിഭാഗ ങ്ങളെ അവരെ സംരക്ഷിക്കാൻ ഏതെങ്കിലും രൂപത്തിൽ അവരുടെ ഇല്ലാ യ്മയെ ചൂഷണം ചെയ്യാൻവേണ്ടി ശ്രമിക്കുന്നു എങ്കിൽ അതിനേറ്റവും ശക്ത മായിതന്നെ അതിനോട് പ്രതികരിക്കാൻ നാം തയ്യാറാകേണ്ടതായിട്ടുണ്ട്.

ഏറ്റവും താഴെത്തട്ടിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് നൽകുന്ന പെൻഷനിൽ 100 രൂപയുടെ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. പെൻഷൻ 100 രൂപ വർദ്ധിപ്പിച്ചാൽ പോര. കർഷകത്തൊഴിലാളികളുൾപ്പെടെയുള്ള വിഭാഗങ്ങളുടെ പെൻഷൻ 1000 രൂപയാക്കി വർദ്ധിപ്പിക്കണം. അംഗൻവാടി വർക്കർമാർ, ആശാ വർക്കേഴ്സ്, മഹിളാ സ്വസ്ഥ് സംഘ് എന്നിവരുടെ പ്രവർത്തനങ്ങളെ പരിഗണിക്കുന്ന അവസ്ഥ ഇന്ന് ഇല്ല. അത് മാറണം. എം.എൽ.എ. ഫണ്ടിനെക്കുറിച്ചും ആസ്തി വികസന ഫണ്ടിനെക്കുറിച്ചും കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ടായിരുന്നു. ഈ ബഡ്ജറ്റിൽ പറയാത്തതുകൊണ്ട് അതിനെക്കുറിച്ച് ഒന്നും അറിയാൻ കഴിയുന്നില്ല. അങ്ങയുടെ മറുപടിയിൽ എം. എൽ.എ. ഫണ്ടും ആസ്തി വികസന ഫണ്ടും ഉണ്ടോ ഇല്ലയോ എന്നുള്ളത് പറയണം. മണ്ഡലത്തിലെ എം.എൽ.എ-മാരാണ് തെരഞ്ഞെടുക്കപ്പെട്ട ആളുകൾ എന്നുള്ള കാര്യം ഒരിക്കൽ കൂടി പറയുന്നു. അല്ലാതെ പിൻവാതിലിലൂടെ ഏതെങ്കിലും രാഷ്ട്രീയ നേതാക്കന്മാരോ മറ്റാരെങ്കിലുമോ പറഞ്ഞ്, ഫ്ളക്സ് ബോർഡുകളും വച്ച് എം.എൽ.എ-മാർ പ്രയോറിറ്റി കൊടുക്കുന്ന വർക്കുകൾക്ക് പണം അനുവദിക്കാതെ മറ്റ് രീതിയിൽ പണം അനുവദിക്കുന്ന അവസ്ഥ അംഗീകരിക്കാൻ കഴിയില്ല. ആ അവസ്ഥയ്ക്ക് മാറ്റം വരുത്തണം. ഞങ്ങൾ തെരഞ്ഞെടുക്കപ്പെട്ട ആളുകളോട്..............

ശ്രീ. ജി. സുധാകരൻ: സർ, ആ രീതിയിൽ ഫണ്ട് അനുവദിച്ച കേരളത്തിലെമ്പാടുമുള്ള റോഡുകളെക്കുറിച്ച് ഒരു വിജിലൻസ് അന്വേഷണം ആവശ്യപ്പെടാമോ?

<u>ശ്രീമതി കെ.കെ. ലതിക</u>: സർ, തീർച്ചയായും ആവശ്യപ്പെടാം. എന്റെ മണ്ഡലത്തിലെ കാര്യം തന്നെ പറയാം. ഞാനറിയാതെ ഫ്ളക്സ് ബോർഡ് ഉയർന്നത് കണ്ടപ്പോൾ ഇതെങ്ങനെ വന്നു എന്ന് അന്വേഷിച്ചപ്പോഴാണ് ഞാൻ പ്രയോറിറ്റി ചെയ്ത് എഴുതിക്കൊടുത്തതിനൊന്നുമല്ല ഫണ്ട് അനുവദിച്ചത് എന്ന് അറിയുന്നത്. ബഡ്ജറ്റിനുമുമ്പേ മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികൾക്ക് പ്രയോറിറ്റി എഴുതിക്കൊടുക്കാറുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എല്ലാ മണ്ഡലത്തിനും അനുവദിക്കുന്നത് നമുക്കും ലഭിക്കുമായിരിക്കും. പക്ഷെ അതുമാത്രം പറഞ്ഞാൽ പോര. ബഡ്ജറ്റിൽ പറഞ്ഞത് കിട്ടിയില്ലേ എന്നു ചോദിച്ചാൽ കിട്ടി എന്ന് പറയാതിരിക്കാൻ കഴിയുമോ? അങ്ങനെയുള്ള തുക എല്ലാവർക്കും കിട്ടിയിട്ടുണ്ട്. ചില മണ്ഡലങ്ങൾക്ക് കോടിക്കണക്കിന് രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു കാലത്ത് ഇങ്ങനെ വന്നിട്ടുണ്ടോ? ഞങ്ങൾ അപ്പുറത്തിരിക്കുമ്പോൾ ആക്ഷേപം ഉന്നയിക്കാറുണ്ടായിരുന്നു. അന്ന് പ്രതിപക്ഷ എം. എൽ.എ-മാർക്ക് അനുവദിച്ചത് ഞങ്ങൾക്ക് എണ്ണിയെണ്ണിപ്പറയാൻ കഴിയും. അതുകൊണ്ട് വിവേചനം അവസാനിപ്പിച്ചേ മതിയാകൂ. മണ്ഡലങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഞങ്ങളാണ്. അങ്ങനെ തെരഞ്ഞെടുക്കപ്പെട്ടവരോട് നീതി കാണിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഈ ബഡ്ജറ്റിനെ ഏറ്റവും ശക്തമായി എതിർക്കുന്നു.

<u>ശ്രീ. വർക്കല കഹാർ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്താങ്ങുകയാണ്. എന്റെ സഹോദരിക്ക് അനുവദിച്ചതിന്റെ ഇരട്ടിസമയം കൊടുത്തതിന് അങ്ങയോട് നന്ദി രേഖപ്പെടുത്തുകയാണ്. ഈ ബഡ്ജറ്റിനെ എങ്ങനെയാണ് അനുകൂലിക്കാതിരിക്കുന്നത്? ഈ ബഡ്ജറ്റിനെ ആദ്യമായി പിന്തുണച്ചത് കേരളത്തിന്റെ പ്രിയപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദനാണ്. വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ജനങ്ങളുടെ കണ്ണിൽ മണ്ണിടുന്നതിനുവേണ്ടിയുള്ള ബഡ്ജറ്റാണ് ഇതെന്നാണ് അദ്ദേഹം പ്രതികരിച്ചത്. അപ്പോൾ ഒരു പാർലമെന്റ് തെരഞ്ഞെടുപ്പിൽ ജനവികാരവും ജനങ്ങളുടെ അംഗീകാരവും നേടത്തക്കരീതിയിലുള്ള ജനോപകാരപ്രദങ്ങളായ പരിപാടികൾ ഉൾക്കൊള്ളുന്നതാണ് ബഡ്ജറ്റെന്ന് പരസ്യമായി അദ്ദേഹം സമ്മതിക്കുമ്പോൾ ഉദ്ദേശശുദ്ധിയിൽ മാത്രമാണ് അദ്ദേഹത്തിന് തർക്കമുള്ളതെങ്കിലും ശരി, ഇതിലും വലിയ സർട്ടിഫിക്കറ്റ് ഈ ബഡ്ജറ്റിനും മാണി സാറിനും ആവശ്യമില്ല. കേരള നിയമസഭ കണ്ട ഏറ്റവും നല്ല ബഡ്ജറ്റാണിത്. ജീവിത ക്ലേശങ്ങളുടെ നുകവും പേറി പ്രാരാബ്ധങ്ങളുടെ ഭാണ്ഡവുമായി നടക്കുന്ന എല്ലാ വിഭാഗങ്ങളേയും തട്ടി, തഴുകി അവർക്ക് ആശ്വാസം പകർന്ന് ഉണർവ്വും ഉന്മേഷവും നൽകിയ ബഡ്ജറ്റാണിത്. ഈ ബഡ്ജറ്റിനെക്കുറിച്ച് 'The Hindu' പത്രം പറഞ്ഞിരിക്കുന്നത് 'Welfare oriented hard on luxury' എന്നാണ്. തികഞ്ഞ ഇടതുപക്ഷ അനുഭാവമുള്ള 'The Hindu' പത്രംപോലും ബഡ്ജറ്റിന്റെ മനുഷ്യമുഖത്തെ പ്രകീർത്തിക്കുകയാണ്. ജീവിതഗന്ധിയായ മഹാകാവ്യംപോലെ മനോഹരമാണ് മാണി സാർ അവത

രിപ്പിച്ച ബഡ്ജറ്റ്. ജീവിതത്തിന്റെ സമസ്ത മേഖലകളേയും വലിപ്പച്ചെറുപ്പമില്ലാതെ മുഴുവൻ ജനങ്ങളുടെ പ്രശ്നങ്ങളേയും പരിദേവനങ്ങളേയും ഈ ബഡ്ജറ്റ് ഉൾക്കൊള്ളുന്നു. ഒരു വസന്തകാലത്തിന്റെ വരവിനെയാണ് ഈ ബഡ്ജറ്റ് ഓർമ്മിപ്പിക്കുന്നത്. വസന്തം വന്നാൽ മഴ പെയ്യും, തണുത്ത കാറ്റ് വീശും, പൂവും പൂക്കളും സർവ്വവ്യാപിയായി ഉണ്ടാകും, കായ്കനികളുമുണ്ടാകും, എല്ലാ സ്ഥലങ്ങളിലും സന്തോഷവും സന്തുഷ്ടിയുമുണ്ടാകും. അങ്ങനെയുള്ള കേരളത്തിന്റെ ഒരു വസന്തത്തിലേയ്ക്കാണ് മാണി സാർ ബഡ്ജറ്റിലൂടെ നമ്മളെ കൂട്ടിക്കൊണ്ടുപോകുന്നത്. അപ്പുറത്തിരിക്കുന്ന എന്റെ സ്നേഹിതന്മാർ ബഡ്ജറ്റിനെ അനുകൂലിക്കുന്നു എന്ന് ബഡ്ജറ്റ് അവതരിപ്പിക്കുന്ന സമയത്തെ അവരുടെ പ്രതികരണം കേട്ടാൽ മനസ്സിലാകും. സാധാരണ എന്തെങ്കിലും അപശബ്ദങ്ങളുയർത്തുകയും അകാരണമായി ശബ്ദിക്കുകയുമൊക്കെ ചെയ്യുന്ന എന്റെ സ്നേഹിതന്മാർപോലും ബഡ്ജറ്റ് ആസ്വദിക്കുകയായിരുന്നു. തുറന്നുപറയാൻ അവർക്ക് കഴിയില്ലയെന്നുള്ളത് എനിക്കറിയാം. അതുകൊണ്ടാണ് ഉപായംകൊണ്ടുള്ള കഷായംവച്ച് അവർ മറുപടി പറഞ്ഞത് എന്ന് ആർക്കാണ് മനസ്സിലാകാത്തത്? മഹാനായ ഗദ്യകവി പി. കേശവദേവ് ഒരിക്കൽ പറഞ്ഞിട്ടുണ്ട് കമ്മ്യൂണിസ്റ്റുകാർ 'മയിലിനെപ്പോലെ എതിർക്കുമെന്ന്'. മയിലിന്റെ പീലിക്ക് എന്തിനാണിത്രയും നീളം; അതുകൊണ്ടല്ലേ അതിന്റെ ശരീരഭാരം വർദ്ധിക്കുന്നത്; അതിന്റെ ആവശ്യമുണ്ടായിരുന്നോ? പീലിയാണ് മയിലിന്റെ സൗന്ദര്യ രഹസ്യം എന്നുള്ള സത്യം പോലും അംഗീകരിച്ചുകൊടുക്കാത്ത മുട്ടാപ്പോക്കാണ്. അതുകൊണ്ട് അവരി

തിനെ അംഗീകരിക്കുകയില്ല, എതിർക്കുമെന്ന് എനിക്കറിയാം. ഇതൊക്കെ പറഞ്ഞ് നിങ്ങളെ ബോധവത്ക്കരിക്കാമെന്നുള്ള അന്ധമായ ധാരണയൊന്നും എനിക്കില്ല. മാറിമാറി ഈ നാട് ഭരിച്ചവരാണ് രണ്ടുകൂട്ടരും. നമുക്ക് സ്വന്ത മെന്ന് പറയാമായിരുന്ന കൃഷിയും കാർഷിക സംസ്കൃതിയും അന്യമായിക്ക ഴിഞ്ഞു. കാർഷിക മേഖലയ്ക്ക് ഒരു പുതുജീവൻ നൽകുകയെന്നതാണ് ഈ ബഡ്ജറ്റിലൂടെ മാണി സാർ ഏറ്റെടുത്തിരിക്കുന്ന ആയാസകരമായ ദൗത്യം. നമ്മുടെ നാട്ടിലെ ചെറുകിട കർഷകരുടെപലിശ ബാദ്ധ്യത ആകെ എഴുതി ത്തള്ളി. ചെറുകിട കർഷകർക്ക് പലിശരഹിത കാർഷിക വായ്പ ഉറപ്പാ ക്കുന്നു. വായ്പ എടുത്ത വ്യക്തി മരണപ്പെടുകയോ നിത്യരോഗിയായി കിട പ്പിലാകുകയോ ചെയ്താൽ കാർഷിക കുടുംബങ്ങൾ അകപ്പെടുന്ന ദുരന്തങ്ങ ളിൽ ഒരു കൈത്താങ്ങായി, വായ്പ തിരിച്ചടവിന് റിസ്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. കർഷകർക്ക് കാർഷികാദായ നികുതിയിൽ നിന്ന് പൂർണ്ണമായ ഇളവ് നൽകുന്നു. കാർഷിക രംഗത്തിനായി സംയോജിത കൃഷിത്തോട്ട പദ്ധതി, മാതൃകാ ഹൈടെക് ഗ്രാമങ്ങൾ, കാർഷിക മാർക്കറ്റു കൾ, കൊയ്ത്ത് സീസൺ ആരംഭിക്കുമ്പോൾ നെല്ല് സംഭരണം, സമഗ്ര വിള ഇൻഷ്വറൻസ് തുടങ്ങി സമഗ്ര മാറ്റത്തിനായി ഒട്ടേറെ പ്രായോഗിക പദ്ധ തികളുണ്ട്. 20 രൂപയ്ക്ക് ഭക്ഷണം നൽകാൻവേണ്ടി താലൂക്കാസ്ഥാനങ്ങളിൽ 'തൃപ്തി' ന്യായവില ഭക്ഷണശാലകൾ, നമ്മുടെ യുവാക്കൾക്ക് തൊഴിലവസ രങ്ങൾ വർദ്ധിപ്പിക്കാനും സംരംഭകത്വം വളർത്താനുമായി പ്ലേസ്മെന്റ് സെല്ലു കൾ, കരിയർ ഡെവലപ്മെന്റ് മിഷൻ, സ്റ്റാർട്ടപ് സബ്സിഡി തുടങ്ങിയ പദ്ധതി

കൾ, വിദഗ്ദ്ധ തൊഴിലാളികൾക്കായി വെബ്സൈറ്റ്, പാവപ്പെട്ട കുടുംബത്തിലെ സമർത്ഥരായ വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ് സർക്കാർ വഹിക്കും, വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ ഒഴിവാക്കും, മുന്നോക്ക വിഭാഗങ്ങളിലെ 3 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് സഹായം, ഓർഫനേജിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികളൊക്കെത്തന്നെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സാമാന്യനീതി ഉറപ്പാക്കുന്നതാണ്. പഞ്ചായത്ത്/മുനിസിപ്പൽ അംഗങ്ങൾക്കുള്ള ഓണറേറിയം വർദ്ധിപ്പിച്ചതും അംഗൻവാടി ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിച്ചതും എടുത്തുപറയേണ്ടതല്ലേ? മാറുന്ന കാലാവസ്ഥയിൽ പിടിച്ചുനില്ക്കാൻ സൗരോർജ്ജോല്പാദനവും മഴവെള്ള സംഭരണവും മാത്രമല്ല, മുഴുവൻ സാമൂഹ്യ പെൻഷനുകളും വർദ്ധിപ്പിക്കുകയും ചെയ്തു. വിധവകളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, സാമ്പത്തികമായി ബുദ്ധിമുട്ടുന്ന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് മംഗല്യനിധി- ഇങ്ങനെ സാമൂഹ്യക്ഷേമ രംഗത്ത് മാതൃകാപരമായ മാറ്റമാണ് ഈ ബഡ്ജറ്റ് കാഴ്ചവച്ചത്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, ആർ.സി.സി-യെ നാഷണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്താനുള്ള നടപടി ഇങ്ങനെ ആരോഗ്യ മേഖലയ്ക്ക് ഉണർവ്വേകുന്ന പ്രഖ്യാപനങ്ങൾ. എൽ.പി.ജി. ശ്മശാനങ്ങൾ ആരംഭിക്കുമെന്നാണ്. ഒരു തുണ്ട് ഭൂമിപോലുമില്ലാതെ സ്വന്തം വീട്ടിനകത്ത്, ചെറ്റകരിഞ്ചോളകൾക്കകത്ത്, അടുക്കളയിൽ വേണ്ടപ്പെട്ടവരെ കുഴിച്ചിട്ട പല സംഭവങ്ങളും നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. അതിന് പരിഹാരമു

ണ്ടാക്കാൻ നമ്മളെല്ലാവരുംകൂടി ശ്രമിക്കേണ്ടതാണ്. എൽ.പി.ജി ശ്മശാന ങ്ങളുണ്ടാക്കുന്നതോടൊപ്പം അന്യസംസ്ഥാന തൊഴിലാളികൾക്ക് നൈറ്റ് ഷെൽട്ടർ, അതുപോലെ മത്സ്യത്തൊഴിലാളികൾ വളരെ ദൂരം സൈക്കിളുക ളിലും വണ്ടികളിലും കൊണ്ടുപോകുന്ന മത്സ്യം ചീത്തയാകാറുണ്ട്. അതു കൊണ്ട് അവ സൂക്ഷിക്കാനായി പ്രോസസ്സിംഗ് സെന്റർ തുടങ്ങിയ പുതുമയേ റിയ പ്രഖ്യാപനങ്ങൾ ഈ ബഡ്ജറ്റിനെ വ്യത്യസ്തമാക്കുന്നു. കേരളത്തെ ബ്രിക്സ് രാജ്യങ്ങൾക്കൊപ്പം എത്തിക്കുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. ഇന്ത്യയിലെ സംസ്ഥാനങ്ങളോടല്ല കേരളം മത്സരിക്കുന്നത്. ഇന്ത്യയിൽ പ്രതിശീർഷ വരുമാനത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. വളർച്ചാ നിരക്കിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണ്.

കേരളത്തെ ബ്രിക് രാജ്യങ്ങൾക്കൊപ്പം എത്തിക്കുവാനാണ് ബഡ്ജറ്റ് വിഭാവനം ചെയ്യുന്നത്. ഇന്നലെ ബഹുമാന്യരായ എസ്. ശർമ്മയുടേയും എളമരം കരീമിന്റെയുമൊക്കെ പ്രസംഗങ്ങൾ കേട്ടു. ശ്രീ. എസ്. ശർമ്മയുടെ പ്രസംഗം ഇന്നലെ നമ്മളെല്ലാം കേട്ടുകൊണ്ടിരുന്നു. അദ്ദേഹം ചോദ്യശരങ്ങ ളുമായി ഉറഞ്ഞുതുള്ളുകയായിരുന്നു. ചുമട്ടുതൊഴിലാളികൾക്ക് എവിടെയാണ് പെൻഷൻ? ചുമട്ടുതൊഴിലാളികൾക്ക് നിങ്ങൾ പെൻഷൻ കൊടുത്തോ എന്നെല്ലാം ചോദിച്ചു. ചുമട്ടുതൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുന്നത് ചുമട്ടുതൊഴിലാളികളുടെ ഏൺഡ് വേജസ്സിൽ നിന്നുള്ള പങ്കിൽ നിന്നും ഉടമകളിൽ നിന്ന് നൽകുന്ന വിഹിതത്തിൽ നിന്നുമാണ്. ഇത്

രണ്ടുംകൂടിയാണ് അവർക്ക് ടെർമിനൽ ബെനിഫിറ്റ് ഉണ്ടാക്കുന്നത്. അതിന്റെ പലിശയെടുത്താണ് അവർക്ക് പെൻഷൻ കൊടുക്കുന്നത്. അല്ലാതെ ഇവിടെ ശ്രീ. പി.കെ. ഗുരുദാസനും ഡോ. ടി.എം. തോമസ് ഐസക്കും പെൻഷൻ കൊടുത്തില്ല. പിന്നീടും മൂന്നുനാല് ചോദ്യങ്ങൾ ചോദിക്കുന്നുണ്ടായിരുന്നു. കശുവണ്ടി തൊഴിലാളികൾക്ക് എവിടെ പെൻഷൻ; ഇങ്ങനെ നിരവധി ചോദ്യ ങ്ങൾ അദ്ദേഹം ചോദിച്ചു. ശ്രീ. എസ്. ശർമ്മ, 2009-10-ലെ ഡോ. ടി.എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റിലെ കാര്യങ്ങൾ ഞാൻ എടുത്തുപറയട്ടെ. നിങ്ങൾ കളിയാക്കിയല്ലോ, ഇതൊക്കെ നടന്നോ എന്നു നിങ്ങൾ ചോദിച്ചല്ലോ; 2010 മാർച്ച് 5-ൽ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി.എം. തോമസ് ഐസക്കിന്റെ സുപ്രധാന പ്രഖ്യാപനങ്ങൾ ഇവയായിരുന്നു. ഇന്ത്യയിൽ ആദ്യമായി, കേരളത്തിലെ നഗരമേഖലയിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാ ക്കുകയാണ്. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് 20 കോടി രൂപ നൽകുന്നു. ഈ പ്രഖ്യാപനത്തിനുശേഷം ഒരു വർഷം കൂടി എൽ.ഡി.എഫ്. ഭരിച്ചു. എന്ത് നടന്നു? ഡോ. ടി.എം. തോമസ് ഐസക്കിന്റെ വാക്ക് പഴയ ചാക്കല്ലാതെ എന്താണ് നടന്നത്? ഹരിത ഫണ്ട്, ഡാമിൽ നിന്ന് ചെളിയെടുത്ത് ക്ഷയിച്ച വനങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ പുനരുജ്ജീവി പ്പിക്കാനും വനപ്രദേശങ്ങളെ സംയോജിപ്പിക്കുന്നതിനും നടപടി, അങ്ങനെ നാടിനെ ഐശ്വര്യപൂർണ്ണമാക്കുന്നതിന് ഇടതുജനാധിപത്യ മുന്നണി സർക്കാർ ആയിരം കോടി രൂപയുടെ ഹരിത ഫണ്ടിന് രൂപം നൽകി. ഡോ. ടി.എം. തോമസ് ഐസക് പറഞ്ഞത് കേരളത്തിലെ ഡാമിൽ നിന്ന് ചെളിയും മണലും

വാരി ആയിരം കോടി രൂപ ഉണ്ടാക്കുമെന്നാണ്. ഒരു കൊല്ലംകൊണ്ട് ഒരു ഡാമിലേയും ചെളി വാരിയില്ല. ഈ കണ്ടുപിടിത്തക്കാരന്റെ തലയിൽ ചെളി യാണെന്നാണ് കാലം തെളിയിച്ചത്. അവസാനം നടക്കാത്ത കാര്യങ്ങൾ പറഞ്ഞ് ഡോ. ടി.എം. തോമസ് ഐസക് ജനിക്കാത്ത കുഞ്ഞിന്റെ പിതാ വായി. ഡോ. ടി.എം. തോമസ് ഐസക്കിന്റെ 2009-10 ബഡ്ജറ്റ് പ്രസംഗ ത്തിൽ പേജ് നമ്പർ 34-ൽ ഇടുക്കിയിലും വയനാടിലും വിമാനത്താവളങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് പലരും ഇവിടെ പറയുന്നത് കേട്ടു. അവിടെ രണ്ട് സ്ഥലത്തും സംയുക്ത സംരംഭങ്ങളായാണ് എയർസ്ട്രിപ്പുകൾ സ്ഥാപിക്കു ന്നത്. രണ്ട് വർഷക്കാലം എൽ.ഡി.എഫ്. കേരളം ഭരിച്ചു. പിന്നീട് എപ്പോഴെ ങ്കിലും ഇതിനെക്കുറിച്ച് ആലോചിക്കേണ്ടി വന്നിട്ടുണ്ടോ, സ്ഥാനാർത്ഥി സാറാമ്മ എന്ന പഴയ സിനിമയിൽ അടൂർഭാസി പറയുന്നതുപോലെ തോട്ടിൻകരയിൽ വിമാനമിറങ്ങാൻ താവളമുണ്ടാക്കുന്ന ഐസക്കാണ്. 2009-10 ബഡ്ജറ്റിൽ പേജ് നമ്പർ 29-ൽ ഉൾനാടൻ ജലഗതാഗതം- ദേശീയ ജലപാതയുടെയും കനാലുകളുടെയും നവീകരണത്തിന് 100 കോടി രൂപ വകയിരുത്തിയിരുന്നു ഡോ. ടി.എം. തോമസ് ഐസക്. അത് രണ്ട് വർഷം കൊണ്ട് സമയബന്ധിതമായി പൂർത്തീകരിക്കുമെന്നാണ് പറഞ്ഞത്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ചുതാനന്ദൻ എന്റെ നാട്ടിൽ വന്നു. തുരപ്പിലൂടെ എന്നെയും പിടിച്ച് വള്ളത്തിൽ കയറി അദ്ദേഹം എല്ലാ സ്ഥലങ്ങളിലും പോയി. തിരിച്ച് വന്ന് ഇറങ്ങിയതിനുശേഷം അദ്ദേഹം അവിടെനിന്നു് പ്രസം ഗിച്ചു. ഒരു വർഷംകൊണ്ട് ഈ തുരപ്പിന്റെയും കനാലിന്റെയും പണി പൂർത്തി

യാക്കുമെന്ന് പറഞ്ഞു. അവിടെ ടൂറിസ്റ്റ് ബോട്ടുകൾ വരും, ആ ബോട്ടുകൾ ബും ബും എന്ന ശബ്ദമുണ്ടാക്കി സഞ്ചരിക്കുന്നത് നിങ്ങൾക്ക് കാണാമെന്നൊക്കെ സംസാരിച്ചു. ഒരു ബോട്ടും കണ്ടില്ല, ഒരു ബും ബും ശബ്ദവും കേട്ടില്ല. ആയിരക്കണക്കിന് ലോഡ് മണൽ ഇതിന്റെ ടെണ്ടർകാരൻ കടത്തി എന്നുമാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശ്വസ്തനായ മേനോൻ, പ്രോജക്ട് ഡയറക്ടറെ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പോലീസ് പെണ്ണ് കേസിലുമാക്കി. അതോടെ ആ പദ്ധതി അവിടെ അവസാനിച്ചു. ഡോ. ടി.എം. തോമസ് ഐസക്കിന്റെ 2009-10 ബഡ്ജറ്റ് പ്രസംഗത്തിൽ പേജ് നമ്പർ 18-ൽ കേരള സംരംഭക നിധി- വെഞ്ച്വർ ഫണ്ട് ആരംഭിക്കുമെന്ന് പറയുന്നു. പ്രവാസികളുടേയും സർക്കാർ ധനകാര്യസ്ഥാപനങ്ങളേയും പണംകൊണ്ട് ആരംഭിച്ച നൂതന സാങ്കേതിക ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിന് 100 കോടി രൂപയുടെ വെഞ്ച്വർ ഫണ്ടാണ് പ്രഖ്യാപിച്ചത്. ഈ പദ്ധതി പോയവഴിക്ക് പുല്ലുപോലും കുരുത്തില്ല. ഐസക്കിന്റെ വെഞ്ച്വർ പഞ്ചറായി എന്നതാണ് സംഭവിച്ചത്. 2009-10 ബഡ്ജറ്റ് പ്രസംഗത്തിൽ പേജ് നമ്പർ 6-ൽ കെ.എസ്.ഐ.ഡി.സി., കിൻഫ്ര, ഐ.ടി. ഇൻഫ്രാസ്ട്രക്ടർ കമ്പനി, ഹൗസിംഗ് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട് 10,000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപമാണ് ലക്ഷ്യമിടുന്നതെന്ന് പറയുന്നു. ഇതിൽ 5000 കോടി രൂപയുടെയെങ്കിലും പദ്ധതികൾ ഒരു വർഷത്തിനുള്ളിൽ ആരംഭിക്കുമെന്നും പറഞ്ഞിട്ടുണ്ട്. എത്ര കോടി രൂപ

എവിടെയാണ് നിക്ഷേപിച്ചത്? നിങ്ങൾ ഓരോന്ന് പറഞ്ഞ് കളിയാക്കുന്നുണ്ടല്ലോ. അതുപോലെതന്നെ ഞാൻ ചോദിക്കട്ടെ, ഈ സർക്കാരിനെ നിങ്ങൾ പരസ്യമായി പറഞ്ഞതെന്താണ്? ജാഥകളുടെ സമയമായിരുന്നു. ജാഥകൾ അവസാനിച്ചപ്പോൾ, ഇവിടെ സംസാരിച്ചപ്പോഴും പറഞ്ഞുകേട്ടതും - സർക്കാരിനെതിരായ ജനവികാരം ആളിക്കത്തിക്കുമെന്നും ആ ജനവികാരത്തിൽ സർക്കാർ കത്തി ചാമ്പലാകുമെന്നും പറഞ്ഞിരുന്നു. അദ്ധ്യാപകരുടെയും ജീവനക്കാരുടേയും സമരം അർദ്ധരാത്രി 1.30-ന് എങ്ങനെ ഊരിക്കൊണ്ട് പോയിയെന്നുള്ള സംഭവം കേരളത്തിലെ ജനങ്ങൾക്കറിയാം. ഭൂസമരം നനഞ്ഞ പടക്കമായിപ്പോയി. എന്റെ നിയോജകമണ്ഡലത്തിൽ തുമ്പോട് എന്ന് സ്ഥലത്ത് ഭൂസമരമുണ്ടായിരുന്നു. ഭൂമി പിടിക്കാൻ വന്ന കർഷകത്തൊഴിലാളിയെയും ഞാൻ കണ്ടു. ബെൻസ്, ബി.എം.ഡബ്ല്യൂ., സ്കോഡ, ഇന്നോവ എന്നീ വണ്ടികളൊക്കെ നിരത്തി ഭൂമി പിടിക്കാൻ കർഷത്തൊഴിലാളികൾ വന്നിറങ്ങി. ആ സമരം എവിടെ അവസാനിച്ചു; ആ സമരം നനഞ്ഞ പടക്കമായിപ്പോയി. അടുപ്പുകൂട്ടി കണ്ണിൽ നിന്നും വെള്ളം വന്നതല്ലാതെ യാതൊരു പ്രയോജനവുമുണ്ടായില്ല. നിങ്ങൾക്ക് ഭരണപക്ഷമാകാനുള്ള ആരോഗ്യവുമില്ല പ്രതിപക്ഷമാകാനുള്ള ആരോഗ്യവുമില്ല. അടുപ്പുകൂട്ടി സമരം നടന്ന ദേശീയപാതയിൽ കിലോമീറ്ററുകളോളം അടുപ്പും കലവും ആളുമില്ലായിരുന്നു. ഉള്ള സ്ഥലത്ത് കുറച്ച് സ്ത്രീകൾ ചായയും കപ്പയുമുണ്ടാക്കി സന്തോഷമായിരിക്കുകയായിരുന്നു. കൊടിയും തോരണങ്ങളുമില്ല. മുദ്രാവാക്യവും പ്രസംഗവുമില്ല. എന്റെ ഒരു സ്നേഹിതൻ പറഞ്ഞത്, മംഗലാ

പുറത്തുനിന്നും ശബരിമലയിലേയ്ക്ക് വന്ന സ്വാമിമാർ അവിടെയിറങ്ങി പൈസയിട്ട്, പൊങ്കാലയാണെന്നാണ് കരുതി, സ്വാമിയേ ശരണമയ്യപ്പാ എന്ന് വിളിച്ചിട്ട് പോയി എന്നാണ്. ആ കാശ് വാങ്ങി സഞ്ചിയിലിട്ട നിങ്ങളുടെ സമരത്തിന് യാതൊരു ഇംപാക്ടും കണ്ടില്ല. 5 വർഷക്കാലത്തെ ഭരണം പൂർത്തിയാകുമ്പോൾ വിവിധ വിഭാഗം തൊഴിലാളികൾ ഉൾപ്പെടെ എല്ലാ ജനങ്ങൾക്കും അഭയവും അത്താണിയും കേരളത്തിലെ യു.ഡി.എഫ്. സർക്കാരാണെന്ന് ജനങ്ങൾ പറയും. ഇപ്പോൾ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ആ പ്രശ്നങ്ങളെല്ലാം അതിജീവിക്കും. ഈ മുന്നണിയിൽ കലക്കവെള്ളത്തിൽ മീൻ പിടിക്കാമെന്ന നിങ്ങളുടെ ആശ നടക്കാൻ പോകുന്നില്ല. പിറവത്തും നെയ്യാറ്റിൻകരയിലും നമ്മൾ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചതല്ലേ. തെരഞ്ഞെടുപ്പ് ഫലത്തെക്കുറിച്ച് നിങ്ങളുടെ പ്രവചനങ്ങൾ എന്തൊക്കെയായിരുന്നു മനക്കോട്ടകൾ? പക്ഷേ ഫലം പുറത്തുവന്നപ്പോൾ എ.കെ.ജി. സെന്ററും സി.പി.എം. ഓഫീസും ഇല്ലത്ത് പെണ്ണ് പെറ്റതുപോലെയായി സങ്കടം. സഹോദരിമാരുടെ മാനംകാക്കുന്ന കാര്യമായിരുന്നു എനിക്ക് മുമ്പ് സംസാരിച്ച സഹോദരിയും പറഞ്ഞത്. ഡി.വൈ.എഫ്.ഐ.-യും സി.പി.ഐ (എം)-ഉം നടത്തുന്ന പോരാട്ടങ്ങളൊക്കെ ആർക്കാണ് കൗതുകം പകരാത്തത്? നിങ്ങൾ ഇരകളെ തേടി പോകുമെന്നാണ് പറഞ്ഞത്. പി. ശശിയുടേയും ഗോപി കോട്ടമുറിക്കലിന്റേയും *****[3] ഇരകളെയും നിങ്ങൾ തേടി പോകണം. ആ ഇരകളെ നിങ്ങൾ തേടുമോയെന്ന് അറിയണ്ടേ. അതോടൊപ്പം

---

[3] പിൻവലിച്ചു

തന്നെ എല്ലാ ഇരകളെയും തേടണമെങ്കിൽ അത്തരത്തിലുള്ള ഇരകളെയും തേടേണ്ടി വരണ്ടേ? എനിക്ക് എന്റെ നിയോജക മണ്ഡലത്തിലെ ചില പ്രശ്ന ങ്ങളാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കാനുള്ളത്.

ശ്രീ. ജി. സുധാകരൻ: പോയിന്റ് ഓഫ് ഓർഡർ. ഇന്ന് സഭയിൽ ചില പ്രത്യേക രീതിയിൽ സംസാരിക്കരുതെന്ന് എല്ലാവരോടും അങ്ങും മുഖ്യമ ന്ത്രിയും പ്രതിപക്ഷ നേതാവും പറഞ്ഞു. അവസാനം ശ്രീ. രമേശ് ചെന്നിത്ത ലതന്നെ അതിന്റെ ധാർമ്മിക മൂല്യത്തെപ്പറ്റി പറഞ്ഞു. ഞാൻ ശ്രീ. വർക്കല കഹാറിന്റെ ശൈലിയോടല്ല, ഈ സഭയിൽ നിരവധി പൊതു പ്രവർത്ത കരെപ്പറ്റി പേരെടുത്ത് പറഞ്ഞുകൊണ്ട് ചില പ്രത്യേക കേസ് പറഞ്ഞിരിക്കുക യാണ്. ഒരു തരത്തിലും കുറ്റം ചെയ്തിട്ടില്ലായെന്ന് തെളിയിക്കപ്പെട്ട **** പറ ഞ്ഞു. ഞങ്ങൾ അന്വേഷിച്ചതാണ്. ഞങ്ങൾ ശ്രീ. പി.ജെ. കുര്യന്റെ പേര് പറ ഞ്ഞില്ല. അങ്ങനെ നടത്തിയ പരാമർശം നീക്കം ചെയ്യണം. ശ്രീ. വർക്കല കഹാറിന്റെ പ്രസംഗശൈലി നന്നായിരുന്നു. പക്ഷേ ഇത് പറയാൻ പാടില്ലായി രന്നു. നിങ്ങൾ പറഞ്ഞ ഈ പേര് പിൻവലിക്കണം. അത് ശരിയല്ല. അങ്ങനെ എല്ലാവരും പറയും.

മി. സ്പീക്കർ: എന്താണ് പോയിന്റ്?

ശ്രീ. സി.പി. മുഹമ്മദ്: ബഹുമാനപ്പെട്ട ജി. സുധാകരൻ ഇവിടെ നേരത്തെ ഉണ്ടായിരുന്നില്ല. , ശ്രീ. പി.ജെ. കുര്യന്റെ പേര് പറഞ്ഞ് ശ്രീമതി കെ.കെ. ലതികയാണ് പ്രസംഗിച്ചത്. മറുപടി പറയുമ്പോൾ ഇതുപോലെ കലി തുള്ളിയിട്ട് കാര്യമില്ല.

മി. സ്പീക്കർ: അങ്ങയുടെ മണ്ഡലത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ പറയാൻ ഇപ്പോൾ തന്നെ 6 മിനിട്ട് അധികമെടുത്തു. 5 മിനിട്ട് കഴിഞ്ഞു.

ശ്രീ. വർക്കല കഹാർ: സർ വരുന്നതുവരെ ഉണ്ടായിരുന്ന സ്റ്റാറ്റസ്കോ 7 മിനിട്ട് ആയിരുന്നു.

മി. സ്പീക്കർ: സംസാരിക്കാൻ 7 മിനിട്ട് സമയമെടുത്തോളൂ.

ശ്രീ. വർക്കല കഹാർ: ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ബഹുമാന്യനായ എന്റെ സ്നേഹിതൻ ജി. സുധാകരൻ പറഞ്ഞത് പ്രകാരം ****** ഞാൻ പിൻവലിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. വർക്കലക്കുന്നുകൾക്ക് പകരം വയ്ക്കാനില്ലാത്ത സവിശേഷതകൾ കണക്കിലെടുത്ത് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ ഈ കുന്നുകളെ രാജ്യത്തെ ആദ്യത്തെ ജിയോപാർക്കാക്കി മാറ്റിക്കൊണ്ട് യുനെസ്കോയുടെ പൈതൃകപ്പട്ടികയിൽ ഇടം നേടാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ഈ ശ്രമങ്ങൾക്ക് യു.ഡി.എഫ്. സർക്കാർ അകമഴിഞ്ഞ പിന്തുണയാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഈ കാര്യത്തിൽ ആധുനിക മ്യൂസിയം സ്ഥാപിക്കുമെന്ന അങ്ങയുടെ പ്രഖ്യാപനത്തിന് ഹൃദയപൂർവ്വം ഞാൻ നന്ദി പറയുന്നു. ഒരു സംസ്കൃതിയുടെ ഭാഗമായ തുരപ്പിനേയും ടി.എസ്. കനാലിനെയും നവീകരിക്കണമെന്ന ആവശ്യം വർഷങ്ങളുടെ പഴക്കമുണ്ട്. അവിടെയാണ് പഴയ മുഖ്യമന്ത്രി വന്നതെന്ന് ഞാൻ പറഞ്ഞത്. ഉന്നത ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ വർക്കല തുരപ്പിന്റെ നവീകര

ണത്തിനായി ഒരു സംവിധാനമുണ്ടാക്കണം. നമ്മുടെ മുൻ രാഷ്ട്രപതി നിയമസഭയെ അഭിസംബോധന ചെയ്ത് പ്രധാനഘടകമായി പറഞ്ഞ കാര്യങ്ങൾ പരിശോധിക്കപ്പെടണം. അതോടൊപ്പം തന്നെ ചരിത്രപരമായി പ്രാധാന്യമുള്ള ഏറ്റവും കൂടുതൽ വില്ലേജുകളുള്ള ചിറയിൻകീഴ് താലൂക്കിലെ വർക്കല താലൂക്ക് എന്ന സ്ഥലത്തിന്റെ ചരിത്രപരമായ പ്രാധാന്യവും മറ്റുസംഗതികളും പരിഗണിക്കപ്പെടുകയും പുന:സംഘടന സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. കേരളത്തെ അവഗണിച്ച, കേരളത്തിന് അരി നൽകാത്ത, ട്രെയിൻ അനുവദിക്കാത്ത കേന്ദ്ര സർക്കാർ ആടിയുലയുകയാണ്. സി.പി.ഐ(എം) -ന്റെ ലക്ഷക്കണക്കിനാളുകൾ പങ്കെടുത്ത മഹാറാലി ഇന്ന് ഡൽഹി പട്ടണത്തിൽ നടന്നപ്പോൾതന്നെ യു.പി.എ ഗവൺമെന്റിനുള്ള പിന്തുണ ഡി.എം.കെ പിൻവലിച്ചിരിക്കുകയാണ്. ഇത് രാജ്യമാകെ ഉയരാൻ പോകുന്ന ഉജ്ജ്വലമായ മാറ്റത്തിന്റെ തുടക്കമായി നമുക്ക് കാണാം. 1991-ൽ പുതിയ സാമ്പത്തിക നയം നടപ്പിലാക്കുമ്പോൾ 10 വർഷംകൊണ്ട് രാജ്യത്തെ സ്വർഗ്ഗമാക്കുമെന്നാണ് അന്ന് ശ്രീ. പി.വി. നരസിംഹറാവു പറഞ്ഞത്. ബഹുമാനപ്പെട്ട മാണി സാർ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ നമ്മുടെ പരിതാപകരമായ അവസ്ഥയെ

സംബന്ധിച്ചാണ് ആമുഖത്തിൽ വിശദമായി സൂചിപ്പിക്കേണ്ടി വന്നത്. 23 വർഷം കഴിയുമ്പോഴും നമ്മുടെ രാജ്യത്തെ ദരിദ്ര നാരായണൻമാരുടെ എണ്ണം 50 കോടി കഴിഞ്ഞു നിൽക്കുകയാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ വിലക്കയറ്റമുള്ള രാജ്യമായി ഭാരതം മാറി. ആ ഭാരതത്തിൽ ഏറ്റവും വിലക്കയറ്റമുള്ള സംസ്ഥാനമായി കേരളവും മാറി.

ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളം ഭരിക്കുമ്പോൾ വിലക്കയറ്റത്തിന്റെ കാര്യത്തിൽ കേരളത്തിന് 17-ാം സ്ഥാനമായിരുന്നു. ലേബർ വകുപ്പിന്റെ സ്റ്റാറ്റിസ്റ്റിക്കൽ കണക്കുപ്രകാരം വിലക്കയറ്റത്തിന്റെ കാര്യത്തിൽ ഇന്ന് കേരളത്തിന് 1-ാം സ്ഥാനമാണ്. ഏറ്റവും കൂടുതൽ കള്ളപ്പണം നിക്ഷേപിക്കുന്നവരുടെ രാജ്യമായി ഭാരതം മാറുന്നു. ഈ ഭാരതത്തിലാണ് കേരളത്തിനുമാത്രമായി ഒരു മാറ്റമുണ്ടാക്കാൻ കഴിയുമെന്ന സ്വപ്നം ബഹുമാനപ്പെട്ട മാണി സാർ വീണ്ടും ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ സാമ്പത്തിക വർഷം ആദ്യത്തെ പത്ത് മാസത്തെ പദ്ധതി വിഹിതം 52 ശതമാനം മാത്രമാണ് ചെലവഴിച്ചത്. ഇനി അവശേഷിക്കുന്നത് കേവലം പത്ത് ദിവസം മാത്രമാണ്. നമ്മുടെ പദ്ധതിയടങ്കൽ ചെലവഴിക്കാത്ത ഒരു സംസ്ഥാനമായി കേരളം മാറുന്ന ദു:സ്ഥിതി ആവർത്തിക്കുകയാണ്. വരൾച്ച ബാധിച്ച കേരളത്തിലെ പ്രദേശങ്ങളേയും കൃഷിയേയും ജനങ്ങളേയും മറന്നുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്.

വിലക്കയറ്റം തടഞ്ഞുനിർത്താൻ എന്ത് നൂതനമായ പരിപാടികളാണ് ഇവിടെ ആവിഷ്കരിച്ചിരിക്കുന്നത്. ഇവിടെ എല്ലാ വർഷവും മാവേലി സ്റ്റോറുകൾ നടത്താൻ 100 കോടി രൂപ എല്ലാ ഗവൺമെന്റുകളും നൽകാറുണ്ട്. അതുപോലെ 100 കോടി രൂപ പൊതുവിതരണ സമ്പ്രദായത്തിനായി മാറ്റിവച്ചതല്ലാതെ അതിരൂക്ഷമായ വിലക്കയറ്റം തടയാൻ യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ല. പ്രതിപക്ഷത്തുള്ളവർപോലും ഈ ബഡ്ജറ്റ് വളരെ സന്തോഷത്തോടെയാണ് സ്വീകരിച്ചതെന്നാണ് ബഹുമാനപ്പെട്ട വർക്കല കഹാർ പറഞ്ഞത്. ബഡ്ജറ്റിൽ പ്രതിഷേധിച്ച് ശ്രീ. പി.ബി. അബ്ദുൾ റസാക് എം.എൽ.എ ഇവിടെനിന്ന് ഇറങ്ങിപ്പോയി. ലീഗിന്റെ നേതാക്കൻമാർ കണ്ണുരുട്ടിയപ്പോഴാണ് ശ്രീ. പി.ബി. അബ്ദുൾ റസാക് അവിടെ ഇരിക്കാൻ തയ്യാറായത്. ഞങ്ങൾ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുന്ന പ്രശ്നമില്ലെന്ന് ശ്രീ. ഹൈബി ഈഡൻ, ശ്രീ. എം.പി വിൻസെന്റ്, ശ്രീ. കെ.എം.ഷാജി എന്നീ എം.എൽ.എ-മാർ പരസ്യമായി പറഞ്ഞു. ഭരണകക്ഷിയിൽപ്പെട്ട മൂന്ന് എം.എൽ.എ-മാർ ബഡ്ജറ്റിനെ അനുകൂലിച്ച് സംസാരിക്കില്ല എന്നുപറയുന്ന പരിതാപകരമായ അവസ്ഥ കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? ശ്രീ. എൻ.എ. നെല്ലിക്കുന്നിന്റെ ആമുഖ പ്രസംഗം കാസർഗോഡ് ജില്ലയെത്തന്നെ അവഗണിച്ചു എന്നാണ്.

ഞങ്ങൾ ബഡ്ജറ്റ് പരിശോധിച്ചപ്പോൾ മിക്ക ജില്ലകൾക്കും വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ല എന്നാണ് മനസ്സിലായത്. പത്തനംതിട്ട ജില്ലയിൽ ബഹു

മാനപ്പെട്ട കെ.ശിവദാസൻ നായർക്ക് ഒരു പാലത്തിനായി 5 കോടി രൂപയും ശ്രീ. അടൂർ പ്രകാശ് മന്ത്രിയായതുകൊണ്ട് ഒരു കോടി രൂപയും ലഭിച്ചു. അവിടെ മറ്റ് നിയോജക മണ്ഡലങ്ങളില്ലേ? കൊല്ലം ജില്ലയിലെ എത്ര എം. എൽ.എ മാർക്കാണ് വിഹിതം ലഭിച്ചത്? തൃശ്ശൂർ ജില്ലയ്ക്ക് ഒന്നും കൊടുത്തിട്ടില്ല.

<u>മി. സ്പീക്കർ</u>: ഇതെല്ലാം തമിഴ്നാട്ടിൽ കൊണ്ടുപോയോ?

<u>ശ്രീ. രാജു എബ്രഹാം</u>: അതാണ് പ്രശ്നം. അങ്ങ് ഇക്കാര്യത്തിൽ ഇടപെട്ട് പരിശോധിക്കണം. മലപ്പുറത്തിന് ബഡ്ജറ്റിൽ വിഹിതമൊന്നും ലഭിച്ചിട്ടില്ലെന്നാണ് മലപ്പുറത്തുള്ളവർ പറയുന്നത്. പക്ഷേ വോളിയം 1 പരിശോധിച്ചാൽ വിഹിതമെല്ലാം മലപ്പുറത്തും കോട്ടയത്തുമാണ് നൽകിയിരിക്കുന്നത്. ഇങ്ങനെ ജില്ലകളെ മരവിപ്പിക്കാൻ എങ്ങനെയാണ് കഴിഞ്ഞത്. എം.എൽ.എ മാരെ കണക്കിലെടുക്കാതെ എങ്ങനെ ഒരു ഭരണത്തിന് മുന്നോട്ട് പോകാൻ കഴിയും. ഊർജ്ജ വകുപ്പിന് ആകെ കൊടുത്തത് 46 കോടി രൂപയാണ്.

<u>ശ്രീ. ജി. സുധാകരൻ</u>: പുറക്കാട് ജംഗ്ഷനിൽനിന്ന് കിഴക്കോട്ട് കരിനിലമേഖല വരെയുള്ള മൂന്ന് കിലോമീറ്റർ റോഡ് വികസനത്തിനായി ഞാനാണ് ഫണ്ട് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ യൂത്ത് കോൺഗ്രസ്സിന്റെ ദേശീയ ജനറൽ സെക്രട്ടറി എം.ലിജു നിർദ്ദേശിച്ചപ്രകാരം ഫണ്ട് അനുവദിച്ചിരിക്കുന്നു എന്നാണ് അവിടെ ഫ്ളക്സ് വച്ചിരിക്കുന്നത്. അദ്ദേഹം എന്നോട് 17000

വോട്ടിന് പരാജയപ്പെട്ട ആളാണ്. അയാൾ ആ നാട്ടുകാരനല്ല, അയാൾ ഒന്നും നിർദ്ദേശിച്ചിട്ടുമില്ല. ഇതൊക്കെയാണ് ഇവിടെ നടക്കുന്നത്. പി.ഡബ്ല്യു.ഡി മന്ത്രി ............

മി. സ്പീക്കർ: അതൊന്നും പി.ഡബ്ല്യൂ.ഡി മന്ത്രി അറിഞ്ഞുകൊണ്ട് വയ്ക്കുന്ന ഫ്ളക്സ് അല്ല.

ശ്രീ. ജി. സുധാകരൻ: എല്ലാ വകുപ്പിലും ഇത് വരുന്നു. ഇത് ഗവൺമെന്റിന് അപമാനകരമാണ്.

ശ്രീ. രാജു എബ്രഹാം: ലജ്ജാകരമായ അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. സംസ്ഥാന ഗവൺമെന്റ് സംസ്ഥാനത്തിന്റെ വിഹിതത്തോടു കൂടി നടപ്പാക്കുന്ന പദ്ധതികൾപോലും എം.പി മാർ ഹൈജാക് ചെയ്തുകൊണ്ടുപോകുകയാണ്. അങ്ങയുടെ അറിവോടുകൂടി പുറത്തിറക്കിയിരിക്കുന്ന ഒരു ഉത്തരവിന്റെ ബലത്തിലാണ് സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികൾപോലും ഇന്ന് കേരളത്തിൽ ഹൈജാക് ചെയ്തുകൊണ്ടുപോയിരിക്കുന്നത്. അങ്ങ് ഇക്കാര്യത്തിൽ വളരെ ഗൗരവമായി ഇടപെടുകയും പരിശോധിക്കുകയും ചെയ്യേണ്ട അവസ്ഥയിലേയ്ക്ക് കേരളം പോയിക്കൊണ്ടിരിക്കുകയാണ്. ഇതൊന്നും കേരളത്തിൽ ഇതിനുമുമ്പ് ഉണ്ടായിട്ടുള്ള സംഭവമല്ല. സാധാരണ ബഡ്ജറ്റിൽ ആഭ്യന്തരവകുപ്പ് ആദ്യത്തെ പാരഗ്രാഫിലാണ് വരുന്നത്. ഈ ബഡ്ജറ്റിൽ അവസാനമാണ് കൊടുത്തിരിക്കുന്നത്. ആഭ്യന്തരവകുപ്പിന് ജയിലിൽ വയ്ക്കുന്നതിനായി 8 മഴവെള്ള സംഭരണികൾ മാത്രമാണ് ഈ ബഡ്ജറ്റിൽ നൽകിയിട്ടുള്ളത്. പരിതാപകരമായി തോന്നിയതുകൊണ്ട്

പറഞ്ഞതാണ്. എന്റെ നാട്ടിൽ ഫയർ എഞ്ചിൻ ഇല്ല. മറ്റൊരു സ്ഥലത്തുനിന്നാണ് ഫയർ എഞ്ചിൻ അവിടെ കൊണ്ടുവരുന്നത്. ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് പല പ്രാവശ്യം ഇക്കാര്യം പറഞ്ഞിരുന്നു. ഫയർ എഞ്ചിൻ നൽകാമെന്നാണ് അദ്ദേഹം പറഞ്ഞത്.

അഗ്നിശമന വിഭാഗത്തിന്റെ അവസ്ഥയും പരിതാപകരമാണ്. അഗ്നിശമന വിഭാഗത്തിന്റെ വണ്ടികളെല്ലാം പഴയതാണ്. കുറച്ചു തുകയെങ്കിലും അതിന്റെ നവീകരണത്തിനായി മാറ്റി വയ്ക്കേണ്ടതല്ലേ? അത്തരമൊരു സമീപനം സ്വീകരിക്കുന്നില്ല. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി തുടങ്ങിവച്ച കുറെ പദ്ധതികളുണ്ട്. ആ പദ്ധതികളൊക്കെ നടപ്പാകും എന്ന വലിയ പ്രതീക്ഷയായിരുന്നു ജനങ്ങൾക്കുണ്ടായിരുന്നത്. കണ്ണൂർ എയർപോർട്ടിൽ ഇറങ്ങി കോഴിക്കോട് മോണോ റയിലിൽ കയറി എറണാകുളത്ത് മെട്രോ റയിലിൽകൂടി യാത്ര ചെയ്ത് സ്മാർസിറ്റി കണ്ട് അതിന്റെ സൗന്ദര്യം നുകർന്ന് അവിടെനിന്നും വിഴിഞ്ഞത്ത് വന്ന് കപ്പലിൽ കയറി ശ്രീലങ്കവരെ ഉല്ലാസ യാത്ര നടത്തണമെന്നുള്ള മോഹം എനിക്കുണ്ടായിരുന്നു. ഈ യാത്ര എന്ന് നടത്താൻ കഴിയും?.

മി. സ്പീക്കർ: മോഹം ഉപേക്ഷിക്കണ്ട.

ശ്രീ. രാജു എബ്രഹാം: ആ പ്രതീക്ഷയിലാണ് നമ്മൾ ജീവിക്കുന്നത്. കെരളത്തിന്റെ വികസനത്തെ സമ്പൂർണ്ണമായി തകർത്തു. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതോടുകൂടി എല്ലാ കള്ളന്മാരും കേരളത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. കള്ളന്മാർ വിമാനത്തിൽ വരുന്ന കാര്യം

നമുക്ക് ആലോചിക്കാൻ കഴിയുമോ? ഡൽഹിയിൽ നിന്നാണ് ബണ്ടി ചോർ ഇവിടേയ്ക്കുവന്നത്. ശ്രീ. ഉമ്മൻചാണ്ടി കേരളത്തിൽ അധികാരത്തിൽ വന്നിരിക്കുന്നുവെന്ന് പത്രം വായിച്ചപ്പോൾ ബണ്ടി ചോറിന് മനസ്സിലായി, അദ്ദേഹം കേരളത്തിലേയ്ക്ക് വച്ചുപിടിച്ചു. ബിട്ടി മെഹന്തി ഒറീസ്സയിലിരുന്ന് പത്രം വായിച്ചപ്പോഴാണ് കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നിരിക്കുന്നുവെന്ന് മനസ്സിലാക്കിയത്. അദ്ദേഹവും വിമാനത്തിൽ കേരളത്തിലേയ്ക്ക് വച്ചുപിടിച്ചു. ഇപ്പോഴാണ് ഡൽഹിയിലുള്ള കള്ളന്മാരെല്ലാം പത്രം വായിച്ചത്. എല്ലാവരും ഇങ്ങോട്ട് വന്നിരിക്കുകയാണ്. എല്ലാവരും വിമാനത്തിലാണ് വന്നിരിക്കുന്നത്. യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ നമുക്ക് തിരുടന്മാരെ ഭയപ്പെടേണ്ട ഒരു അവസ്ഥയുണ്ടായിരിക്കുകയാണ്. വളരെ ഗുരുതരമായ ഇത്തരമൊരു അവസ്ഥയിൽ അതിഗൗരവമായ തരത്തിൽ അഴിമതികൾ നമ്മുടെ നാട്ടിൽ നടക്കുന്നുവെന്നുള്ളതിന്റെ ഒരു ഉദാഹരണമാണ് ഇന്നലെ കണ്ടത്. കുട്ടനാട് പാക്കേജ് നടപ്പാക്കുന്ന കാര്യത്തിൽ വലിയ അഴിമതി ആരംഭിച്ചിരിക്കുന്നു എന്നുള്ളതിന്റെ സൂചനയാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള FIRMA (State Fisheries Resource Management Society) എന്ന സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് 17-12-2012-ൽ ശ്രീ. തോമസ് ചാണ്ടി എം.എൽ.എ.-ക്ക് നൽകിയ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് മറുപടിയായി പറഞ്ഞിരിക്കുന്നത്, ഈ പദ്ധതിക്ക് (പോളവാരൽ, പായൽ വാരൽ) 21 കോടി രൂപ അടങ്കൽ നിശ്ചയിച്ചിട്ടുണ്ട് എന്നാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. രാജു എബ്രഹാം, ഒരു മിനിട്ട് പ്ലീസ്. ശ്രീ. രാജു എബ്രഹാം എനിക്ക് എഴുതി നൽകിയിട്ടുണ്ട്. പക്ഷെ, രണ്ടു വാചകത്തിനപ്പുറം ഒന്നിന്റെയും ബെയ്സ് കാണിച്ചല്ല ഈ കത്ത് നൽകിയിരിക്കുന്നത്. നിയമസഭയിൽ ഒരു മന്ത്രിക്കെതിരെയോ മെമ്പർക്കെതിരെയോ അഴിമതിയാരോപണം നടത്തുമ്പോൾ അതിന് അതിന്റേതായ പശ്ചാത്തലവും സാഹചര്യവുമുണ്ടാകണം. ഞാൻ എന്റെ മുന്നിലുള്ള പുസ്തകങ്ങൾ നോക്കിയാണ്, ശക്ധർ ആന്റ് കൗളും പാർലമെന്ററി പ്രൊസീഡ്യുവറും ശ്രീ. വർക്കല രാധാകൃഷ്ണന്റെ ചില റൂളിംഗുകളുമെല്ലാം അനുസരിച്ചാണ് ഇതുപറയുന്നത്. 'A member has to be careful while making an allegation. He has to satisfy himself that the source is reliable and allegation is based on facts. In effect, he is required to make prima facie investigation into the matter before he writes to the Speaker or the Minister, and more so before he speaks in the House. A notice relating to an allegation based on newspaper reports is not allowed unless the member tabling it gives the Speaker substantial proof that the allegation has some factual basis. In the notice to the Speaker, a member is required to give brief details about the allegation which he proposes to make against a person or another member so that the Speaker could judge the matter beforehand.'

നിയമസഭയ്ക്കുള്ളിൽ നിയമസഭയുടെ പരിരക്ഷ ഉപയോഗിച്ചുകൊണ്ട് ഒരു മെമ്പർക്കെതിരെയോ മന്ത്രിക്കെതിരെയോ ആരോപണം ഉന്നയിക്കുമ്പോൾ ഈ പശ്ചാത്തലത്തിൽ വേണമെന്നാണ് എനിക്ക് പറയാനുള്ളത്. എല്ലാ നിയമ പുസ്തകങ്ങളും പാർലമെന്റ് പ്രൊസീഡ്യുവർ പുസ്തകങ്ങളും ഇവിടെ ക്വാട്ട് ചെയ്തതുകൊണ്ട് ഞാൻ സമയം ദീർഘിപ്പിക്കുന്നില്ല.

ശ്രീ. രാജു എബ്രഹാം: 285 പ്രകാരം, ഉത്തരം പറയേണ്ട സംഗതിയെപ്പറ്റി അന്വേഷണം നടത്തുവാൻ മന്ത്രിക്ക് സാധിക്കത്തക്കവണ്ണം ആ മന്ത്രിക്ക് മുൻകൂട്ടി അറിവ് നൽകാത്ത പക്ഷം........, എന്നാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഇതുപ്രകാരം, ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയാൻ കഴിയുന്ന തരത്തിൽ വളരെ നേരത്തേതന്നെ ഞാൻ ഇത് എഴുതിക്കൊടുക്കുകയുണ്ടായി. കൂടാതെ, മന്ത്രിക്കെതിരായി ഞാൻ ആക്ഷേപം എഴുതി നൽകിയിട്ടില്ല. അതുകൊണ്ട് 284 പ്രകാരം ഈ പ്രശ്നം എനിക്കിവിടെ അവതരിപ്പിക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. അതുകൊണ്ടാണ് വളരെ ചുരുങ്ങിയ വാക്കുകളിൽ അങ്ങേയ്ക്ക് ഇത് എഴുതി നൽകിയിട്ടുള്ളത്. സംസ്ഥാനത്തെ ഒരു വകുപ്പിന്റെ കീഴിലുള്ള ഒരു സ്ഥാപനം നടത്തുന്ന അഴിമതിയെപ്പറ്റിയാണ് ഞാൻ ഇവിടെ പറഞ്ഞത്. ആ വിഷയത്തെ സംബന്ധിച്ച് അന്വേഷിക്കാനുള്ള മതിയായ സമയം ബഹുമാനപ്പെട്ട മന്ത്രിക്കുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇതിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. ഇവിടത്തെ പ്രശ്നമെന്താണ്? 21 കോടി രൂപ അടങ്കലുള്ള ഒരു പ്രവൃത്തിക്ക് ആദ്യത്തെ കോൺട്രാക്ടർക്ക് 7 കോടി രൂപ നൽകി. അതിനുശേഷം അദ്ദേഹത്തെ പിരി

ച്ചുവിട്ടു. ആദ്യത്തെ കോൺട്രാക്ടറെ പിരിച്ചുവിട്ടതിനുശേഷമാണ് രണ്ടാമത്തെ കരാർ വിളിച്ചിരിക്കുന്നത്. 01-11-2012-ൽ റീ-ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ ഡേറ്റ് 30-11-2012 ആയിരുന്നു. പായൽ വാരാൻ Weed Harvesting Machine ഉപയോഗിക്കണം എന്നതാണ് ടെണ്ടറിലെ പ്രധാനപ്പെട്ട വ്യവസ്ഥ. ഇതാണ് ഇവിടത്തെ മർമ്മം. Weed Harvesting Machine ഇന്ത്യയിലാകെ പത്തോളംപേർക്ക് മാത്രമാണുള്ളത്. അതുകൊണ്ടുതന്നെ പലരും അപേക്ഷിച്ചില്ല. ആകെ മൂന്നുപേർ മാത്രമാണ് ടെണ്ടർ ക്വാട്ട് ചെയ്തത്. അതിൽ, Bombay JCB Earth Removers എന്ന കമ്പനി ഒരു ക്യുബിക് അടിക്ക് 220 രൂപനിരക്കിലാണ് ക്വാട്ട് ചെയ്തത്. ക്വാട്ട് ചെയ്തതിൽ ഏറ്റവും കുറഞ്ഞ തുകയാണ് 220 രൂപ. ഇതനുസരിച്ച് 16-01-2013-ൽ ബോംബെ കമ്പനിക്ക് ടെണ്ടർ നൽകുകയും എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. ആ എഗ്രിമെന്റ് പ്രകാരം കോട്ടയം-കാഞ്ഞിരം ഭാഗത്തെ പായൽ ഇവർ വാരി. മന്ത്രിമാരും എം.എൽ.എ.-മാരുമുൾപ്പടെ എത്രയോ ആളുകൾ പോകുന്ന ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിലുള്ള എ.സി. കനാലിലെ പോളയാണ് ഇപ്പോൾ വാരിക്കൊണ്ടിരിക്കുന്നത്. ഇവിടെയാണ് പ്രശ്നം, ടെണ്ടർ വ്യവസ്ഥയിൽ പ്രധാനമായി പറഞ്ഞിരിക്കുന്ന Weed Harvesting Machine ഈ കമ്പനി ഉപയോഗിച്ചിട്ടില്ല. അങ്ങനെയൊരു മെഷീൻ ഈ കമ്പനിക്കില്ല. കേവലം ഒരു ജെ.സി.ബി. ഉപയോഗിച്ചുകൊണ്ടാണ് ഇവിടെ നിന്നും പോള വാരുന്നത്. ജെ.സി.ബി. ഉപയോഗിച്ച് പോള വാരുന്നതിന് ഒരു ക്യുബിക് മീറ്ററിന് പരമാവധി 20 രൂപ

യാണ് ചെലവ് വരുന്നത്. ലാഭം ഉൾപ്പെടെ ഒരു ക്യുബിക് മീറ്ററിന് 50 രൂപ വയ്ക്കുന്നു. എത്ര രൂപയ്ക്കാണ് കൊടുത്തിരിക്കുന്നത്; 220 രൂപയ്ക്കാണ് കൊടുത്തിരിക്കുന്നത്. വാരുന്ന പോള സുരക്ഷിതമായ സ്ഥലത്ത് നിക്ഷേപിക്കണം എന്നതാണ് ടെണ്ടർ വ്യവസ്ഥ. വ്യവസ്ഥയുടെ കോപ്പി എന്റെ കൈവശമുണ്ട്. എന്നാൽ ഇവിടെ പോള വാരി ചിറയിൽ ഇടുകയാണ് ചെയ്യുന്നത്. സുരക്ഷിതമായ ഒരു സ്ഥലത്തും നിക്ഷേപിക്കുന്നില്ല. ആദ്യത്തെ ടെണ്ടർ പ്രകാരം 7 കോടി രൂപ മുടക്കി പോള വാരിയ സ്ഥലത്ത് വീണ്ടും പോള കിളിച്ചു. പോള വാരി മാസങ്ങൾക്കുള്ളിൽ അവിടെ പഴയ സ്ഥിതിയായി. മൂന്ന് ലക്ഷം ക്യുബിക് അടി പോളയുണ്ടാകുമെന്നാണ് കരുതിയത്. ജെ. സി.ബി. ഉപയോഗിച്ച് മൂന്ന് ലക്ഷം ക്യുബിക് അടി പോള വാരിയാലും ആറു മാസം കഴിയുമ്പോൾ ഈ മൂന്ന് ലക്ഷം ക്യുബിക് അടി പോള വീണ്ടും അവിടെ വളരും. ഇതാണ് പോളയുടെ പ്രശ്നം. ഈ പോള ഇങ്ങനെ വാരിക്കൊണ്ടേയിരിക്കുകയാണ്. 12 ദിവസംകൊണ്ട് ഒരു പോള രണ്ടാകും എന്നതാണ് പോളയുടെ പ്രശ്നം. ഇവിടത്തെ വ്യവസ്ഥ പ്രകാരം ഈ പോള ശാസ്ത്രീയമായ രൂപത്തിൽ മാറ്റുവാൻവേണ്ടി ഏതാണ്ട് 6 കോടി രൂപയുടെ പ്രൊവിഷൻ വച്ചിട്ടുണ്ടായിരുന്നു. ഒരു ശാസ്ത്രീയമായ ഒരു നടപടിയും ഇവിടെ നടത്തിയിട്ടില്ല. അതുകൊണ്ടുതന്നെ 21 കോടി രൂപ മുഴുവനായും പോള വാരാൻ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. എൻ.ആർ.ഇ.ജി. തൊഴിലാളികൾ കുട്ടനാട്ടിലെ നിരവധി പഞ്ചായത്തുകളിൽ പോള മാറ്റിയിട്ടതിന്റെ കണക്കെടുത്തതിനുശേഷമാണ് ആദ്യത്തെ ടെണ്ടറുകാരന് 7 കോടി രൂപ പാസ്സാക്കിയത്.

ആദ്യത്തെ ടെണ്ടറുകാരൻ കുറച്ചുപോളയേ വാരിയുള്ളൂ. എൻ.ആർ.ഇ.ജി പദ്ധതി പ്രകാരം വാരിയ പോളയ്ക്കാണ് ആദ്യത്തെ ടെണ്ടറുകാരന് കൂടുതൽ പണവും മാറിയത്. മുഴുവനായി എന്ന് ഞാൻ പറയുന്നില്ല. ഒരു ക്യുബിക് മീറ്ററിന് ഇപ്പോൾ ചെലവാകുന്ന കണക്കെടുത്താൽത്തന്നെ ഇപ്പോൾ ടെണ്ടറെ ടുത്തിരിക്കുന്ന കമ്പനി ഒരു ക്യുബിക് മീറ്ററിന് 170 രൂപയാണ് നേടുന്നത്. ഈ കമ്പനിക്ക് ആകെ ചെലവാകുന്നത് നാലരക്കോടി രൂപയാണ്. 21 കോടി രൂപ യിൽ ഈ രണ്ട് കമ്പനികൾക്കുംകൂടി ചെലവാകുന്നത് നാലരക്കോടി രൂപ മാത്രമാണ്. ഈ കമ്പനികൾ കൈപ്പറ്റുന്നത് 15.5 കോടി രൂപയാണ്, ഇതാണ് ലാഭം. എല്ലാ ചെലവും ലാഭവും കഴിഞ്ഞ്, ഒരു ക്യുബിക് മീറ്ററിന് 30 രൂപ ലാഭമിട്ടിരിക്കുകയാണ്. അത് കഴിഞ്ഞ് കിട്ടുന്നതാണ് ഈ 15.5 കോടി രൂപ. ഈ 15.5 കോടി രൂപയുടെ അഴിമതിയാണ് ഇവിടെയുണ്ടായിരിക്കുന്നത്.

ഈ അഴിമതിയെപ്പറ്റി ഞാനല്ല ആദ്യം പറഞ്ഞത്. പല കോണുകളിൽ നിന്നും ഇതിനെ സംബന്ധിച്ചുള്ള വാർത്തകൾ ഉയർന്നു. ഇതുസംബന്ധിച്ച് ഇതിന്റെ ചുമതലയുള്ള ഫിഷറീസ് വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കെ. ബാബു ഇതേ വരെ എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ഒരന്വേഷണത്തിന് ഉത്തരവി ടുകയോ ചെയ്തിട്ടില്ല. അങ്ങയുടെ കൈകൾ പരിശുദ്ധമായിരുന്നുവെങ്കിൽ കുട്ടനാട് സംബന്ധിച്ച് ഇവിടെ ലഭിച്ച ഗുരതരമായിട്ടുള്ള അഴിമതി ....... കുട്ട നാട് പാക്കേജിൽ അഴിമതിയുണ്ടെങ്കിൽ വേണമെങ്കിൽ കേന്ദ്രഗവൺമെന്റ് ഈ പാക്കേജ് തന്നെ റദ്ദാക്കും. അത്തരം ഒരു ഗുരുതരമായ പ്രശ്നത്തിൽ അന്വേഷണത്തിന് അങ്ങ് ഇതുവരെ തയ്യാറായിട്ടില്ല. അങ്ങയുടെ കൈകൾ

പരിശുദ്ധമാണെങ്കിൽ അങ്ങ് ഇപ്പോൾതന്നെ ഇതുസംബന്ധിച്ച് വിജിലൻസ് എൻക്വയറിക്ക് ഉത്തരവിടണം. അതാണ് അങ്ങ് ചെയ്യേണ്ടത്. അങ്ങനെ ഈ സഭയുടെ മുമ്പിൽ അങ്ങയുടെ നിരപരാധിത്വം, ഫിഷറീസ് വകുപ്പിന്റെ നിരപ രാധിത്വം അങ്ങ് തെളിയിക്കണമെന്നാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനു ള്ളത്. കുട്ടനാട് പാക്കേജിന്റെ വിവിധ പദ്ധതികളുടെ ഭാഗമായിട്ടുള്ള ഒരു പദ്ധതിയിൽ വന്ന ഗുരുതരമായ അഴിമതിയാണ്. അതുകൊണ്ട് കുട്ടനാട് പാക്കേജിനെപ്പറ്റി, അതിന്റെ നടത്തിപ്പിനെപ്പറ്റി വളരെ വിപുലമായ രീതിയിൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണമെന്നുകൂടി സൂചിപ്പിച്ചു കൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ബാബു):</u> സർ, ശ്രീ. രാജു എബ്രഹാം ഇവിടെ പറഞ്ഞത് എനി ക്കെതിരെ വ്യക്തിപരമായിട്ടല്ല, ഡിപ്പാർട്ടുമെന്റിനെതിരായിട്ടാണ്. എന്നാലും അങ്ങ് അനുവദിക്കുകയാണെങ്കിൽ ഞാൻ ഇന്നുതന്നെ മറുപടി പറയാൻ തയ്യാറാണ്. ഞാൻ ആമുഖമായി പറയാം, ഈ ടെണ്ടറൊന്നും എന്റെ കാലത്ത് നടന്നിട്ടുള്ളതല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്നിട്ടുള്ള താണ്. ആമുഖമായി അത്രയേ പറയാനുള്ളൂ. ബാക്കി ഞാൻ പിന്നീട് വിശദ മായി പറയാം. അങ്ങ് അനുവദിക്കുകയാണെങ്കിൽ ഇന്നുതന്നെ മറുപടി പറയാം.

<u>മി. സ്പീക്കർ</u>: സാധാരണ ഗതിയിൽ ഒരു അലിഗേഷൻ വന്നാൽ അന്ന് തന്നെ മന്ത്രിക്ക് മറുപടി പറയാവുന്നതാണ്. . അങ്ങനെ ഒരു കീഴ്വഴക്കമുണ്ട്.

അത് ഇന്നലേയും നടന്നതാണ്. പക്ഷെ ഇതിപ്പോൾ ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് ജനറലായി വന്നതാണ്. നാളെ പറഞ്ഞാലും മതി.

<u>ശ്രീ. കെ. ബാബു</u>: സർ, ഈ ടെണ്ടർ എന്റെ കാലത്ത് നടന്നിട്ടുള ളതല്ല............(ബഹളം)....... നിങ്ങൾ ആരോപണം ഉന്നയിച്ചാൽ മാത്രം മതിയോ. വ്യക്തിപരമായ ആരോപണം ഉന്നയിച്ചിട്ടില്ല. പക്ഷെ അങ്ങ് അനുവദിച്ചാൽ ഞാൻ ഇന്നുതന്നെ മറുപടി പറയാൻ തയ്യാറാണ്. അല്ലെങ്കിൽ നാളെ പറയാം.

<u>മി. സ്പീക്കർ</u>: അങ്ങേയ്ക്ക് ഇന്ന് തന്നെ മറുപടി പറയാവുന്നതാണ്.

<u>ശ്രീ. കെ. അജിത്</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഈ ബഡ്ജറ്റ് പൊതുവേ പരിശോധിച്ചുകഴിഞ്ഞാൽ ജനവിരുദ്ധ ബഡ്ജറ്റാണ്. പ്രത്യേകിച്ച് മറ്റ് തലങ്ങളിൽ നോക്കികഴിഞ്ഞാൽ പ്രതിപക്ഷ എം.എൽ.എ. മാരെ ആകെ അവഹേളിക്കുകയും ഒഴിവാക്കുകയും ചെയ്യപ്പെടുന്ന ഒരു ബഡ്ജറ്റാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഇത് ആവർത്തന വിരസതയുള്ള ഒരു ബഡ്ജറ്റാണ്. അതുകൊണ്ട് ഈ ബഡ്ജറ്റിനെ അനുകൂലിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കേരളത്തിലെ പൊതുജനങ്ങളുടെ പ്രതിനിധികളായ ഞങ്ങൾക്ക് ഇതിനെ എതിർത്ത് സംസാരിക്കേണ്ട ആവശ്യകതയും വന്നിരിക്കുന്നു. ജനങ്ങളുമായി ഏറ്റവും കൂടുതൽ അടുത്തുനിൽക്കുന്ന രണ്ടുമൂന്നു വകുപ്പുകളാണ് സിവിൽ സപ്ലൈസ് വകുപ്പ്, പൊതുഗതാഗത വകുപ്പ്, കൃഷി മേഖല തുടങ്ങിയവ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. സി. ദിവാകരൻ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്നപ്പോൾ

റേഷൻ കടകളിലും മാവേലിസ്റ്റോറുകളിലും നിരവധി ആളുകളുടെ വലിയൊരു കൂട്ടം കാണുമായിരുന്നു. അവിടെ നിത്യോപയോഗ സാധനങ്ങൾ സുലഭമായി ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് സിവിൽ സപ്ലൈസ് വകുപ്പിന്റെ ഔട്ട്ലെറ്റുകളിലും റേഷൻ കടകളിലും നിത്യോപയോഗ സാധനങ്ങൾ ലഭ്യമാകുന്നില്ല, അവിടെ ആൾക്കൂട്ടം കാണുന്നില്ല, അവിടെനിന്നും കിട്ടുന്നതുതന്നെ ഗുണനിലവാരം കുറഞ്ഞ സാധനങ്ങളാണ്. ഈ അടുത്ത കാലത്ത് ഞങ്ങളുടെ നാട്ടിൽ വിതരണം ചെയ്ത അരിയും ഗോതമ്പും പൂത്തു പൊടിപിടിച്ച് ഉറഞ്ഞതായിരുന്നു. അത്രയ്ക്ക് വൃത്തിഹീനമായ ഭക്ഷ്യധാന്യങ്ങളാണ് ഇപ്പോൾ ഈ വകുപ്പ് കൊടുക്കുന്നത്. ഒരു പക്ഷെ അതിനുത്തരവാദി ബന്ധപ്പെട്ട മന്ത്രിയല്ലായിരിക്കാം, അതിനകത്തുള്ള ഉദ്യോഗസ്ഥരോ മറ്റു സംവിധാനങ്ങളോ ഒക്കെ ആയിരിക്കാം. ഈ വകുപ്പ് മുന്നോട്ടുപോകണമെങ്കിൽ ആവശ്യമായ പണം ബഡ്ജറ്റിൽ വകയിരുത്തണം. ഇവിടെ ബഡ്ജറ്റിൽ ആവശ്യമായ പണം കൊടുക്കാതെയാണ് ഈ വകുപ്പ് മുന്നോട്ടുപോകുന്നത്. പ്രത്യേകിച്ച് ഈ വകുപ്പ് ഭരിക്കുന്ന മന്ത്രി പുത്രതുല്യനാണെന്ന് മാണിസാർ പലപ്പോഴും പറയാറുണ്ട്. പക്ഷെ പുത്രവധ പരിപാടികളാണ് അദ്ദേഹം ഈ വകുപ്പിലൂടെ കാണിക്കുന്നത്. യാതൊരു വിധത്തിലുള്ള അലോക്കേഷനും കൊടുക്കാതെ ആ വകുപ്പിനെ ഞെരുക്കി ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുകയാണ്. കരിഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പിനും സാഹചര്യങ്ങളൊരുക്കുകയും പൊതുമാർക്കറ്റിൽ വില വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ആ വകുപ്പിൽ വലിയ രീതിയിലുള്ള

കുഴപ്പങ്ങളുണ്ടെന്നും വിജിലൻസ് എൻക്വയറികളൊക്കെ ഉണ്ടെന്നും ഗവൺമെന്റും പത്രമാദ്ധ്യമങ്ങളും സൂചിപ്പിക്കുന്നു. ആ വകുപ്പിന്റെ അവസ്ഥ ഇങ്ങനെയൊക്കെയാണ്. പരമ്പരാഗത വ്യവസായങ്ങളെ പാടെ അവഗണിച്ചു കൊണ്ടാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. രാജ്യത്ത് ഏറ്റവും കൂടുതൽ തൊഴിലില്ലായ്മ ഉള്ള പ്രദേശം കേരളമാണെന്ന് പത്ര റിപ്പോർട്ടുകളിലൂടെയും മറ്റും സൂചിപ്പിക്കപ്പെടുമ്പോൾ അതിനാവശ്യമായ പരിരക്ഷ നൽകാതെ കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളായ കയറായാലും കൈത്തറിയായാലും മറ്റ് ഇതരമേഖലകളായാലും അതിന്റെയൊക്കെ നട്ടെല്ലൊടിക്കുന്ന അവസ്ഥയിലേയ്ക്കാണ് ഈ ഗവൺമെന്റിന്റെ ബഡ്ജറ്റ്. യാതൊരുവിധ ബഡ്ജറ്റ് അലോക്കേഷനോ ബഡ്ജറ്റിന്റെ സംരക്ഷണമോ ഇല്ലാതെയാണ് പരമ്പരാഗത വ്യവസായത്തെ കൊണ്ടുപോകുന്നത്. 2012 സെപ്തംബർ മാസം വരെയുള്ള എംപ്ലോയ്മെന്റ് എക്സേഞ്ചുകളിലെ രജിസ്ട്രേഷൻ ഏതാണ്ട് 45 ലക്ഷം കഴിഞ്ഞിരിക്കുന്നു. അവരൊക്കെ തൊഴിലന്വേഷകരായി നിൽക്കുന്ന സമയത്താണ് ഇവിടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്നത്. തീർച്ചയായും നമ്മുടെ യുവാക്കളേയും യുവതികളേയുമൊക്കെ കബളിപ്പിക്കുകയും കഷ്ടത്തിലാക്കുകയും ചെയ്യുന്ന ഒരു ബഡ്ജറ്റാണിത് എന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇതിനെക്കുറിച്ച് ശ്രീ. കുഞ്ഞുമോൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞ അഭിപ്രായ

ത്തോട് പൂർണ്ണമായും ഞാൻ യോജിക്കുകയാണ്. 800 കോടിയിലധികം രൂപ ഇവിടെ സഹായമുണ്ട് എന്നുപറയുമ്പോൾ കാലഘട്ടത്തിനനുസൃതമായി ആ വിഭാഗത്തെ സംരക്ഷിക്കേണ്ടതിന് ആ പണം അപര്യാപ്തമാണെന്നുള്ളത് പൊതു സമൂഹമെന്നുള്ള നിലയിൽ നമുക്ക് തിരിച്ചറിയാൻ കഴിയും. ഏറ്റവും ദുർബല വിഭാഗങ്ങളായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ ബഡ്ജറ്റി ന്റെയും ഗവൺമെന്റിന്റെയും ഭരണഘടനയുടെയും പരിഷ്കരണം അനുസരി ച്ചുകൊണ്ട് അവരെ ഉയർത്തിക്കൊണ്ടുവരാനുള്ള ബാധ്യത നിലനിൽക്കെ അവരുടെ ആവശ്യങ്ങൾ കാണാതെ മുന്നോട്ടുപോകുന്നത് ഒരു ബഡ്ജ റ്റിനോ ഒരു ഗവൺമെന്റിനോ കഴിയുന്നതല്ല. തീർച്ചയായും അവർക്കാവശ്യ മായ പരിരക്ഷ ലഭിക്കാനുള്ള നടപടിയുണ്ടാകണം. ബഹുമാനപ്പെട്ട സ്പീക്കർ കഴിഞ്ഞ ദിവസം ഇവിടെ പറയുകയുണ്ടായി, മാണിസാർ ബഡ്ജറ്റ് അവതരിപ്പിക്കുന്ന സമയത്ത് 53 പാരഗ്രാഫ് ഒഴിവാക്കപ്പെട്ടുവെന്ന്. 53 പാര ഗ്രാഫല്ല ഒഴിവാക്കപ്പെട്ടത്, പ്രതിപക്ഷ എം.എൽ.എ.മാരുടെ മണ്ഡലങ്ങളെ യാണ് ഒഴിവാക്കപ്പെട്ടത്. കോട്ടയം ജില്ലയിൽ നിന്നും വരുന്ന എന്റെയും ശ്രീ. സുരേഷ് കുറിപ്പിന്റേയും രണ്ട് മണ്ഡലങ്ങളിലും ഒരു രൂപയുടെ പണി പോലും നടത്താൻ കഴിയാത്ത അവസ്ഥയിലാണ് ഈ ബഡ്ജറ്റ് വന്നിരിക്കു ന്നത്. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയുടെ മണ്ഡലത്തിലും, പാലാ യിലും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മണ്ഡലത്തിലും, ശ്രീ. പി.സി. ജോർജിന്റെ മണ്ഡലത്തിലും നിരവധി വാഗ്ദാനങ്ങൾ ബഡ്ജറ്റിൽ കാണുക യുണ്ടായി. ഞാൻ പത്രക്കാരോട് പറഞ്ഞത് ഒരു പട്ടികൂടിനുപോലും പണം

ലഭ്യമായില്ല എന്നാണ്. ഇത് എലിയെ പേടിച്ച് ഇല്ലം ചുടുന്ന അവസ്ഥയാണ്. കാരണം, ഞങ്ങളുടേത് ഇടതുപക്ഷമുന്നണിക്ക് ഭൂരിപക്ഷമുള്ള മണ്ഡലമാണ്. ഞങ്ങൾ അവിടെനിന്ന് ജയിച്ചുവന്നവരാണ് എന്നുള്ള അവസ്ഥയിൽ എലിയെ പേടിച്ച് ഇല്ലം ചുട്ടുകഴിഞ്ഞാൽ വരാൻ പോകുന്ന പാർലമെന്റ് ഇലക്ഷനിൽ മാണിസാറിന്റെ മകനുതന്നെയാണ് അതിന്റെ ഭവിഷത്തുണ്ടാകാൻ പോകുന്നത്. അവിടത്തെ എം.പി. എന്നുള്ള നിലയിൽ അദ്ദേഹത്തിനുതന്നെ ദോഷം ചെയ്യുമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ശ്രീ. വി. ശിവൻകുട്ടി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇത് ഗവൺമെന്റിന്റെ പണമാണ്. ആ പണത്തിന് തുല്യ പങ്കാളിത്തമാണുള്ളത്. ഡോ. ടി.എം. തോമസ് ഐസക് മന്ത്രിയായിരുന്ന സമയത്ത് 15 കോടി രൂപയാണ് എല്ലാ എം.എൽ.എ.മാരുടെയും മണ്ഡലങ്ങളിലെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി തന്നത്. ഇവിടെ മാണിസാർ 5 കോടി രൂപ ആസ്തി വികസന ഫണ്ട് എന്നുപറഞ്ഞ് തന്നിട്ടുണ്ടെങ്കിലും ഏതാണ്ട് 60 ശതമാനം എം.എൽ.എ.മാർക്കും എ.എസ്. ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. പ്രത്യേകിച്ച് പ്രതിപക്ഷ എം.എൽ.എ.മാരുടെ ഫയലുകളോ എസ്റ്റിമേറ്റോ, പ്ലാനോ ചെന്നുകഴിഞ്ഞാൽ അത് ഫിനാൻസിൽ കിടന്ന് കുഴപ്പമുണ്ടാക്കി ഞങ്ങളുടെ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഈ ബഡ്ജറ്റിൽ അതിനെപ്പറ്റി യാതൊരു സൂചനയുമില്ല. ആ ഫണ്ടിന്റെ കാലാവധി എത്രയാണെന്നറിയില്ല. ഒരിക്കൽ പറയുന്നതുകേട്ടു, അത് എം.എൽ.എ. ഫണ്ടുപോലെ നിലനിൽക്കും, നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കാമെന്ന്. പക്ഷേ ഫിനാൻസിൽ അന്വേഷിച്ചപ്പോൾ പറ

യുന്നു 31-ാം തീയതി കഴിഞ്ഞാൽ അതിന് എ.എസ്. ഇല്ലെങ്കിൽ ആ ഫണ്ട് ലാപ്സായിപ്പോകുമെന്ന്. അതിനെക്കുറിച്ച് വ്യക്തമായ ഒരു ധാരണയുണ്ടാക്കണം. ഇത് ഞങ്ങളുടെ മാത്രം പരിദേവനമല്ല. ശ്രീ. എൻ.എ. നെല്ലിക്കുന്ന് അദ്ദേഹത്തിന്റെ ജില്ലയ്ക്ക് ഒരു പരിഗണനയും കിട്ടിയില്ലായെന്ന് കരഞ്ഞുകൊണ്ടല്ലേ ഇന്നലെ ഇവിടെ സംസാരിച്ചത്. പ്രതിപക്ഷത്തുള്ളവർക്കും ഭരണപക്ഷത്തുള്ളവർക്കും തുല്യ അഭിപ്രായമാണ് ഈ ബഡ്ജറ്റിനോടുള്ളത്. ഈ ബഡ്ജറ്റ് എല്ലാ ഭാഗങ്ങളേയും സ്പർശിക്കുന്നുവെന്ന് പറയുകയും എന്നാൽ ആവശ്യമായ പണം മാറ്റിവയ്ക്കാതെ ആവർത്തന വിരസതയുള്ള ഒരു ബഡ്ജറ്റായിരിക്കുകയുമാണ്. ബേക്കൽ, വയനാട്, കൊച്ചി, കുമരകം, കോവളം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്താൻ 5 കോടി രൂപ കൊടുത്തുവെന്ന് ടൂറിസം ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് കഴിഞ്ഞ ബഡ്ജറ്റിൽ ഇവിടെ പറയുകയുണ്ടായി. ഈ പ്രാവശ്യത്തെ ബഡ്ജറ്റിൽ ബേക്കൽ എന്നത് മാറ്റിയിട്ട് കോവളം, കുമരകം, ഫോർട്ട് കൊച്ചി, തേക്കടി എന്നിവിടങ്ങളിൽ ദേശീയ തലത്തിൽ അംഗീകാരമുള്ള ഏജൻസികൾ വഴി തയ്യാറാക്കുന്ന മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ അന്താരാഷ്ട്ര ടൂറിസം പദ്ധതി നടപ്പാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇത് പ്രഖ്യാപനങ്ങളിൽ മാത്രമാണ്. ഇവിടെ വാഗമൺ ഉൾപ്പെടെയുള്ള പ്രദേശത്ത് പദ്ധതികൾ നടപ്പിലാക്കുമെന്ന് 2012-13-ലെ ബഡ്ജറ്റിൽ സൂചിപ്പിക്കുകയുണ്ടായി. പക്ഷെ അതൊന്നും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. കവിതിലകൻ പണ്ഡിറ്റ് കെ.പി. കറുപ്പന്റെ പ്രതിമ സ്ഥാപിക്കുമെന്ന് അല്ലെങ്കിൽ സ്മരണ

നിലനിറുത്തുമെന്ന് ഇവിടെ സൂചിപ്പിക്കപ്പെടുകയുണ്ടായി. കഴിഞ്ഞ ബഡ്ജറ്റിൽ അതിനുവേണ്ടി 5 ലക്ഷം രൂപ വകയിരുത്തിയതാണ്. ഈ വർഷം അത് ഒരു കോടിയാക്കി മാറ്റി. അതിന്റെ പേരും മാറ്റി. അപ്പോൾ ഇങ്ങനെ ആവർത്തനവിരസതയുള്ള ബഡ്ജറ്റ് അവതരിപ്പിക്കുകയും അതിലൂടെ ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്ന ഒരു അവസ്ഥയുമാണുള്ളത്. ഈ പദ്ധതികളൊന്നും നടക്കാൻ പോകുന്നതല്ല. ഇത് വരുന്ന തെരഞ്ഞെടുപ്പിനെ കണ്ടുകൊണ്ട് ഇവിടെ സൂചിപ്പിച്ചതുപോലെ രാഷ്ട്രീയ പുകമറ സൃഷ്ടിക്കാനുള്ള ഒരു ബഡ്ജറ്റാണിത്. എന്റെ മണ്ഡലത്തിനുവേണ്ടി ഞാൻ ഒരുപാട് പ്രൊപ്പോസൽ കൊടുത്തു. ഒരു പ്രൊപ്പോസൽ പോലും അംഗകരിച്ചില്ല. വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത നമ്മുടെ മഹാനായ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ ഒരു പ്രതിമ സ്ഥാപിക്കണമെന്ന് പറഞ്ഞ് വൈക്കം മുനിസിപ്പാലിറ്റി പാസ്സാക്കിയ റെസലൂഷന്റെ ഭാഗമായിട്ടുള്ള ഒരു ശുപാർശ ഞാൻ സബ്മിഷനായി അവതരിപ്പിച്ചപ്പോൾ അത് അനുവദിക്കാമെന്ന് പറഞ്ഞിരുന്നു. പക്ഷെ ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞതുപോലെ ഗാന്ധിജിയെ വിമർശിച്ച അല്ലെങ്കിൽ അദ്ദേഹത്തിനെതിരെ കവിതയെഴുതിയ ആളെ അംഗീകരിക്കുകയും മഹാനായ മഹാത്മാഗാന്ധിയെ അവഹേളിക്കുകയും ചെയ്യുന്ന അവസ്ഥയിലാണ് ഈ ബഡ്ജറ്റെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്.

മറ്റൊരു വിഷയം പട്ടികജാതി/പട്ടികവർഗ്ഗവുമായി ബന്ധപ്പെട്ട് കഴിഞ്ഞ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീമതി നിവേദിത പി. ഹരന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലയാളം പ്ലാന്റേഷൻ, ഹാരിസൺ പ്ലാന്റേഷൻ ഉൾപ്പെ

ടെയുള്ള വൻകിട തോട്ടം കമ്പനികളുടെ ഇടയിൽ നാല് ജില്ലകളിലായി ഏതാണ്ട് 86000-ത്തിലധികം ഭൂമി ഇന്ന് പാട്ടക്കാലാവധി കഴിഞ്ഞിരിക്കുകയാണ്. പട്ടികജാതിക്കാരുടെ ഉന്നമനവുമായി ബന്ധപ്പെട്ട് ഇവിടെ പറയുന്ന വിഷയങ്ങളിൽ 3 സെന്റിനകത്ത് വീട് വയ്ക്കാനും മൂന്നോ നാലോ സെന്റ് ഭൂമി വാങ്ങാനുമാണ് ഗവൺമെന്റ് സഹായം അനുവദിക്കുന്നത്. അദ്ധ്വാന വർഗ്ഗത്തിന്റെ ഭാഗമായി നിൽക്കുന്ന ഈ പണിയാളുകളെ സംരക്ഷിക്കേണ്ട ബാധ്യതയും പൊതു സമൂഹത്തിൽ നമുക്കുണ്ടാകുന്ന ഭക്ഷ്യ സുരക്ഷയുടെ പ്രശ്നങ്ങളും പരിശോധിക്കപ്പെടുമ്പോൾ പണിയെടുക്കാൻ കഴിവുള്ളവരെ പണിയിടങ്ങളിലേയ്ക്ക് പറഞ്ഞുവിടുകയും അവരെ സംരക്ഷിക്കുകയും ചെയ്യേണ്ട ബാധ്യത എല്ലാ ഗവൺമെന്റിനുമുണ്ട്. ഇതുപോലെ കാലാവധി കഴിഞ്ഞ ഭൂമികൾ പിടിച്ചെടുത്ത് മിനിമം 5 ഏക്കറെങ്കിലും പണിയെടുക്കാൻ താല്പര്യമുള്ള ഈ വിഭാഗത്തിൽപ്പെടുന്ന ആൾക്കാർക്ക് കൊടുത്തുകൊണ്ട് കൃഷിയിടങ്ങൾ സംരക്ഷിക്കപ്പെടുകയും നമ്മുടെ പൊതു ഭക്ഷ്യസുരക്ഷാ പ്രശ്നത്തിന് പരിഹാരം കാണുകയും ചെയ്യണം.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഈ മൂന്ന് സെന്റ് എന്നുപറയുന്നത് തത്വത്തിൽ സർക്കാർ പ്രഖ്യാപിച്ചതാണോ; നേരത്തെ കുടികിടപ്പവകാശം ഏറ്റവും കുറവ് 10 സെന്റ് എന്നിരിക്കെ ഈ മൂന്നുസെന്റ് നൽകുന്നതുകൊണ്ട് നിലവിലുള്ള അവകാശം ഇല്ലാതാകുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. കെ. അജിത്: സർ, ഇപ്പോൾ വീടിന്റെ എണ്ണം വർദ്ധിക്കുകയാണ്, കുടുംബങ്ങളും വർദ്ധിക്കുകയാണ്. പക്ഷെ ഭൂമി വർദ്ധിക്കുന്നില്ല. ഇവ രെല്ലാം ഈ പത്തു സെന്റിനകത്ത് തിങ്ങിപ്പാർക്കുകയാണ്. അതുകൊണ്ടു തന്നെ ഭൂമിയില്ലാത്ത ആളുകൾക്ക് ഭൂമി കൊടുക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം എന്നാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീ. എ. കെ. ബാലൻ: സർ, എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാല ഘട്ടത്തിൽ പ്ലാൻ എക്സ്പെൻഡിച്ചർ 92% മുതൽ 97% വരെയായിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്ത ഗ്രാന്റ്-ഇൻ- എയ്ഡ് 88 ശതമാനമാണ് എക്സ്പെൻഡിച്ചർ. ഇന്നലെവരെയുള്ള കണക്ക് ഞാൻ പറ യാം. ലോക്കൽ സെൽഫ് ഗവൺമെന്റ് 35 ശതമാനമാണ് ചെലവഴിച്ചത്. പട്ടി കവർഗ്ഗത്തിന്റേത് 60 ശതമാനവും പട്ടികജാതിയുടേത് 70 ശതമാനവുമാണ്. ഇനിയിപ്പോൾ ഒരിക്കലും മുമ്പോട്ട് പോകാൻ പോകുന്നില്ല. എത്ര കോടി രൂപയാണ് ഈ പാവപ്പെട്ടവർക്ക് ലഭ്യമാകേണ്ടത് ഈ രൂപത്തിൽ ദുരുപയോ ഗിച്ചത്, ലാപ്സ് ആക്കിയത്, അതിനെ സംബന്ധിച്ച് എന്തെങ്കിലും വസ്തുത ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. അജിത്: സർ, പട്ടികജാതി ഉപദേശക സമിതിയിൽ ഈ വിഷയങ്ങൾ വന്നതാണ്. അന്നുതന്നെ ബഹുമാനപ്പെട്ട പഞ്ചായത്തുവകുപ്പുമന്ത്രി ഒരു യോഗം വിളിച്ചുചേർത്ത് മാർച്ച് 31-ാം തീയതിക്കുമുമ്പ് ഈ പണം പൂർണ്ണമായും വിനിയോഗിക്കണമെന്ന് പറഞ്ഞു. പക്ഷെ ഇന്നും അതേ അവസ്ഥയിൽത്തന്നെ നിൽക്കുകയാണ്. ഇവിടെ പ്രഖ്യാപനങ്ങളും പറച്ചിലുകളും മാത്രമല്ലാതെ കാര്യങ്ങൾ മുന്നോട്ടുപോകുന്നില്ല എന്നതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ പ്രശ്നം. ഇവിടെ ബഹുമാനപ്പെട്ട കെ.പി. സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തല ഈ പണം മതിയാകുന്നില്ലെന്ന് സൂചിപ്പിച്ചു. അദ്ദേഹം മറ്റൊരു അഭിപ്രായം ഇന്നലെ ശ്രീ. എ. കെ. ബാലൻ പറഞ്ഞതിന്റെ ഭാഗമായി സൂചിപ്പിക്കുകയുണ്ടായി. പട്ടിജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ എടുത്തിട്ടുള്ള ലോണുകൾ പൂർണ്ണമായും എഴുതിത്തള്ളണം. കാരണം ധാരാളം പണം ചെലവഴിച്ച് ഇപ്പോഴും അടിസ്ഥാന ജനവിഭാഗമെന്നു പറയുന്ന ഈ ജനവിഭാഗത്തെ ഭരണഘടനയുടെ ഭാഗമായി സംരക്ഷിക്കപ്പെടുന്നുവെന്ന് പറയപ്പെടുമ്പോൾ അതിന്റെ ആകുലതകൾ മാത്രമാണ് കേൾക്കാൻ കഴിയുന്നത്. അതിന്റെ ആവശ്യകതകൾ പ്രയോഗത്തിൽവന്നിട്ടില്ല. അവർക്ക് ആട്, കോഴി, താറാവ് എന്നിവ നൽകുമെന്ന് പറഞ്ഞിരുന്നു. പട്ടികജാതി/ പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ ഇപ്പോഴും ഏറ്റവും താഴെത്തട്ടിൽ ജീവിക്കുന്നവരാണെന്ന് കണ്ടുകൊണ്ട് അവർക്ക് ആടും കോഴിയും താറാവും മാത്രം വളർത്തിയാൽപ്പോരാ. പുതിയ സംവിധാനങ്ങളുപയോഗിച്ച് ആധുനിക കാലഘട്ടത്തിൽ അവരെ എങ്ങനെ ഡെവലപ്പ് ചെയ്തുകൊണ്ടുവരാമെന്നതി

നെക്കുറിച്ച് ആലോചിച്ച് അതിനുള്ള പുതിയ സംവിധാനങ്ങൾ ഉണ്ടാക്കികൊടുക്കണം. അത് ഇതിന്റെ ഭാഗമായി വരണം. പക്ഷേ ആടും കോഴിയും താറാവും കൊടുത്തോ ഇല്ലയോ എന്നറിയില്ല. അതുപോലെ ഈ പട്ടിക ജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് ഇപ്പോഴും 250 രൂപയാണ്. അത് 1500 രൂപയായോ 2000 രൂപയായോ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുണ്ടാകണം. കാരണം അവർ മിടുക്കരായ കുട്ടികളാണ്. പലരും സ്കൂളിൽ പോകാൻ കഴിയാത്തവരും വസ്ത്രങ്ങൾപോലുമില്ലാത്തവരുമാണ്. ഇതെല്ലാം നമ്മുടെ നാട്ടിലുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ പുതിയ കാലഘട്ടത്തിൽ ഇതുപോലുള്ള പുതിയ ചിന്തകളോടെ അവർക്ക് ആവശ്യമായ പരിരക്ഷ കൊടുക്കുകയും അവരുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യണം. ഇവിടെ വിദ്യാഭ്യാസ ലോണിന്റെ പലിശ ഒഴിവാക്കിക്കൊടുക്കുമെന്ന് പറഞ്ഞു. അവർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുക്കുകയും അവർക്ക് ആവശ്യമായ പരിരക്ഷകൂടി കൊടുക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. മറ്റൊരു വിഷയം ഭവനവായ്പയുമായി ബന്ധപ്പെട്ടതാണ്. ഇവിടെ 2.5 ലക്ഷം രൂപയോ 3 ലക്ഷം രൂപയോ പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീടുവയ്ക്കാൻ കൊടുത്തുകഴിഞ്ഞാൽ, അവരുടെ വീടിരിക്കുന്നത് ഒന്നുകിൽ മലയുടെ മുകളിലായിരിക്കും, അല്ലെങ്കിൽ ഏതെങ്കിലും പാടത്തിന്റെയോ തോടിന്റെയോ സൈഡിലായിരിക്കും. വീടുവയ്പ്പുമായി ബന്ധപ്പെട്ട് അവർക്ക് മെറ്റീരിയലുകൾ അവിടെ എത്തിക്കണമെങ്കിൽ വളരെയധികം തുക ആവശ്യം വരികയാണ്. തലച്ചുമടായിട്ടും

വള്ളത്തിലും ലോറിയിലും മറ്റ് ചില വാഹനങ്ങളിലുമായി എത്തിക്കണം. നമ്മുടെ നാട്ടിലെ കൂലിവർദ്ധനവുമായി ബന്ധപ്പെട്ട് പലപ്പോഴും വീടു വയ്ക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഇപ്പോൾ നൽകുന്ന ഈ 2.5 ലക്ഷം രൂപ അല്ലെങ്കിൽ 3 ലക്ഷം രൂപ എന്നുള്ളത് വർദ്ധിപ്പിക്കണം. കാരണം നമു ക്കറിയാം മെറ്റീരിയൽ കോസ്റ്റ് കൂടിയിരിക്കുന്നു, കൂലി വർദ്ധനവുണ്ടായിരി ക്കുന്നു. ഇതെല്ലാം പരിഗണിച്ചുകൊണ്ട് മിനിമം 5 ലക്ഷം രൂപയെങ്കിലും വീടുവയ്ക്കാനായി കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരു വിഷയം എനിക്ക് സൂചിപ്പിക്കാനുള്ളത് പാവപ്പെട്ട ജനവിഭാഗങ്ങൾ തിങ്ങി പ്പാർക്കുന്നത് പലപ്പോഴും തോടുകളുടെ സൈഡിലും അതുപോലെ ആറ്റുതീര ങ്ങളിലുമൊക്കെയാണ്. അവർക്ക് ഇന്നും പട്ടയം ലഭിച്ചിട്ടില്ല. നമ്മുടെ റവന്യൂ വകുപ്പിന്റെ ഭാഗമായി ഈ ആറ്റുതീരങ്ങളിൽ താമസിക്കുന്ന അല്ലെങ്കിൽ വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശത്ത് താമസിക്കുന്ന ആളുകൾക്ക് പട്ടയം ഇല്ലാ ത്തതുകൊണ്ട് അവർക്ക് റേഷൻ കാർഡ് കിട്ടുന്നില്ല, വൈദ്യുതി കണക്ഷൻ ലഭിക്കുന്നില്ല അതുപോലെ മറ്റ് ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. ഇവിടെ പല വിഷയങ്ങൾക്ക് ആധാർ ആവശ്യമാണെന്ന് പറയുമ്പോൾ ഇതി നെല്ലാം അടിസ്ഥാനമായി വരുന്ന പട്ടയം അവർക്കില്ലാതെ വരുന്നു. അതു കൊണ്ട് അവർക്ക് പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ഞാൻ ദീർഘമായ പ്രസംഗത്തിലേയ്ക്ക് പോകുന്നില്ല. ഇവിടെ ശ്രീ. കെ. എം. മാണി യുടെ ബഡ്ജറ്റിൽ ശ്രീ. കെ. സുരേഷ് കുറുപ്പിന്റെയും എന്റെയും നിയോ ജകമണ്ഡലത്തെ പാടെ അവഗണിച്ചിരിക്കുകയാണ്. അവിടെ യാതൊരു

വിധ നിർമ്മാണ പ്രവർത്തനമോ ഈ ബഡ്ജറ്റിൽ പേരുപോലും എടുത്തുപറയാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് പോയിരിക്കുകയാണ്. തീർച്ചയായും അത് വളരെ ലജ്ജാകരമാണ്. ഞങ്ങളുടെ മണ്ഡലങ്ങൾകൂടി പരിഗണിക്കണം. ഞങ്ങളും കോട്ടയം ജില്ലയിലെ എം.എൽ.എ. മാരാണ്. കോട്ടയത്തുള്ള എം.പി.യുടെ കീഴിലുള്ള മന്ത്രിമാരാണ്. വരുന്ന തെരഞ്ഞെടുപ്പിൽ അവിടെ ഇലക്ഷൻ നടക്കുമ്പോൾ ഞങ്ങളുടെ ജനങ്ങളുടെ വികാരംകൂടി പ്രതിഫലിക്കേണ്ട അവസരമുണ്ടാകണം. ശ്രീ. കെ. എം. മാണി ഞങ്ങളെകൂടി പരിഗണിക്കണം. ഞങ്ങൾ പ്രതിപക്ഷമായതുകൊണ്ട് ഞങ്ങളെ ഒഴിവാക്കരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വളരെ ശക്തിയോടെ ഈ ജനവിരുദ്ധ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ ബഡ്ജറ്റിനെ ശക്തമായി പിന്തുണയ്ക്കുകയാണ്. ഈ ബഡ്ജറ്റ് പരക്കെ സ്വാഗതം ചെയ്യപ്പെട്ട ഒരു ബഡ്ജറ്റാണ്. പത്രമാധ്യമങ്ങൾ, സാമ്പത്തിക വിദഗ്ദ്ധർ എന്നിവരെല്ലാം പറഞ്ഞത്, ജനക്ഷേമകരവും, ജനപ്രിയവുമായ ഒരു ബഡ്ജറ്റാണിത് എന്നാണ്. രാഷ്ട്രീയമായി ഞങ്ങളെ എതിർക്കുന്ന പത്രംപ്പോലും എഡിറ്റോറിയലിൽ ജനദ്രോഹകരമല്ലാത്ത ബഡ്ജറ്റ് എന്നാണ് അതിന്റെ മുഖപ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചത്. ഇവിടെ നേരത്തെ സൂചിപ്പിക്കപ്പെട്ടപ്പോലെ പ്രതിപക്ഷനേതാവിന്റെ പോലും പെട്ടെന്നുള്ള പ്രതികരണം ലോക്സഭാ തെരെഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് ക്ഷേമപദ്ധതികൾ പ്രഖ്യാപിച്ച് ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള ബഡ്ജറ്റ് എന്നായിരുന്നു. അദ്ദേഹത്തിനുപോലും ബഡ്ജറ്റിന്റെ കുറ്റവും

കുറവും ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞില്ലെന്നുള്ളത് ശ്രീ. കെ. എം. മാണി അവതരിപ്പിച്ച പതിനൊന്നാമത്തെ ബഡ്ജറ്റിന്റെ മേന്മയാണ് തെളിയിക്കുന്നതെന്ന് ഞാൻ ഈ സന്ദർഭത്തിൽ പറയാനാഗ്രഹിക്കുകയാണ്. വിഭവ സമാഹരണത്തിനുവേണ്ടി എടുക്കാവുന്ന കടം മുഴുവനായി എടുത്തില്ല എന്നതാണ് ഈ ബഡ്ജറ്റിന്റെ ഒരു ന്യൂനതയായി ഡോ. ടി. എം. തോമസ് ഐസക് ചൂണ്ടിക്കാണിച്ചത്. കടമെടുത്തിരുന്നെങ്കിൽ സംസ്ഥാനത്തെ കടക്കെണിയിലാക്കിയ ബഡ്ജറ്റാണ് ഇതെന്ന് പറയും. കടബാധ്യതയും അതിന്റെ പലിശയും പരമാവധി കുറയ്ക്കുന്നത് ഒരു നല്ല ബഡ്ജറ്റിന്റെ ലക്ഷണമാണ്, അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റ് ആ അർത്ഥത്തിൽ നല്ല ബഡ്ജറ്റാണ്. വിഭവ സമാഹരണത്തിന് നികുതികളും ഫീസുകളും വർദ്ധിപ്പിച്ചിട്ടില്ല. ജനങ്ങളുടെ പോക്കറ്റിൽ കൈയിട്ട് വാരാത്തതിന്റെ പേരിൽ വിഭവസമാഹരണം കുറഞ്ഞുപോയി എന്നുപറയുന്ന ആക്ഷേപം ഈ സർക്കാരിന് ഒരു അലങ്കാരമായിട്ട് ഞങ്ങൾ കാണുകയാണ്. എവിടെയും നികുതി വർദ്ധിപ്പിച്ചിട്ടില്ല. അതുപോലെതന്നെ ഫീസുകളും സർക്കാരിലേയ്ക്ക് കിട്ടേണ്ട മറ്റ് വരുമാനങ്ങളൊന്നും കൂട്ടിയിട്ടില്ല. അങ്ങനെ വിഭവം സമാഹരിക്കേണ്ടതില്ല എന്ന് വയ്ക്കുകയും അതോടൊപ്പം സാധാരണക്കാരനെ ബാധിക്കുന്ന ഒന്നിന്റെയും നികുതി കൂട്ടിയിട്ടില്ല. അതുകൊണ്ടുതന്നെയാണ് ഇതൊരു ജനക്ഷേമകരമായ ബഡ്ജറ്റാണെന്ന് പത്രലോകവും സാമ്പത്തിക വിദഗ്ദ്ധന്മാരും പറഞ്ഞത്. എന്നാൽ സുഖഭോഗ വസ്തുക്കളുടെ നികുതി, ഇവിടെ പലരും ചൂണ്ടികാണിച്ചപ്പോലെ 13.5 ശതമാനത്തിൽ നിന്ന് 14.5 ശതമാനമാക്കി ഉയർത്തി. ഇതുമൂലം

സാധാരണക്കാരുടെ ക്രയശേഷി കുറയുന്നില്ല ആഘാതം സമ്പന്നർക്കുമാത്ര മാണ്. ഈ സമീപനം നമുക്ക് ബഡ്ജറ്റിലുടനീളം കാണാൻ സാധിക്കും. ആഡംബരവിവാഹം, ഇന്ന് വിവാഹ ധൂർത്ത്, വിവാഹ മാമാങ്കം എന്നിവ നടക്കുകയാണ്. ആ ആഡംബര വിവാഹത്തിന് നികുതി ഏർപ്പെടുത്തി ക്കൊണ്ട് വിവാഹം കേവലം ഒരു സ്വപ്നമായി കണ്ട് കഴിയുന്ന പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് 'മംഗല്യ നിധി' ഉണ്ടാക്കിയ ഈ ബഡ്ജറ്റ് ക്ഷേമകരമായ ബഡ്ജറ്റാണെന്ന് അതുകൊണ്ടാണ് പറഞ്ഞത്. ഇത് ജനങ്ങൾക്കൊപ്പം നിൽക്കുന്ന ബഡ്ജറ്റാണ് എന്നുപറയുന്നതും അതുകൊ ണ്ടാണ്. ഇവിടെ ബഡ്ജറ്റിൽ യുവാക്കളെ സംബന്ധിച്ചിടത്തോളം ധാരാളം പരിഹാര പ്രക്രിയകൾ പറയുന്നത് ഏറെ സ്വാഗതാർഹമാണ്. ഒന്ന് ജോബ് പ്ലെയ്സ്മെന്റ് സെല്ലിനെക്കുറിച്ച് പറഞ്ഞു. കാലത്തിന്റെ മാറ്റമാണ്. ഇന്ന് അത്തരത്തിലുള്ള പ്ലെയ്സ്മെന്റ് സെല്ലുകൾ അനിവാര്യമാണ്. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഈ ബഡ്ജറ്റിൽ പദ്ധതിയുണ്ട്. സ്റ്റാർട്ട് അപ്പ് സബ്സിഡിയുണ്ട്. അതുപോലെതന്നെ ഗവേഷണങ്ങൾക്കും പ്രബന്ധ ങ്ങൾക്കും കണ്ടുപിടിത്തങ്ങൾക്കും ഈ ബഡ്ജറ്റിൽ പ്രോത്സാഹനങ്ങളുണ്ട്. നമ്മൾ കാണേണ്ട ഒരു കാര്യമുണ്ട്. കേരളത്തിലെ പെൺകുട്ടികൾപ്പോലും ഇംഗ്ലണ്ടിലും ജർമ്മനിയിലും വലിയ കണ്ടുപിടിത്തങ്ങൾ നടത്തിക്കൊണ്ടിരി ക്കുന്ന കാലമാണിത്. മലപ്പുറം ജില്ലയിൽ നിലമ്പൂരിലെ നസ്ലിം നീലകോടൻ എന്നുപറയുന്ന ഒരു പെൺകുട്ടി യു.കെ.യിലെ ഒരു ഗവേഷണത്തിൽ 100 വർഷങ്ങളിലധികമായി കണ്ടെത്താൻ ശ്രമിക്കുന്ന സിർക്കോണിയം സ്റ്റാർ

കണ്ടെത്തിയത് ആസ്ട്രോ ഫിസിക്സിൽ വലിയ നേട്ടമുണ്ടാക്കി. അതൊരു നാടൻ പെൺകുട്ടിയാണ്. സാധാരണക്കാരന്റെ സ്കൂളിൽ പഠിച്ച പെൺകുട്ടി യാണ്. ആ നാട്ടിൽതന്നെയുള്ള സംഗീതാ രാമൻ എന്നുപറയുന്ന മറ്റൊരു കുട്ടി ജർമ്മനിയിലെ ഒരു സർവ്വകലാശാലയിൽ കെമിസ്ട്രിയിൽ അത്യപൂർവ്വ മായ നേട്ടമുണ്ടാക്കി. അപ്പോൾ നമ്മുടെ കുട്ടികൾ ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലുമൊക്കെ കണ്ടുപിടിത്തങ്ങൾ നടത്തിക്കൊണ്ടിരിക്കു മ്പോൾ അവരെ പ്രോത്സാഹിപ്പിക്കുന്ന ഈ കാലത്തിന്റെ കൂടെ സഞ്ചരി ക്കുന്നു ശ്രീ. കെ. എം. മാണിയുടെ ഈ ബഡ്ജറ്റ് എന്നുള്ളത് വളരെ പ്രത്യേ കമായ ഒരു നേട്ടമായി ഞങ്ങൾ കാണുകയാണ്.

അതുപോലെ തന്നെ ഇന്നവേഷൻസിനെ പ്രോത്സാഹിപ്പിക്കുന്നു. ഐ.ടി രംഗത്ത് ഇന്റർനെറ്റിനെയും, ബ്ലോഗിനെയും, ട്വിറ്ററിനെയും, ഫേസ്ബുക്കിനെയും അതിൽ വരുന്ന ഇത്തരം സംരംഭക ഗ്രൂപ്പുകളെ ബഡ്ജ റ്റിൽ പ്രോത്സാഹിപ്പിക്കുന്നു എന്നുള്ളതിനാൽ ഈ ബഡ്ജറ്റ് കാലത്തോ ടൊപ്പം സഞ്ചരിക്കുന്ന ബഡ്ജറ്റാണ്. ഈ ബഡ്ജറ്റ് ഇന്നത്തെ തലമുറയുടെ വികാരങ്ങളെ കാണുന്ന ബഡ്ജറ്റാണ്. അതുകൊണ്ട് തന്നെ ഈ ബഡ്ജറ്റിന് സമൂഹത്തിന്റെ എല്ലാ മേഖലകളിൽ നിന്നുമുള്ള അതിശക്തമായ പിന്തുണ ഉണ്ടായിട്ടുണ്ടെന്ന് കാണാൻ കഴിയും. ക്ഷേമ പെൻഷനുകൾ പരമാവധി വർദ്ധിപ്പിച്ചിട്ടുണ്ട്. ദുരിതമനുഭവിക്കുന്ന ജനതയ്ക്ക് ആശ്വാസകരമായ പെൻഷനുകളുള്ളതു കൊണ്ട് ആ ജനവിഭാഗത്തിന്റെ പ്രാർത്ഥനകൾ ഈ സർക്കാരിനോടൊപ്പം ഉണ്ടാകും. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളി

കൾക്ക് പെൻഷൻ കൊടുത്തു. അവർക്ക് ഓണക്കോടി കൊടുക്കാനും ഈ ബഡ്ജറ്റിൽ വകുപ്പ് കണ്ടെത്തിയിരിക്കുന്നു. മണ്ണാർക്കാട് മണ്ഡലത്തിലെ ഭവാനി ബേസിൽ ഒരു പുതിയ ഡാം നിർമ്മിക്കാൻ ഈ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചത് ഞാൻ വളരെ നന്ദിയോടെ സ്മരിക്കുകയാണ്. അട്ടപ്പാടിയിലെ അഗളിയിൽ പാവപ്പെട്ട ആദിവാസി യുവാക്കൾക്ക് വേണ്ടി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിലുണ്ട്. ഞാൻ നന്ദി പറയുന്നു സാർ, ഇവിടെ പറഞ്ഞ എ.വി.ഐ.പി ഡാം വിവിധ തരത്തിൽ ഗുണമുള്ള ഒരു പദ്ധതിയാണ്. അതിലൂടെ ജലസേചനവും കുടിവെള്ളവും സാദ്ധ്യമാകും, വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയും, വിവിധ തരത്തിൽ ഗുണം കിട്ടുന്ന ഒരു പദ്ധതിയാണ്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി കൂടി വേണ്ട സംഗതിയായതുകൊണ്ട് ആ ഡാം എത്രയും പെട്ടെന്ന് പ്രാവർത്തികമാക്കാനുള്ള തുടർ സംവിധാനങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ഒരു ഡാമിന്റെ പോരായ്മ കൊണ്ട് നമ്മുടെ വെള്ളം തമിഴ്നാട്ടിലേക്ക് ഒഴുകിപോവുകയാണ്. കാവേരി ട്രൈബ്യൂണൽ നമുക്ക് വിധിച്ചിട്ടുള്ള ജലമെടുക്കണമെങ്കിൽ ഈ ഡാം അനിവാര്യമാണ്. അതുപോലെ തന്നെ മറ്റൊരു കാര്യം ചൂണ്ടികാണിക്കാനുള്ളത് മണ്ണാർക്കാട് ബൈപ്പാസിന് നാമമാത്രമായ ഒരു പരാമർശമാണ് ബഡ്ജറ്റിലുള്ളത്. പ്രധാന ബൈപ്പാസുകൾ നിർമ്മിക്കുന്ന കൂട്ടത്തിൽ മണ്ണാർകാട് ബൈപ്പാസും കൂടി ഉൾപ്പെടുത്തണം. ഇത് മണ്ണാർക്കാട് പട്ടണത്തിന്റെ മാത്രം പ്രശ്നം അല്ല. പാലക്കാട്-കോഴിക്കോട് റൂട്ടിലെ ഒരു പ്രധാന

പ്രശ്നമാണ്. എൻ.എച്ച്. 213 - പാലക്കാട് നിന്ന് കോഴിക്കോട്ടേക്ക് സഞ്ചരിക്കുന്ന ആർക്കും മണ്ണാർക്കാട്ടെ ഗതാഗതക്കുരുക്കിനെക്കുറിച്ച് അറിയാൻ സാധിക്കും. അതുകൊണ്ട് ഒരു ബൈപ്പാസുണ്ടാക്കണം. ഇവിടെ എണ്ണിപ്പറഞ്ഞ ബൈപ്പാസുകളുടെ കൂട്ടത്തിൽ മണ്ണാർക്കാട്ടെ ബൈപ്പാസുകൂടി ഉൾപ്പെടുത്തണം. അതുപോലെ തന്നെ അട്ടപ്പാടിയിലേക്കൊരു ബദൽ റോഡുണ്ടാക്കണമെന്നത് ഒരു നിർദ്ദേശമായി വയ്ക്കുകയാണ്. അതുപോലെ ഇവിടെ പലരും ചൂണ്ടികാട്ടിയ മൊയിൻകുട്ടി വൈദ്യർ അക്കാദമിക്ക് കാര്യമായ വിഹിതം വച്ചിട്ടില്ല. മാപ്പിള കലകളുടെ പിതാവായ, ബദ്റുൾ മുനീർ-ഹുസ്നുൾ ജമാലിന്റെയും ഉപഞ്ജാതാവായിട്ടുള്ള മാപ്പിള കവി മൊയിൻകുട്ടി വൈദ്യർ അക്കാദമിക്ക് ഒരു കോടി രൂപയുടെ ധനസഹായമെങ്കിലും സർക്കാർ ബഡ്ജറ്റിലൂടെ നൽകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ജനക്ഷേമകരമായ ഒട്ടനവധി പ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോകുമ്പോൾ ചില ആളുകൾ പറയുന്നത് ഞങ്ങൾ ഈ സർക്കാരിനെ മാറ്റാൻ ശ്രമിക്കുകയാണെന്നാണ്. ഇന്ന് വലിയ പാർട്ടി സമ്മേളനം നടക്കുന്നതുകൊണ്ട് ആരെയും ഇവിടെ കാണുന്നില്ല. നിങ്ങൾ ഈ സർക്കാരിനെ മാറ്റാൻ ശ്രമിക്കുന്നു എന്നു പറയുന്നത് തന്നെ ജനാധിപത്യത്തിൽ അധാർമികമല്ലേ. ഭൂരിപക്ഷം എത്ര ചെറുതാകട്ടെ. ഇവിടെ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വന്ന ഒരു ഗവൺമെന്റിനെ പിൻവാതിലിലൂടെ മാറ്റാൻ ശ്രമിക്കുന്നുവെന്ന് പറയുന്നത് പോലും, അങ്ങനെ ചിന്തിക്കുന്നത് പോലും അധാർമികമാണ്. അതിനൊരു

സാഹചര്യമില്ല എന്നത് വേറെ കാര്യം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ പോയിട്ട് അദ്ദേഹത്തിന്റെ രണ്ട് ശിപായിമാരെപോലും മാറ്റാൻ കഴിയാത്ത നിങ്ങളെ സംബന്ധിച്ചിടത്തോളം ജനപിന്തുണയുള്ള ഈ ഗവൺമെന്റിനെ മാറ്റാൻ കഴിയില്ലെന്നുള്ളത് ചൂണ്ടികാണിക്കുകയാണ്. പ്രതിപക്ഷ നേതാവിന്റെ ഒരു പി.എ. ആയ ശ്രീ. സുരേഷിനെ മാറ്റാൻ ഇന്ന് ഔദ്യോഗിക വിഭാഗം പ്രമേയം എടുത്ത് കാത്തിരിക്കുകയാണ്. നിങ്ങൾക്ക് മാറ്റാൻ കഴിയില്ല. ശ്രീ. അച്ചുതാനന്ദൻ സഖാവിനെ പുറത്താക്കാൻ സംസ്ഥാന സമിതി പ്രമേയം പാസ്സാക്കിയിട്ട് എത്ര കാലമായി. എന്താ നിങ്ങൾക്ക് കഴിയാത്തത്. പ്രതിപക്ഷ നേതൃസ്ഥാനത്തുനിന്ന് മാറ്റണമെന്നാവശ്യപ്പെട്ടിട്ട് നിങ്ങൾക്ക് കഴിയുന്നില്ലല്ലോ. എന്താ കഴിയാത്തത്? വളരെ ഗുരുതരമായ ആരോപണങ്ങൾ വന്നില്ലേ. വരുന്ന തെരഞ്ഞെടുപ്പിൽ പോലും സി.പി.ഐ.(എം)നെ തോൽപ്പിക്കാനാണ് ശ്രീ. അച്ചുതാനന്ദൻ ശ്രമിക്കുന്നതെന്ന് ശ്രീ. എം. എം. ലോറൻസ് പറഞ്ഞില്ലേ. ഇതൊക്കെയായിട്ടും നിങ്ങൾക്ക് അദ്ദേഹത്തെ ഒരു ചുക്കും ചെയ്യാൻ സാധിക്കുന്നില്ല. എന്താണ് ചെയ്യാതിരിക്കുന്നത്. ഞങ്ങൾ വിശ്വസിക്കുന്നത് കേന്ദ്ര നേതൃത്വത്തിന്റെ അതിശക്തമായ പിന്തുണ അദ്ദേഹത്തിനുണ്ട്. ശ്രീ. പ്രകാശ് കാരാട്ട് നിങ്ങളുടെ കൂടെയാണെങ്കിൽ ശ്രീമതി ബൃന്ദാ കാരാട്ടും ശ്രീ. സീതാറാം യെച്ചൂരിയും ബംഗാൾ ഘടകവുമൊക്കെ അപ്പുറത്താണ്. ശ്രീ. പ്രകാശ് കാരാട്ടിന് തന്റെ നിലപാട് സ്വന്തം സഹധർമ്മിണിയെ ബോധ്യപ്പെടുത്താൻ സാധിക്കുന്നില്ലെന്ന് പറഞ്ഞാൽ സത്യത്തിൽ നിങ്ങളെ പറ്റിക്കുകയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. ഔദ്യോഗിക സി.പി.ഐ(എം)ന്റെ നില

പാട് അംഗീകരിക്കുന്ന ശ്രീ. പ്രകാശ് കാരാട്ടിന് സ്വന്തം ഭാര്യയെ പോലും അത് ബോദ്ധ്യപ്പെടുത്താൻ സാധിക്കുന്നില്ല. നിങ്ങളുടെ മുഖം ഇപ്പോൾ വളരെ വികൃതമായികൊണ്ടിരിക്കുകയാണ്. ഇന്നലെ നിങ്ങൾ ഇവിടെ ഒരു അഴിമതി ആരോപണം ഉന്നയിച്ചു. അപ്പോൾ അതിന്റെ മുനയൊടിച്ചു എന്നു മാത്രമല്ല അതിൽ പരാമർശിക്കപ്പെട്ട മുൻ മന്ത്രി വളരെ സത്യസന്ധമായി പറഞ്ഞത്, നമ്മുടെ പഴയ മുതലാളിമാർ അവിടെ ഇരിക്കുന്നതു കണ്ടു അപ്പോൾ ഞാൻ അവർക്കുവേണ്ടി മദ്യത്തിന്റെ വിലകൂട്ടികൊടുക്കാൻ ശുപാർശ ചെയ്തു എന്ന്. എന്തു ദു:സ്ഥിതിയാണ്, നിങ്ങൾ ഉന്നയിച്ച ആരോപണങ്ങൾ ബൂമറാങ്ങ് പോലെ നിങ്ങളുടെ മുഖത്തേക്ക് തന്നെ തിരിച്ചടിക്കുന്ന സ്ഥിതി നിങ്ങൾ കണ്ടില്ലേ. ഇന്ന് രാവിലെ എന്താണ് ഇവിടെ കണ്ടത്. ഒരു ഭാര്യാഭർതൃ പിണക്കം അടിയന്തര പ്രമേയമാക്കാൻ ശ്രമിച്ച വില്ലാട്ടിവീരൻമാരായ നിങ്ങളെ പാർലമെന്ററി ജനാധിപത്യത്തിന് കളങ്കം ചാർത്തിയവരാണെന്ന് ലോകം വിശേഷിപ്പിക്കും. അതൊക്കെയാണോ അടിയന്തര പ്രമേയമാക്കേണ്ട വിഷയം. ജനക്ഷേമകരമായ ഒരുപാട് പുതിയ പ്രഖ്യാപനങ്ങളുള്ള ബഡ്ജറ്റും ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളും നിങ്ങൾക്ക് വളരെ വലിയ അലോസരമുണ്ടാക്കുമെന്ന കാര്യം ഞങ്ങൾക്ക് അറിയാം. ബഹുമാനപ്പെട്ട കെ.എം മാണി സാറിന്റെ മുന്നിൽ ചൂണ്ടികാണിക്കാനുള്ള ഒരു കാര്യം എം.എൽ.എ. ഫണ്ടിനെക്കുറിച്ച് ഈ ബഡ്ജറ്റിൽ ഒന്നും പറഞ്ഞിട്ടില്ല എന്നതാണ്. അസറ്റ് ഫണ്ടിന്റെ കാര്യം പലരും ചൂണ്ടികാട്ടി. അത് ഇത്തവണ ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട മാണി സാർ ഇന്നലെ ഒരു സൂചന നൽകി. ഇത്തവണ അതു

ണ്ടാകണം എന്നഭ്യർത്ഥിക്കുന്നതോടൊപ്പം ഈ ഗവൺമെന്റ് വന്നപ്പോൾ നമുക്ക് സ്ഥിരമായുള്ള എം.എൽ.എ ഫണ്ട് 75 ലക്ഷം രൂപയിൽ നിന്ന് ഒരു കോടി രൂപയാക്കി മാറ്റി. പക്ഷെ, എം.പി മാർക്കൊക്കെ 5 കോടി രൂപയാണ്. എം.പിമാരെ പോലെയല്ല, എല്ലാ കാര്യത്തിനും ആളുകൾ ഇന്ന് എം.എൽ.എ.മാരെയാണ് സമീപിക്കുന്നത്. പഞ്ചായത്ത് ഫണ്ടിന്റെയൊക്കെ പ്രശ്നമുണ്ട്. അതുകൊണ്ട് ഈ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ എം. എൽ.എ. ഫണ്ട് ഇരട്ടിയാക്കുന്ന ഒരു തീരുമാനം അദ്ദേഹത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടായാൽ അത് ഏറെ സ്വാഗതാർഹമായിരിക്കും. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് പ്രതിപക്ഷത്തിന് യാതൊരു ആക്ഷേപവും പറയാൻ കഴിയാത്ത വിധം ബഡ്ജറ്റ് ജനങ്ങൾക്കിടയിൽ സ്വീകാര്യമായിരിക്കുകയാണ്. അങ്ങനെ പതിനൊന്നാമത് വളരെ നല്ല ഒരു ബഡ്ജറ്റ് അവതരിപ്പിച്ച മാണി സാറിനെ ഒരിക്കൽകൂടി മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ഈ കാലഘട്ടത്തിലെ വികസനങ്ങളെ കണ്ടുകൊണ്ട് സമൂഹ ത്തിന്റെ നേട്ടം ഉൾകൊണ്ടുകൊണ്ടുള്ള വികസനമുന്നേറ്റത്തിന് വലിയ പ്രചോദനമാകുന്ന ഈ ബഡ്ജറ്റിനെ എല്ലാ അർത്ഥത്തിലും പിന്തുണച്ചു കൊണ്ട് ഞാൻ എന്റെ ചെറിയ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ ഞാൻ ശക്ത മായി എതിർക്കുകയാണ്. കേരളത്തിന്റെ രൂക്ഷമായ തൊഴിലില്ലായ്മ, വിലക്ക യറ്റം, വൈദ്യുതികമ്മി, കെ.എസ്.ആർ.ടി.സി, പരിസ്ഥിതി, കുടിവെള്ളം, വളർച്ച, സ്ത്രീ വിഷയങ്ങൾ ഇത്തരം സുപ്രധാനമായ വിഷയങ്ങൾ അഭിമു

ഖീകരിക്കാത്ത ഒരു ബ്ജറ്റാണ് ഇത്. യുവജനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ ആശങ്ക വർദ്ധിപ്പിക്കാനുതകുന്ന ഒരു നിലപാടുകൂടി സ്വീകരിച്ചിരിക്കുകയാണ്. 2013 ഏപ്രിൽ ഒന്നു മുതൽ സർവ്വീസിൽ പ്രവേശിക്കുന്നവരുടെ പെൻഷൻ പ്രായം 60 വയസ്സാക്കി ഉയർത്തുന്ന കാര്യം 2 മണിക്കൂർ 50 മിനിട്ടെടുത്ത് ബഡ്ജറ്റ് പ്രസംഗത്തിൽ റെക്കോർഡിട്ട ബഹുമാന്യനായ ധനകാര്യമന്ത്രി ബോധപൂർവം വിട്ടുകളയുകയാണ് ചെയ്തത്. ഇത് നിലവിലുള്ള ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്ന കാര്യത്തിൽ ഈ സർക്കാരിനിപ്പോഴും രണ്ടു മനസ്സാണ് എന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. സ്മാർട്ട് സിറ്റിയെക്കുറിച്ച് പറയുന്നത്, അതിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പാട് ചെയ്യുമെന്നാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പറഞ്ഞത് എത്രയും വേഗം അത് പൂർത്തിയാക്കുമെന്നാണ്. പിന്നെ പറയുന്നത് പ്ലെയ്സ്മെന്റ് സെല്ലിനെക്കുറിച്ചാണ്. എവിടെയാണ് തൊഴിൽരഹിതരായിട്ടുള്ള ആളുകളെ പ്ലെയ്സ് ചെയ്യാൻ വേണ്ടി പോകുന്നത്. അതിന് ഉതകുന്ന ക്രിയാത്മകമായ എന്തെങ്കിലും പദ്ധതികൾ ഈ ബഡ്ജറ്റിൽ ചൂണ്ടികാണിക്കാൻ കഴിയുമോ? എനിക്ക് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോടും സർക്കാരിനോടും അഭ്യർത്ഥിക്കാനുള്ളത് ഈ സർക്കാരിന്റെ കാലയളവിൽ നിലവിലുള്ള ജീവനക്കാരുടെ പെൻഷൻ പ്രായം ഒരു ദിവസം പോലും വർദ്ധിപ്പിക്കില്ലെന്ന കാര്യത്തിൽ ഉറപ്പ് നൽകാനും അത് ഇവിടെ പ്രഖ്യാപിക്കാനും തയ്യാറാകണം എന്നതാണ്. അതുപോലെ, ഷെഡ്യൂൾ ബാങ്കുകളിൽ നിന്ന് വിദ്യാഭ്യാസ ലോണെടുത്ത് പ്രൊഫഷണൽ കോളേജുക

ളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പലിശയിളവ് നൽകാൻ തീരുമാനിച്ചിട്ടു ണ്ട്. അത് സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് കൂടി ബാധകമാക്കാനുള്ള തീരുമാനമെടുക്കണമെന്ന് ബഹുമാന്യനായ ധനകാര്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു വിഷയം, എന്റെ മണ്ഡലമായ കല്യാശ്ശേരിയിൽ കഴിഞ്ഞ ബഡ്ജറ്റിൽ ക്ഷേത്രകലാ അക്കാദമിക്ക് വേണ്ടി 50 ലക്ഷം രൂപ മാറ്റിവച്ചിരു ന്നു. എന്നാൽ അതിന് ഇതുവരെയും ഭരണാനുമതി ലഭിച്ചിട്ടില്ല. തെയ്യത്തി ന്റെയും തിറയുടെയും നാടായ കണ്ണൂരിൽ ക്ഷേത്രകലാ അക്കാദമി യാഥാർത്ഥ്യമാക്കാൻ മതിയായ തുക ഈ ബഡ്ജറ്റിന്റെ ഭാഗമായി മാറ്റിവയ്ക്കാൻ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണമെന്നു കൂടി അഭ്യർത്ഥിക്കുകയാണ്. ഞാനിവിടെ വളരെ ഗുരുതരമായ ഒരു വിഷയം ഉന്നയിക്കുകയാണ്. ബഹുമാന്യനായ മന്ത്രി ശ്രീ. അനൂപ് ജേക്കബ് കൈകാ ര്യം ചെയ്യുന്ന സിവിൽ സപ്ലൈസ്-രജിസ്ട്രേഷൻ വകുപ്പുകൾ പൂർണ്ണമായും അഴിമതിയിൽ മുങ്ങിനിൽക്കുകയാണ്. ജനങ്ങൾ അനുദിനമെന്നോണം നേരിട്ട് ബന്ധപ്പെടുന്ന രണ്ടു വകുപ്പുകളാണ് ഭക്ഷ്യ-സിവിൽസപ്ലൈസും രജി സ്ട്രേഷനും. ബഹുമാന്യനായ മന്ത്രി അനൂപ് ജേക്കബ് ഈ വകുപ്പുകൾ കൈകാര്യം ചെയ്തു തുടങ്ങിയതിനുശേഷം കേരളത്തിലെ എല്ലാ പത്ര-ദൃശ്യ മാധ്യമങ്ങളിലും ഈ ക്രമക്കേടും അഴിമതിയും തെളിവ് സഹിതം പുറത്തു കൊണ്ടുവരികയുണ്ടായി. ഇവിടെ ഞെട്ടിപ്പിക്കുന്ന അഴിമതിയാണ് നടന്നു കൊണ്ടിരിക്കുന്നത്. ഏറ്റവും ചുരുങ്ങിയ കാലം കൊണ്ട്, കഴിഞ്ഞ 11 മാസ

ത്തിനിടയിൽ ഏറ്റവും കൂടുതൽ ആരോപണങ്ങൾക്കും ആക്ഷേപങ്ങൾക്കും വിധേയനാകുകയും മൂന്നുവിജിലൻസ് കേസുകൾ നേരിടേണ്ടിവരികയും ചെയ്തു ശ്രീ. അനൂപ് ജേക്കബിന്. വിജിലൻസ് കേസിന്റെ കാര്യത്തിൽ ഇതിനകം ഹാട്രിക് അടിച്ചിരിക്കുകയാണ്. ജനങ്ങളുടെ നിർഭാഗ്യം കൊണ്ട് ഈ ഗവൺമെന്റിന് മൂന്നുവർഷം കൂടി കേരളത്തിൽ അധികാരത്തിലിരുന്നാൽ ഇക്കാര്യത്തിൽ മന്ത്രി സർവ്വകാല റെക്കോർഡിടും എന്ന കാര്യത്തിൽ യാതൊരുവിധ സംശയവുമില്ല. കഴിഞ്ഞ പിറവം ഇലക്ഷന്റെ കാലഘട്ടത്തിൽ യു.ഡി.എഫ്.കാർ പ്രചരിപ്പിച്ച ഒരു കാര്യം - ഞങ്ങൾ കഴിവും പ്രാപ്തിയുമുള്ള ഈ ചെറുപ്പക്കാരനെ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നു എന്നാണ്. ഇദ്ദേഹത്തിന് പ്രാപ്തിയുണ്ട്, ആ പ്രാപ്തിയും വൈഭവവും അഴിമതിയിലും ക്രമക്കേടിലുമാണ്. അത് അദ്ദേഹം ഈ ചുരുങ്ങിയ കാലം കൊണ്ട് തെളിയിച്ചിരിക്കുകയാണ്. ഇവിടെ സിവിൽ സപ്ലൈസ് വകുപ്പിന്റെ പോസ്റ്റിലിരിക്കാൻ ലേലം വിളിയാണ് നടക്കുന്നത് എന്നത് പരസ്യമായ രഹസ്യമാണ്. വിതരണശൃംഖല, റേഷൻ കടകളുടെ എണ്ണം തുടങ്ങിയവ നോക്കിയാണ് ഇപ്പോൾ റേറ്റ് നിശ്ചയിച്ചുകൊണ്ടിരിക്കുന്നത്. ജില്ലാ, താലൂക്ക് സപ്ലൈ ഓഫീസർമാരിൽ നിന്നും സ്ഥലം മാറ്റത്തിന് 3 ലക്ഷം രൂപ മുതൽ 8 ലക്ഷം രൂപ വരെ കോഴ വാങ്ങി മാനദണ്ഡങ്ങൾ ലംഘിച്ച് മന്ത്രിയും ഓഫീസും സ്ഥലംമാറ്റ ഉത്തരവുകൾ നൽകുകയാണ്. 2013 ജനുവരി 25 ശനിയാഴ്ചത്തെ മലയാള മനോരമ പത്രത്തിൽ ഇതു സംബന്ധിച്ച് സിവിൽ സപ്ലൈസ് വകുപ്പിന്റെ കമ്മീഷണറായിട്ടുള്ള ശ്രീ. രാജു നാരായണസ്വാമി നൽകിയിട്ടുള്ള വാർത്തയുണ്ട്.

ഒരേ കേസിൽ രാവിലെ ഒരു കക്ഷിക്കുവേണ്ടിയും വൈകിട്ട് മറ്റൊരു കക്ഷിക്കു വേണ്ടിയും ഉത്തരവിറക്കണമെന്ന് പറഞ്ഞാൽ അതിന് കഴി യില്ലെന്ന് അതിൽ ശ്രീ. രാജു നാരായണസ്വാമി വ്യക്തമാക്കുകയാണ്. കോട്ടയം ജില്ലാ സപ്ലൈഓഫീസറായി നിയമനം ലഭിക്കുന്നതിന് മൂന്നുലക്ഷം രൂപ കൈക്കൂലി നൽകിയതായും എന്നാൽ ഒരു വർഷം തികയുന്നതിനു മുമ്പു തന്നെ കോട്ടയത്ത് നിന്ന് മാറ്റി അവിടെ വേറെ ആളെ വയ്ക്കുകയും പിന്നീട് പ്രൊമോഷൻ ലഭിക്കുന്നതിനായി മൂന്നുലക്ഷം രൂപ കൂടി ആവശ്യ പ്പെടുകയും ചെയ്തുവെന്ന് ജില്ലാ സപ്ലൈ ഓഫീസറായിരുന്ന ശ്രീലത വെളി പ്പെടുത്തിയതായിട്ടുള്ള ദൃശ്യങ്ങൾ സി.ഡി.യിലാക്കി ഞാൻ ഇവിടെ ഏൽപ്പി ച്ചിട്ടുണ്ട്. അതുപോലെ തന്നെ ഡിപ്പോ അനുവദിക്കുന്ന കാര്യത്തിലും ഭീമ മായ കോഴയും അഴിമതിയുമാണ് നടന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ തെര ഞ്ഞെടുപ്പിന്റെ വേളയിൽ റേഷൻ മൊത്ത വ്യാപാരികളിൽ നിന്നും 10,000 രൂപ പിരിച്ചെടുക്കാനാണ് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. ആ നിർദ്ദേശത്തിന്റെ ഭാഗമായി താൻ തന്റെ പങ്ക് നിർവ്വഹിച്ചതായി കോട്ടയം ജില്ലാ സപ്ലൈ ഓഫീസറായിട്ടുള്ള ശ്രീലത പറയുന്നതിന്റെ സി.ഡി.യും ഞാൻ ഇവിടെ ഹാജരാക്കിയിട്ടുണ്ട്. ആ കേസ് ഇപ്പോൾ വിജിലൻസ് കോടതിയുടെ പരിഗണനയിലാണ്, അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. റീട്ടെയിൽ റേഷൻ കടയിലെത്തുന്ന സർക്കാർ സബ്സിഡി കൂടിയുള്ള ഭക്ഷ്യധാന്യങ്ങൾ, അത് 30%-ത്തോളം കരിഞ്ചന്തയിൽ പോകുകയാണ്. ഒരു റീട്ടെയിൽ റേഷൻ വ്യാപാരി ഒരു മാസം രണ്ടായിരം രൂപ മാസപ്പടിയായി നൽകേണ്ടി

വരികയാണ്. സംസ്ഥാനത്ത് 14,250 റേഷൻ കടകളുണ്ട്, ഈ റേഷൻ കടകളിൽ നിന്നായി 2 കോടി 85 ലക്ഷം രൂപയാണ് ഓരോ മാസവും പിരിച്ചെടുക്കുന്നത്. റീട്ടെയിൽ വ്യാപാരികൾ റേഷൻ സാധനങ്ങൾ വാങ്ങാൻ മൊത്ത വിതരണകേന്ദ്രത്തിൽ എത്തുമ്പോൾ റേഷൻ വിലയോടൊപ്പമാണ് മാസപ്പടി തുകയും മൊത്തവിതരണ കേന്ദ്രത്തിൽ ഏല്പിക്കുന്നത്. കേരളത്തിലെ റേഷനിംഗ് ഓർഡർ പ്രകാരം റേഷൻകട പരിശോധന നടത്തുകയും കുറ്റപ്പത്രം തയ്യാറാക്കുന്നതും കടയുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതും ഒരേ ഉദ്യോഗസ്ഥൻ തന്നെയായതിനാൽ പണം നൽകാതിരിക്കാനോ പരാതി സമർപ്പിക്കാനോ കഴിയാത്ത നിസ്സഹായ അവസ്ഥയിലാണ് കേരളത്തിലെ റേഷൻ വ്യാപാരികൾ. സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്ന് സംഭരിക്കുന്ന ഗുണമേന്മയേറിയ നെല്ല് സംസ്ക്കരിച്ച് അരിയായി മടക്കി നൽകാൻ സ്വകാര്യ മില്ലുകളെയാണ് ഏൽപ്പിക്കുന്നത്. ഇങ്ങനെ ഏൽപ്പിക്കുന്ന മില്ലുകൾക്ക് സ്വന്തമായി ബ്രാൻഡ് പേരിൽ അരിക്കച്ചവടം നടത്തുന്ന മില്ലുകളായിരിക്കരുത് എന്ന വ്യവസ്ഥയുണ്ട്. എന്നാൽ ഈ വ്യവസ്ഥ ലംഘിച്ച് സ്വന്തമായി അരി വിപണനം നടത്തുന്ന മില്ലുകളെയാണ് ഇപ്പോൾ കോർപ്പറേഷൻ നെല്ല് സംസ്ക്കരിച്ച് അരിയാക്കാൻ ഏൽപ്പിക്കുന്നത്. ഇങ്ങനെ കോർപ്പറേഷൻ സംസ്ക്കരിക്കാൻ നൽകിയ നെല്ല് കുത്തി ആ അരി സ്വന്തം ബ്രാൻഡ് നെയിമിൽക്കൂടി കൂടിയ വിലയ്ക്ക് വിൽക്കുന്നു. തിരിച്ച് സപ്ലൈസ് കോർപ്പറേഷന് നൽകുന്നതാകട്ടെ, തമിഴ്നാട്ടിൽ നിന്ന് തീരെ കുറഞ്ഞ വിലയ്ക്ക് വാങ്ങുന്ന മോശപ്പെട്ട നെല്ലിന്റെ അരിയാണ്. കൂടാതെ

മൊത്ത വിതരണക്കാരിൽ നിന്നും ബ്ലാക്കിലെടുക്കുന്ന ഗുണനിലവാരം കുറഞ്ഞ അരി പോളിഷ് ചെയ്തുമാണ് തിരിച്ച് നൽകുന്നത്. രണ്ടുമാസത്തിനുള്ളിൽ ഈ സംസ്ക്കരിച്ച അരി സപ്ലൈസ് കോർപ്പറേഷനെ തിരിച്ചേൽപ്പിക്കണമെന്നാണ് എഗ്രിമെന്റിലെ വ്യവസ്ഥ. എന്നാൽ ഈ എഗ്രിമെന്റിലെ വ്യവസ്ഥ ഇവിടെ പാലിക്കപ്പെടാറില്ല. ഈ തിരിമറി സംബന്ധിച്ച് വ്യാപകമായ പരാതി ഉയർന്നപ്പോൾ അരി മില്ലുകളിൽ പരിശോധന നടത്തുകയുണ്ടായി. കാലടി പള്ളിക്കൽ അഗ്രോ മില്ലിൽ നിന്നും 1770 ചാക്ക് അരി പിടിച്ചെടുത്തു. ഇതിന്റെ സാമ്പിൾ അനാലിസിസ് റിപ്പോർട്ടിലും അണുബാധയുണ്ടായി എന്ന് കൃത്യമായി തെളിഞ്ഞിട്ടുണ്ട്. സപ്ലൈകോ ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശ പ്രകാരം പെരുമ്പാവൂർ പോലീസ് കേസ് എടുത്ത് കോടതിയിൽ സമർപ്പിച്ചു. എന്നാൽ പിടിച്ചെടുത്തതും കേസ് രജിസ്റ്റർ ചെയ്തതുമായ ഈ അരി 30,43,515 രൂപയ്ക്ക് അതേ മില്ലുടമയ്ക്ക് മറിച്ചു വിൽക്കുകയാണ് ചെയ്തത്. ഇത് വെള്ളരിക്കാപ്പട്ടണമാണോ? ഇവിടെ ഇത്തരത്തിൽ കരിഞ്ചന്തക്കാർക്കെല്ലാം ഈ സർക്കാർ എല്ലാവിധ ഒത്താശയും ചെയ്തുകൊടുക്കുകയാണ്. മിൽ ഉടമയുടെ സമ്മർദ്ദത്തിന് സപ്ലൈകോ വഴങ്ങുകയും മറ്റൊരു ഉദ്യോഗസ്ഥന് റീജിയണൽ മാനേജരുടെ ചുമതല നൽകി, പിടിച്ചെടുത്ത് അരി ഒന്നു കൂടി പരിശോധിക്കുകയും നല്ല അരിയാണെന്ന് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. അങ്ങനെ ഈ കേസിൽ നിന്ന് അവരെ രക്ഷിക്കാൻ മന്ത്രി തന്നെ നേരിട്ട് ഇടപെടുകയാണ്. തിരിമറി കണ്ടുപിടിച്ച സപ്ലൈകോയുടെ റീജിയണൽ മാനേജരായ ശ്രീമതി

പി. ജി. ഗീതയെ സ്ഥലം മാറ്റി ബലിയാടാക്കുന്ന സമീപനമാണ് ഇവിടെ സ്വീകരിച്ചത്. സത്യസന്ധരായ ഉദ്യോഗസ്ഥന്മാർക്ക് ഈ നാട്ടിൽ ജോലി ചെയ്യാൻ സാധിക്കാത്ത ഒരു സാഹചര്യമാണ് ഈ സർക്കാരിന്റെ കാലത്തുണ്ടായിട്ടുള്ളത്. രജിസ്ട്രേഷൻ വകുപ്പ് ഉദ്യോഗസ്ഥന്മാരെ എല്ലാ ചട്ടങ്ങളും ലംഘിച്ചുകൊണ്ട് തലങ്ങനെയും വിലങ്ങനെയും സ്ഥലം മാറ്റി കൊണ്ട് കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് ഇവിടെ നടക്കുന്നത്. ഭൂമിക്ക് സർക്കാർ നിശ്ചയിച്ച ഫെയർ വാല്യുവിനേക്കാൾ കുറഞ്ഞ വിലയ്ക്ക് സ്മാർട്ട് സിറ്റിയുടെ തൊട്ടരികിൽ തൃക്കാക്കരയിൽ ഭൂമിയും ഫ്ളാറ്റും രജിസ്റ്റർ ചെയ്ത് കൊടുത്തതിലൂടെ സർക്കാരിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിച്ചതിന്റെ പേരിൽ തൃശ്ശൂർ വിജിലൻസ് കോടതി 66/2013 എന്ന നമ്പരിൽ കേസ് രജിസ്റ്റർ ചെയ്തിരിക്കുകയാണ്. ഈ കേസിലെ 11 പ്രതികളിൽ ബഹുമാന്യനായ മന്ത്രി മൂന്നാം പ്രതിയാണ്. തൃക്കാക്കരയിൽ ഇത് സംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പ് അന്വേഷണം നടത്തി അവിടത്തെ സബ് രജിസ്ട്രാറായിട്ടുള്ള ശ്രീകലയെ സസ്പെൻഡ് ചെയ്യാൻ ഐ.ജി. നിർദ്ദേശിച്ചു. അവരെ ഒരു കാരണവശാലും സബ് രജിസ്ട്രാർ തസ്തികയിൽ നിയമനം നൽകാൻ പാടില്ലെന്ന് ഐ.ജി. ബഹുമാന്യനായ മന്ത്രിക്ക് റിപ്പോർട്ടെഴുതി നൽകി. അഴിമതിക്കെതിരായി കർശനമായ നിലപാട് സ്വീകരിച്ച ഐ.ജി. വിവേകാനന്ദനെ തൽസ്ഥാനത്തു നിന്നു മാറ്റി അദ്ദേഹത്തെ അപ്രധാനമായ ഒരു ഐ.ജി. മോഡറേഷൻ എന്ന തസ്തികയുണ്ടാക്കി അവിടെ നിയമിച്ചിരിക്കുകയാണ്. വിവേകാനന്ദനെ മാറ്റിയ ഒഴിവിലേയ്ക്ക്

ശ്രീ. സി. രഘു, ഐ.എ.എസ്.-നെ നിയമിക്കുകയാണ് ചെയ്തത്. സർക്കാരിന് കോടിക്കണക്കിന് രൂപയുടെ റവന്യൂ നഷ്ടമുണ്ടാക്കിയ ശ്രീകല എന്ന സബ് രജിസ്ട്രാറെ എറണാകുളം അമാൽഗമേറ്റ് സബ് രജിസ്ട്രാറായി പ്രൊമോഷൻ നൽകി നിയമിക്കാൻ രജിസ്ട്രേഷൻ ഐ.ജി. ഉത്തരവിറക്കുകയും ചെയ്തു. അവിടെ ഇതുമായി വരുന്ന ബന്ധപ്പെട്ട പരാതികൾ പരിശോധിക്കേണ്ട ചുമതലയാണ് അമാൽഗമേറ്റ് സബ് രജിസ്ട്രാർക്കുള്ളത്. അപ്പോൾ അവിടെ ഈ കീ പോസ്റ്റിലേയ്ക്ക് പ്രൊമോഷൻ നൽകിയിരിക്കുകയാണ് ചെയ്തത്. തൃക്കാക്കര സബ് രജിസ്ട്രാർ ഓഫീസിൽ ഒന്നരവർഷം കൊണ്ട് 6635 ആധാരങ്ങൾ രജിസ്റ്റർ ചെയ്തതിൽ 132 ആധാരം മാത്രമാണ് പരിശോധിച്ചത്. ഇനി 6503 ആധാരങ്ങൾ കൂടി പരിശോധിക്കേണ്ടതായുണ്ട്. 132 ആധാരങ്ങൾ പരിശോധിച്ചപ്പോൾ തന്നെ 1 കോടി 37 ലക്ഷത്തിന്റെ ക്രമക്കേടാണ് കണ്ടെത്തിയിട്ടുള്ളത്. രജിസ്ട്രേഷൻ വകുപ്പിൽ മറ്റൊരു വിജിലൻസ് കേസ് കൂടി ഈ മന്ത്രി ഉൾപ്പെടെയുള്ള ആളുകൾക്കെതിരായി വിജിലൻസ് കോടതി എടുത്തിരിക്കുകയാണ്, അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. കാസർഗോഡ് ജില്ലയിലെ നീലേശ്വരത്ത് ഓർമ്മശക്തിയും ചലനശേഷിയും നഷ്ടപ്പെട്ട ഊച്ചിയമ്മയുടെ ഇളയ മകനിൽ നിന്ന് കോഴ കൈപ്പറ്റി, സബ് രജിസ്ട്രാർ ദാമോദരനെ സ്വാധീനിച്ച് കൃത്രിമരേഖകൾ ചമച്ച് രജിസ്റ്റർ ചെയ്ത് കൊടുത്തതാണ് ഈ കേസിന് ആധാരമായ പരാതി. ഇത് സംബന്ധിച്ച് ഈ വൃദ്ധയുടെ മറ്റൊരു മകൻ രജിസ്ട്രേഷൻ വകുപ്പിന് പരാതി നൽകുകയുണ്ടായി. രജിസ്ട്രേഷൻ ഐ.ജി. 2012-ൽ ഈ രജിസ്ട്രാറെ

സസ്പെൻഡ് ചെയ്തു. എന്നാൽ ഐ.ജി. രഘു കാസർഗോഡ് അതേ സബ് രജിസ്ട്രാർ ഓഫീസിൽ ഈ അഴിമതിക്കാരനായ ഉദ്യോഗസ്ഥനെ പുന:പ്രതിഷ്ഠിക്കുകയാണ് ചെയ്തത്.

വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിഞ്ഞ ഡിസംബറിൽ 1,32,725 ടൺ അരിയും 54,211 ടൺ ഗോതമ്പും കേന്ദ്ര സർക്കാർ പ്രത്യേകമായി അനുവദിച്ചിരുന്നു. ജനുവരി മുതൽ നാല് മാസത്തേയ്ക്കാണ് കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യം അനുവദിച്ചിരുന്നത്. ഇതിൽ എത്ര പേർക്ക് അരി വിതരണം ചെയ്തുവെന്ന് ബഹുമാന്യനായ മന്ത്രി വ്യക്തമാക്കണം. 'പൊതുവിപണിയിൽ വില കുറയ്ക്കാൻ അനുവദിച്ച റേഷനരിയും കരിഞ്ചന്തയിലേയ്ക്ക്' എന്ന തലക്കെട്ടോടെ 2013 മാർച്ച് 11 തിങ്കളാഴ്ചത്തെ മാതൃഭൂമി പത്രത്തിൽ വന്ന വാർത്തയാണിത്. (മാതൃഭൂമി പത്രം ഉയർത്തിക്കാണിച്ചു) അതിൽ പറയുന്നത്, 'കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ മാത്രമാണ് കാർഡുടമകൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തത്. മറ്റ് ജില്ലകളിൽ പത്ത് ശതമാനം കാർഡുടമകൾക്ക് പോലും ഈ ഭക്ഷ്യധാന്യം ലഭിച്ചിട്ടില്ല. മില്ലുകളിലേയ്ക്കും സ്വകാര്യ ഗോഡൗണുകളിലേയ്ക്കും മാറ്റുന്നതിനുപുറമേ റേഷൻ സാധനങ്ങൾ വിറ്റഴിക്കാൻ കേരളത്തിൽ ഒരു സമാന്തര വിപണികൂടി രൂപപ്പെട്ടു വരുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾക്ക് വില കൂട്ടി റേഷൻധാന്യങ്ങൾ വിറ്റഴിക്കുന്നതും വ്യാപകമാവുകയാണ്.' സിവിൽസപ്ലൈസ് വകുപ്പിൽ നടക്കുന്ന ഞെട്ടിപ്പിക്കുന്ന അഴിമതികളെക്കുറിച്ച് മലയാള മനോരമ പത്രത്തിൽ ലേഖന

പരമ്പരകളാണ് വന്നിട്ടുള്ളത്. (മലയാള മനോരമ പത്രം ഉയർത്തിക്കാണിച്ചു) അതിൽ പറയുന്നത്, 'ഇത് സപ്ലൈസ് സിവിൽ അല്ല, സപ്ലൈസ് ക്രിമിനലാണെ'ന്നാണ് മലയാള മനോരമ പത്രത്തിൽ എഴുതിയിരിക്കുന്നത്. പണം വാങ്ങുന്നതിന് മന്ത്രിയുടെ വീട്ടിൽ നാല് കൗണ്ടർ.......

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ്, പ്ലീസ് കൺക്ലൂഡ്. എന്നെക്കൊണ്ട് മൈക്ക് ഓഫ് ചെയ്യിക്കരുത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഇത് പ്രധാനപ്പെട്ട വിഷയമാണ്. എനിക്ക് സംസാരിക്കാൻ അനുവാദം തരണം. മന്ത്രിയുടെ വീട്ടിൽ പണം വാങ്ങുന്നതിന് നാല് പ്രത്യേക കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് പറഞ്ഞത് ഞങ്ങളാരുമല്ല, മന്ത്രിയുടെ പാർട്ടിയുടെ ജനറൽ സെക്രട്ടറിയായ ശ്രീ. പി. ടി. എബ്രഹാമാണ്. അതിന്റെ ദൃശ്യങ്ങൾ തന്റെ കൈവശമുണ്ടെന്ന് 2012 ഒക്ടോബർ 16 -ന് വാർത്താ സമ്മേളനത്തിൽ അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി. മേൽപ്പറഞ്ഞ ചട്ടവിരുദ്ധമായ, വഴിവിട്ട ഇടപാടുകളിൽ 27 കോടി രൂപയുടെ അഴിമതിയാണ് മന്ത്രി നടത്തിയിരിക്കുന്നത്. ഈ മന്ത്രി, ഒരു ചെറിയ മീനല്ല. ഇദ്ദേഹം ഒരു വമ്പൻ സ്രാവാണ്. ഈ അഴിമതി സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിക്കണം. ചുരുങ്ങിയ കാലയളവിൽ മൂന്ന് വിജിലൻസ് കേസിൽ മന്ത്രി പ്രതിയായിരിക്കുകയാണ്. ഇത് കേരളത്തിലെ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട സുപ്രധാനമായ വിഷയമാണ്. അതുകൊണ്ട് വിജിലൻസ് കേസിലെ പ്രതിയായ ഈ മന്ത്രിയെ തൽസ്ഥാനത്തുനിന്ന് മാറ്റിനിർത്തി

സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് ഈ അഴിമതി അന്വേഷിക്കാൻ ബഹുമാന്യനായ മുഖ്യമന്ത്രി തയ്യാറാകണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുകയാണ്. കഴിഞ്ഞ രണ്ട് വർഷം സംസ്ഥാനത്തിന്റെ ധനകാര്യമാനേജ്മെന്റിൽ ശ്രദ്ധേയമായ നേട്ടവും പ്രകടമായ വ്യത്യാസവും ഉണ്ടാക്കാൻ ശ്രീ. കെ. എം. മാണി സാറിന്റെ നേതൃത്വത്തിലുള്ള ധനകാര്യ വകുപ്പിന് കഴിഞ്ഞുവെന്നുള്ളതിന് പ്രത്യേകമായി ധനകാര്യവകുപ്പിനെ അഭിനന്ദിക്കുകയാണ്. ദേശീയ ശരാശരി വളർച്ച നിരക്ക് 6.2 ശതമാനമായിരിക്കെ കഴിഞ്ഞ വർഷം 9.51 ശതമാനം വളർച്ച സംസ്ഥാനം കൈവരിക്കുകയുണ്ടായി. ഇത് കഴിഞ്ഞ പത്ത് വർഷക്കാലയളവിലെ ഏറ്റവും ഉയർന്ന വളർച്ചാനിരക്കാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ കഴിഞ്ഞ രണ്ട് വർഷം ശ്രദ്ധേയമായ വളർച്ചയാണ് കൈവരിച്ചത്. 2010-2011-ൽ 30990.95 കോടി രൂപയിൽ നിന്ന് 2011-2012-ൽ 38010.36 കോടി രൂപയായി ഉയർന്നു. 2012-2013-ൽ 48262.21 കോടി രൂപയായി വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലെ ചോർച്ച തടഞ്ഞുകൊണ്ട് വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് തുക കണ്ടെത്തുന്ന ധനമാനേജ്മെന്റാണ് ഈ സർക്കാർ തുടർന്നുവരുന്നതെന്നതാണ് ഏറെ അഭിമാനകരമായ കാര്യം. ധനകാര്യമാനേജ്മെന്റിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. നടപ്പ് വർഷത്തേക്കാൾ പദ്ധതി അടങ്കലിൽ 21.34 ശതമാനം വളർച്ച ഉറപ്പുവരുത്തിയും എല്ലാ ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചും കഴിഞ്ഞ

രണ്ട് വർഷത്തെ ബഡ്ജറ്റുകളിൽ ക്ഷേമപെൻഷനുകൾക്ക് മിനിമം 75 ശതമാനം വർദ്ധനവ് ഉറപ്പുവരുത്തിയും വികസനവും കരുതലുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പ്രഖ്യാപിത ലക്ഷ്യത്തിലേയ്ക്കുള്ള നീക്കമാണ് ഗവൺമെന്റിന്റെ ഇപ്പോഴത്തെ ബഡ്ജറ്റ് ചൂണ്ടിക്കാണിക്കുന്നത്. ഈ വർഷത്തെ അധിക വിഭവസമാഹരണം 1133.33 കോടി രൂപയായി നിശ്ചയിച്ചപ്പോഴും സാധാരണക്കാരെ ബാധിക്കാത്ത തരത്തിലും വിലക്കയറ്റം സൃഷ്ടിക്കാത്ത തരത്തിലും വിഭവ സമാഹരണത്തിന് മേഖലകൾ കണ്ടെത്തിയ ധനകാര്യനയം ശ്ലാഘനീയമാണ്. മാത്രമല്ല, പുതിയ ബഡ്ജറ്റിൽ 1400.58 കോടി രൂപയുടെ അധികച്ചെലവും 67.78 കോടി രൂപയുടെ ഇളവുകളും പ്രഖ്യാപിച്ചതിനുശേഷവും റവന്യൂകമ്മി കഴിഞ്ഞ വർഷത്തേക്കാൾ 1136.47 കോടി രൂപയായി കുറച്ചുകൊണ്ടുവരുവാൻ കഴിഞ്ഞുവെന്നത് ശ്രീ. കെ. എം. മാണി സാറിന്റെ ധനകാര്യ മാനേജ്മെന്റിന്റെ മികച്ച നേട്ടമാണ്. അടുത്തവർഷത്തെ റവന്യൂ കമ്മി 2269.97 കോടി രൂപയായി കണക്കാക്കുകയും ആസ്തി സൃഷ്ടിക്കുന്നതിനുള്ള ഗ്രാന്റായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന 3472.06 കോടിരൂപ മാറ്റി നിർത്തുകയും ചെയ്യുമ്പോൾ നാല് ദശാബ്ദത്തിനിടയിൽ ആദ്യമായി സംസ്ഥാനത്ത് യഥാർത്ഥ റവന്യൂ മിച്ചം സംജാതമാവുകയാണ് ചെയ്യാൻ പോകുന്നത്. ഒരുപക്ഷേ, രണ്ട് വർഷം മുമ്പ് നമുക്ക് സ്വപ്നം കാണാൻ പോലും കഴിയാതിരുന്ന ഒരു സാമ്പത്തിക സാഹചര്യമാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി സാറിന്റെ മാനേജ്മെന്റ് സിസ്റ്റത്തിലൂടെ കൈവരിക്കപ്പെട്ടിരിക്കുന്നത്. മികച്ച

മാനേജ്മെന്റും വിഭവസമാഹരണ രംഗത്തുള്ള ഉണർവ്വും സംസ്ഥാന ഖജനാവിന് പുതിയ മാനങ്ങൾ നൽകിയെന്നതാണ് യു.ഡി.എഫ്. ഭരണത്തിലെ ധനകാര്യമാനേജ്മെന്റിന്റെ നേട്ടം. ഇത് വരച്ചുകാണിക്കുന്നതാണ് ഈ വർഷത്തെ ബഡ്ജറ്റിലെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. കാർഷിക മേഖലയിൽ ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട് എന്താണെന്ന് ഈ ബഡ്ജറ്റ് ബോധ്യമാക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലായ കാർഷികമേഖലയുടെ വളർച്ചയ്ക്കും നവീകരണത്തിനും ഏറ്റവും മുന്തിയ പരിഗണനയാണ് നൽകുന്നത്. ഹൈടെക്ക് കൃഷി രീതികളും കാർഷിക മേഖലയുടെ മൂല്യവർദ്ധനയ്ക്കുള്ള പദ്ധതികളും കൊണ്ട് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് ശ്രദ്ധേയമായിരുന്നു. ഈ വർഷത്തെ  ബഡ്ജറ്റിൽ അവ തുടരുന്നതോടൊപ്പം ആസന്നമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ പലിശയെഴുതിത്തള്ളൽ, പലിശരഹിത വായ്പ, റിസ്ക്ക് ഇൻഷ്വറൻസ് തുടങ്ങിയ കർഷകരക്ഷാ നടപടികൾ കൈക്കൊണ്ടിരിക്കുകയാണ്. സൗരോർജ്ജം, മഴവെള്ള സംഭരണം, ഉറവിട മാലിന്യ സംസ്ക്കരണം, ഹൈടെക്ക് ജൈവകൃഷി രീതികൾ, പരിസ്ഥിതി സംരക്ഷണം എന്നിവ സമന്വയിപ്പിക്കുന്ന മാതൃകാ ഹൈടെക്ക്-ഹരിത ഗ്രാമങ്ങൾ തുടങ്ങിയവ ബഡ്ജറ്റിൽ പ്രഖ്യപിച്ചിട്ടുണ്ട്. ഇതിനായി 42 കോടി രൂപ വകയിരുത്തിയിരിക്കുകയാണ്. കാർഷിക മേഖലയിൽ വിപണന സൗകര്യമൊരുക്കുന്നതിന് 25 കോടി രൂപ വകയിരുത്തിയിരിക്കുന്നത് നല്ല നീക്കമാണ്. അപ്രകാരം ജൈവകൃഷി പ്രോത്സാഹിപ്പിക്കാനുള്ള 12 കോടിരൂപയുടെ

വിഹിതവും വിള ഇൻഷ്വറൻസ് മേഖലയിലെ നീക്കിയിരിപ്പും അഭിനന്ദനാർഹമാണ്. പച്ചക്കറികൃഷി വികസനത്തിന് ഹൈടെക്ക് ഫാമിംഗിനുള്ള വിഹിതവും നെൽകൃഷി വികസനത്തിനുള്ള നടപടികളും ശ്രദ്ധേയമാണ്. ഇതിനുപരിയായി കാർഷിക മേഖലയിൽ യു.ഡി.എഫ്. സർക്കാർ കഴിഞ്ഞ രണ്ടുവർഷമായി ചെലവഴിച്ചിട്ടുള്ള തുക വിലയിരുത്തിയാൽ ഈ സർക്കാരിന്റെ മുൻഗണന ക്രമത്തിൽ കൃഷിയുടെ പ്രോത്സാഹനത്തിനുള്ള പങ്ക് വ്യക്തമാകുന്നതാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ അവസാന വർഷം, 2010-2011-ൽ കൃഷിയുടെ ആകെ പ്ലാൻ ഫണ്ട് 545.45 കോടി രൂപയായിരുന്നു. ഈ സർക്കാരിന്റെ ആദ്യത്തെ വർഷംതന്നെ അത് 877.97 കോടി രൂപയായും രണ്ടാമത്തെ വർഷം, 2012-13-ൽ 7083.40 കോടി രൂപയായും മൂന്നാം വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ 1262.76 കോടി രൂപയായും വർദ്ധിപ്പിച്ചിരിക്കുകയാണ്. അതായത്, മൂന്ന് വർഷം കൊണ്ട് 150 ശതമാനം വർദ്ധനവ് ഉറപ്പുവരുത്തുന്ന കാർഷിക മേഖലയുടെ സംരക്ഷണം ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ ദിശാസൂചികയാണ്. സംസ്ഥാനത്തിന്റെ അടിസ്ഥാന വികസന മേഖലയിൽ ഒരു പുതിയ മാറ്റത്തിന് തുടക്കം കുറിക്കുന്ന വിവിധ വിളപദ്ധതികൾക്ക് രൂപം നൽകുമ്പോൾത്തന്നെ വികസനത്തിന്റെ ഫലമായുണ്ടാകുന്ന പാരിസ്ഥിതിക ആഘാതം സംബന്ധിച്ച് പഠിച്ച് അതിന്റെ ദോഷം കുറയ്ക്കുന്നതിന് ഒരു urban environment import improvement project ഈ സംസ്ഥാനത്ത് നടപ്പിലാക്കാൻ വേണ്ടി ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയാണ്. അത് ഹരിത

രാഷ്ട്രീയത്തിന്റെ സൂചനയായി നമുക്ക് കാണാം. എന്നാൽ ഊർജ്ജ മേഖല, നിർമ്മാണ മേഖല എന്നിവിടങ്ങളിൽ കൂടുതൽ പരിസ്ഥിതി സൗഹൃദ പദ്ധതികൾ ഇനിയും നടപ്പിലാക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങക്ക് ഏറെ പ്രതീക്ഷ നൽകുന്നതാണ് ഈ വർഷത്തെ ബഡ്ജറ്റ്. അഖിലേന്ത്യാ ശരാശരിയേക്കാൾ 3.3 ശതമാനം അധികവളർച്ച നേടാനും കഴിഞ്ഞ ബഡ്ജറ്റിൽ ലക്ഷ്യമിട്ട 9.5 ശതമാനമെന്ന വളർച്ചാനിരക്ക് കൈവരിക്കാനും യു.ഡി.എഫ് ഭരണത്തിന് കഴിഞ്ഞു. അടുത്ത വർഷത്തേയ്ക്ക് 9.58 ശതമാനമെന്ന കൂടുതൽ ഉയർന്ന പ്രതീക്ഷയോടെ, 12-ാം പദ്ധതിയിൽ രണ്ടക്ക വളർച്ചാനിരക്കെന്ന ലക്ഷ്യത്തിലേയ്ക്ക് സംസ്ഥാനത്തെ നയിക്കുന്നതിന് ഈ ബഡ്ജറ്റിന് കഴിയുമെന്നതിൽ ഒരു സംശയവുമില്ല. ഒരുപക്ഷേ, കേരളത്തിന്റെ ചരിത്രത്തിൽ പത്ത് ശതമാനത്തോളം വളർച്ചാനിരക്ക് എന്ന ആദ്യ സംഭവത്തിലേയ്ക്ക് എത്താൻ പോവുകയാണ്. ജി.എസ്.ഡി.പി. അഖിലേന്ത്യാ ശരാശരിയിലേയ്ക്ക് എത്തിക്കാനുള്ള ശ്രമവും ഈ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി എടുത്തു പറഞ്ഞിട്ടുണ്ട്, അത് അഭിനന്ദനാർഹമാണ്. പദ്ധതി രൂപകൽപ്പനയിലും നടത്തിപ്പിലുമുള്ള കാലവിളംബം ഒഴിവാക്കുന്നതിനായി പദ്ധതി നിർവ്വഹണത്തിന് പുതിയ ദിശാബോധം നൽകാനുള്ള മോണിറ്ററിംഗ് കമ്മിറ്റി എന്ന നിർദ്ദേശം തികച്ചും നൂതനവും ശ്രദ്ധേയവുമാണെന്ന് ഈ സന്ദർഭത്തിൽ ഞാൻ എടുത്തുപറയുന്നു.

ബഹുമാനപ്പെട്ട മാണി സാർ, അങ്ങ് കർഷകന്റെ ആളാണ്. മണ്ണിനും മനുഷ്യനും വേണ്ടി നിൽക്കുന്ന ആളാണ്. കേരളത്തിന് പുതിയ ഒരു രാഷ്ട്രീയം - പരിസ്ഥിതിക്കു വേണ്ടിയുള്ള ഒരു രാഷ്ട്രീയം ഉണ്ടാകണമെന്ന് നിയമസഭയുടെ കഴിഞ്ഞ സെഷനിൽ ഞങ്ങൾ പറഞ്ഞപ്പോൾ ആ ബഞ്ചിലിരുന്നുകൊണ്ട് വളരെയേറെ ആവേശത്തോടെ ഞങ്ങളെയെല്ലാം പ്രോത്സാഹിപ്പിച്ച ആളാണ്. അങ്ങ് മറുപടി പറയുമ്പോൾ പറയുവാൻവേണ്ടി ഒന്നുരണ്ട് കാര്യങ്ങൾ കൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മുടെ സംസ്ഥാനത്ത് നദികൾ ഇല്ലാതാവുകയാണ്. 44 നദികളുള്ള കേരളം വരൾച്ചയിലേയ്ക്ക് പോകുകയാണ്. സംസ്ഥാനത്തിന്റെ ഇന്നത്തെ ദുരവസ്ഥയ്ക്ക് കാരണം അതിരൂക്ഷമായ വരൾച്ചയാണ്. നമ്മുടെ നദികളെ സംരക്ഷിക്കുന്നതിനു വേണ്ടി സ്റ്റാറ്റ്യൂട്ടറി പദവിയുള്ള റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കണം. അതുസംബന്ധിച്ച് ഈ ബഡ്ജറ്റിൽ അങ്ങ് പ്രഖ്യാപിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. രാജീവ് ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന കാലത്ത് ഗംഗാ റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിച്ച് ലോകത്തിന് മാതൃകയായത് നമ്മുടെ മുമ്പിലുണ്ട്. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റ് പ്രസംഗത്തിന് അങ്ങ് മറുപടി പറയുമ്പോൾ നമ്മുടെ നദികളെ സംരക്ഷിക്കുവാൻ വേണ്ടി സ്റ്റാറ്റ്യൂട്ടറി പദവിയുള്ള റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുമെന്നും അതിനായി തുക വകയിരുത്തുമെന്നും പ്രതീക്ഷിക്കുകയാണ്. ഒരേക്കർ നെൽവയൽ ഒരുവർഷം കൊണ്ട് 5 കോടി ലിറ്റർ ജലം ഭൂമിയിൽ സംഭരിച്ച് ഭൂഗർഭജലം

വർദ്ധിപ്പിക്കും. ലിറ്ററിന് 10 പൈസവച്ച് കണക്കാക്കിയാൽപോലും ഒരു വർഷം 50 ലക്ഷം രൂപയുടെ പാരിസ്ഥിതിക സേവനമാണ് ഒരേക്കർ നെൽവയൽ നൽകുന്നത്. ഇത്രയും ജലം സംഭരിക്കുന്നതിനായി തടയണകളോ കുളങ്ങളോ നിർമ്മിക്കണമെങ്കിൽ സർക്കാരിന് ഭീമമായ തുക ചെലവഴിക്കേണ്ടിവരും. ഈ സേവനമാണ് നെൽവയലുകൾ സംരക്ഷിച്ചുകൊണ്ട് നെൽക്കർഷകർ നൽകുന്നത്. നെൽക്കർഷകർക്ക് ഇപ്പോൾ ചില ആനുകൂല്യങ്ങളുണ്ട്. ഒരു ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്താൽ 15,000 രൂപയാണ് കൊടുക്കുന്നത്. വിള ഇൻഷ്വറൻസുണ്ട്. എന്നിട്ടും കഴിഞ്ഞ വർഷത്തെ സാമ്പത്തിക സർവ്വെ റിപ്പോർട്ട് പുറത്തുവന്നപ്പോൾ, കേരളത്തിൽ അയ്യായിരത്തോളം ഹെക്ടർ നെൽവയലുകൾ ഒരു വർഷം കൊണ്ട് പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു വെന്നാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. നെൽവയലുകൾ തൂർക്കപ്പെടുക യാണ്, അവ കോൺക്രീറ്റ് കാടുകളാവുകയാണ്. നെൽവയലുകൾ ചെയ്യുന്ന സേവനം വെറും നെൽകൃഷി മാത്രമല്ല. അത് ഭൂമിയുടെ വരദാനമായ നമ്മുടെ ജലസ്രോതസ്സുകളെ, ഭൂഗർഭ ജലത്തെ സംരക്ഷിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട നിധിയാണ് നെൽവയലുകൾ. അതുകൊണ്ട് മാണി സാർ മറുപടി പറയുമ്പോൾ, നഷ്ടം വന്നാൽ വിള ഇൻഷ്വറൻസ് നൽകുന്നതുകൂടാതെ നെൽക്കൃഷി ചെയ്യാൻ തയ്യാറുള്ള കർഷകർക്ക് ഒരു ഇൻസെന്റീവ് കൊടുക്കാനുള്ള പ്രഖ്യാപനമുണ്ടാകണം. ഇത്തരത്തിലൊരു നെൽവയൽ പരിരക്ഷാ സഹായപദ്ധതികൂടി പ്രഖ്യാപിച്ചുകൊണ്ട് വരൾച്ചയെ നേരിടാൻ അങ്ങ് തയ്യാറാകുമെന്ന് കരുതുകയാണ്. ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസ

മില്ലാതെ 2008-ൽ നിയമസഭ ഐക്യകണ്ഠേന പാസ്സാക്കിയ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കേരളത്തിലെ എല്ലാവരും സ്വീകരിക്കുന്ന ഒന്നാണ്. നമ്മുടെ തണ്ണീർത്തടങ്ങളും നെൽവയലുകളും ഇല്ലാതായാൽ കേരളം മരുഭൂമിയായി മാറും. ആരാധനാലയങ്ങളുടെ എണ്ണം അധികമുള്ളതു കൊണ്ടല്ല കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടെന്നുപറയുന്നത്. പ്രകൃതി നൽകിയ വരദാനം തന്നെയാണ് കേരളത്തിനെ ദൈവത്തിന്റെ സ്വന്തം നാടെന്നുപറയാൻ കാരണം. നെൽവയലുകൾ സംരക്ഷിക്കുവാൻ വേണ്ടി 2008-ൽ നിയമസഭ ഐകകണ്ഠേന പാസ്സാക്കിയ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നടപ്പാക്കണമെങ്കിൽ ഡേറ്റാ ബാങ്ക് വിജ്ഞാപനം ചെയ്യണം. ഇന്നുവരെ നമുക്ക് ഡേറ്റാബാങ്ക് വിജ്ഞാപനം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഡേറ്റാബാങ്ക് നിർമ്മിക്കാനായി സംസ്ഥാനത്ത് നെൽവയലു കളുടെയും തണ്ണീർത്തടങ്ങളുടെയും ഉപഗ്രഹ ചിത്രം തയ്യാറാക്കേണ്ടതുണ്ട്. ഇതിനായി 8 കോടി രൂപ വേണമെന്നാണ് മന്ത്രിസഭാ ഉപസമിതി നേരത്തെ റിപ്പോർട്ട് ചെയ്തത്. 8 കോടി രൂപ ഇല്ലാത്തതിന്റെ പേരിൽ ഡേറ്റാ ബാങ്ക് തയ്യാറാക്കുന്ന ജോലി സ്തംഭിച്ചുനിൽക്കുകയാണ്. നമ്മുടെ നെൽവയലു കളേയും തണ്ണീർത്തടങ്ങളേയും കശ്മലൻമാർ കൊത്തിയെടുത്തുകൊണ്ട് പോകുന്നു. അതുകൊണ്ട്, ഈ സാമ്പത്തിക വർഷം ഡേറ്റാബാങ്ക് പ്രസിദ്ധീ കരിക്കാൻ വേണ്ടി മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശ പ്രകാരമുള്ള 8 കോടി രൂപയുടെ സഹായം അങ്ങ് നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. സർക്കാർ ഭൂമി പാട്ടത്തിനെടുത്ത് തോട്ടങ്ങൾ നടത്തി കോടിക്കണക്കിന് രൂപ

സമ്പാദിക്കുന്ന വൻകിടക്കാർ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇവർ നാമമാത്ര മായ തുകയാണ് ഇപ്പോഴും പാട്ടത്തുകയായി നൽകുന്നത്. പലരും ആ പാട്ടത്തുകതന്നെ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. ഈ പശ്ചാത്തല ത്തിൽ സർക്കാർ ഭൂമി ഉപയോഗിച്ച് തോട്ടം നടത്തി കോടിക്കണക്കിന് രൂപ ലാഭം ഉണ്ടാക്കുന്ന തോട്ടം ഉടമകളുടെ വരുമാനത്തിന്റെ നിശ്ചിത ശതമാനം സർക്കാരിലേയ്ക്ക് അടയ്ക്കണമെന്ന ഉത്തരവ് നേരത്തെ ഉണ്ടായിരുന്നു. വൻകിട ലോബികളുടെ സ്വാധീനത്തിന്റെ ഫലമായി 1995-ൽ ആ ഉത്തരവ് പിൻവലിച്ചു. അതുവഴി 500 കോടിയോളം രൂപയാണ് സംസ്ഥാന ഖജനാവിന് നഷ്ടമായതെന്നാണ് നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി അന്ന് നൽകിയിട്ടുള്ള റിപ്പോർട്ട്. ഇതിന്റെ പശ്ചാത്തലത്തിൽ സർക്കാർ ഭൂമി ഉപയോഗിച്ച് കോടികൾ കൊയ്യുന്ന വൻകിടക്കാരിൽ നിന്നും വരുമാനത്തിന്റെ നിശ്ചിത ശതമാനം ഖജനാവിലേയ്ക്ക് മുതൽക്കൂട്ടണം. ഇതിനായി ഹരിത ധനശേഖരണം എന്ന പേരിൽ അങ്ങ് ഒരു ധനശേഖരണം നടത്തണം. അത് മാതൃകാപരമാകണം. അതോടൊപ്പം തന്നെ അഗ്രികൾച്ചറൽ ഇൻകം ടാക്സ് പിൻവലിക്കേണ്ട കാര്യമില്ല. 20 ഏക്കറിന് മുകളിലുള്ള ആളുകൾക്കാണ് അഗ്രികൾച്ചറൽ ഇൻകം ടാക്സുള്ളത്. അത് പിൻവലിച്ചത് പുനഃപരിശോധിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് കേരളത്തിന്റെ പച്ചപ്പ് സംരക്ഷിക്കുവാൻ വൻകിട തോട്ടം ഉടമകളിൽ നിന്നും ഇത്തരത്തിലുള്ള വരുമാനത്തിന്റെ നിശ്ചിത ശതമാനം

ഈടാക്കാൻ വേണ്ടി മണ്ണിന്റെയും കർഷകന്റെയും പ്രതിനിധിയായ പ്രിയപ്പെട്ട മാണി സാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സർക്കാർ മേഖലകളിലെയും സ്വകാര്യ മേഖലകളിലെയും ഏകവിള തോട്ടങ്ങളെ ബഹുവിള തോട്ടങ്ങളാക്കി മാറ്റുന്നതിനും അതിലൂടെ ജൈവ വൈവിധ്യ പാർക്കുകൾ രൂപപ്പെടുത്തി ഭക്ഷ്യവിളകളെ പ്രോത്സാഹിപ്പിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയും ജലസുരക്ഷയും ഉറപ്പുവരുത്തുവാനും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിനുംവേണ്ടി ഈ ബഡ്ജറ്റിൽ ഒരു ജൈവവൈവിധ്യ ഫണ്ട് ഉണ്ടാക്കണം. നമ്മുടെ പല വൻകിട തോട്ടങ്ങളും ഏകവിള തോട്ടങ്ങളാണ്. ആ ഏകവിള തോട്ടങ്ങൾ ബഹുവിള തോട്ടങ്ങളാക്കുവാൻ പ്രയാസമില്ല. അങ്ങനെയാക്കുകയാണെങ്കിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ സാധിക്കും. തൊഴിലവസരങ്ങളുമുണ്ടാകും. മാത്രമല്ല ആ തോട്ടങ്ങളിലൂടെ ഉത്പ്പാദിപ്പിക്കപ്പെടുന്ന വൈവിധ്യമാർന്ന ഭക്ഷ്യോൽപ്പന്നങ്ങൾ കേരളത്തിന്റെ ഭക്ഷ്യകലവറയിലെ ഏറ്റവും വലിയ നിധിയായി മാറും. അതിനുവേണ്ടി ഒരു ജൈവവൈവിധ്യ ഫണ്ട് ഈ ബഡ്ജറ്റിൽ അങ്ങ് പ്രഖ്യാപിക്കുമെന്ന് വിശ്വസിക്കുന്നു. പാറ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. സർക്കാർ ഉടമസ്ഥതയിലുള്ള റവന്യൂ ഭൂമിയിലെ പാറ പാട്ടത്തിന് എടുത്ത് പൊട്ടിച്ച് കോടിക്കണക്കിന് രൂപ സമ്പാദിക്കുന്ന പാറ ക്രഷർ ലോബികൾ നമ്മുടെ സംസ്ഥാനത്ത് സജീവമാണ്. ഇവരുണ്ടാക്കുന്ന പാരിസ്ഥിതിക ആഘാതം താങ്ങാവുന്നതിനും അപ്പുറത്താണെന്നുള്ള കാര്യം എല്ലാവർക്കും അറിയാം. 6500 കോടി രൂപയാണ് ഇവരുടെ വരുമാനമായി

കണക്കാക്കിയിട്ടുള്ളത്. പാറ പൊട്ടിക്കാൻ വേണ്ടി സർക്കാരിന്റെ റവന്യൂ ഭൂമി പാട്ടത്തിന് എടുത്തിട്ടുള്ള ഇത്തരക്കാർ നാമമാത്രമായ തുകയാണ് ഗവൺമെന്റിലേയ്ക്ക് പാട്ടമായും നികുതിയായും നൽകുന്നത്. പാട്ടത്തുക നാമമാത്രമാണെങ്കിലും ഇവർ മാർക്കറ്റിൽ വിൽക്കുന്ന പാറ ഉൽപ്പന്നങ്ങൾക്ക് ഒരു വിലക്കുറവുമില്ല. സർക്കാരിന്റെ പൊതുഭൂമിയിൽ നിന്നും പാറപൊട്ടിച്ച് കോടിക്കണക്കിന് രൂപ സമ്പാദിക്കുന്നത് വലിയ സമ്പന്നൻമാരായ ആളുകളാണ്. രാഷ്ട്രീയക്കാരും അല്ലാത്തവരുമായ, ഗവൺമെന്റിനെപ്പോലും പേടിപ്പിക്കാൻ കഴിവുള്ള വൻ ലോബിയാണ് അതിലുള്ളത്. ഇവരുടെ ഈ ചൂഷണം അവസാനിപ്പിക്കണം. ഇത്തരത്തിലുള്ള ആളുകളിൽ നിന്നും കൂടുതൽ പാട്ടത്തുക ഈടാക്കണം. മാത്രമല്ല അവരുടെ വരുമാനത്തിന്റെ നിശ്ചിത ശതമാനം നിർബന്ധമായും പിടിച്ചെടുക്കണം. അതുപയോഗിച്ച് പരിസ്ഥിതി പുനരുജ്ജീവന നിധി എന്നപേരിൽ ഒരു നിധി നിർബന്ധമായും ഉണ്ടാക്കണം. ഇതുകൂടാതെ ഈ മേഖലയിലെ കോമ്പൗണ്ടിംഗ് നികുതി സമ്പ്രദായം പരിഷ്ക്കരിച്ച് കൂടുതൽ നികുതി ഈടാക്കാനും അതിലൂടെ പശ്ചിമഘട്ട രക്ഷാ ഫണ്ടായി അതുപയോഗിക്കാനും ബഹുമാനപ്പെട്ട മാണി സാർ തയ്യാറാകണം.

ഒന്ന് രണ്ട് കാര്യങ്ങൾകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്നാമതായി ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചു. അത് വളരെ സ്വാഗതാർഹമായ ഒരു കാര്യമാണ്. പാവപ്പെട്ട മത്സ്യത്തൊഴിലാ

ളികളുടെ പെൻഷൻ എങ്ങനെയോ വിട്ടുപോയതായിരിക്കും. ശ്രീ. കെ. എം. മാണി മത്സ്യത്തൊഴിലാളികൾക്ക് ഒരിക്കലും എതിരല്ലായെന്നുള്ള കാര്യം നമുക്കെല്ലാവർക്കുമറിയാം. 400 രൂപയായിരുന്ന മത്സ്യത്തൊഴിലാളി പെൻഷൻ 700 രൂപയാക്കി വർദ്ധിപ്പിക്കണം. നാളെ അങ്ങ് മറുപടി പറയുമ്പോൾ ഇക്കാര്യം സൂചിപ്പിക്കാൻ തയ്യാറാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ നമ്മുടെ നികുതി വരുമാനം പലപ്പോഴും കുറഞ്ഞുകുറഞ്ഞ് വരികയാണ്. നമ്മൾ പ്രഖ്യാപിക്കുന്ന മുഴുവൻ നികുതിയും പിരിച്ചെടുക്കാൻ സാധിക്കുന്നില്ല. നികുതി വകുപ്പിലെ അഴിമതി തടയാൻ അങ്ങ് കൈക്കൊണ്ടിട്ടുള്ള നിലപാടുകളെ ഞങ്ങൾ അഭിനന്ദിക്കുകയാണ്. പ്രഖ്യാപിക്കുന്ന മുഴുവൻ നികുതികളും പിരിഞ്ഞുകിട്ടണമെങ്കിൽ നികുതി ഘടനയിൽ ശാസ്ത്രീയമായ പരിഷ്ക്കാരം വരുത്തണം. കേരളത്തിലെ പലരും അന്യസംസ്ഥാനങ്ങളിലാണ് ഇപ്പോൾ ബിസിനസ് നടത്തുന്നത്. പലരും അന്യ സ്റ്റേറ്റുകളിൽ സ്വർണ്ണക്കട തുടങ്ങുന്നു. കോഴികളെ കള്ളക്കടത്തിലൂടെ കൊണ്ടുവരികയാണ്. നികുതി ശരിയായ രീതിയിൽ അടയ്ക്കാൻ അവസരമുണ്ടാക്കിയാൽ അവരെല്ലാം ഖജനാവിലേക്ക് ശരിയായ രീതിയിൽ നികുതി അടയ്ക്കും. അധിക നികുതി പിരിച്ചെടുക്കാൻ അങ്ങ് പ്രത്യേക താൽപര്യമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യുടെ കാര്യത്തിൽ ഇങ്ങനെയൊരു നിലപാട് തുടർന്നുകൊണ്ടുപോകാൻ സാധിക്കുകയില്ല. ഇതിന്മേൽ നമ്മൾ ആദർശവും രാഷ്ട്രീയവും പറഞ്ഞതുകൊണ്ട് യാതൊരു

കാര്യവുമില്ല. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു പൊതു മേഖലാ സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. പെൻഷനും ശമ്പളവും നൽകാൻ സാധിക്കാതെ കെ.എസ്.ആർ.ടി.സി. ദുരന്തത്തിലേക്ക് നീങ്ങുകയാണ്. ആയതിനാൽ കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കാൻ ഒരു ശാസ്ത്രീയമായ ഇടപെടലുണ്ടാകണം. അതൊടൊപ്പംതന്നെ ഇന്നുവരെ കേരളത്തിൽ ഒരു ട്രാൻസ്പോർട്ട് നയം ഉണ്ടായിട്ടില്ല. അതിനുള്ള ശ്രമവും നടത്തണം. ഇതുപോലെ വളരെ പ്രധാനപ്പെട്ട ഒരു സ്ഥാപനമായ കെ.എസ്.ഇ.ബി.-ക്ക് സർക്കാർ നൽകാനുള്ള പണം വളരെ വളരെ വലുതാണ്. പലപ്പോഴും ചാർജ് വർദ്ധിപ്പിക്കുമ്പോൾ കുറച്ച് തുക ഗവൺമെന്റ് നൽകാമെന്ന് പറയും. ഇങ്ങനെ കോടിക്കണക്കിന് രൂപ ഗവൺമെന്റ് കൊടുക്കാനുണ്ട്. സർക്കാർ കൊടുക്കാനുള്ള തുക നൽകിയാൽ കെ.എസ്.ഇ.ബി.യെ രക്ഷിക്കാം. കെ.എസ്.ഇ.ബി. യുടെ കാര്യത്തിലും കെ.എസ്.ആർ.ടി.സി. യുടെ കാര്യത്തിലും ബഹുമാനപ്പെട്ട അങ്ങ് പ്രത്യേകമായി താൽപര്യമെടുക്കണം. അങ്ങയുടെ പ്രസംഗം അവസാനിപ്പിച്ചത് ഒരു വലിയ സാരോപദേശത്തോടുകൂടിയാണ്. ആ സാരോപദേശം എല്ലാവരും സ്വീകരിക്കപ്പെടട്ടേ, അങ്ങയുടെ ചുറ്റുമുള്ള ഞങ്ങളെല്ലാവരും സ്വീകരിക്കപ്പെടട്ടെ, ഞങ്ങളെല്ലാവരുടെയും മനസ്സ് അങ്ങയുടെ സാരോപദേശം കേട്ട് വിശാലമാകട്ടെ. നമ്മുടെ ചിന്തകൾക്ക് വസന്തത്തിന്റെ സൗരഭ്യവും നമ്മുടെ കർമ്മങ്ങൾക്ക് വരദാനങ്ങളുടെ വിശുദ്ധിയും ഉണ്ടാകട്ടെ. നമ്മുടെ വാക്കുകൾ വാഗ്വാർത്ഥങ്ങളുടെ വാത്മീകങ്ങളാകട്ടെ. നമ്മുടെ യാത്രകൾ വാഗ്ദാനങ്ങൾ നിറവേറ്റാനുള്ള തീർത്ഥയാത്രകളാകട്ടെ. ബഹുമാ

നപ്പെട്ട ചെയറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ള നമ്മളെല്ലാവരും ആഗ്രഹിക്കുന്നത് വിശുദ്ധമായ ഒരു പൊതു ജീവിതത്തിന്റെ സാക്ഷിപത്രങ്ങളാകാനാണ്. ഞങ്ങളെ പഠിപ്പിച്ചതും അതാണ്. വിശുദ്ധമായ ഒരു പൊതു ജീവിതത്തിന്റെ സാക്ഷിപത്രത്തിനുവേണ്ടി കേരളീയ സമൂഹം കാത്തുനിൽക്കുകയാണ്. പ്രിയപ്പെട്ട മാണിസാർ, അങ്ങയുടെ ഇടപെടൽ, അങ്ങയുടെ സന്ദർഭോചിതമായ നടപടികൾ ആ വിശുദ്ധമായ രാഷ്ട്രീയത്തിന്, സാമൂഹ്യ ജീവിതത്തിന് അടിത്തറ പാകുന്നതാകട്ടെ എന്നു കൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പരിപൂർണ്ണമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> സർ, ഞാൻ ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുകയാണ്. ഈ ബഡ്ജറ്റിന് യാതൊരു വിധത്തിലുള്ള ദിശാബോധമോ, ഐക്യമോ, രാഷ്ട്രീയ നേതൃത്വത്തിന്റെ കൂട്ടുത്തരവാദിത്വമോ, ദീർഘവീക്ഷണമോ ഇല്ല. മന്ത്രിസഭയിലെ അംഗങ്ങൾ പരസ്പരം ബഡ്ജറ്റിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ പരസ്യമായി പുറത്ത് പറയുന്നത് നമ്മൾ കേൾക്കുകയാണ്. മന്ത്രിസഭയിലെ ഒരു അംഗത്തോട് രാജിവച്ച് പോകാൻ ഒരു ഘടകകക്ഷിയുടെ ജനറൽ സെക്രട്ടറി പരസ്യമായി മാധ്യമങ്ങളിലൂടെ ആവശ്യപ്പെട്ടു. ധാരാളം എം.എൽ.എ.മാർ ഇതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ചില എം.എൽ.എ.മാർ നിയമസഭയ്ക്കകത്ത് എതിർക്കും, ചിലർ ഭരണ പക്ഷത്തിരുന്നുകൊണ്ട് ഞങ്ങൾ പ്രസംഗിക്കുന്നില്ലായെന്ന് മാധ്യമങ്ങളോട് പറയും. ഇതിലൂടെ കൂട്ടുത്തരവാദിത്വമില്ലാത്ത ഒരു

ബഡ്ജറ്റാണിതെന്ന് തെളിഞ്ഞിരിക്കുകയാണ്. ഇത്രമാത്രം അനൈക്യവും ശിഥിലീകരണവും ഉണ്ടായ ഒരു സന്ദർഭം ഇതിനുമുമ്പ് നമ്മുടെ കേരളത്തിൽ ഉണ്ടായിട്ടില്ല. മഹാകവി പൂന്താനത്തിന്റെ ജ്ഞാനപ്പാനയിലെ വരികളെ അനുസ്മരിപ്പിക്കുന്ന മട്ടിലാണ് ഭരണകക്ഷി എം.എൽ.എ.മാരുടെ കാട്ടിക്കൂട്ടലുകൾ. ചില ചഞ്ചലാക്ഷിമാരുടെ പിറകെ നടക്കുന്ന കുഞ്ചിരാമൻമാരായി ഇവർ നടക്കുകയാണ്. ചില ആളുകളാണെങ്കിൽ പുകഴ്ത്താൻ വേണ്ടിമാത്രം പ്രസംഗിക്കുകയാണ്. കോവിലകങ്ങളിൽ സേവ പിടിക്കാൻ വേണ്ടി നടക്കുന്ന പുകഴ്ത്തലുകാർ, ചഞ്ചലാക്ഷിമാരുടെ പുറകെ നടക്കുന്ന കുഞ്ചിരാമൻമാർ ബ്രഹ്മാവിനെക്കാളും വലുതാണെന്ന് കരുതി,

**"ബ്രാഹ്മണ്യം കൊണ്ടു കുന്തിച്ചു കുന്തിച്ചു**

**ബ്രഹ്മാവുമെനിക്കൊക്കായെന്നും ചിലർ"**

എന്ന് പൂന്താനം എഴുതിയതുപോലെ ബ്രഹ്മാവിനെക്കാളും വലുതാണെന്ന് കരുതുന്ന ആളുകളുണ്ട്. ഈ ഗവൺമെന്റിന്റെ നയമെന്താണെന്നുള്ളത് നമുക്ക് മനസ്സിലാകുന്നില്ല. ഗൾഫിൽ നിന്നും വന്ന പിതാവ് പെട്ടി തുറക്കുമ്പോൾ ഓടിക്കൂടി സോപ്പും ഈത്തപ്പഴവും പെന്നും പൊന്നും കയ്യിട്ട് വാരി ഓടിപ്പോകുന്ന ബന്ധുക്കളെപ്പോലെയുള്ള ഘടകകക്ഷികളാണ് ഇവിടെയുള്ളത്. എന്താണ് ഇവിടെ നടന്നതെന്ന് ആർക്കും അറിയില്ല. കാരണം ഘടക

കക്ഷികളിൽ ലീഗിന്റെ കുറച്ച് ആളുകൾ തൃപ്തരാണ്. ഇവിടെ ശ്രീ. എൻ.എ. നെല്ലിക്കുന്ന് തൃപ്തനല്ല. കിട്ടിയവർ കയ്യിട്ട് വാരിക്കൊണ്ടുപോയി. ബഡ്ജറ്റ് എന്ന് പറയുന്നത് ഒരു വരവ് ചെലവ് കണക്കല്ല. അതൊരു സാമ്പത്തിക നയ പ്രഖ്യാപന രേഖയാണ്. കിട്ടുന്നവർക്ക് വാരിയെടുത്തുകൊണ്ട് പോകാവുന്ന ഒരു ഏർപ്പാടായി ബഡ്ജറ്റിനെ തരംതാഴ്ത്താൻ പാടില്ല. ഒരു സർക്കാരിന്റെ ദർശനം, ആസൂത്രണ മികവ്, ദീർഘ വീക്ഷണം ഇതെല്ലാം അതിൽ വെളിപ്പെടണം. കണക്ക് പുസ്തകത്തിലെ കണക്കപ്പിള്ളയുടെ പണി മാത്രമാണ് ശ്രീ. കെ. എം. മാണി ഇവിടെ നിർവ്വഹിച്ചിട്ടുള്ളത്. ഒരു അടിസ്ഥാന പ്രശ്നങ്ങളും ഇതിൽ അഭിസംബോധന ചെയ്തിട്ടില്ല. ഞാൻ എല്ലാ കാര്യങ്ങളും പറയുന്നില്ല. ഏറ്റവും പ്രധാനപ്പെട്ട ചില വിഷയങ്ങൾ മാത്രമേ ഞാനിവിടെ സൂചിപ്പിക്കുന്നുള്ളൂ. ഇവിടെ പ്രസംഗിച്ച അംഗങ്ങൾ രാവിലെ മുതൽ പറഞ്ഞുകൊണ്ടിരിക്കുന്നത് വളർച്ചാനിരക്കിന്റെ പ്രാധാന്യത്തെക്കുറിച്ചാണ്. ഈ വളർച്ച ആരുടെ ചെലവിലാണ്? കേരളം 9.5 ശതമാനം വളർച്ചാനിരക്ക് നേടി ദേശീയ വളർച്ചാനിരക്കിനേക്കാൾ മുന്നോട്ട് പോയി എന്ന് ശ്രീ. രമേശ് ചെന്നിത്തല മുതൽ ശ്രീ. റ്റി.എൻ. പ്രതാപൻവരെയുള്ള അംഗങ്ങൾ പറഞ്ഞു. 55,000 കോടി രൂപ കേരളത്തിലേക്ക് അയച്ചുകൊണ്ടിരിക്കുന്ന പ്രവാസി മലയാളികളുടെ വിയർപ്പിന്റെ ചെലവിലാണ് ഈ വളർച്ച. ആ വളർച്ചയിൽ കേരളാ ഗവൺമെന്റിനും കേരളത്തിനും പ്രത്യേകിച്ച് അഭിമാനിക്കാനൊന്നുമില്ല. വളർച്ചാ നിരക്കിനെക്കുറിച്ച് പറയുമ്പോൾ ആ വളർച്ചയുടെ പങ്കാളിത്തത്തെക്കുറിച്ച്......, ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. വളർച്ചാ

നിരക്കിന്റെ 70 ശതമാനവും സേവന മേഖലയിലാണെന്ന് പെർസന്റേജ് പരിശോധിച്ചാൽ നമുക്ക് അറിയാൻ സാധിക്കും. ഇവിടെ ഏറ്റവും അടിസ്ഥാനപരമായി ഉയർന്നുവന്ന ചില പ്രധാനപ്പെട്ട പ്രശ്നങ്ങളുണ്ട്. അതിൽ ഒന്നാമത്തേത് വൈദ്യുതിയാണ്. ലോകത്തിലെ മനുഷ്യവിഭവ വികസന സൂചിക പരിശോധിക്കുമ്പോൾ അവരുടെ ജീവിത നിലവാരത്തിന്റെ താരതമ്യം കണക്കാക്കുന്നത് അവർ എത്ര വൈദ്യുതി ഉപഭോഗം ചെയ്യുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ്. ആ കണക്ക് നോക്കുമ്പോൾ കേരളം വൈദ്യുതി ഉപഭോഗത്തിൽ ലോക ശരാശരിയെക്കാളും, ദേശീയ ശരാശരിയെക്കാളും വളരെ പുറകിലാണ്. വൈദ്യുതി ഉപഭോഗത്തിൽ ബീഹാറിനെക്കാളും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളെക്കാളും പുറകിൽ നിൽക്കുന്ന ഒരു സംസ്ഥാനമായി കേരളം ഇന്ന് മാറിയിരിക്കുകയാണ്. 55 മില്യൻ യൂണിറ്റ് വൈദ്യുതി നമുക്ക് ഒരു ദിവസം ആവശ്യമുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഈ 55 മില്യൻ യൂണിറ്റ് വൈദ്യുതി ലഭ്യമല്ലാത്തതിന്റെ പ്രയാസങ്ങളെക്കുറിച്ച് ഇലക്ട്രിസിറ്റി ബോർഡ് ചെയർമാനും വൈദ്യുതി മന്ത്രിയും പ്രസംഗിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി നമുക്ക് 2578 കോടി രൂപ നഷ്ടമുണ്ടെന്ന് അവർ തന്നെ പറയുകയാണ്. കടക്കെണിയിൽപ്പെട്ട കെ.എസ്.ഇ.ബി.യെ കരകയറ്റാൻ എന്ത് പദ്ധതിയാണ് ഈ ബഡ്ജറ്റിലുള്ളത്. നിങ്ങൾ വൈദ്യുതി ഉപയോഗിക്കാതിരിക്കണമെന്നാണ് ഇതിന് പ്രതിവിധിയായി ഇപ്പോൾ ഗവൺമെന്റ് പറയുന്നത്. പരമാവധി ഉപഭോഗം കുറയ്ക്കുന്നവർക്ക് സമ്മാനം നൽകുമെന്നാണ് പറയുന്നത്. ഈ നിലയ്ക്കാണോ ഇത്തരം

പ്രശ്നങ്ങൾ പരിഹരിക്കേണ്ടത്? വൈദ്യുതിയുടെ ആളോഹരി ഉപഭോഗത്തിൽ ഇന്ത്യ 157-ാം സ്ഥാനത്താണ്. 672 യൂണിറ്റാണ് ഇന്ത്യ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ലോക ശരാശരി 2754 യൂണിറ്റാണ്. അമേരിക്കയിൽ 12669 യൂണിറ്റും, കുവൈറ്റ്, സ്വീഡൻ, കാനഡ എന്നിവിടങ്ങളിൽ 14000 യൂണിറ്റും ഐസ്‌ലാന്റ് 30000 യൂണിറ്റും യു.എ.ഇ. 12000 യൂണിറ്റുമാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ അത് 470 യൂണിറ്റ് മാത്രമാണ്. കേരളം അമിത ഉപഭോഗമുള്ള ഒരു സംസ്ഥാനമല്ല. കേരളത്തിലെ ഗാർഹിക ഉപഭോഗം 80 ശതമാനവും വ്യാവസായിക മേഖലയ്ക്കുവേണ്ടിയുള്ള ഉപഭോഗം പത്ത് ശതമാനത്തിൽ താഴെയുമാണ്. വ്യാവസായിക ഉപഭോഗം പത്ത് ശതമാനത്തിൽ താഴെ നിൽക്കുന്ന കേരളത്തിൽ വൈദ്യുതി പരിഹാരത്തിനായി എന്ത് നിർദ്ദേശമാണ് ഈ ബഡ്ജറ്റിലുള്ളത്? വൈദ്യുതിയില്ലാതെ എന്ത് വ്യവസായമാണ് കേരളത്തിൽ വരാൻ പോകുന്നത്? കൊച്ചി എൽ.എൻ.ജി. ടെർമിനൽ, വല്ലാർപാടം കണ്ടെയിനർ ടെർമിനൽ, റെയിൽവേ വൈദ്യുതീകരണം, തുറമുഖങ്ങൾ, ഇൻഫോപാർക്ക്, സ്മാർട്ട് സിറ്റി, സൈബർ പാർക്ക്, ടെക്നോപാർക്ക് വികസനം, കൊച്ചി മെട്രോ, മോണോ റെയിൽ, കൃഷി വ്യാപനം എന്നിവയ്ക്കെല്ലാം വൈദ്യുതി വേണം. ഇതിൽ പവർ ജനറേഷനുവേണ്ടി എന്ത് തുകയാണ് നീക്കിവച്ചത്? ഇവിടെ ഉൽപ്പാദനത്തിൽ ശ്രദ്ധിച്ചില്ല. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന ഒരു കാലഘട്ടത്തിലും പവർ ജനറേഷൻ ശ്രദ്ധിക്കാറില്ല. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലഘട്ടത്തിൽ, 1991-96

-ൽ 17.5 മെഗവാട്ടും 2001-2006-ൽ 22.5 മെഗാവാട്ട് വൈദ്യുതിയുമാണ് ഉൽപ്പാദിപ്പിച്ചത്. 1996-2001 -ൽ 1087 മെഗാവാട്ട് വൈദ്യുതിയും 2006-2011 -ൽ 296 മെഗാവാട്ട് വൈദ്യുതിയുമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ഉൽപ്പാദിപ്പിച്ചത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. 400 മെഗാവാട്ട് വൈദ്യുതിയുടെ കുറവ് നമുക്കുണ്ട്. 60 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിലൂടെ നേടുമെന്നാണ് ഈ ബഡ്ജറ്റിൽ പറയുന്നത്. സൗരോർജ്ജത്തിലൂടെ 60 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനായി ബഡ്ജറ്റിൽ നീക്കിവെച്ചത് 8 കോടി രൂപയാണ്. ഒരു മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ചെലവഴിക്കേണ്ടത് പത്ത് കോടി രൂപയാണ്. ഇത്തരത്തിൽ സൗരോർജ്ജത്തിലൂടെ എങ്ങനെയാണ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നത്? എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൊണ്ടുവന്ന ചീമേനി പദ്ധതി എവിടെപ്പോയി? വൈതരണി പാടങ്ങൾ എന്തായി, പരിസ്ഥിതി ക്ലിയറൻസുവരെ എത്തിച്ച ആ പദ്ധതി അപ്രത്യക്ഷമായില്ലേ? 3500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള 30 വൈദ്യുത പദ്ധതികൾ ആസൂത്രണം ചെയ്തത് മുഴുവൻ വഴിയിലിട്ടു. 97 സബ്സ്റ്റേഷൻ, 28000 ട്രാൻസ്ഫോർമർ, ഒന്നരക്കോടി സി.എഫ്.എൽ. ബൾബുകൾ, പവർകട്ടും ലോഡ് ഷെഡ്ഡിംഗും താരിഫ് വർദ്ധനയുമില്ലാത്ത 5 വർഷം, 4500 കോടി രൂപയുടെ കടം 3000 കോടി രൂപയിലേക്ക് ചുരുക്കൽ......., കെ.എസ്.ഇ.ബി. റഗുലേറ്ററി കമ്മീഷനുമുമ്പിൽ ഇപ്പോൾ ഈ സഹ

ചര്യങ്ങളെല്ലാം കഴിഞ്ഞിട്ട് 1500 കോടി രൂപയുടെ ചാർജ്ജ് വർദ്ധനവിനാണ് കെ.എസ്.ഇ.ബി. അപേക്ഷിച്ചിരിക്കുന്നത്.

ഒരു ഭാഗത്ത് കെ.എസ്.ഇ.ബി. റെഗുലേറ്ററി കമ്മീഷന്റെ 1500 കോടി രൂപയുടെ ചാർജ്ജ് വർദ്ധനവിനുള്ള അഭ്യർത്ഥന നിലനിൽക്കുമ്പോൾതന്നെ മറുഭാഗത്ത് ബഡ്ജറ്റിൽ അതിനായി പത്ത് പൈസപോലും നീക്കിവച്ചിട്ടില്ല. ഇതിനർത്ഥം കേരളത്തിലെ വൈദ്യുതിരംഗത്ത് ഈ ഗവൺമെന്റ് പണം മുടക്കുകയില്ലെന്നും കാർഷിക-വ്യവസായ വികസനം സ്തംഭിക്കട്ടെ എന്നതുമാണ്. ആകെ 50 കോടി രൂപയാണ് വൈദ്യുതി വികസനത്തിനു വേണ്ടി ഇവിടെ നീക്കിവച്ചിട്ടുള്ളത്. ദീർഘവീക്ഷണമില്ലാതെ വളരുന്ന സമൂഹ ത്തിന് ഏറ്റവും അനിവാര്യമായിട്ടുള്ള വൈദ്യുതിക്കുവേണ്ടി നീക്കിവച്ചി രിക്കുന്ന തുകയുടെ സ്ഥിതിയാണിത്. വിലക്കയറ്റമാണ് മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം. വിലക്കയറ്റം നേരിടുന്നതിനായി ഇവിടെ നീക്കിവച്ചിരിക്കുന്ന തുക എത്രയാണ്; കേന്ദ്ര ഗവൺമെന്റിന്റെ യൂണിയൻ ബഡ്ജറ്റ് കഴിഞ്ഞപ്പോൾ സബ്സിഡി തുകകൾ വെട്ടിക്കുറച്ചു. കേന്ദ്ര ഗവൺമെന്റിന്റെ യൂണിയൻ ബഡ്ജറ്റിന്റെ അടിസ്ഥാന കാതലെന്താണ്? സബ്സിഡി തുകകളെല്ലാം വൻ തോതിൽ വെട്ടിക്കുറച്ചു. സബ്സിഡി തുകകൾ ഏതാണ്ട് പത്ത് ശതമാനത്തോളം കുറഞ്ഞു. ഇക്കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ ഭക്ഷ്യ സബ്സിഡിയിൽ 5000 കോടി രൂപയും വളം സബ്സിഡിയിൽ 1000 കോടി രൂപയുമാണ് വെട്ടിക്കുറച്ചത്. പെട്രോൾ സബ്സിഡിയിൽ 29880 കോടി രൂപ യുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് പത്ത് ശതമാനം

സബ്സിഡി വെട്ടിക്കുറച്ചപ്പോൾ രാജ്യത്ത് വലിയ വിലക്കയറ്റമുണ്ടായി. ഈ വിലക്കയറ്റത്തെ നിയന്ത്രിക്കുന്ന സമീപനമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരുന്നതെങ്കിൽ ആ വിലക്കയറ്റത്തെ ത്വരിതപ്പെടുത്തുവാനും ഈ നയങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുവാനുമുള്ള സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി 100 കോടി രൂപ മാത്രമാണ് പൊതുവിതരണ സമ്പ്രദായത്തിനായി നീക്കിവച്ചിട്ടുള്ളത്. അതിൽ റേഷൻ കാർഡിന്റെ ഡിജിറ്റലൈസേഷന്റെ അൻപത് കോടി രൂപ കൂടി ചേർത്ത് എന്ത് പൊതുവിതരണ സംവിധാനമാണ് ഇവിടെ നടക്കാൻ പോകുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇതിനായി ശരാശരി 205 കോടി രൂപ എല്ലാവർഷവും നീക്കിവച്ചിരുന്നു. കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രിയെന്നതുപോലെ 40,000 കോടി രൂപയുടെ സബ്സിഡി പാവപ്പെട്ട ജനങ്ങളിൽനിന്ന് വെട്ടിക്കുറച്ച കേന്ദ്ര ഗവൺമെന്റിന്റെ കൂടെച്ചേർന്ന് കേരളത്തിലെ പൊതുവിതരണ സമ്പ്രദായം തകർക്കുന്ന സമീപനം ഒരു ഭാഗത്ത് നടത്തുകയും മറുഭാഗത്ത് വൻതോതിലുള്ള അഴിമതി നടത്തുകയും ചെയ്യുന്നു. ആ അഴിമതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ഇവിടെ പറഞ്ഞുകഴിഞ്ഞു. പാവപ്പെട്ട ആളുകൾക്ക് വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.. ഗോഡൗണുകളിൽനിന്ന് എടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഹോൾസെയിൽ ഗോഡൗണുകളിൽ കൊണ്ടുപോയി കെട്ടിവയ്ക്കുകയും ഹോൾസെയിൽ ഗോഡൗണുകളിൽനിന്ന് അരി വിതരണം ചെയ്യുന്നതായി രേഖയുണ്ടാക്കുന്നു, ആ രേഖ ഉപയോഗപ്പെടുത്തി അത് നേരെ സ്വകാര്യ

മാർക്കറ്റിലേക്ക് കൊണ്ടുപോവുകയും ചെയ്യുന്നു. റേഷൻ കടക്കാർക്ക് അത് കിട്ടിയതായി രേഖ, റേഷൻ കടക്കാർ അത് വിതരണം ചെയ്തായി രേഖ, ഇങ്ങനെ രേഖകളിലൂടെ മാത്രം വിതരണം ചെയ്യുന്ന പൊതുവിതരണ സമ്പ്രദായത്തിന്റെ വിശദാംശങ്ങൾ പുറത്തുകൊണ്ടുവന്നത് ഞങ്ങളല്ല, മലയാള മനോരമ ദിനപ്പത്രമാണ്. കേരളത്തിലെ ഭക്ഷ്യവിതരണ-പൊതു വിതരണ രംഗങ്ങളിലുള്ള ഇപ്പോഴത്തെ അവസ്ഥയെന്താണ്; എങ്ങനെയാണ്, ആർക്കാണ് ഇവിടെ അരികൊടുക്കുന്നത്; ഭക്ഷ്യ-പൊതുവിതരണ സമ്പ്രദായ ത്തിന്മേൽ സർക്കാരിന്റെ നിലപാടെന്താണെന്നതിനെപ്പറ്റി ആർക്കും അറിയില്ല. 28-01-2013-ന് ക്യാബിനറ്റ് കഴിഞ്ഞ് മുഖ്യമന്ത്രി നടത്തിയ വിശദീകരണത്തെ പ്പറ്റി പറയാം. ഒരു യൂണിവേഴ്സൽ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ആവശ്യമുള്ള കേരളത്തിലെ ഭക്ഷ്യവിതരണ രംഗത്ത് എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെട്ടി ട്ടുള്ള 5.92 ലക്ഷം ആളുകൾക്ക് കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ 35 കിലോഗ്രാം അരി, ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന 14.5 ലക്ഷം ആളുകൾക്ക് കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ 25 കിലോഗ്രാം അരി, കിലോഗ്രാമിന് രണ്ട് രൂപ നിരക്കിൽ പത്ത് കിലോഗ്രാം ഗോതമ്പ്, കിലോ ഗ്രാമിന് 6.20 രൂപ നിരക്കിൽ അഞ്ച് കിലോ അരി, കിലോഗ്രാം 4.70 രൂപയ്ക്ക് ഗോതമ്പ് ഈ നിരക്കിലാണ് നൽകുന്നത്. ബി.പി.എൽ.കാർഡില്ലാത്ത ബി.പി.എൽ. പട്ടികയിലുള്ള 11.80 ലക്ഷം ആളുകൾക്കും നാലാം വിഭാഗത്തിൽപ്പെട്ട 30.43 ലക്ഷം കാർഡുടമകൾക്കും വെവ്വേറെ സിസ്റ്റം. കേന്ദ്ര സബ്സിഡിയോടുകൂടിയ അഞ്ചാം വിഭാഗത്തിൽപ്പെടുന്ന 17.55 ലക്ഷം

എ.പി.എൽ. കാർഡുടമകൾക്ക് കിലോഗ്രാമിന് 8.90 നിരക്കിൽ 10 കിലോഗ്രാം അരിയും 6.70 രൂപ നിരക്കിൽ മൂന്നുകിലോഗ്രാം ഗോതമ്പുമാണ് നൽകുന്നത്. റേഷൻ കടകളിൽ എന്താണ് നടക്കുന്നതെന്ന് ആർക്കും അറിയില്ല. ഇങ്ങനെ അഞ്ച് വിഭാഗത്തിലായി പലതരത്തിലുള്ള അരിയും ഗോതമ്പും ഭക്ഷ്യ ധാന്യങ്ങളും വിതരണം ചെയ്യുന്നതായുള്ള മന്ത്രിസഭാ തീരുമാനം പത്രങ്ങ ളിലൂടെ അറിയുന്നതല്ലാതെ സാധാരണക്കാരായ ആളുകൾക്ക് വേറൊന്നും അറിയില്ല. ഗുണഭോക്താക്കൾ ഏത് വിഭാഗത്തിൽപ്പെട്ടവരാണ്, ഏത് വിലയ്ക്കുള്ള അരിയാണ് കിട്ടാൻപോകുന്നതെന്ന് പറയുന്ന സ്ഥിതിയില്ല. വിപണി ഇടപെടലെന്നുപറഞ്ഞ് സിവിൽ സപ്ലൈസ് നീക്കിവയ്ക്കുന്ന പണം അഴിമതിക്കാർ വെട്ടിക്കൊണ്ടുപോകുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലനിൽക്കുന്നത്. . മൂന്നാമതായി, വിലക്കയറ്റം നേരിടുന്നതിൽ യാതൊരു തത്വദീക്ഷയുമില്ലാത്ത, പൊതുവിതരണ സമ്പ്രദായത്തിന് പണം നീക്കി വയ്ക്കാത്ത, അടിസ്ഥാനപ്രശ്നങ്ങളോട് പുറംതിരിഞ്ഞുനിൽക്കുന്ന ബഡ്ജറ്റാണിതെന്ന് തെളിയിക്കുന്നതാണ് വിലക്കയറ്റവുമായി ബന്ധപ്പെട്ടും പൊതുവിതരണ സമ്പ്രദായവുമായി ബന്ധപ്പെട്ടുമുള്ള ഈ ഗവൺമെന്റിന്റെ സമീപനം. നാലാമത്തെ കാര്യം തൊഴിലുമായി ബന്ധപ്പെട്ടതാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുള്ളത് കേരളത്തിലാണെ ന്നാണ് കേന്ദ്രഗവൺമെന്റിന്റെ ഇക്കണോമിക് റിവ്യൂവിൽ പറയുന്നത്. ഈ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടിയുള്ള എന്ത് സമീപനമാണ് ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവയ്ക്കുന്നത്? കേരളത്തിലെ തൊഴിലില്ലായ്മ

നിരക്ക് 9.9 ശതമാനത്തിൽ നിൽക്കുമ്പോഴും 25 ലക്ഷത്തിലേറെ മറുനാടൻ തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നുണ്ടെന്നാണ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ നടത്തിയ സർവ്വേയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. 333 ലക്ഷം മലയാളികളുള്ള കേരളത്തിൽ 20-നും 64-നും ഇടയിൽ പ്രായപരിധിയുള്ള 87 ലക്ഷം ആളുകളാണുള്ളത്. ആ വർക്ക്ഫോഴ്സിൽ 43 ലക്ഷം പേരാണ് ഇവിടെയുള്ളത്. ബാക്കി 25 ലക്ഷം ആളുകളും പുറത്തുനിന്നും വന്നവരാണ്. ഇവിടെ അഭ്യസ്തവിദ്യരുടെ തൊഴിൽരാഹിത്യം ഒരുഭാഗത്തും പുറത്തുനിന്നുള്ള തൊഴിലാളികൾ മറു ഭാഗത്തും - വളർച്ചാനിരക്കിന്റെ അർത്ഥശൂന്യത വെളിപ്പെടുത്തുന്ന ഒരു കണക്കാണിത്. ഇവരെ അഡ്രസ് ചെയ്യുന്ന എന്ത് പദ്ധതിയാണ് ഈ ബഡ്ജറ്റിലുള്ളത്? പെൻഷൻപ്രായം വർദ്ധിപ്പിക്കുന്നതിനും സർക്കാർ മേഖലയിലും സിവിൽ സർവ്വീസിലുമുള്ള തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തുന്നതിനുമുള്ള പ്രതിവിധിയായി വലിയവലിയ പദ്ധതികൾ ഇവിടെ കൊണ്ടുവരികയും അതിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ പ്രധാനം ചെയ്യുകയും ചെയ്യുന്ന സുസ്ഥിര തൊഴിൽ വികസന പദ്ധതി നടപ്പിലാക്കുമെന്നും കഴിഞ്ഞതവണത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. ഇപ്പോൾ അതിന്റെ സ്ഥിതിയെന്താണ്? അത് പൂർണ്ണമായി പരാജയപ്പെട്ടുവെന്നാണ് ഇത്തവണത്തെ ഇക്കണോമിക് റിവ്യൂവിലെ 126, 127 എന്നീ പേജുകളിൽ വളരെ കൃത്യമായി പറയുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തൊഴിൽവികസന പദ്ധതി പൂർണ്ണമായും പരാജയപ്പെട്ടു. ഭഗവദ്ഗീതാവചനം ഉദ്ധരിച്ചുകൊണ്ടാണ് ശ്രീ.

കെ. എം. മാണി അദ്ദേഹത്തിന്റെ ബഡ്ജറ്റ് അവസാനിപ്പിച്ചത്. ഭഗവദ്ഗീത യഥാർത്ഥത്തിൽ അർജ്ജുനന് നൽകിയൊരു പ്രചോദനമായിരുന്നു. നന്മയ്ക്കുവേണ്ടിയുള്ള യുദ്ധത്തിൽ അർജ്ജുനന് നൽകിയൊരു പ്രചോദനമായിരുന്നു. അർജ്ജുനന്റെ അസ്ത്രത്തിന് നേർവിപരീതമായിട്ടാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. അർജ്ജുനന്റെ അസ്ത്രം എടുക്കുമ്പോൾ ഒന്നും തൊടുക്കുമ്പോൾ പത്തും പോകുമ്പോൾ ആയിരവും ലക്ഷ്യത്തിലെത്തുമ്പോൾ പതിനായിരവുമാണ്. ഇവിടെ ഒരുലക്ഷം ആളുകൾക്ക് പദ്ധതി പ്രഖ്യാപിച്ച മാണി സാറിന്റെ അസ്ത്രം നേരെ വിപരീത ഫലമാണുളവാക്കിയിരിക്കുന്നത്. തൊടുക്കുമ്പോൾ ഒരു ലക്ഷ്യമായിരുന്നു. പുറപ്പെടുമ്പോൾ പതിനായിരം അപേക്ഷകളായി, യാത്രയിൽ 4015 ആയി, ലക്ഷ്യത്തോടടുക്കുമ്പോൾ 816 ആയി, ലക്ഷ്യസ്ഥാനം 313 ആയി, തൊട്ടപ്പോൾ അത് 22 ആയി ,കഴിഞ്ഞപ്പോൾ അത് പൂജ്യമായി. ഇത് എന്റെ കണക്കല്ല, ഇന്നലെ കിട്ടിയ ചോദ്യത്തിനുള്ള ഉത്തരമാണ്. വികസന പദ്ധതിയുടെ ഭാഗമായി തൊഴിൽ ലഭിച്ചവരുടെ എണ്ണം 22 ആണ്. ഒരു ലക്ഷം ആളുകൾക്ക് തൊഴിലവസരം നൽകുമെന്ന് പ്രഖ്യാപിച്ചൊരു പദ്ധതിയിലൂടെ വെറും 22 പേർക്കാണ് തൊഴിൽ ലഭിച്ചിരിക്കുന്നത്. തൊഴിൽ മേഖലാ പദ്ധതിക്ക് ആസൂത്രണമില്ല. എല്ലാവരും കേരളത്തിന്റെ വളർച്ചാനിരക്കിനെക്കുറിച്ച് ആഹ്ലാദിച്ചുക്കൊണ്ടിരിക്കുമ്പോഴും അതിന്റെ പ്രധാനപ്പെട്ടൊരു ഘടകമായ പ്രവാസികൾ 55,000 കോടി രൂപ അയയ്ക്കുന്നതായിട്ടാണ് ഇക്കണോമിക് റിവ്യൂവിൽ പറയുന്നത്. ഈ ബഡ്ജറ്റിൽ പ്രവാസികൾക്കുവേണ്ടി എന്താണ് നീക്കിവച്ചിട്ടുള്ളത്? ഇത് മലപ്പുറം ബഡ്ജറ്റാ

ണെന്ന് ചില സുഹൃത്തുക്കൾ ഇവിടെ പറഞ്ഞു. എനിക്കതിനോട് യോജിപ്പില്ല. ഇത് മലപ്പുറം ബഡ്ജറ്റല്ല. ഇത് ലീഗിന് താൽപ്പര്യമുള്ള ചില പ്രത്യേക പ്രദേശ ങ്ങളിലേക്കുള്ള ബഡ്ജറ്റാണ്. മലപ്പുറത്തെ രണ്ട് താലൂക്കിനെ വരച്ചിട്ടുണ്ട്. നിലമ്പൂർ താലൂക്കിന് ഒരു വരകൊടുത്തപ്പോൾ ഞാനും ശ്രീ. കെ. ടി. ജലീലുമുള്ള പൊന്നാനി താലൂക്കിന് ഒരു വരകൊടുത്തു. രണ്ട് താലൂക്കി നേയും വരച്ചുമാറ്റി ഇടയിലുള്ള ചില പ്രത്യേക സ്പോട്ടിനെയാണ് ഈ ബഡ്ജറ്റ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഇത് മലപ്പുറം ബഡ്ജറ്റല്ല, ഇത് എം.എം. ബഡ്ജറ്റാണ്. മാണിയെ മണിയടിക്കുന്നവർക്കുള്ള ബഡ്ജറ്റാണ്. അങ്ങനെ മണിയടിക്കുന്ന ആളുകൾക്കുമാത്രമേ കാര്യമുള്ളൂ. ഇവിടെ ആക്രോശിക്കുന്ന, നല്ല ശബ്ദമുണ്ടാക്കുന്ന ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിക്ക് കോളേജ് കൊടുത്തപ്പോൾ, സൗമ്യനായ ശ്രീ. എം. ഉമ്മറിന്റെ മണ്ഡലമായ മലപ്പുറത്തെ ഏറ്റവും പ്രധാനപ്പെട്ടൊരു വികാരമായിരുന്നു ഫുട്ബോൾ അക്കാഡമി. ഇന്ത്യയിൽ ആദ്യത്തെ ഫുട്ബോൾ അക്കാഡമിയായി മഞ്ചേരി യിൽ അത് വളർന്നുവരികയാണ്. മഞ്ചേരിയിലെ അത്തരമൊരു ഫുട്ബോൾ അക്കാഡമി മഞ്ചേരിയിൽ വളർന്നുവരികയാണ്. ആ മഞ്ചേരിയിലെ ഫുട്ബോൾ അക്കാഡമിക്ക് പത്ത് പൈസപോലും നീക്കിവച്ചിട്ടില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ചില ആളുകൾ പരാതി പറഞ്ഞത് ഇത് മാണിയെ മണിയടി ക്കുന്നവർക്കുള്ള ബഡ്ജറ്റെന്നല്ല മാണി-മാർക്സിസ്റ്റ്-എം.എം ബഡ്ജെറ്റാണെ

ന്നാണ്. മാർകിസ്റ്റ് പാർട്ടിക്കാരുടെ മണ്ഡലങ്ങളിലേക്കാണ് ഈ ബഡ്ജറ്റിൽ കൂടുതൽ തുക നൽകിയിരിക്കുന്നത്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: മലപ്പുറം ജില്ലയിലെ നിലമ്പൂർ, പൊന്നാനി താലൂക്കുകളെ അങ്ങ് ഉപേക്ഷിച്ചു. മലപ്പുറം ജില്ലയിലെ മെഡിക്കൽ കോളേജിന്റെ സ്ഥിതിയെന്താണ്; മൊയിൻകുട്ടി വൈദ്യർ സ്മാരകം, ഫുട്ബോൾ അക്കാഡമി എന്നിവയെപ്പറ്റി പറഞ്ഞു. കോൾകൃഷി, എഡ്യൂസിറ്റി എന്നിവയെ സംബന്ധിച്ചുള്ള വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. കേരള ത്തിലെ സ്വാശ്രയകോളേജുകളെല്ലാം സ്വന്തമായി പണം കൊടുത്ത് വാങ്ങിയ ഭൂമിയിലാണ് കോളേജുകൾ ആരംഭിച്ചത്. ഇൻകെലിന്റെ വ്യാവസായിക വികസനത്തിനുവേണ്ടി വാങ്ങിയ ഭൂമി സ്വാശ്രയകോളേജുകൾ നടത്താൻ വിട്ടുകൊടുക്കുന്നത് ശരിയാണോയെന്ന് ശ്രീ. വി. ഡി. സതീശൻ ഇവിടെ ചോദിക്കുകയുണ്ടായി. മെമ്പർക്ക് എവിടെനിന്നാണ് അങ്ങനെയൊരു വിവരം കിട്ടിയത് എന്നാണ് അന്ന് നൽകിയ മറുപടിയെങ്കിൽ ഇപ്പോൾ സംഭവിക്കാൻ പോകുന്നത് മലപ്പുറത്തെ ഇൻകെലിന്റെ കയ്യിലുള്ള സർക്കാർഭൂമി സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ലീസിന് കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് ദീർഘവീക്ഷണത്തോടുകൂടി പണം ചെലവഴിച്ച് ആരംഭിക്കുന്ന ആധുനികമായ വിദ്യാഭ്യാസ സംരംഭങ്ങളായിരുന്നില്ലേ എഡ്യൂസിറ്റിയിലൂടെ വരേണ്ടിയിരുന്നത്. മലപ്പുറത്തെ സഹായിക്കാൻ വേണ്ടിയാണെങ്കിൽ ആ നിലയിലുള്ള പദ്ധതിയാണ് കൊണ്ടുവരേണ്ടിയിരുന്നത്. കപടമായ വാഗ്ദാനങ്ങളുടെ പട്ടിക ഇനിയും ഇവിടെ

വായിക്കുന്നില്ല. 250 പദ്ധതികൾ പ്രഖ്യാപിച്ചതിൽ 158 എണ്ണം നടന്നിട്ടില്ല. മാലിന്യസംസ്ക്കരണത്തെപ്പറ്റി ഈ ബഡ്ജറ്റിൽ യാതൊരു നിർദ്ദേശവുമില്ല. ഉറവിട മാലിന്യ സംസ്ക്കരണം, മഴവെള്ള സംഭരണം, സാമൂഹ്യ വനവത്ക രണം, ജലവിഭവ മാനേജ്മെന്റ്, ഹരിത നിർമ്മാണ സാങ്കേതിക വിദ്യ ഒന്നും സംഭവിച്ചില്ല. ദേശീയ ജലപാത കേരളത്തിന്റെ ഏറ്റവും വലിയ സ്വത്താണ്. അതിപ്പോൾ ദേശീയ മലപാതയായി മാറി. ദേശീയജലപാതയിൽ ഇപ്പോൾ അതാണ് നടക്കുന്നത്. യഥാർത്ഥത്തിൽ സംരക്ഷിച്ച് ക്ലീൻ ചെയ്ത് കൊണ്ടു നടക്കേണ്ട ദേശീയ ജലപാതയെ ശ്രദ്ധിക്കുന്നില്ല. ശ്രീമതി സുഗതകുമാരി ടീച്ചറിന്റെ നേതൃത്വത്തിൽ കേരള പരിസ്ഥിതി ഐക്യവേദി ഗൈഡ്ലൈൻസ് ഫോർ ഗ്രീൻ ഡെവലെപ്മെന്റ് ഓഫ് കേരള എന്നൊരു റിപ്പോർട്ട് തയ്യാറാക്കിക്കൊടുക്കുകയുണ്ടായി. ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള എന്തെങ്കിലും കാര്യങ്ങൾ ഗവൺമെന്റ് ഇത്തരമൊരു ബഡ്ജറ്റ് ഉണ്ടാക്കിയ സമയത്ത് പരിശോധിച്ചിട്ടുണ്ടോ; ഒന്നും പരിശോധിച്ചിട്ടില്ല. അതുകൊണ്ട് പരിസ്ഥിതിയോടുള്ള നിരുത്തരവാദിത്വം പ്രകടിപ്പിച്ച സമ്പൂർണ്ണമായ ദീർഘ വീക്ഷണമില്ലാത്ത ഈ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായി എതിർക്കുന്നു.